കാളികാവ് ഗ്രാമ പഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്ര വികസന രേഖ

111-9



കാളികാവ് പഞ്ചായത്തിന്റെ
പ്രഥമ പ്രസിഡൻറായിരുന്ന

ശ്രീ. കെ. കുഞ്ഞാലി.



എഡിറ്റോറിയൽ ബോർഡ്:

വി. കെ. പത്മനാഭൻ

ഇ. പത്മാക്ഷൻ

ബെന്നി ജോസഫ്

കെ. റഹിയാൻബി

വി. പി. അലവിക്കുട്ടി

കെ. കൃഷ്ണദാസ്

കെ. വേലായുധൻ

ഹസ്സൻമോയിൻ മാസ്റ്റർ

എൻ. സൈതാലി



റിപ്പോർട്ട് എഴുതാൻ സഹായിച്ചവർ:

ചെല്ലപ്പൻമാസ്റ്റർ
ശ്രീരങ്കൻ മാസ്റ്റർ
പി. കുഞ്ഞിമോയിൻ മാസ്റ്റർ
പി. കുഞ്ഞിമുഹമ്മദ്
ഡോ: ഷാലി
ഗോപാലകൃഷ്ണൻ (കൃഷ്ണിഭവൻ)
വി. അരവിന്ദാക്ഷൻ
വി ജെ. വിനോദ്
ശ്രീധരൻ മാസ്റ്റർ
ഗോവിന്ദൻനായർ
ഉമ്മർ
എം. അഹമ്മദ്
ഇ. പി. ഉമ്മർ
വി. എസ്. അശോകൻ
പി. കെ. മൈമൂന ബക്കർ
രാമചന്ദ്രൻ മാസ്റ്റർ
കബീർ ചെറുഞ്ഞിയിൽ
സുലൈഖ
ലൈല മാട്ടാ
രാജൻ (ജെ.എച്ച്.ഐ)
കുഞ്ഞാപ്പഹാജി
കെ. സീതാലക്ഷ്മി
ടി. പി. മുഹമ്മദുന്നീസ
കെ. എം. കുട്ടി
എൻ. നൗഷാദ്
കുഞ്ഞിമൊയ്തീൻ (സെക്രട്ടറി)
അന്നമ്മ മാത്യു

ചരിത്ര വസ്തുതകൾ നൽകിയവർ

മുഹമ്മദ് മാസ്റ്റർ, അടക്കാകുണ്ട്

കെ. ബാലകൃഷ്ണമാരാർ

കുഞ്ഞുണ്ണിപിള്ള

വാലയിൽ മൊയ്തീൻകുട്ടി

എ. പി. ബാപ്പുഹാജി

ഇ മുഹമ്മദ്

കോൽക്കാടൻ രാമൻ

(അമരമ്പലം പഞ്ചായത്ത് മുൻ പ്രസിഡന്റ്)

ചരിത്രാന്വേഷക സംഘം

വി കെ. പത്മനാഭൻ

ഇ. പത്മാക്ഷൻ

കെ. റഹിയാൻബി

പി. ഗോവിന്ദൻ

വി. ഷൗക്കത്ത്

എൻ. നൗഷാദ്

കെ. സീതാലക്ഷ്മി

ഹസൻമോയിൻ മാസ്റ്റർ

ബെന്നി ജോസഫ്


ഭരണ സമിതിയംഗങ്ങൾ



ശ്രീമതി. അന്നമ്മ മാത്യു
പ്രസിഡൻറ്



ശ്രീ വി. കെ. പത്മനാഭൻ
വൈസ് പ്രസിഡൻറ്



ശ്രീ. എൻ. സൈതാലി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

	മെമ്പർമാർ	വാർഡ്
1	കെ. മുഹമ്മദ്കുട്ടി	(1)
2	ടി. അയ്യപ്പൻ	(2)
3	യു. അലവിക്കുട്ടി	(4)
4	കെ. ടി. സി. മുഹമ്മദ്	(5)
5	കൗലത്ത് മുഹമ്മദ്കുട്ടി	(7)
6	എൻ. നൗഷാദ്	(8)
7	പി. ഖാലിദ്മാസ്റ്റർ	(9)
8	പി. ആയിഷ	(10)
9	കെ. കുഞ്ഞിമുഹമ്മദ്	(11)
10	കെ. സീതാലക്ഷ്മി	(12)
11	ടി. പി. മുഹമ്മദുന്നീസ	(14)
12	പി. ഹംസ	(15)

കാളികാവ് ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

1 ശ്രീ ചൂരപ്പിലാൻ മമ്മദ്മേസ്ത്രി
2 പി. ടി. അഹമ്മദ്കുട്ടി
3 എം. മൈമൂന

ജില്ലാപഞ്ചായത്ത് മെമ്പർ

Ad: M. ഉമ്മർ

നിലമ്പൂർ നിയോജക മണ്ഡലം

M. L. A.

ശ്രീ. ആര്യാടൻ മുഹമ്മദ്

വിഷയവിവരം:—

I ആമുഖം

II പഞ്ചായത്തിന്റെ പൊതുവിവരണം

III സാമൂഹ്യ സാംസ്കാരിക ചരിത്രം

IV ഭൂപ്രകൃതി. ജലപ്രകൃതി. ജനപ്രകൃതി

V കൃഷിയും ജലസേചനവും

VI മൃഗസംരക്ഷണവും മത്സ്യബന്ധനവും

VII വ്യവസായം

VIII വിദ്യാഭ്യാസം

IX പൊതുജനാരോഗ്യവും കുടിവെള്ളവും

X ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

XI ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും

XII സംസ്കാരം

XIII ടൂറിസം

XIV സഹകരണം

XV പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ

XVI വിദേശ സമാഹരണം

XVII വനിത

XVIII പ്രവർത്തനരേഖ

XIX ഉപസംഹാരം

ആമുഖം

I

സ്വാതന്ത്ര്യാനന്തര ഭാരതം 49 നീണ്ട സംവത്സരങ്ങളും പിന്നിട്ടു. സ്വാതന്ത്ര്യത്തെ കുറിച്ചുള്ള മധുരപ്രതീക്ഷകളും പൂർണ്ണമായും ഫലവത്തായില്ല. അക്ഷരാർത്ഥത്തിൽ ജനാധിപത്യത്തിന്റെ ഗുണഫലങ്ങളും അനുഭവിക്കാൻ ഇനിയും നമുക്കായിട്ടില്ല. ഭരണ രംഗത്തും, രാഷ്ട്രീയ രംഗത്തും, വികസനരംഗത്തും ഒട്ടനവധി പരിഷ്കാരങ്ങളുണ്ടായി. ജനതയുടെ ജീവിത നിലവാരത്തിലും ഏറെക്കുറെ മാറ്റങ്ങളുണ്ടായി. മാറ്റങ്ങളുടെ ഗുണമേന്മയെകുറിച്ച് വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. ഒരു വലിയ വിഭാഗം ജനങ്ങളുടെ ജീവിത നിലവാരം ഇന്നും വളരെയേറെ പരിതാപകരമാണ്.

ദീർഘകാലമായി നാം നടത്തിയ വികസന പ്രവർത്തനങ്ങളും പലതും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. മുകൾതട്ടിൽനിന്നും അധികാരികൾ കെട്ടിയിറക്കിയ വികസന മാതൃകകൾ താഴെയുള്ളവർക്ക് ഉൾകൊള്ളാനായില്ല. അധികാര നിർവ്വഹണത്തിൽ ജനങ്ങളുടെ പങ്ക് കുറഞ്ഞു. മുകളിൽ നിന്നും തുടങ്ങുന്ന പദ്ധതികളിലെ ബാദ്ധ്യതകളും പേറാനുള്ള പങ്കാളിത്തം മാത്രമായിരുന്നു സാധാരണ ജനങ്ങളുടേത്.

കഴിഞ്ഞകാല ജീവിത സൗകര്യങ്ങളിലെ പോരായ്മകളെ സംബന്ധിച്ച് വ്യക്തമായ ഒരു തിരിച്ചറിവ് നേടാൻ ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾക്കും കഴിയാത്ത ഒരു വർത്തമാനകാല പരിതസ്ഥിതിയിൽ പ്രബുദ്ധകേരളത്തിൽനിന്നാരംഭിക്കുന്ന ഈ പുതിയ വികസന മാതൃക ശ്രദ്ധേയമാണ്. മുകളിൽനിന്നാസൂത്രണം നടത്തുന്നതിനു പകരം അടിത്തട്ടിൽ നിന്ന് ആസൂത്രണം ആരംഭിക്കുക. വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തവും, സഹകരണവും ഉറപ്പുവരുത്തുക. ഈ പുതിയ ജനകീയാസൂത്രണ പരീക്ഷണത്തിന് നേതൃത്വം നല്കാൻ നമ്മുടെ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കയാണ്. ഇന്ത്യയിൽ കഴിഞ്ഞ കാലയളവിൽ നടന്ന വികസന പരീക്ഷണ ചരിത്രത്തിലെ ഒരു മഹദ് സംഭവമാണിത്. ജനകീയാസൂത്രണ പ്രസ്ഥാനവും അതിന്റെ പരിപാടികളും.

ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ വികസന പ്രവർത്തനങ്ങൾക്കായി കേരളം ഇന്നനുഭവിക്കുന്ന മുഖ്യപ്രതിസന്ധികളിൽ നിന്ന് കരകയറാൻ നമുക്കാവും. കേരളത്തിലെ പഞ്ചായത്തുകളിലെ വിവിധ ധനാഗമന സ്രോതസ്സുകളും, അനന്തമായ വിഭവശേഷിയും, അമൂല്യമായ മനുഷ്യാധ്വാനവും കൂട്ടിയിണക്കി ജനകീയ താല്പര്യങ്ങൾക്ക് മുൻഗണനാക്രമത്തിൽ പരിഹാരം കാണാനുള്ള ക്രിയാത്മക നടപടികളും ജനങ്ങളും തന്നെ ഉണ്ടാക്കുകയും നിവ്വഹിക്കുകയും ചെയ്യുന്നു. മാമൂൽ സമ്പ്രദായങ്ങളിൽ നിന്നു വിട്ട് വികസനപ്രവർത്തനങ്ങളും കാര്യക്ഷമതയോടെ കുറ്റമറ്റതാക്കി നടത്താൻ കഴിയും. അധികച്ചിലവും അഴിമതിയും ഒഴിവാക്കാനാവും

മഹത്തായ ഈ പ്രക്രിയയുടെ ഔപചാരികമായ തുടക്കം 1995 കാലഘട്ടത്തിലാണ് തുടങ്ങിയത്. പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തിരഞ്ഞെടുപ്പിനു ശേഷം അധികാരം ജനങ്ങളിലേക്ക് നല്കാനുള്ള നടപടി ക്രമങ്ങളും തുടങ്ങിവെച്ചു. 9-ാംപദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ സംരംഭത്തിന്റെ വിശദാംശങ്ങളും ജനങ്ങളിലേക്കെത്തിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനമാണ് ആദ്യം തുടങ്ങിയതു്. കഴിഞ്ഞകാല ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന ജനകീയാവശ്യങ്ങളെ സൂക്ഷ്മമായിപഠിക്കാനും വിലയിരുത്താനും ശ്രമം നടത്തി. തുടർന്ന് നടന്ന ജനകീയാസൂത്രണ പഠന കളരികളിൽ പങ്കെടുക്കാനും, പഠിക്കാനും, പഠിപ്പിക്കാനും DRP, LRP ക്യാമ്പുകളിലേക്ക് നിരവധി സന്നദ്ധ-സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ താല്പര്യപൂർവ്വം കടന്നുവന്നു.

പഞ്ചായത്തിന്റെ നാനാമേഖലകളെ സംബന്ധിച്ചും ജനങ്ങളെ കുറിച്ചും പഠിക്കാനും, അവരുടെ ജീവിത പ്രശ്നങ്ങളും മനസ്സിലാക്കാനും ഉള്ള പരിശ്രമങ്ങളിൻ പൊതുപ്രവർത്തകരും പഞ്ചായത്ത് രേണസമിതിയും വ്യാപൃതരായി, ഗ്രാമസഭായോഗങ്ങളിൽ നിന്നും, നാട്ടറിവിലൂടെയും, പഠനപര്യടനങ്ങളിലൂടെയും, ദ്വിതീയവിവരശേഖരണത്തിലൂടെയും നാം ആർജ്ജിച്ച വിവരങ്ങളും, അനുഭവജ്ഞാനമുള്ള പഴയ തലമുറയെ നാം നേരിട്ട് കണ്ട് അന്വേഷിച്ചറിഞ്ഞ ചരിത്രവിവരങ്ങളും, ഭൂമിയെ കുറിച്ചും, ജനങ്ങളെ കുറിച്ചുമുള്ള വിവരങ്ങളും എന്നിങ്ങനെ ഒട്ടനവധി വിശദാംശങ്ങളും നമുക്ക് ശേഖരിക്കാൻ കഴിഞ്ഞു.

നിരവധി രാഷ്ട്രീയ പ്രവർത്തകന്മാരും ഉദ്യോഗസ്ഥന്മാരും, DRP മാരും, LRP മാരും പഞ്ചായത്തിലെ ജനപ്രതിനിധികളും മറ്റു നിരവധി പേരും ഈ അന്വേഷണത്തിൽ പങ്കുകൊണ്ടു.

ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ജനകീയാസൂത്രണ പ്രസ്ഥാനവും അതിന്റെ ജനകീയ പരിപാടികളും നമ്മുടെ പഞ്ചായത്തിൽ പ്രാവർത്തികമാക്കാനുള്ള ചരിത്രപരമായ ബാദ്ധ്യത ഏറ്റെടുക്കാൻ സന്മനസ്സായെ നാം തയ്യാറാകുന്ന ഈ വേളയിൽ അതിന് മാർഗ്ഗ ദർശനം നല്കാനുള്ള കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ സമഗ്രവികസന രേഖ ഇതോടൊപ്പം സവിനയം സമർപ്പിക്കുകയാണ്.

ഗ്രാമസഭയുടെ അവലോകനം

ഓരോ വാർഡിലേയും ഗ്രാമസഭ ചേർന്ന തിയ്യതി, സ്ഥലം, പങ്കെടുത്തവരുടെ എണ്ണം (സ്ത്രീ –പു) എന്നിവ ചുവടെ ചേർക്കുന്നു.

വാർഡ്	തിയ്യതി	സ്ഥലം	പങ്കെടുത്ത പു	സ്ത്രീ
I	28_9_96	ചോക്കാട്	112	42
II	—do—	do	148	31
III	—do—	കല്ലാമൂല	143	46
IV	—do—	സ്രാമ്പിക്കല്ല്	117	25
V	29_11_96	ഉദിരംപൊയിൽ	109	46
VI	—do—	കാളികാവ്	152	39
VII	—do—	അടക്കാകുണ്ട്	192	50
VIII	—do—	ചാഴിയോട്	114	14
IX	12_10_96	അമ്പലക്കടവ്	71	2
X	30_10 96	പള്ളിശ്ശേരി	86	41
XI	—do—	അഞ്ചച്ചവിടി	154	39
XII	—do—	പൂങ്ങോട്	146	15
XIII	—do—	വെള്ളയൂർ	116	32
XIV	29_10_96	ക്കുരിപ്പൊയിൽ	300	57
XV	28_10_96	മമ്പാട്ടുമൂല	110	42



"എല്ലാവരുടെയും
ആവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടെയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും."

—മഹാത്മാഗാന്ധി

പഞ്ചായത്തിന്റെ
പൊതു വിവരണം

II

പഞ്ചായത്തിന്റെ പേര്	—	കാളികാവ് ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	—	വെള്ളയൂർ, കാളികാവ്, ചോക്കാട്
ബ്ലോക്ക് പഞ്ചായത്ത്	—	നിലമ്പൂർ
താലൂക്ക്	—	നിലമ്പൂർ താലൂക്ക്
അസംബ്ലി മണ്ഡലം	—	നിലമ്പൂർ അസംബ്ലി മണ്ഡലം
വിസ്തീർണ്ണം	—	217 . 31 ച: കി. മീ.

അതിരുകൾ :—

വടക്ക്	:	കോട്ടപ്പുഴ
കിഴക്ക്	:	പശ്ചിമഘട്ടം മലനിരകൾ
തെക്ക്	:	കരുവാരകുണ്ട്, തുവ്വൂർ, പാണ്ടിക്കാട് അതിർത്തികൾ
പടിഞ്ഞാറ്	:	വണ്ടൂർ പഞ്ചായത്ത്, അമരമ്പലം പഞ്ചായത്ത്

ജനസംഖ്യ	:	59,377
പുരുഷൻ	:	28,988
സ്ത്രീ	:	30,389

വാർഡുകൾ :—

വനിതാസംവരണം	5
പട്ടികജാതി/വർഗ്ഗ സംവരണം	1
ജനറൽ	9
ആകെ	15

പ്രസിഡൻറിന്റെ പേര്	:	അന്നമ്മമാത്യു മഞ്ഞാടിയിൽ
വൈ: പ്രസിഡൻറ്	:	വി. കെ. പത്മനാഭൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	:	എൻ. സൈതാലി

രൂപീകരണം : 1 . 1 . 1962

കാളികാവ് പഞ്ചായത്ത്

1960 Panchayat Act.

G·O· Ms. 161/61 Dated : 27—12—1961
ഉത്തരവുപ്രകാരം 1–1–1962ൽ രൂപീകരിച്ചു.
വിസ്തീർണ്ണം 47 · 47 ച: നാഴിക

വില്ലേജുകൾ

1 കാളികാവ്
2 വെള്ളയൂർ
3 ചോക്കാട്
(പുതുതായി രൂപീകരിച്ചത്)

കാളികാവ് പഞ്ചായത്തിലെ ജനസംഖ്യ വർദ്ധനവിന്റെ തോത്

വർഷം	അവലംബം	ജനസംഖ്യ
1971	ജനസംഖ്യ സെൻസസ്	28025
1981	,, ,,	39683
1991	,, ,,	50620
1995	സർവ്വേ, പഞ്ചായത്ത് രേഖകൾ	59377

പഞ്ചായത്തിലെ സ്കൂളുകൾ

ഹൈസ്കൂൾ

1 ഗവ: ഹൈസ്കൂൾ, പുല്ലങ്കോട്
2 ക്രസന്റ് ഹൈസ്കൂൾ അടക്കാകുണ്ട്

യു. പി. സ്കൂളുകൾ

1 ഗവ യു. പി. സ്കൂൾ ചോക്കാട്
2 ഗവ: യു. പി. സ്കൂൾ കാളികാവ്
3 ഗവ: യു പി. സ്കൂൾ അഞ്ചച്ചവടി
4 ഗവ: യു പി. സ്കൂൾ മാളിയേക്കൽ
5 എ. യു. പി. സ്കൂൾ വെള്ളയൂർ
6 എ. യു. പി. സ്കൂൾ പാറൽ, മമ്പാട്ടുമൂല

എൽ. പി. സ്കൂളുകൾ

1 ഗവ: L. P. സ്കൂൾ ചോക്കാട് ഗിരിജൻ കോളനി
2 ഗവ: L. P. സ്കൂൾ പെടയന്താൾ
3 ഗവ: L. P. സ്കൂൾ കല്ലാമൂല
4 ഗവ: L. P. സ്കൂൾ പുല്ലങ്കോട്
5 ഗവ: L. P. സ്കൂൾ ഉദിരംപൊയിൽ
6 ഗവ: L. P. സ്കൂൾ അടക്കാകുണ്ട്
7 A. L. P. സ്കൂൾ അമ്പലക്കടവ്
8 A. L. P. സ്കൂൾ പൂങ്ങോട്
9 ഗവ: L. P. സ്കൂൾ പള്ളിശ്ശേരി
10 ഗവ: L. P. സ്കൂൾ ആമപ്പൊയിൽ
11 ഗവ: L. P. സ്കൂൾ കുരിപ്പൊയിൽ
12 ഗവ: L. P. സ്കൂൾ മമ്പാട്ടുമൂല
13 A. L. P സ്കൂൾ ചാഴിയോട്

ആശുപത്രികൾ

1 P H C കാളികാവ്
2 P H C ചോക്കാട് ഗിരിജൻ കോളനി
3 ഗവ: ഹോമിയോ ഡിസ്പെൻസറി, വെള്ളയൂർ–കാളികാവ്

ബാങ്കുകൾ

1 സൗത്ത് മലബാർ ഗ്രാമീണബാങ്ക് ചോക്കാട്
2 നെടുങ്കാടിബാങ്ക് കാളികാവ് Branch
3 നിലമ്പൂർ കോ–ഓപ്പ്. അർബൻബാങ്ക് കാളികാവ് Branch
4 കാളികാവ് സർവ്വീസ് കോ–ഓപ്പ്. ബാങ്ക്–കാളികാവ്

മറ്റുസഹകരണ സംഘങ്ങൾ

1 പുല്ലങ്കോട് കോ–ഓപ്പ്. സ്റ്റോർ–പുല്ലങ്കോട് ബ്രാഞ്ച് കാളികാവ്
2 ചോക്കാട് ക്ഷീരവികസന സംഘം ചോക്കാട്
3 അഞ്ചച്ചവടി ക്ഷീരവികസന സംഘം അഞ്ചച്ചവടി
4 കൺസ്യൂമർ കോ–ഓപ്പറേറ്റീവ് സൊസൈറ്റി കാളികാവ്
5 അടക്കാകുണ്ട് K. S. S. അടക്കാകുണ്ട്

പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

1 കാളികാവ് പഞ്ചായത്ത് ലൈബ്രറി കാളികാവ്
2 പഞ്ചായത്ത് മാർക്കറ്റ് കാളികാവ്
3 പഞ്ചായത്ത് കാറ്റിൽപൗണ്ട് (ഇപ്പോഴം പ്രവത്തനം ഇല്ല)
4 പഞ്ചായത്ത് സാംസ്കാരികനിലയം
5 പഴയ പഞ്ചായത്താഫീസ് കെട്ടിടം

പഞ്ചായത്ത് കളിസ്ഥലങ്ങൾ

1 അമ്പലക്കുന്ന് ഫുട്ബാൾ ഗ്രൗണ്ട് — കാളികാവ്
2 ഉദിരംപൊയിൽ ., — ഉദിരംപൊയിൽ
3 മമ്പാട്ടുമൂലമിനിസ്റ്റേഡിയം — മമ്പാട്ടുമൂല

പഞ്ചായത്ത് പൊതുശ്മശാനം : പുറമണ്ണ [വെള്ളയൂർ അംശം]

പഞ്ചായത്ത് വെയ്റ്റിംഗ് ഷെഡുകൾ

10 എണ്ണം

ലക്ഷം വീടുകോളനി

1 വാളക്കുളം ലക്ഷം വീട് കോളനി
2 ചെല്ലക്കൊടി ലക്ഷം വീട് കോളനി
3 ചിറ്റയിൽ 4 സെൻറ് കോളനി 2 പ്ലോട്ട്
4 ചെല്ലക്കൊടി 4 സെൻറ് കോളനി

അംഗീകരിച്ച ഹരിജൻ കോളനികൾ

നമ്പർ.	ഹരിജൻ കോളനിയുടെ പേരു്	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	വേപ്പിൻകുന്നു് (മരുതംകാടു്)	23	118
2	ചെല്ലക്കൊടിക്കുന്നു്	15	82
3	ചെറിയ ചേനപ്പാടി	10	50
4	പേവുന്തറ, താളിക്കുഴി	21	118
5	കല്ലുംകുന്നു്	11	75
6	ഒറോംകുന്നു്	21	102
7	മമ്പാട്ടുമൂല ഒറോവൻകുഴി	24	96
8	മുത്തൻതണ്ടു്	13	74
9	പുള്ളിപ്പാടം പൂങ്ങോടു്	17	87
10	മാടമ്പം	12	70
11	മഞ്ഞപ്പെട്ടി	10	52
12	പേരുകുളമ്പു്	12	59
13	ചളിവാരിക്കുന്നു്	18	88
14	കളക്കുന്നു് അഞ്ചച്ചവടി	20	104
15	അടക്കാകുണ്ടു്	13	68
16	കണിയറപ്പൻപൊയിൽ	21	104
17	താണിക്കുന്നു്	12	46
18	മാളിയേക്കൽ കുന്നു്	14	76
19	വലിയപറമ്പു് മുളംകുന്നു്	17	83
20	താളിക്കുഴി	17	80
21	നാന്യാർകാവു്	10	39
22	വെള്ളപൊയിൽ	10	51
23	താണിപ്പാടം (മൈലാടി)	10	52
24	കാഞ്ഞിരംപാടം	16	65

അവലംബം 1995 പഞ്ചായത്തു് ഡയറി

ഇതിനു പുറമേ 16 കോളനികളും കൂടി അംഗീകാരത്തിനായി സമർപ്പിച്ചു.

അംഗീകൃത ഗിരിജൻ കോളനികൾ

നമ്പർ പ്ലാനിംഗ് ഓഫീസ്	സ്ഥലം	വിഭാഗം	കുടുംബങ്ങളുടെ എണ്ണം
135	ചോക്കാട്	പണിയർ അറനാടൻ മുത്തൻ	60
136	ഉടുംബംകല്ല്		3
137	പട്ടാണിതരിശ്		3
138	പുള്ളിമാൻതരിശ്		3
139	പാറശ്ശേരി		3
140	അടക്കാകുണ്ട്		13
141	വള്ളിപ്പുള (ചിങ്കക്കല്ല്)		6
142	കുഞ്ഞാലി കോളനി		6
143	കല്ലാമൂല		5
144	പുല്ലങ്കോട് (ചേനപ്പാടി)		20
145	നെല്ലിയാമ്പാടം (കോട്ടപ്പുഴ)		8
			130

അവലംബം ഗ്രാമപഞ്ചായത്ത് ഡയറി

സാക്ഷരതാ സർവ്വേപ്രകാരം
ഗിരിജൻ കോളനികളിലെ സാക്ഷരതാ വിവരണം

നമ്പർ	കോളനി	കുടുംബങ്ങൾ	ജനസംഖ്യ M	F	T	സാക്ഷരർ M	F	T	നിരക്ഷരർ M	F	T
1	നെല്ലിയാമ്പാടം	8	22	25	47	6	6	12	11	14	25
2	പൊട്ടിക്കൽ	1	01	02	03	1	1	2	—	1	1
3	ചോക്കാട് ഗിരിജൻ കോളനി	54	104	138	242	32	25	57	72	113	185
4	ചിങ്കക്കൽ	7	13	12	25	03	00	03	10	12	22
5	ചേനപ്പാടി	4	7	10	17	0	00	00	7	10	17
6	അടക്കാകുണ്ട്	3	5	5	10	01	00	01	4	5	9
7	പട്ടാണിതരിശ്	4	8	9	17	01	02	03	11	7	18
8	കുഞ്ഞാലികോളനി	4	9	5	14	00	00	00	8	5	13
9	വള്ളിപ്പുള	7	19	24	43	18	20	38	01	04	5
10	ഇടിച്ചിൽ	1	03	03	06	00	00	00	03	03	6

സാമൂഹിക – സാംസ്കാരിക ചരിത്രം.

III–I

കാളികാവ് പഞ്ചായത്തിന്റെ കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ ചരിത്രം ഓർമ്മിച്ചു പറയാൻ കഴിയുന്ന അപൂർവ്വം ചില പഴമക്കാർ മാത്രമേ ഇന്ന് ജീവിച്ചിരിപ്പുള്ളൂ. നിലവിലുള്ള സാഹചര്യത്തിൽ ലിഖിതമായ ഒരു പൂർവ്വകാല ചരിത്രം നമുക്ക് ലഭിച്ചിട്ടില്ല. വായ്മൊഴികളിലൂടെയും ബന്ധപ്പെട്ട പഴയകാല രേഖകളിലൂടെയും ലഭിച്ച വിവരങ്ങളുടെ ഒരേകദേശ വിവരണം മാത്രമേ സാധ്യമാവുകയുള്ളൂ.

ഈ പ്രദേശം പണ്ടുകാലം മുതലേ കൈവശം വെച്ചുവന്നിരുന്നത് പ്രധാനമായും പടിഞ്ഞാറേ കോവിലകക്കാരായിരുന്നു. പിന്നീട് കാളികാവ് പഞ്ചായത്തിന്റെ തെക്കോട്ടുള്ള നീരൊഴുക്ക് പ്രദേശം ആയിരം നാഴിക കോവിലകക്കാർ ചാർത്തി വാങ്ങി കൈവശം വെച്ചുവന്നിരുന്നതായി അറിയുന്നു. പടിഞ്ഞാറേ കോവിലകത്തുനിന്ന് ക്ലർക്കിൽ തറവാട്ടുകാരും നിരവധി ഏക്ര ഭൂമി ചാർത്തി വാങ്ങി കൈവശം വെച്ചനുഭവിച്ചുവന്നിരുന്നു. 1906 കാലഘട്ടത്തിൽ ബ്രിട്ടീഷുകാർ പടിഞ്ഞാറേ കോവിലകത്തുനിന്നും, ക്ലർക്കിൽ തറവാട്ടുകാരിൽ നിന്നും 99 വർഷത്തെ പാട്ടത്തിന് ഭൂമി ഏറ്റെടുത്തു. ആ പ്രദേശത്താണ് പിൽക്കാലത്ത് പുല്ലങ്കോട് റബ്ബർ പ്ലാന്റേഷൻ ഉയർന്നുവന്നത്.

അതിപുരാതനമായ ഒരു ചരിത്രം കാളികാവിനുണ്ട് ഈ പ്രദേശത്തിന്റെ പഴയ പേരു് 'കണ്ണത്ത്–കാളികാവ്' എന്നായിരുന്നു. കരുവാരകുണ്ട് പഞ്ചായത്തിലെ കണ്ണത്ത് എന്ന പ്രദേശത്ത് അന്ന് നിലവിലുണ്ടായിരുന്ന ഒരു കാളിക്ഷേത്രത്തിന്റെ കാവായിരുന്നുവത്രെ ഇന്നത്തെ അമ്പലകുന്ന് പ്രദേശം. അമ്പലകുന്ന് പ്രദേശത്ത് കണ്ണത്ത് കാളിയുടെ കാവ് സ്ഥിതി ചെയ്തിരുന്നതിനാൽ കണ്ണത്ത്കാളികാവ് എന്ന പേരിൽ ഈ പ്രദേശം അറിയപ്പെട്ടു. കാലാന്തരത്തിൽ കണ്ണത്ത് കാളികാവ് എന്ന പേരു് ലോപിച്ച് 'കാളികാവ്' എന്നായി മാറി. കാവിന്നു് തൊട്ടടുത്തായി ഒരു കിണറും അമ്പലപറമ്പും ഉണ്ടായിരുന്നു. അതാണ് ഇന്നത്തെ അമ്പലകുന്ന് മൈതാനം എന്നുപറയുന്നത്.

അമ്പലകുന്ന് മൈതാനിയുടെ തെക്കു്–കിഴക്ക് ഭാഗത്തായി അടക്കാകുണ്ട് റോഡിന്റെ താഴെ ഭാഗത്തായി ഒരു അമ്പലക്കുളവും ഉണ്ടായിരുന്നതായി കാരണവന്മാർപറയുന്നു. ഈ പ്രദേശത്ത് തെങ്ങ്, കവുങ്ങ് എന്നിവ വളർന്നു നിൽക്കുകയാണ്. മലബാർ ലഹള കാലത്ത് നടന്ന ആക്രമണങ്ങളുടെ ഫലമായി ടി.ബി. യും അതിന്റെ പരിസരത്തുണ്ടായിരുന്ന കാവും നശിച്ചുപോയി എന്നും കാവിന്റെ പരിസരത്തുണ്ടായിരുന്ന കുടുംബങ്ങൾ ഒഴിച്ചുപോയതിനെ തുടർന്ന് കാവുസംരക്ഷണത്തിന് ആളില്ലാതെ വന്നപ്പോൾ ക്ഷയിച്ചുപോയിഎന്നും പറഞ്ഞുകേൾക്കുന്നു.

സ്ഥലനാമവുമായി ബന്ധപ്പെട്ട ഒട്ടേറെ ഐതിഹ്യങ്ങൾ നമ്മുടെ പ്രദേശത്ത് പറഞ്ഞുകേൾക്കുന്നുണ്ട്. ചോക്കാട് എന്ന പ്രദേശത്തിന് ശവക്കാട് എന്നും സർപ്പക്കാട് എന്നും പേരുണ്ടാ

യിരുന്നതായി പറഞ്ഞുകേൾക്കുന്നു. കല്ലാമൂലയെ കൊല്ലംമൂല എന്ന പേരിലായിരുന്നവരെ പറഞ്ഞിരുന്നത്. സ്രാമ്പിനിലവിലുണ്ടായിരുന്ന പ്രദേശത്തിനാണ് സ്രാമ്പിക്കൽ എന്ന പേരു വന്നത്. പുല്ലൻ എന്ന ആദിവാസി മൂപ്പന്റെ താവള (കോട്) മായിരുന്നവരെ പുല്ലന്റെകോട് എന്ന പുല്ലംകോട്. കാടന്റെചേരിക്ക് കടിഞ്ചേരി എന്നും ചേനന്റെ പാടിക്ക് ചേനപ്പാടി എന്നും പിൽക്കാലത്ത് അറിയപ്പെട്ട. പഴയ പള്ളിയിൽ നിന്ന് ചേരി തിരിഞ്ഞുവന്നവരുടെ കേന്ദ്രം എന്ന അർത്ഥത്തിലായിരുന്നവരെ പള്ളിശ്ശേരി എന്ന പേരുവന്നത്. പണ്ടുകാലത്തെ അഞ്ചൽപെട്ടികൾ കൈമാറുന്ന സ്ഥലമായിരുന്ന അഞ്ചച്ചവടി എന്നും പറഞ്ഞുകേൾക്കുന്നു. വെള്ളയൂരിനടുത്ത് കാവുങ്ങൽ എന്ന പേരിൽ ആസ്ഥലം അറിയപ്പെടാൻ കാരണം അവിടെ അന്നു കാവുണ്ടായിരുന്നതുകൊണ്ടാണെന്നു. അങ്ങനെ ഒട്ടനവധി പേരുകളും ചരിത്രങ്ങളും വേറെയുമുണ്ട്.

1921 കാലത്തെ മലബാർ ലഹളയിലും കാളികാവിലെ വിവിധ മേഖലയിലുള്ള ജനങ്ങളുടെ പങ്കാളിത്തം ഉള്ളതായി അറിയപ്പെടുന്നു. പരിയങ്ങാട് പള്ളി, മഞ്ഞപ്പെട്ടി പള്ളി തുടങ്ങിയ പഴക്കം ചെന്ന ആരാധനാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. കാളികാവിന്റെ ഹൃദയഭാഗത്ത് പഴയ പഞ്ചായത്താഫീസ് നിലനിന്നിരുന്ന പ്രദേശത്ത് ഒരു പട്ടാളറാൻ സ്മാരകം തല ഉയർത്തി നിന്നിരുന്നു. ബ്രിട്ടീഷുകാരനായ ഈററൻ സായിപ്പിന്റെ സ്മരണക്കുവേണ്ടിയായിരുന്ന ഈ സ്മാരകം. ബ്രിട്ടീഷുകാരന്റെ കാലത്തുപണിത റോഡുകളും പാലങ്ങളും ആശുപത്രിയും ടി.ബി.യും ഒക്കെ ഇപ്പോഴും നിലവിലുണ്ട്. ക്രസ്തീയ ദേവാലയങ്ങളും ഉണ്ടായി തുടങ്ങിയത് 1970 കാലഘട്ടത്തിലാണ്.

കിഴക്കൻ മലവാരത്തിൽ നിന്നു പടിഞ്ഞാറോട്ടും തെക്കോട്ടും പ്രധാനമായും ചരിഞ്ഞു കിടക്കുന്ന വലിയഒരു ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. 11470 ഹെക്ടർവിസ്തൃതിയുണ്ട് 59370 ഓളം ജനങ്ങളും ഇവിടെ താമസിച്ചുവരുന്നു. മലകളിൽനിന്നു ഉത്ഭവിച്ചിറങ്ങുന്ന ചെറു അരുവികളും ഒത്തുകൂടി ഒഴുകി പുഴകളായി രൂപാന്തരപ്പെട്ട് പടിഞ്ഞാറു ഭാഗത്തേക്ക് ഒഴുകുന്നു. പ്രധാനമായും 4 എണ്ണമാണുള്ളത്. അടക്കാകുണ്ടിലെ ചെറുപുഴ, ചോക്കാട് പുഴ, കോട്ടപ്പുഴ, പുറമണ്ണതോട് എന്നിവ ഇതിൽപ്പെട്ടും.

കാളികാവ് പഞ്ചായത്തിലെ പഴക്കംചെന്ന സ്ഥാപനമാണ് പുല്ലങ്കോട് എസ്റ്റേറ്റ്. 1906 കാലഘട്ടത്തിലാണ്. ഇതിനാവശ്യമായ സ്ഥലം എടുത്തുതുടങ്ങിയത്. 1914-ൽ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായി അറിയുന്നു. നീലഗിരിയിലുള്ള വുഡ് പ്രയാർ ടീ എസ് റേറേറുടമ ബ്രിട്ടീഷുകാരനായ കാംബ്രിഡ്ജ്ലിബൻബ്രൂഡ് എന്നവെള്ളക്കാരനായിരുന്നു ഈ ആവശ്യത്തിനായി ആദ്യംഇവിടെക്ക് എത്തിയവരിൽപ്രമുഖൻ. പിന്നീട് മി. ഹോഡ്സൺ എന്ന വെള്ളക്കാരനും ഈ സംരഭത്തിൽ പങ്കാളി ആയതായി പറയുന്നു. തുടർന്ന് മി. ഈററൻ മി. ജാക്ഷൻ തുടങ്ങി ഒട്ടനവധി പ്രധാനികം പുല്ലങ്കോട് എസ്റേറേറിന്റെ ഭരണം കയ്യാളി. ബ്രിട്ടീഷുകാരായ ഈ ഭരണാധികാരികളുടെ ഏറ്റവുംഅടുത്തയാളായിരുന്ന മലയാളിയായ ശ്രീ. കോരൻ നായർ. അദ്ദേഹത്തിന്റെ പുല്ലങ്കോട് എസ്റേറേറിലെ പ്രവർത്തനവും മറ്റ് സേവനങ്ങളും ഇന്നും സ്മരിക്കപ്പെടുന്നുണ്ട്.

കാളികാവ് പഞ്ചായത്തിൽ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഈ നൂറാണ്ടിന്റെ ആരംഭത്തിലാണെന്ന് കാണാം. 1915 കാലഘട്ടത്തിൽ കാളികാവിൽ ഒരു വിദ്യാലയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നതായി അറിയുന്നു. കാളികാവ് അങ്ങാടി-ടീബിപുഴ റോഡിന്റെ പരിസരത്ത് ക്ലനൻമാസ്റ്റർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ശ്രീ. മുഹമ്മദ്കുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു സ്കൂൾ ആദ്യമായി നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചതായി വിവരം ഉണ്ട്. ഏതാണ്ട് ഇതേ കാലയളവിൽ വെള്ളയൂർ പ്രദേശത്ത് 1918ൽ ശ്രീ. കുഞ്ഞുണ്ണി എഴുത്തച്ഛൻ എന്നയാൾ ഒരു സ്കൂൾ സ്ഥാപിച്ചിരുന്നുവത്രേ. ആമപ്പൊയിൽ പ്രദേശത്ത് മാപ്പിളഎയ്ഡഡ് സ്കൂൾ എന്ന പേരിൽ ഒരു സ്ഥാപനം പൊറ്റയിൽ സീമാമുണ്ണി മുസ്ല്യാർ സ്ഥാപിച്ചിരുന്നു. അവിടത്തെ ആദ്യാദ്ധ്യാപകരിൽ പ്രമുഖനായിരുന്ന ആമപ്പൊയിലിലുള്ള പഴയകാല സ്വാതന്ത്ര്യ സമര സേനാനികൂടിയായ ശ്രീ. നാരായണൻ മാസ്റ്റർ. 1946 കാലത്ത് ഈ സ്കൂൾ ഗവൺമെണ്ടിലേക്ക് വിട്ടുകൊടുത്തതായി കാണുന്നു. ഇതേ കാലയളവിൽ മമ്പാട്ടുമൂലയിലും ഒരു സ്കൂൾ സ്ഥാപിച്ചിരുന്നു. സ്കൂളിന് 18 സെന്റ് സ്ഥലം ശ്രീ. കെ.ടി. മൂസക്കുട്ടിഹാജി 5 രൂപ വാടകക്ക് വിട്ടുകൊടുത്തതായി ഗ്രാമസഭാറിപ്പോർട്ടിൽ കാണുന്നു. ഇതിനുശേഷം സ്രാമ്പിക്കൽ, ചോക്കാട്, പള്ളിശ്ശേരി, ഉതിരംപൊയിൽ തുടങ്ങിയ നിരവധി പ്രദേശങ്ങളിൽ സ്കൂളുകൾ പിന്നീട് നിലവിൽ വന്നു. 1930 ന് ശേഷം കാളികാവിൽ ''പെണ്ണ് സ്കൂൾ'' സ്ഥാപിച്ചതായി അറിയുന്നു. പണ്ട് കാലത്ത് തന്നെ സ്ത്രീവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നല്കിയിരുന്നതിന്റെ തെളിവുകൂടിയാണിത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒന്നിച്ചിരുന്ന് പഠിക്കാനുള്ള അസൗകര്യങ്ങൾ കണക്കിലെടുത്തായിരുന്നുവത്രേ ഇത്തരത്തിൽ ഒരു സ്ഥാപനം തുടങ്ങിയത്. കാളികാവിൽ ആദ്യം തുടങ്ങിയ സ്കൂളിന് ശേഷം പൂന്താനത്തു" മൊയ്തീൻകുട്ടി എന്നയാൾ അനുവദിച്ച കെട്ടിടത്തിലാണ് നിരവധി വർഷം സ്കൂൾ പ്രവർത്തിച്ചത്. മറ്റുജനവിഭാഗങ്ങളേക്കാൾ വിദ്യാഭ്യാസ നിലവാരത്തിൽ മുസ്ലീം ജനവിഭാഗം മുന്നിലായിരുന്നു.

കാളികാവിലെ ആദ്യത്തെ പോസ്റ്റാഫീസ് ചന്തപ്പുരക്ക് സമീപത്തായിരുന്നു പ്രവർത്തിച്ചിരുന്നത്. കത്തുകൾ കൊണ്ടുപോകുന്നത് ഓടികൊണ്ടായിരുന്നു ''അഞ്ചല'' എന്ന പേരിൽ പല സ്കൂളുകളും നടത്തുന്നതിനായിമദ്രസ്സുകൾ വിട്ടുകൊടുത്തിരുന്നു ആകാലത്ത് അറിയപ്പെടുന്ന ശ്രീ. ഇ. മുഹമ്മദിന്റെ പിതാവ് അഹമ്മദ് എന്ന ആളായിരുന്നു, പഴയകാലത്തെ പ്രധാന 'മെയിൻ റണ്ണർ' പഴയ കാലത്തുണ്ടായിരുന്ന ഒരു സ്ഥാപനമാണ് പോലീസ് സ്റ്റേഷൻ ബ്രിട്ടീഷുകാർ ക്രമസമാധാന പരിപാലനത്തിനായി സ്ഥാപിച്ചതായിരുന്നു. ഇത്. മലബാർ ലഹളയോടനുബന്ധിച്ച് കാളികാവ് പോലീസ് സ്റ്റേഷൻ ഒരു പറ്റം ആളുകൾ അന്നു ആക്രമിച്ചു. കരുവാരകുണ്ട്, ചെങ്കോട് ഭാഗത്ത് നിന്നു ഒരു പറ്റം ആളുകൾ വന്നായിരുന്ന ആക്രമണം ബ്രിട്ടീഷുകാർക്കും അവരുടെ സ്ഥാപനത്തിനും എതിരായ ഒരു പ്രതിഷേധത്തിന്റെ ഭാഗമായിരുന്നുവത്രേ ആ ആക്രമണം.

നമ്മുടെ പഞ്ചായത്തിലെ പഴയകാല റോഡുകളിൽ പ്രധാനമായത് കരുവാരകുണ്ട് നിലമ്പൂർ റോഡും, കാളികാവ്-മഞ്ചേരി റോഡുമാണ്. ഇരുവശവും കാട്ടുപിടിച്ചു കിടക്കുന്ന ഇടുങ്ങിയ വഴികളായിരുന്നു. വണ്ടിയുടെ ചക്രങ്ങളുടെ പാലുകൾ മാത്രമായിരുന്ന പഴയ കാലത്ത്.

1921-ലാണ് കാളികാവിലെ ഗവ: ആശുപത്രിക്ക് കെട്ടിടം പണിതത്. 1922-ൽ ഉദ്ഘാടനം ചെയ്തു. ആദ്യത്തെ ഡോക്ടർ L.M.B. ബിരുദക്കാരനായ Dr. M. കേളു എന്നയാളായിരുന്നു. ഏതാണ്ട് ഇതേ അവസരത്തിലാണ് നമ്മുടെ ഇപ്പോഴുള്ള TBയുടെ നിർമ്മാണവും.

പഴയകാലത്തെ പ്രധാന കളികൾ തലപന്ത്, പടകളി എന്നിവയായിരുന്നു. പണ്ട് കാലത്ത് കാളികാവിൽ ഒരു നേർച്ച ഉണ്ടായിരുന്നതായി പറയുന്നു. തങ്ങന്മാരുടെ മഖാമിൽ വെച്ചു നടക്കുന്ന ഈ ആഘോഷത്തിൽ പലമതക്കാരും പങ്കെടുത്തിരുന്നു.

ട്രേഡ് യൂണിയൻ രംഗത്തെ പഴയകാല പ്രവർത്തകരിൽ പ്രമുഖനായിരുന്ന ഗാന്ധിയനായ ശ്രീ. കോരുജിയും, കമ്മ്യൂണിസ്റ്റ്കാരനായ ശ്രീ. ഈശ്വരൻ നമ്പൂതിരിയും. രണ്ടുപേരും ഇവിടുത്തുകാരായിരുന്നില്ല. ഇവിടെ വന്നതാമസിച്ച് യൂണിയൻ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുകയായിരുന്നു. ശ്രീ മുഹമ്മദ് മാസ്റ്റർ ശ്രീ. K.T. ഗോവിന്ദൻനായർ ശ്രീ. നാരായണൻ മാസ്റ്റർ, ശ്രീ. ഇപ്പുതങ്ങൾ, ശ്രീ. ഒസ്സാൻ അഹമ്മദ് എന്നിവർ ഈ മേഖലയിലെ ചില പഴയ കാലരാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരാണ്. രാഷ്ട്രീയ സാമൂഹ്യരംഗത്തെ സജീവത കൂട്ടലായി കണ്ടുതുടങ്ങിയത് 1960-കൾക്ക് ശേഷമാണ്.

1961 കാലയളവിൽ പഞ്ചായത്ത് രൂപീകരണത്തോടനുബന്ധിച്ച് നടന്ന പഞ്ചായത്തിന്റെ പ്രവർത്തനത്തിന് നേതൃത്വം നല്കിയത് ജനപ്രതിനിധികൾ ആയിരുന്നില്ല. സ്പെഷ്യൽ ഓഫീസർമാരുടെ നേതൃത്വത്തിലായിരുന്ന ആദ്യകാലപഞ്ചായത്ത് പ്രവർത്തനം ആദ്യമായിചാർജ്ജ് ഏറ്റെടുത്ത സ്പെഷ്യൽ ഓഫീസർ ശ്രീ പി.ആർ. പരമേശ്വരൻ എന്ന ആളായിരുന്നു. 1962 ഏപ്രിൽ 11മുതൽ 1963 ജനുവരി 2വരെ അദ്ദേഹം തുടർന്നു. എടുക്കാനുദ്ദേശിക്കുന്ന തീരുമാനങ്ങൾ ക്രമമായി മിനുട്സ് ബുക്കിൽ എഴുതി അതിനുതാഴെ സ്പെഷ്യൽ ഓഫീസർ ഒപ്പിട്ട തീരുമാനമാകുന്ന രീതിയാണ്അന്നുണ്ടായിരുന്നത്. പിന്നീട് വന്നസ്പെഷ്യൽ ഓഫീസർ ശ്രീ. രാമുണ്ണിനായർ 1963 ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ സ്പെഷ്യൽ ഓഫീസറായി ജോലിചെയ്തു. പിന്നീട് ശ്രീ C.A. സേതുമാധവൻ 8-3-1963 മുതൽ 1963 ഡിസംബർ വരെ സ്പെഷ്യൽ ഓഫീസറായി ജോലി നോക്കി. ഈ കാലയളവിലാണ് കാളികാവ് പഞ്ചായത്തിൽ നേരിയതോതിലുള്ള വികസന പ്രവർത്തനങ്ങൾക്ക് അടിത്തറ പാകിയത്.

കാളികാവ് പഞ്ചായത്തിന്റെ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത് 1964 കാലഘട്ടം മുതലാണ് പുതിയ തെരഞ്ഞെടുപ്പ് കഴിഞ്ഞ് 1964 ജനുവരി 1-ാം തിയ്യതി പുതിയ ഭരണസമിതി അധികാരത്തിൽവന്നു. കാളികാവ് പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റായി ശ്രീ. K. കുഞ്ഞാലി അധികാരം ഏറ്റെടുത്തു. ശ്രീ. K.T. അലവിക്കുട്ടി ആയിരുന്നു. അന്നത്തെ വൈസ് പ്രസിഡന്റ്. തെരഞ്ഞെടുക്കപ്പെട്ട 9 അംഗബോർഡിൽ ശ്രീ. എം. ഹംസ, ശ്രീ. K.S.A. മുത്തുക്കോയതങ്ങൾ, ശ്രീ. ഇ.പി. നാണി എന്ന അലവി, ശ്രീ. കെ. പ്രഭാകരൻനായർ, ശ്രീ. പി. അഹമ്മദ് മുസ്ല്യാർ, ശ്രീ. പി. മമ്മദ്ഹാജി, ശ്രീ. എം ചാത്തൻ, ശ്രീ. കെ.ടി. ഗോവിന്ദൻകുട്ടിനായർ എന്നിവരായിരുന്നു മറ്റംഗങ്ങൾ. പ്രഭാകരൻ മാസ്റ്റർ മെമ്പർസ്ഥാനം രാജി വെച്ചതിനെ തുടർന്ന് മുഹമ്മദ് എന്ന ബാപ്പു പൂങ്ങോട് മെമ്പറായി.

1964 ജനവരി 1-ന് 4മണിക്ക് കൂടിയ ആദ്യയോഗത്തിന്റെ തീരുമാനം പുതിയ തലമുറയുടെ ഗൗരവമായ പരിശോധനക്കായി താഴെ കൊടുക്കുന്നു.

തീരുമാനം 1 പള്ളിക്കുന്ന് റോഡ് പാത്ത് സ്റ്റെപ്പ് കെട്ടി നന്നാക്കി യാത്രാസൗകര്യം ഉള്ളതാക്കുന്നതിന് തീരുമാനിച്ചു. പ്രവർത്തി വില്ലേജ് വളണ്ടിയർ ഫോറത്തിന്റെയും പൊതുജനങ്ങളുടെയും സഹകരണത്തോടുകൂടി നിശ്ചിതഎസ്റ്റിമേറ്റ് തുകയിൽ ശ്രമദാനം മുഖേന കാര്യമായ കുറവുവരുത്തി പാലവും റോഡുക്കാൻ നിശ്ചയിച്ചു.

2 പഞ്ചായത്ത് മെമ്പർമാർ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം അനുസരിച്ച് 12 ദിവസത്തെ കായികാദ്ധ്വാനം സംഭാവന നൽകുവാൻ തീരുമാനിച്ചു. ഏതെങ്കിലും അംഗത്തിന് സംഭാവന ചെയ്യാൻ സാധിക്കാതെ വരുന്നപക്ഷം ദിവസത്തേക്ക് 2രൂപ വീതം ലേബർ ബാങ്കിൽ അടക്കുന്നതിന് നിശ്ചയിച്ചു. തൊട്ടടുത്ത യോഗത്തിൽ വെച്ച് വനിതാ നോമിനേറ്റഡ് മെമ്പറായി ശ്രീമതി പാലേക്കോട്ട് ലക്ഷ്മി അമ്മയെ എതിരില്ലാതെ തെരഞ്ഞെടുത്തു.

കഴിഞ്ഞകാല ഭരണ ചരിത്രത്തിന്റെ തുടക്കം വിശകലനം ചെയ്യുമ്പോൾ പുതിയതലമുറക്ക് ഒരു കാര്യം വ്യക്തമാവും. ഇന്നു നാം ആരംഭിച്ച ജനകീയാസൂത്രണ പ്രവർത്തന പരിപാടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നമ്മുടെ മഹാന്മാരായ ഭരണാധികാരികൾ മാതൃകാപരമായി തുടങ്ങിവെച്ചിരുന്നു എന്ന് കാണാം. ഒന്നും, രണ്ടും തീരുമാനങ്ങൾ ഇത് വ്യക്തമാക്കുന്നു. ഒന്നാമതായി സന്നദ്ധപ്രവർത്തനത്തിന്റെ പ്രാധാന്യവും. രണ്ടാമതായി ജനപ്രതിനിധികളുടെ നേതൃത്വപരമായ പങ്കുചേരലുമാണ് സൂചിപ്പിക്കുന്നത്. വികസനപ്രവർത്തനത്തിലെ കൂട്ടായ്മയും ജനപങ്കാളിത്തത്തിന്റെ പ്രാധാന്യവും അന്നുമുൽക്കേ അവർക്കുണ്ടായിരുന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്റായിരുന്ന ശ്രീ. K. കുഞ്ഞാലിയുടെമരണശേഷം ശ്രീ. E.P.നാണിയെന്ന അലവി പഞ്ചായത്ത് പ്രസിഡൻറായി. 1969-ൽ സ്ഥാനമേറ്റു. നീണ്ട 11വർഷക്കാലത്തിലധികം അദ്ദേഹം പ്രസിഡൻറായി തുടർന്നു. 1979-ൽനടന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിൽ ശ്രീ V. അപ്പുണ്ണിപ്രസിഡൻറും ശ്രീ. B. ഹംസ വൈസ്പ്രസിഡൻറുമായി പുതിയബോർഡ് അധികാരത്തിൽ വന്നു. ഈബോർഡിലെ മെമ്പർമാർ താഴെപറയുന്നവരാണ്.

K.S.A മുത്തുക്കോയതങ്ങൾ, A.P. ബാപ്പുഹാജി, K. കുഞ്ഞിമുഹമ്മദ്, V.G. ശ്രീധരൻ, P. അവറാൻ, K. ഇട്ടിച്ചിരി, P. ഖാലിദ്, E.P. അലവി എന്ന നാണി, N.K. കുഞ്ഞിമുഹമ്മദ്, B. ഹംസ, V. ശ്രീധരൻ, V. അപ്പുണ്ണി.

പിന്നീട് നടന്നതെരഞ്ഞെടുപ്പിൽ ശ്രീ. ബാപ്പുഹാജി പ്രസിഡൻറും, ശ്രീ. ചെന്താമരാക്ഷൻ വൈസ് പ്രസിഡൻറുമായി പുതിയ ഭരണസമിതി നിലവിൽവന്നു. താഴെ പറയുന്നവരാണ് ആ ബോർഡിലെ മെമ്പർമാർ

1 കെ. കുഞ്ഞിമുഹമ്മദ്,
2 കെ. മുഹമ്മദ്കുട്ടി.
3 പി. ഖാലിദ്മാസ്റ്റർ
4 ടി.സി കോയകുട്ടിതങ്ങൾ.
5 ബി. ഹംസ.
6 കെ. വിജയൻ,
7 എം. ശങ്കരൻ
8 കുപ്പനത്ത് അലവി

9 കെ.എസ്. ജേക്കബ്

10 വി.കെ. പത്മനാഭൻ

11 എം.കെ. ചെന്താമരാക്ഷൻ

12 കെ. സീതാലക്ഷ്മി

13 പി. നഫീസ

14 എ.പി. ബാപ്പുഹാജി.

1994 പുതിയ പഞ്ചായത്ത് രാജ്നിയമം നിലവിൽ വന്നതോടെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് രീതിയിലും ഭരണത്തിലും അടിമുടി മാറ്റങ്ങൾ വന്നുതുടങ്ങി. സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിച്ചു. പുതിയ സംവിധാനത്തിൽ പ്രസിഡൻറിനും, ഭരണസമിതിക്കും പ്രത്യേകമായി ലഭിച്ച അധികാരങ്ങൾ ജനങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്താൻ തുടങ്ങി. അതിൻറെ ഭാഗമായി അധികാരം ജനങ്ങളിലേക്ക് എന്നമുദ്രാവാക്യം പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നല്കാനുള്ള പഞ്ചായത്തു് ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് 1995-ൽ നടന്നു.

ശ്രീമതി അന്നാമ്മ മാത്യു പ്രസിഡൻറായും, ശ്രീ. V.K പത്മനാഭൻ വൈസ്-പ്രസിഡൻറായും പുതിയ ബോർഡ് നിലവിൽവന്നു. N. സൈതാലിയാണ് സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ.

താഴെ പറയുന്നവരാണ് നിലവിലുള്ള പുതിയ പഞ്ചായത്ത് ബോർഡ് മെമ്പർമാർ.

1 K.M. കുട്ടി

2 T. അയ്യപ്പൻ

3 U. അലവിക്കുട്ടി

4 K.T.C. മുഹമ്മദ്

5 C. കൗലത്ത് മുഹമ്മദ്കുട്ടി

6 N. നൗഷാദ്

7 P. ഖാലിദ്മാസ്റ്റർ

8 P.K. ആയിഷ

9 K. കുഞ്ഞിമുഹമ്മദ്

10 K. സീതാലക്ഷ്മി

11 T.P. മുഹമ്മദുന്നീസ്സ

12 പി. ഹംസ എന്ന കുഞ്ഞാപ്പു

ഇ.എം.എസ്, എ.കെ.ജി, കെ.പി.ആർ, കെ.എ. കേരളീയൻ, ഇ.കെ. നായനാർ, M.N ഗോവിന്ദൻനായർ, K. കരുണാകരൻ, ഇസ്മായിൽ സാഹിബ്, C.H. മുഹമ്മദ്കോയ, സുലൈമാൻസേട്ട് തുടങ്ങിയ ഉന്നതന്മാരായ രാഷ്ട്രീയ നേതാക്കളുടെ ഇടപെടൽ ആദ്യകാലത്തെ നമ്മുടെ പ്രദേശത്തിൻറെ രാഷ്ട്രീയാന്തരീക്ഷത്തെ സജീവമാക്കിയിരുന്നു. നമ്മുടെ പഞ്ചായത്തിൻറെ പ്രഥമ പ്രസിഡൻറായിരുന്ന കുഞ്ഞാലിയുടെ നേതൃത്വത്തിൽ ആരംഭിച്ച വികസന പ്രവർത്തനങ്ങളുടെയും, ത്യാഗസന്നദ്ധതയുടെയും ചരിത്രാനുഭവങ്ങളിൽനിന്നു് കരുത്തും, ആവേശവുംനേടി അധികാരം ജനങ്ങളിലേക്ക് എത്തിച്ചേർന്ന ഈസന്ദർഭത്തിൽ കൂട്ടായ്മയുടെ പുതിയ ചരിത്രം സൃഷ്ടിക്കാനായി നമുക്ക് ഒരുമിച്ച് മുന്നേറാം.



ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

IV

ഭൂപ്രകൃതി

11470 ഹെക്ടർ വിസ്തീരമുള്ള വലിയ ഒരു പഞ്ചായത്താണ് കാളികാവ് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ കിഴക്കുഭാഗം മുഴുവനായും കുന്നിൻ ചരിവുകളാണ്. മൊത്തം ഭൂമിയുടെ 20 ശതമാനം വരും ഈ മേഖല. ഉയർന്ന കുന്നിൻ ചരിവുകളും മലകളും ഫോറസ്റ്റ് അധീനതയിലും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുമാണ്. ഫലഭൂയിഷ്ഠമായ ഈ കുന്നിൻ മേഖലകളിലെ ചില പ്രദേശങ്ങളിൽ വില മതിക്കാനാവാത്ത വനസമ്പത്ത് ഉണ്ട്. 25 ശതമാനത്തോളം വരുന്ന മലകളുടെ താഴ്വരകളും പൊതുവെ ഫലഭൂയിഷ്ഠമാണ്. തെങ്ങ്, കമുങ്ങ്, റബ്ബർ, വാഴ, കുരുമുളക്, ജാതി തുടങ്ങി ഒട്ടനവധി വിളകളും ഇവിടങ്ങളിൽ സമൃദ്ധമായിവളരുന്നു. മലപ്പുറം ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്ത് കിടക്കുന്ന പഴയ കിഴക്കനേറനാടിന്റെ (ഇന്നത്തെ നിലമ്പൂർ താലൂക്ക്) തെക്ക് കിഴക്ക് ഭാഗത്തായി നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

അവശേഷിച്ച 55 ശതമാനം ഭൂമിയും. ചെറിയ ചെരിവുകളും നിരന്ന പ്രദേശങ്ങളുമാമാണ്. ഇവിടങ്ങളിലാണ് പ്രധാനമായ നമ്മുടെ കാർഷിക വിളകളും. പഞ്ചായത്തിന്റെ തെക്കുഭാഗം തുവ്വൂർ, കരുവാരകുണ്ട്, പാണ്ടിക്കാട് പഞ്ചായത്തുകളും വടക്ക് ഭാഗത്ത് കോട്ടപ്പുഴയും പടിഞ്ഞാറ് ഭാഗത്ത് വണ്ടൂർ പഞ്ചായത്ത്, കിഴക്ക് ഉയർന്ന മലനിരകളുമാണ്. പൊതുവെ പ്രകൃതി രമണീയമായ മലവാരങ്ങളും നമ്മുടെ ഒരനുഗ്രഹമാണ്. എക്കൽ മണ്ണ്, ചെങ്കൽ പ്രദേശം, മണൽ പ്രദേശം, ഫലഭൂയിഷ്ഠമായ പ്രദേശം, പാറകൾ, ചരൽമണ്ണ് എന്നിവ വിവിധ പ്രദേശങ്ങളിലുണ്ട്.

ജനപ്രകൃതി

വിശാലമായ നമ്മുടെ പഞ്ചായത്തിൽ 59, 377 ആളുകളുണ്ട്. അതിൽ 30, 389 സ്ത്രീകളും 28, 988 പുരുഷന്മാരും ഉണ്ട്. ജനസംഖ്യയുടെ 70% മുസ്ലിംങ്ങളും 20% ഹിന്ദുക്കളും 10% പ്രധാനപ്പെട്ട ചോക്കാട് ഗിരിജൻ കോളനി നിവാസികളടക്കമുള്ള 400 ആദിവാസി വിഭാഗവും 4. 590 ഹരിജനങ്ങളും നിലവിലുണ്ട്. ജനങ്ങളിൽ 65% തൊഴിലാളികളും 25% ഇടത്തരക്കാരും 5% ഉദ്യോഗസ്ഥന്മാർ, മറ്റുള്ളവർ 5% കർഷകരും എന്നിങ്ങനെയാണ് പൊതുസ്ഥിതി.

ജലപ്രകൃതി

പ്രധാനമായും 2 വലിയപുഴയും 2 ചെറിയ പുഴകളും കാളികാവ് പഞ്ചായത്തിൽ ഒഴുകുന്നു. വടക്ക് ഭാഗത്തെ അധിത്തികവും കൂടി കോട്ടപ്പുഴ ഒഴുകുന്നു. ചോക്കാട് പുഴ, കാളികാവ് പുഴ, ചെറുപുഴ, പുറമണ്ണ തോട് എന്നിവയാണ് പ്രധാനമായത്. പഞ്ചായത്തിന്റെ സമതല പ്രദേശത്ത് കൂടി ഒഴുകുന്ന 15 ലധികം ചെറുതോടുകളും മലനിരകളിൽ നിന്ന് ഒഴുകിവരുന്ന വറാത്ത അരുവികളും പഞ്ചായത്തിലുണ്ട്.

1 കാളികാവ് പുഴ

അരിമണൽ പാലം മുതൽ കാളികാവ്, ഉദിരംപൊയിൽ, പരിയങ്ങാട് പ്രദേശത്ത് കൂടി ഒഴുകുന്നു വേനൽ കാലത്ത് വറ്റി പ്പോവുകയും ചില പ്രദേശങ്ങളിൽ ജലം മലിനമാവുകയും ചെയ്യാറുണ്ട്.

2 ചെറുപുഴ

ചേരുകുളമ്പ്, അടക്കാകുണ്ട് ഭാഗത്തുകൂടി ഒഴുകി ചെങ്കോട് വെച്ച് കാളികാവ് പുഴയിൽ ചേരുന്നു.

3 ചോക്കാട് പുഴ

വള്ളിപൂള ഭാഗത്തുനിന്ന് ആരംഭിച്ച് കല്ലാമൂലപാലം വഴി ചോക്കാട്, മമ്പാട്ടുമൂല ഭാഗത്തുകൂടിഒഴുകി കോട്ടപ്പുഴയിൽ ചേരുന്നു.

4 കോട്ടപ്പുഴ

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ ഒഴുകി അമരമ്പലം പഞ്ചായത്തുമായി വേർതിരിക്കുന്ന കോട്ടപ്പുഴ പ്രദേശത്തുകൂടി ഒഴുകിപോകുന്നു.

5 പുറമണ്ണതോട്

പുറമണ്ണ പ്രദേശത്തിനുമുകളിൽ നിന്നാരംഭിച്ചു. പുറമണ്ണവഴി പള്ളിശ്ശേരി ഭാഗത്തുകൂടി ഒഴുകി കാളികാവ് പുഴയിൽ ചെന്ന് ചേരും.

6 പഞ്ചായത്തിൽ ഏകദേശം 39 ഓളം കിണറുകളും പഞ്ചായത്തിന്റെതായുണ്ട്. ഉപയോഗിക്കാൻ കഴിയുന്ന കുളങ്ങളും പൊതുവെ കുറവാണ്. ചക്കിക്കുഴിടാങ്ക്, ആമപ്പൊയിൽ കുളം, ഉദിരംപൊയിൽ കുളം തുടങ്ങിയവ.

4 കുഴൽ കിണറുകളും നിലവിലുണ്ട്.

V

കൃഷിയും ജലസേചനവും

കൃഷി

കാളികാവ് പഞ്ചായത്തിലെ ഒരു പ്രധാന വരുമാന മാർഗ്ഗം തന്നെയിത്. എന്നാൽ ഇന്ന് നമ്മുടെ കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും വളരെയേറെയാണ്. നികത്തപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷിയിടങ്ങളും നിസ്സഹായതയോടെ നാം നോക്കി കാണുന്നു.

പഴയകാലത്ത് മലഞ്ചെരിവുകളും കിളച്ചുനിരത്തി കഠിനാധ്വാനം ചെയ്തുകൊണ്ടാണ് നിലവിലുള്ള പാടശേഖരങ്ങളും നമ്മുടെ പൂർവ്വികന്മാർ ഉണ്ടാക്കിയെടുത്തത്. മണ്ണിനുവേണ്ടി മനുഷ്യർ നടത്തിയിട്ടുള്ള ത്യാഗോജ്വലമായ പ്രവർത്തനങ്ങളെ നമുക്ക് കാണാതിരിക്കാൻ കഴിയില്ല. അന്ന് നെൽകൃഷിയുടെ പ്രാധാന്യം കാരണം ഇന്ന് കാണപ്പെടുന്ന ഒട്ടധികം പാടശേഖരങ്ങളും വിപുലപ്പെടുത്താനും നിലനിർത്താനുമുള്ള പരിശ്രമം തുടർന്നു. എന്നാൽ ഇന്ന് നേരെ മറിച്ചാണ്. നമ്മുടെ പൂർവ്വീകൻമാർ കിളച്ചു നിരത്തി സൃഷ്ടിച്ച കെട്ടുകളുള്ള പാടശേഖരങ്ങളെപ്പോലും മണ്ണിട്ടു നികത്തി നാണ്യവിളകളും കെട്ടിടങ്ങളും വെക്കാൻ ശ്രമിച്ചുവരികയാണ്.

കാർഷിക വിളകളും ഇറക്കുന്ന പ്രവർത്തികർഷകന്റെ ഒരു ഹരമായിരുന്നു. കൊയ്ത്തും നടീലും ഒക്കെ കർഷകത്തൊഴിലാളികളേയും കർഷകനേയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയുടെ ഉത്തമ വേദികളായിരുന്നു..

പഴയ തലമുറയുടെ കൊയ്ത്തുപാട്ടും നടീൽപാട്ടും ഇന്നും നമ്മുടെ ഓർമ്മയിൽനിന്ന് മറഞ്ഞിട്ടില്ല. കൊയ്ത്തുകാലങ്ങളിലെ പുത്തരി ഊണുസദ്യയും. നടീൽ സമയങ്ങളിലെ ''ഊർച്ചയും'' കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സവ്വും മറന്നുള്ള സഹകരണവേദികളായിരുന്നു. കൃഷിഇറക്കിക്കഴിഞ്ഞാലുള്ള ഇടവേളകളിൽ ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കർഷകരും കർഷകത്തൊഴിലാളികളും പരസ്പരം സഹകരിച്ചുനടത്തുന്ന കാളപൂട്ട് മൽസരങ്ങളും ഏറെ പ്രചാരത്തിലുണ്ടായിരുന്നു. തങ്ങളുടെ സർവ്വസ്വവും തങ്ങളുടെ കാളയേയും ഏരുത്തിനേയും പോറ്റാനായി ഉപയോഗപ്പെടുത്തുന്ന കർഷകരും നമ്മുടെ നാട്ടിലുണ്ട്.

ഒരു കാലത്ത് കാളപൂട്ട് കമ്പക്കാരുടെ ആവേശമായിരുന്ന ഊർച്ചക്കാർ നമ്മുക്കുണ്ടായിരുന്നു. കാളപൂട്ട് കമ്പം ഇന്ന് വെച്ചു പുലർത്തുന്ന കുറച്ചെപേരുകിലും നമ്മുടെ പ്രദേശത്തുണ്ട്.

ഉരുൾപൊട്ടൽ, വെള്ളപൊക്കം മറ്റു പ്രകൃതിക്ഷോഭങ്ങൾ എന്നിവയുണ്ടായാൽ പാടശേഖരങ്ങളിലെ കർഷകർ കൂട്ടത്തോടെ അതിൽനിന്ന് രക്ഷനേടാനുള്ള ശ്രമങ്ങളും നടത്തിയിരുന്നു. അങ്ങനെ ഒട്ടനവധി അഭിമാനാർഹമായ പഴയകാല പ്രവർത്തന രീതികളും എടുത്തുകാണിക്കാനാവും.

നികത്തപ്പെട്ട പാടങ്ങളിൽ കെട്ടിടങ്ങളും ഉയർന്നുകൊണ്ടേയിരിക്കുന്നു. പാടശേഖരങ്ങളിൽ പരസ്പരം പൊരുത്തപെടാത്ത കൃഷിരീതിയാണ്. റബ്ബറും, നെല്ലും, കമുങ്ങും, തെങ്ങും, വാഴയും, മരച്ചീനിയും, കൈതച്ചക്കയും ഒക്കെ ഇടകലർന്ന് ഒരോ പാടശേഖരങ്ങളിൽ കാണാം ചില പ്രദേശങ്ങളിൽ ജലക്ഷാമം കൊണ്ടും മറ്റു ചില പ്രദേശങ്ങളിൽ അധികജലപ്രശ്നംകൊണ്ടും തങ്ങൾക്കും ഉണ്ടാകാറുണ്ട്. നാണ്യവിളകളുടെ കാനൽ കാർഷിക വിളകളെ കൊണ്ടുണ്ടാകുന്ന പ്രശ്നവും.

കാർഷിക മേഖലയിൽ വളർന്നുവരുന്ന ഈ ഗുരുതരമായ മാറ്റങ്ങൾക്ക് പ്രധാന കാരണം നെൽകൃഷി ആദായകരമല്ല എന്നതാണ്. നഷ്ടങ്ങൾ സഹിച്ച് കാലാകാലങ്ങളായും പിടിവാശിപിടിച്ച് നെൽകൃഷിചെയ്യാനുള്ള ബാധ്യത ഞങ്ങൾക്കില്ല എന്ന ധാരണ കർഷകർക്കിടയിൽ വളർന്നുവന്നു. കാർഷിക മേഖലയിൽനിന്ന് നാണ്യവിളകളിലേക്കും മറ്റുരംഗങ്ങളിലേക്കും കർഷകൻ അതിലുപരി കർഷകത്തൊഴിലാളികളും നീങ്ങിത്തുടങ്ങി. അതിന്റെ ഫലമായി നെൽപാടങ്ങളുടെ സ്വഭാവം തന്നെ മാറി. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ അളവിലും കുറവുണ്ടായി. ഇങ്ങനെയൊക്കെയാണെങ്കിലും നെൽകൃഷിയെ പാടെവിട്ടുകളയാൻ മടികാണിക്കുന്ന കർഷകരും നമ്മുടെനാട്ടിലുണ്ട്.

കാർഷിക മേഖലയിൽ പ്രത്യേകിച്ച് നെല്ലുല്പാദനരംഗത്ത് വളർന്നുകൊണ്ടിരിക്കുന്ന ഈ പ്രവണത നമ്മുടെ ഭക്ഷ്യധാന്യോല്പാദനത്തെ ബാധിക്കുകയും അതുവഴി നമ്മുടെ പഞ്ചായത്തിലും ഇതര മേഖലയെപ്പോലെ അതിന്റെ ദൂരവ്യാപകങ്ങളായ വിപത്തുകൾ ഉണ്ടാകാനിടയുണ്ട്.

ഈ സാഹചര്യത്തിൽ കാർഷിക മേഖലയെ രക്ഷപ്പെടുത്താനുള്ള പരിശ്രമങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ മുൻഗണന നല്കുകയുള്ള തീവ്രശ്രമം നടത്താനുള്ള ബാധ്യത നമുക്കുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് യഥാർത്ഥ പ്രശ്നങ്ങളെ കുറിച്ചും അതിനുള്ള നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രധിവിധിയെ കുറിച്ച സ്വയം പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തുകൊണ്ട് കൂട്ടായ്മയിലൂടെ പ്രശ്നപരിഹാരത്തിനു നേതൃത്വം നല്കണം.

കാർഷിക മേഖലയുടെ പ്രത്യേകതകൾ

നമ്മുടെ പഞ്ചായത്ത് കാർഷികപ്രാധാന്യമുള്ള ഒരുപ്രദേശമാണ്. തമിഴ്നാടിനോട് തൊട്ടുകിടക്കുന്നു. കിഴക്കൻ ഏറനാടിന്റെ (നിലമ്പൂർ താലൂക്ക്) തെക്ക് കിഴക്ക് ഭാഗത്തായി മലനിരകളിൽനിന്ന് തെക്കുപടിഞ്ഞാറുഭാഗത്തേക്കായി പ്രധാനമായും ചെരിഞ്ഞുകിടക്കുന്ന സാമാന്യം ഫലഭൂയിഷ്ടമായ ഒരുപ്രദേശം. കിഴക്കുഭാഗം വളരെക്കൂടുതൽ പ്രദേശം മലനിരകളായതിനാൽ അവയിൽ നല്ല ഒരുമേഖല സർക്കാർ വനങ്ങളാണ്. വനസമ്പത്ത്നിറഞ്ഞുനില്ക്കുന്ന ഈ പ്രദേശത്തിന് വേണ്ടത്ര സംരക്ഷണം ലഭിക്കാത്തതുകൊണ്ടുള്ള പ്രശ്നങ്ങളും നിലവിലുണ്ട്. അതിനോടനുബന്ധിച്ച് പുല്ലങ്കോട് റബർ എസ്റ്റേറ്റ് അടക്കമുള്ള സ്ഥാപനങ്ങളുടേയും സഹകാര്യവ്യക്തികളുടെയും മലവാരങ്ങളും ഉണ്ട്. ചോക്കാട് മലവാരം, വള്ളിപ്പുളമലവാരം, ചിങ്കക്കല്ല്, കോഴിപ്ര, പുല്ലങ്കോട്, അടക്കാകുണ്ട് എന്നീപേരുകളിലറിയപ്പെടുന്ന മലനിരകളാണിവ.

11470 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണം 9747 ഹെക്ടറാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ 80% കർഷകരും കർഷകതൊഴിലാളികളുമാണ്. കൃഷിക്കരിൽ 70% പേരും മഴവെള്ളത്തെ ആശ്രയിച്ചാണ് കൃഷി നടത്തിവരുന്നത്.

മുഖ്യവിളകൾ

നമ്മുടെ മുഖ്യവിള പണ്ടുകാലത്ത് നെൽകൃഷിയായിരുന്നു. എന്നാൽ ഇന്ന് റബ്ബറാണ് മുഖ്യവിളയായി കണ്ടുവരുന്നത്. അതിനു പുറമെ തെങ്ങ്, കമുങ്ങ്, മരച്ചീനി, പച്ചക്കറി, വാഴ ഇഞ്ചി, ഞ്ഞാം, ചേമ്പ്, ചേന, മധുരക്കിഴങ്ങ്, ചീര, എള്ള്, മഞ്ചാടി, ജാതിക്ക, വെറ്റില, ഗ്രാംപൂ, കുരുമുളക്, കശുമാവ് തുടങ്ങി നിരവധിയുണ്ട്.

കർഷകർ കൃഷിചെയ്യുന്ന ഭൂപരിധിയെ കുറിച്ച പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നുണ്ട്. ഏറ്റവും കൂടുതൽ കർഷകർക്ക് 1 ഹെക്ടറിനു താഴെ മാത്രമേ കൃഷഭൂമിയുള്ള. കൃഷിഭൂമി കൈവശം വെച്ച കുടുംബങ്ങളുടെ തരംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

നമ്പർ.	ക്രപരിധി	കുടുംബങ്ങളുടെ എണ്ണം
1	1 ഹെക്ടറിനുതാഴെ	6435
2	1 ഹെക്ടറിനുമുകളിൽ 2 ഹെക്ടറിനുതാഴെ	546
3	2 ഹെക്ടറിനുമുകളിൽ	438

1970 കാലഘട്ടത്തിനുമുമ്പ് മേല്പറഞ്ഞ കാർഷിക പ്രധാനമായ ഭൂമി മുഴുവനും ഏതാനും ജന്മിമാരുടെ കൈവശത്തിലായിരുന്നു. ക്രപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ ഈ ക്രപ്രദേശം നിരവധി കർഷകകുടുംബങ്ങളുടെ കൈളിലേക്ക് മാറ്റപ്പെട്ടു. 1970 കൂടിക്ക് ശേഷം പുതുതായി ഭൂമിലഭിച്ച കുടിയേറ്റ കർഷകരും, കർഷകത്തൊഴിലാളികളും മറ്റുസാധാരണക്കാരും അവർക്ക് ലഭിച്ച ഭൂമിയിൽ കഠിനാധ്വാനം ചൊരിഞ്ഞു. 10–12 വർഷങ്ങൾക്കുശേഷം അതിന്റെ പ്രകടമായഫലം വശം നമ്മുടെ സാമൂഹ്യ മണ്ഡലത്തിൽ കണ്ടു തുടങ്ങി. കാർഷികമേഖല കുറച്ചൊക്കെ അഭിവൃദ്ധിപ്പെട്ട ഒരു കാലഘട്ടമായിരുന്നു അത്. പിന്നീട് ഈ മേഖലയെ മുരടിപ്പിച്ചത് പുതിയസാഹചര്യത്തിൽ വളർന്നവന്ന പ്രശ്നങ്ങളാണ്. നെൽപ്പാടങ്ങളിലെ പ്രധാന വിത്തിനങ്ങളിൽ ചിലത് ഇപ്പോൾ വേണ്ത്രേ പ്രചാരത്തിലില്ല. ആധുനിക വിത്തിനങ്ങൾ പ്രചാരം കിട്ടിത്തുടങ്ങി. മോടൻ, ചാമ, തിരുവാതിര, മുളകൻ, കുട്ടമുണ്ടോട്ടൻ തുടങ്ങി പലതും ഉണ്ടായിരുന്നു.

മൾബറി

മൾബറി കൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള നേരിയ ശ്രമം നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നു. ചേക്കാട് ഗിരിജൻ കോളനിയിലാണ് പ്രധാനമായും ഉള്ളത്. കുറെയേറെ പ്രോത്സാഹനങ്ങൾ ഈ രംഗത്ത് സർക്കാർ ചെയ്തുവരുന്നുണ്ട്.

ഉപയോഗപ്പെടുത്തി മൾബറികൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കാനാവശ്യമായ പദ്ധതികൾക്ക് രൂപം നല്കണം. അതിനായി പഞ്ചായത്ത് പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്താൻ കഴിയും.

ഇതിനുപുറമെ കാർഷിക മേഖലയിൽ തന്നെ പശുവളർത്തൽ, കോഴിവളർത്തൽ, തീറ്റപുൽകൃഷി, കുറ്റിമുല്ല കൃഷി, പന്നിവളർത്തൽ, ആട്വളർത്തൽ തുടങ്ങി നിരവധി രംഗങ്ങളും നമുക്കുണ്ട് പ്രോത്സാഹനങ്ങളും അനുബന്ധമേഖലയിൽ ഉണ്ടാക്കാനുള്ള സംവിധാനം വിശദമായി പരിശോധിക്കണം.

മാംസാഹാരങ്ങളുടെ അമിതമായ ആവകത ഇറച്ചിക്കോഴി, മുട്ട എന്നിവയുടെ വർദ്ധിച്ചുവരുന്നഉപയോഗം എന്നിവ കണക്കിലെടുത്താൽ ഇതിനായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിൽനിന്ന് മാറ്റം വരുത്താൻ കഴിയും

ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്താനുമുള്ള സംരംഭം വേണം ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.

വളപ്രയോഗം

പ്രധാനമായും നമ്മുടെ കാർഷികമേഖലയിൽ രാസവള പ്രയോഗ പ്രവണതയാണ് വളർന്നുവരുന്നത് ജൈവവള പ്രയോഗത്തിന്റെ സാധ്യതകളും കുറഞ്ഞുവരുന്നു. കാലിവളർത്തൽ രീതി കർഷകർ പലകാരണങ്ങളാൽ ഉപേക്ഷിച്ചുവരുന്നതിന്റെ ഭാഗമായീ കാലിവള പ്രയോഗം കുറഞ്ഞു വരുന്ന സംസ്ഥാനത്തിന്റെ വെളിയിൽനിന്ന് കോഴിക്കൂടുകളിൽനിന്ന് ശേഖരിച്ചുകൊണ്ടുവരുന്ന വളവും ഉപയോഗിക്കുന്ന പച്ചില വളപ്രയോഗവും കംപോസ്റ്റ് വളപ്രയോഗവും കുറയുന്ന ഭൂപ്രകൃതിയിലും കൃഷിരീതിയിലും വന്നമാറ്റം ഇതിനിടയാകുന്നു അമിതമായ രാസവളപ്രയോഗം കാരണം ഭൂമിയുടെ ഫലഭൂയിഷ്ടതയിൽ മാറ്റംവരുന്നുണ്ട്. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമായി പത്തോളം വിപണന കേന്ദ്രങ്ങളുണ്ട്. സഹകരണമേഖലയുടെ 1250 ടൺ രാസവളങ്ങളും സ്വകാര്യ മേഖലയിൽ 540 ടണ്ണും വിതരണം നടത്തുന്നു.

കീടനാശിനി

സഹകരണ മേഖലയിലൂടെ 80കിലോ ഗ്രാം കീടനാശിനിയും ദ്രാവക രൂപത്തിലുള്ള 125 ലിറ്ററർ കീടനാശിനിയും വിതരണം നട നടത്തുന്നുണ്ട്. സ്വകാര്യ മേഖലയിൽനിന്നും കീടനാശിനിവാങ്ങി ഉപയോഗിച്ചുവരുന്ന നമ്മുടെ കാർഷികമേഖലയിൽ പ്രചാരത്തിലുള്ള കീടനാശിനികളും താഴെ പറയുന്നവയാണ്.

1 എക്കാലക്സ്, BHC, ഫ്യൂറിഡാൻ തുടങ്ങിയവയാണ്,

പാടശേഖരസമിതികൾ

കൃഷിഭവന്റെ നേതൃത്വത്തിൽ 10ഓളം പാടശേഖരസമിതികളും നമ്മുടെ പഞ്ചായത്തിലുണ്ട്. കർഷകർക്ക് കാർഷികമേഖലയിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളും നേടിക്കൊടുക്കാനും കൂട്ടായ കൃഷിരീതിയെ കുറിച്ച് ബോധവൽക്കരണം നടത്താനും, കൃഷിഭവന്റെ പ്രവർത്തനവുമായി കർഷകരെ കൂട്ടിയിണക്കാനും പാടശേഖരസമിതികൾക്ക് കഴിയും ഫലപ്രദമായ പ്രവത്തനത്തിന് പാടശേഖരസമിതികളും നേതൃത്വം കൊടുക്കണം.

1 അഞ്ചുപ്പവടി പാടശേഖരസമിതി
2 കൈതമണ്ണ ,,
3 കിഴക്കേപ്പുറം ,,
4 മാളിയേക്കൽ ,,
5 മഞ്ഞപ്പെട്ടി ,,
7 പെടയന്താളം പാടശേഖരസമിതി
8 ചേനപ്പാടി ,,
9 സ്രാമ്പിക്കല്ല് ,,
10 ഉദിരംപൊയിൽ

കേരകർഷകസമിതി

കാളകാവിലെ കേരകർഷകരെ ഉൾപ്പെടുത്തി രൂപീകരിച്ച സമിതിയാണ്. കാളികാവ് കേരകർഷകസമിതി. കേരകർഷകർ വിവിധ പ്രശ്നങ്ങളനുഭവിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയുടെ അഭിവൃദ്ധിക്കായി കേരകർഷകസമിതിക്ക് പ്രവർത്തിക്കാൻ കഴിയും. കർഷകർക്കാവശ്യമായ മേത്തരം തെങ്ങിൻ തൈകളും ജലസേജനത്തിനാവശ്യമായ കണറുകളും, കുളങ്ങളും പമ്പുസെറ്റുവാങ്ങാനുള്ള സഹായവും അടക്കം ഒട്ടനവധി വികസന പദ്ധതികൾക്ക് നേതൃത്വം നല്കി കാളികാവിലെ പഞ്ചായത്തിലെ കേരകർഷകരെ സംരക്ഷിക്കാൻ ശ്രമംശക്തപ്പെടുത്തണം.

കൃഷിഭവൻ

പഞ്ചായത്തിലെ അഞ്ചച്ചവടിയിലാണ് സ്ഥിതിചെയ്യുന്നത്. ആവശ്യമായ ജോലിക്കാരില്ലാതെയാണ് ദീർഘകാലമായി ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. അതുകൊണ്ടുതന്നെ കൃഷിഭവന്റെ സൗകര്യങ്ങളും വേണ്ടരൂ ഉപയോഗപ്പെടുത്തുന്നതിൽ ഒരുപാട് പ്രശ്നങ്ങളും ഉണ്ട്. പ്രവർത്തനം ചെയ്യപ്പെടുത്താനുള്ള നടപടിവരുന്നുണ്ട്.

കാർഷിക വായ്പ

നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് വായ്പ വിതരണം ചെയ്യുന്ന ഒട്ടനവധി സ്ഥാപനങ്ങളുണ്ട്. ബാങ്ക് നിക്ഷേപത്തിന്റെ ന്യായമായ ഒരു ബാങ്ക് കാർഷിക മേഖലയിൽ വായ്പയായിവിതരണം നടത്തേണ്ടതാണ്.

1 കാളികാവ് സർവ്വീസ് കോ-ഓപ്പ്റേറ്റീവ് ബാങ്ക്

2 നെടുങ്ങാടി ബാങ്ക് കാളികാവ് ശാഖ

3 കാർഷികവികസന ബാങ്ക്, കരുവാരകുണ്ട്

4 സൗത്ത് മലബാർ ഗ്രാമീണബാങ്ക്, ചോക്കാട്.

5 കനറാബാങ്ക്, വണ്ടൂർ ശാഖ,

ഭൂപ്രകൃതി

ഭൂമിയുടെ പൊതുസ്ഥിതിയെ സംബന്ധിച്ചു നടത്തിയ പരിശോധനയിൽ മൊത്തം ഭൂമിയുടെ 55%വും കുറഞ്ഞ ചരിവുസമതലവുമാണ. ഉയർന്ന ചെരിവും മലനിരകളുമായി ഏകദേശം 20% വരും അവശേഷിച്ച 20% താഴ്വരകളാണ്.

പട്ടിക

1	കുറഞ്ഞ ചെരിവും സമതലവും	55%
2	കുത്തനെയുള്ള ചരിവും മലയും	20%
3	താഴ്വര	25%

മൺതരങ്ങൾ

മൺതരങ്ങളിൽ വിഭിന്നതകൊണ്ടു നിറഞ്ഞു നിൽക്കുന്ന ഭൂപ്രദേശമാണിവിടെ രാസവളങ്ങളുടെ അശാസ്ത്രീയമായ പ്രയോഗം കാരണം മൺതരങ്ങൾക്ക് പണ്ടുണ്ടായിരുന്ന ഫലഭൂയിഷ്ഠത ചിലയിടങ്ങളിൽ നഷ്ടപ്പെട്ടവരുന്നു. മല മടക്കുകളിൽനിന്നുള്ള അമിത ജലപ്രവാഹവും ഉരുൾപൊട്ടലും കാരണം മണ്ണിന്റെ ജൈവാംശം നഷ്ടപ്പെട്ടവരുന്നുണ്ട്. പാറയും കുറഞ്ഞമണ്ണും പ്രധാനമായും കണ്ടുവരുന്നത് മലപ്രദേശത്താണ്. പുക്കൽമണ്ണ്, ചെമ്മണ്ണ് എന്നിവ കുറഞ്ഞ ചരിവിലും സമതല പ്രദേശത്തും കണ്ടുവരുന്നു. പുഴയുമായി ബന്ധപ്പെട്ട പ്രദേശത്തും ചിലവയലുകളിലും മണൽ കണ്ടുവരുന്നു. മൺതരങ്ങളുടെ സമിശ്രത പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്നുണ്ട്.

പട്ടിക–മൺതരങ്ങളും
അവലംബം കൃഷിഭവൻ

1	എക്കൽ മണ്ണ്	10%
2	മണൽ	5%
3	ചെമ്മൺ/ചെങ്കല്ല്	73%
4	ചരൽ	10%
5	പാറ	10%
6	കറുത്തമണ്ണ് (മലമണ്ണ്)	10%

മാറ്റങ്ങൾ

നാട്ടിൻ പുറങ്ങളിലുള്ളതിനേക്കാളും ഇപ്പോൾ റബ്ബർ, കമുങ്ങ്, തെങ്ങ്. വാഴ എന്നിവയുടെ കൃഷി മലവാരങ്ങളിലാണ് കാണുന്നത് ഈ മേഖലയിലെ ഫലഭൂയിഷ്ടതയാണ് അതിനു കാരണം കൃഷിവിളകളും നാണ്യവിളകളും അവിടെ സമൃദ്ധമായിവളരുന്നു. എന്നാൽ ആ പ്രദേശങ്ങളിലേക്കാവശ്യമായ തൊഴിലാളികളെ കൊണ്ടുപോകാനും കാർഷിക ഉപകരണങ്ങളും എത്തിക്കാനും കൃഷി ചെയ്തുണ്ടാക്കിയ ഉല്പന്നങ്ങളും ഇറക്കികൊണ്ടുവരാനും വളരെ പ്രയാസമുണ്ട്. ഗതാഗത സൗകര്യമില്ലാത്തതാണ് ഇതിനുകാരണം. ഈ മേഖലയിൽ ഗതാഗതം, ഇലക്ട്രിസിറ്റി, ജലസേചനം എന്നിവ ഏർപ്പെടുത്തിയാൽ ഉല്പാദനരംഗത്തു ഗണ്യമായ വദ്ധനവുണ്ടാക്കാൻ കഴിയും. അതുവഴി കൂടുതൽ മേഖലകളിലേക്ക് കുടിയേറ്റം ചെല്ലാൻ കർഷകർക്കാവും.

മലവാരങ്ങളിൽ പ്രകൃതി ക്ഷോഭത്തിനു പുറമെ കൃഷിയെ ബാധിക്കുന്ന പ്രധാനശല്യം കാട്ടുമൃഗങ്ങളുടേതാണ്. പ്രത്യേകിച്ച് ആന, കാട്ടുപന്നി എന്നിവയുടെ വന്യജീവി സംരക്ഷണനിയമത്തിന്റെ തണലിൽ വർദ്ധിച്ചുവരുന്ന ഈ ഉപദ്രവങ്ങൾക്ക് അറുതി വരുത്താൻ കഴിയണം.

വിള വിസ്തീർണ്ണം

പഞ്ചായത്തിലെ വിവിധ കൃഷിവിളകളുടെ ഒരേകദേശചിത്രം മാത്രമേ നമുക്കുള്ളു. കാർഷിക മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന തരംതിരിപ്പുകൾ മനസ്സിലാക്കാൻ കഴിഞ്ഞേടത്തോളം ഉള്ള ഒരു കണക്കാണിത്. കൃഷിഭവന്റെ സഹായത്തോടെ ലഭിച്ച അത്തരം കണക്കുകളുടെ വിവരങ്ങൾ.

പട്ടിക

നമ്പർ	വിനയോഗിക്കുന്ന വിള	വിസ്തൃതി
1	നെല്ല്	460 H
2	റബ്ബർ	5825 H

3	തെങ്ങ്	1165	H
4	കമുങ്ങ്	860	H
5	വാഴ	324	H
6	കപ്പ	325	H
7	കശുമാവ്	92	H
8	പൈനാപ്പിൾ	30	H
9	പച്ചക്കറി	45	H
10	ഇഞ്ചി	2	H
11	മഞ്ഞൾ	5	H
12	ഗ്രാംപു	4	H
13	ജാതി	12	H
14	വെറ്റില	2	H
15	മധുരക്കിഴങ്ങ്	8	H
16	മരച്ചീനി	20	H
17	എള്ള്	8	H
18	കുരുമുളക്	92	H
19	തരിശ്	52	H
20	മറ്റുപലവക കൃഷി	416	H

അവലംബം കൃഷിഭവൻ.

നഴ്സറികൾ

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 12ലധികം നഴ്സറികളുണ്ട്. തെങ്ങ്, റബ്ബർ, കമുങ്ങ് എന്നിവയാണ്. പ്രധാന വിത്തിനങ്ങളും വിതരണം നടത്തുന്നുണ്ട്. കുരുമുളക് വള്ളി പച്ചക്കറിവിത്തുകളും പയർ ഇനങ്ങളും എന്നിവ വിതരണം കൃഷിഭവനിലൂടെ നടത്തിവരാറുണ്ട്. നമ്മുടെ കാർഷികമേഖലയിലെ ആവശ്യങ്ങൾക്കനുസരിച്ച് വിതരണം ഉയർത്താൻ കഴിയണം.

ജലസേചനം

കാർഷികമേഖല പ്രധാനമായും ആശ്രയിക്കുന്നത് മഴവെള്ളത്തെതന്നെയാണ്. കഴിഞ്ഞകാലത്തിൽ നിന്ന് വ്യത്യസ്തമായി കാലവർഷത്തിന്റെ ഗതിമാറിയുള്ള വരവും പോക്കും നമ്മുടെ കൃഷിരീതികളിൽ നിലവിലുണ്ടായിരുന്ന കൃത്യത നഷ്ടപ്പെടുത്തിയിരിക്കുന്ന പ്രയകാലത്തിൽ നിന്ന് വ്യത്യസ്തമായി വരൾച്ച കൂടുതൽ അനുഭവപ്പെടുകയാണ്. പ്രധാന കാരണം നമ്മുടെ ജലസംമ്പത്ത് പാഴായിപോകുന്നതും ജലസംമ്പത്തിന്റെ അമിതമായ ഉപയോഗവുമാണ്.

പ്രധാന ജലസേചന മാർഗ്ഗം നമ്മുടെ പഞ്ചായത്തിലൊഴുകുന്ന നദികളാണ്. അവക്ക് പുറമെ മലകളിൽ നിന്ന് ഒഴുകിയെത്തുന്ന അരുവികളും പാടശേഖരങ്ങൾക്കരികിലൂടെ പോകുന്ന തോടുകളും. അരുവികളും തോടുകളും വേനൽക്കാലത്ത് വറ്റിപ്പോവാറുണ്ട്. ചിലപ്രദേശങ്ങളിൽ പഴയ കാലത്തുണ്ടായിരുന്ന ജലസംഭരണ കെട്ടുകളും കാലപഴക്കം കൊണ്ട് നാശമായികൊണ്ടിരിക്കുന്നു ആവശ്യംവേണ്ട അറ്റകുറ്റപ്പണികൾക്ക് കഴിയുന്നില്ല. അത്തരത്തിലുള്ള ജലസംഭരണികളിൽ നിന്ന് ജലംകൊണ്ടുപോകാനുപയോഗിക്കുന്ന തോടുകളും പലതും ജനങ്ങൾ റോഡാക്കിമാറ്റി. കൃഷിരീതിയിൽ വന്നമാറ്റങ്ങൾ അത്തരത്തിലുള്ള തോടുകളെ ഉപയോഗ ശൂന്യമാക്കി.

നിലവിലുള്ള നമ്മുടെ നദികളേയും തോടുകളേയും സംരക്ഷിക്കുകയും ആവശ്യമുള്ള പ്രദേശത്ത് ചെക്ക് ഡാം കെട്ടി കനാൽവഴി കൃഷിഭൂമികളിലേക്ക് വെള്ളം എത്തിക്കാനുള്ള സംവിധാനത്തിന്റെ പ്രാധാന്യം നമ്മുടെ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്.

കാർഷികമേഖലയെ രക്ഷപ്പെടുത്താൻ ജലസേചന മേഖലയിൽ അടിയന്തിരമായും ചെയ്തു തീർക്കേണ്ട പ്രവർത്തികളെ കുറിച്ച് ഗൗരവമായ ചർച്ച ഉയർത്തികൊണ്ടുവരണം. നമ്മുടെ പഞ്ചായത്തിലെ സാഹചര്യങ്ങൾക്കനുസൃതമായ പദ്ധതികളും കൊണ്ടുവരണം.

കിണർ, കുളം, നദികളും മറ്റു ജലസ്രോതസ്സുകളും എന്നിവയെ കുറിച്ചുള്ള വിവരണങ്ങളും ഇതോടൊപ്പം ഉണ്ട്.

പ്രശ്നങ്ങൾ

1 ജലസേചനത്തിന്റെ കുറവ്.

2 തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാത്തത്.

3 വന്യമൃഗങ്ങളുടെ ശല്യം.
4 വളം, വിത്ത്, കീടനാശിനി, കാർഷിക ഉപകരണങ്ങൾ, എന്നിവയുടെ വിലക്കയറ്റം.
5 രോഗങ്ങൾ
6 ശാസ്ത്രീയമായ കൃഷിരീതിയെ കുറിച്ചുള്ള അറിവു കുറവ്.
7 പരിസ്ഥിതിയുടെ നാശം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ, ഉരുൾപൊട്ടൽ പ്രകൃതിക്ഷോഭം.
8 ഉല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാത്തത്.
9 ജൈവവളത്തിന്റെ ദുർലഭ്യം.
10 കൃഷിഭവന്റെ പ്രവർത്തനത്തിന്റെ പോരായ്മ
11 കാർഷിക വായ്പ കിട്ടാനുള്ള പ്രയാസം
12 കന്നുകാലികളുടെ കുറവ്.
13 വൈദ്യുതിയുടെ കുറവ്.
14 മണ്ണുപരിശോധനയുടെ അഭാവം

നിർദ്ദേശങ്ങൾ

1 തോടുകൾക്കും പുഴകൾക്കും ചെക്ക് ഡാം കെട്ടുക.
2 വില്ലേജിൽ 1 കൃഷിഭവൻവീതം സ്ഥാപിക്കുക.
3 പുഴയോരങ്ങളുടെ കയ്യേറ്റം തടയണം.
4 പൊതുകുളങ്ങളും കൈത്തോടുകളും ഉപയോഗപ്രദമാക്കുക.
5 വളം, വിത്ത് കാർഷികോപകരണങ്ങൾ കീടനാശിനി എന്നിവ മിതമായ വിലക്ക് ലഭ്യമാക്കുക. ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്താനും സാമ്പത്തിക സഹായം ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ കാർഷിക വികസനസമിതികൾ രൂപീകരിക്കുക.
6 ജൈവവള ഉല്പാദന കേന്ദ്രം സ്ഥാപിക്കുക
7 അടക്ക, കപ്പ, നാളികേരം, വാഴക്കുല തുടങ്ങിയവ സംഭരിക്കാനും, സംസ്കരിക്കാനും, വിപണനം നടത്താനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം
8 കാർഷിക മേഖലയിൽ യന്ത്രവൽക്കരണ സംവിധാനം ഊർജ്ജിതപ്പെടുത്തുക
9 വിദ്യാലയങ്ങളിലെ കോമ്പൗണ്ടിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുക. കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന കേന്ദ്രങ്ങളിൽ സന്ദർശിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യം കൊടുക്കുക.
10 കർഷകരുടെ നാട്ടറിവുകൾ ശേഖരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക,
11 കാർഷിക വാർത്താ ബോർഡുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുക
12 ഗ്രാമീണ കാർഷിക വികസന ബേങ്ക് സ്ഥാപിക്കുക
13 മത്സ്യകൃഷിക്ക് ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകുക.
14 കുറ്റിമുല്ലകൃഷി ഔഷധകൃഷി എന്നിവയെ പ്രോത്സാഹിപ്പിക്കുക.
15 പച്ചക്കറി കൃഷി വ്യാപകമാക്കുക
16 മംബറി കൃഷിയെ പ്രോത്സാഹിപ്പിക്കുക
17 ഇതര കാർഷിക മേഖലകളിലെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്താൻ കർഷകരെ സഹായിക്കുക.

നടീൽ വസ്തുവിതരണം

		എണ്ണം	
ഇനം	1993_94	1994_95	1995_96
തെങ്ങ്	440	30	630
കശുമാവ്	373	370	320
കുരുമുളക്	1500	600	6000
കവുങ്ങ്	250	250	200

രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെപേര്	1993_94 രാസവളം കി.ഗ്രാം	കീടനാശിനി ദ്രവം	ഖരം	1994_95 രാസവളം കി.ഗ്രാം	കീടനാ: ദ്രവം	ഖരം	രാസവളം കി ഗ്രാം	1995_96 കീടനാ: ദ്രവം	ഖരം
	സഹകരണം	18001	80	125	1950	65	160	2100	48	130
	സ്വകാര്യം	540	20	85	510	22	75	560	18	40

ഓരോരുത്തരും അവരവരുടെ
നൈവിധ്യത്തിനൊത്ത് പണിയെടുത്ത് ജീവിച്ചെങ്കിൽ
ഭൂമി സ്വർഗമായി മാറുമായിരുന്നു.

— ഗാന്ധിജി

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

പശു, എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഉഴവുകാളകളെയും, പോത്തുകളെയും നാമമാത്രമായി കാണാം. കോഴിവളർത്തൽ വ്യാപകമാണ്. ചുരുക്കം ചില വീട്ടുകളിൽ താറാവുകളെയും വളർത്തുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 1040 പശുക്കളും നൂറോളം ആടുകളും 70 ഉഴവുകാളകളും 611 എരുമകളുംഉണ്ട്. ചില വീടുകളിൽ മുയലുകളെയും വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് വന്ന മാറ്റവും വളർത്തുമൃഗങ്ങളുടെ എണ്ണം വൻതോതിൽ കുറയാൻ കാരണമായിട്ടുണ്ട്. വീടുകളിൽ നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്തകാരണം കോഴികളുടെ എണ്ണം വളരെയധികം കുറഞ്ഞിട്ടുണ്ട്. പല കാരണങ്ങളാൽ വണ്ടിപ്പോത്തുകളുടെയും, കാളകളുടെയും എണ്ണവും കുറഞ്ഞിട്ടുണ്ട്.

ഈയിടെ രേഖരിച്ച സ്ഥിതിവിവരക്കണക്കനുസരിച്ച് പ്രതിദിനം ഏകദേശം 1500 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഉല്പാദിപ്പിക്കുന്നപാൽ ചിട്ടിപ്രകാരം വിറ്റഴിക്കുന്നതിന് സംവിധാനമില്ല. കാലിത്തീറ്റയുടെ വിലവർദ്ധനവ്, തീറ്റ പുല്ലിന്റെ അപര്യാപ്തത ചികിത്സാരംഗത്തെ അസൗകര്യങ്ങൾ മുതലായ കാരണങ്ങളാലാണ് ഈ രംഗം നിരുത്സാഹപ്പെട്ടുകൊണ്ടിരിക്കുന്നത്. കാളികാവ് പഞ്ചായത്തിൽ മൂന്ന പാൽ സൊസൈറ്റികളുണ്ട്.

പട്ടിക 1

	മൃഗങ്ങളുടെ ഇനം		1996
1	പശു	—	1040
2	കിടാരം	—	512
3	എരുമ	—	611
4	ആട്	—	100
5	കോഴി	—	16000
6	താറാവ്	—	1020

കൃത്രിമ ബീജ സങ്കലനം മുഖേന 340 പശുക്കളും, 137 കിടാരികളും, 55 എരുമകളും ഉണ്ട്. പഞ്ചായത്തിൽ 2 മൃഗാശുപത്രികളുണ്ട്. ഒന്ന് കാളികാവ് ആസ്ഥാനത്തും, ഒന്ന് ചോക്കാട് പ്രവർത്തിക്കുന്നു ഇതിന്റെ സൗകര്യങ്ങൾ മറ്റു പ്രദേശങ്ങളിലുള്ളവർക്ക് ലഭിക്കുന്നില്ല. അഞ്ച് കിലോമീറ്ററിൽ കൂടുതൽ ദൂരം ഉരുക്കളെയും മറ്റും കൊണ്ടുപോകേണ്ട ബുദ്ധിമുട്ടും മൃഗങ്ങളിൽ വല്ല രോഗങ്ങളും വന്നാൽ ചികിത്സ കിട്ടാതെ ചത്തുപോകാൻ ഇടയാകുന്നു. കാലികൾക്ക് പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ ദഹനക്കേട്, ശ്വാസകോശ സംബന്ധമായത്, അകിടുവീക്കം, പരാദരോഗം, തൊക്ക് രോഗം മുതലായവയാണ്. കുമ്പനീരിരോഗവും വരാറുണ്ട്. ഉപാപചയരോഗം ധാതുലവണങ്ങളുടെ അഭാവം കൊണ്ടുള്ളത് വന്ധ്യത മുതലായവയും ഉണ്ടാകാറുണ്ട്. നേരത്തെയുള്ള ചികിത്സ ലഭ്യമല്ലാത്തത് കൊണ്ടാണ് പലപ്പോഴും മൃഗങ്ങൾ ചത്തുപോകുന്നത്.

ഇവിടെ പേരിനുമാത്രം ഗോബർ ഗ്യാസ് പ്ലാന്റുകളുണ്ട്. കൂടുതൽ പ്ലാന്റുകൾക്ക് സാധ്യതയുണ്ടെങ്കിലും കർഷകരുടെ അറിവില്ലായ്മയാണ് ഈ രംഗത്തെ പ്രശ്നം. ഒരു വീട്ടിലെ

പാചക വാതകത്തിനും, വെളിച്ചത്തിനും ഈ ഗോബർ ഗ്യാസ് പ്ലാന്റുകളും സഹായകമാവും. മൃഗസംരക്ഷണ വകുപ്പിൽനിന്ന് ഗോബർ ഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കാൻ സബ്സിഡി ഉണ്ടെന്നും കേൾക്കുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങളിൽ എത്തുന്നില്ല.

കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിനു സാധിക്കുമെങ്കിലും നെൽകൃഷി ലാഭകരമല്ലാതായതോടെ കാലിവളർത്തലിൽ മാന്ദ്യം സംഭവിച്ചു. മുൻകാലങ്ങളിൽ എല്ലാ വീടുകളിലും കോഴി വളർത്തുന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരികയാണ്. കോഴിവളത്തിനു ഇവിടെ വൻസാദ്ധ്യതയുണ്ട്. വളരെ ലാഭകരമായ മുയൽ വളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീറ്റയുടെ വിലക്കൂടുതൽ

2 തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്.

3 മൃഗാശുപത്രികളുടെ അപര്യാപ്തത.

4 കോഴി വസന്ത തുടങ്ങിയ രോഗങ്ങൾ തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തത്.

5 ക്ഷീര വിപണനത്തിനു സൗകര്യങ്ങൾ വളരെ കുറവാണ്.

6 വേപ്പിട്ടി ശല്യം.

7 കാലികളെ വളർത്തുന്നതിനു സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം നേരിടുന്നു.

8 പാൽ സൊസൈറ്റികളുടെ കാര്യക്ഷമതയില്ലായ്മ.

9 തൊഴുത്തു നിർമ്മാണത്തിനു സഹായമില്ലായ്മ

10 കോഴി വളർത്തുന്നതിനു ആധുനിക സൗകര്യങ്ങളുടെ അഭാവം—ബോധവൽക്കരണത്തിന്റെ കുറവ്.

11 മേച്ചിൽ സ്ഥലങ്ങളുടെ അഭാവം

12 മത്സ്യവും മാംസവും — സൗകര്യപ്രദമായ മാർക്കറ്റില്ല.

13 ശാസ്ത്രീയമായ അറവുശാലകളുടെ അഭാവം.

14 അശാസ്ത്രീയമായ മത്സ്യ മാംസ വിൽപ്പന മൂലം പരിസര മലിനീകരണമുണ്ടാകുന്നു.

15 ഊർജ്ജിതകന്നുകാലി വികസനത്തിന്റെ അഭാവം.

16 മൃഗാശുപത്രികളിൽ മുഴുവൻ സമയ ഡോക്ടർമാരുടെയും, മറ്റു ജീവനക്കാരുടേയും സേവന ലഭ്യതയുടെ കുറവ്.

നിർദ്ദേശങ്ങൾ

1 കാലിത്തീറ്റ പൊതുവെ വിലക്കുറച്ചും, ദരിദ്രവിഭാഗത്തിനു സൗജന്യമായും നല്കുന്നത് കാലിവളർത്തൽ പ്രോത്സാഹിപ്പിക്കും.

2 തീറ്റപുൽവിത്ത്, വൈക്കോൽ എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം.

3 രണ്ടോ, മൂന്നോ വാർഡിനു ഒരു മൃഗാശുപത്രി.
പ്രത്യേകിച്ച് 4, 10, 13, 15 എന്നിവാർഡുകളിൽ അടിയന്തിരമായി മൃഗാശുപത്രികൾ സ്ഥാപിക്കണം.

4 കോഴിരോഗങ്ങളും തടയാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗകര്യങ്ങളും കുത്തിവെപ്പ്, മരുന്ന് മുതലായവ ലഭ്യമാക്കുക.

5 പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കുന്നതിനും, വില്പന നടത്തുന്നതിനും ബാക്കിവരുന്നവ തൈര്, നെയ്യ് എന്നിവയാക്കി സംസ്കരിക്കുന്നതിന് ആവശ്യമായ കേന്ദ്രങ്ങളും ആരംഭിക്കുക.

6 ലൈസൻസില്ലാത്ത അലഞ്ഞു തിരിയുന്ന മുഴുവൻ നായകളെയും കൊല്ലുന്നതിന് വാർഡ് അടിസ്ഥാനത്തിൽ സൗകര്യങ്ങളും ഉണ്ടാക്കുക. ലൈസൻസുള്ള മുഴുവൻ നായകളെയും കുത്തിവെപ്പിക്കുക.

7 കാലിവളർത്തലിന് സാമ്പത്തിക സഹായം ലഭ്യമാക്കുക. മൃഗങ്ങൾക്ക് പ്രധിരോധ കുത്തിവെപ്പ് നടപ്പിലാക്കുക.

8 പുതിയ പാൽ സൊസൈറ്റികളും ആരംഭിക്കുക.

തൊഴുത്ത് നിർമ്മാണത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

9 സഞ്ചരിക്കുന്ന മൃഗാശുപത്രികളും നിർമ്മിക്കുക.

10 നിലവിലുള്ള നിയമപ്രകാരം തന്നെ അറവ് നടത്താൻ ലൈസൻസുകളും കർശനമാക്കുകയും, അറവിനുപയോഗിക്കുന്ന കാലികളും തികച്ചും രോഗവിമുക്തമാണെന്ന് ബന്ധപ്പെട്ട അധികാരികളും ഉറപ്പുവരുത്തുകയും ചെയ്യണം.

11 കോഴി വളർത്തലിന് ആധുനിക സൗകര്യങ്ങളും, മുട്ടവിരിയിക്കൽ കേന്ദ്രങ്ങളും, കോഴികൃഷിഫാമുകളും മുതലായവ ഉണ്ടാക്കുക.

12 അറവുശാലകളും, മത്സ്യകച്ചവടകേന്ദ്രങ്ങളും എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേലം വിളിച്ച് വിൽക്കുക.

13 മുഴുവൽ സമയ ഡോക്ടറേയും മറ്റു ജീവനക്കാരേയും നിയമിച്ച് മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

14 ആടുവളർത്തലിന് സൗകര്യം ഉണ്ടാക്കുക.

15 അത്യുല്പാദന ശേഷിയുള്ള പശു, ആട്, എരുമ എന്നിവയുടെ സംരക്ഷണത്തിന് പ്രത്യേകം ഫാർപ്പാട് ഉണ്ടാക്കുക. അവയെ വളർത്തുന്നവർക്ക് പ്രോൽസാഹനം നൽകുക. ഇൻഷൂറൻസ് പദ്ധതിയുടെ സഹായം എല്ലപ്പത്തിൽ ലഭ്യമാക്കുക.

16 കോഴിവളർത്തു കേന്ദ്രങ്ങളും, വീട്ടിൽ കോഴിവത്തുന്നവർക്കും നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും, കോഴിതീറ്റയും വിതരണം ചെയ്യുന്നതിനും, ഇറച്ചി കോഴിയും കോഴിമുട്ടയും സംഭരിച്ച് വിപണനം നടത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുക.

17 മൃഗാശുപത്രിയിൽ ആവശ്യമായമരുന്നുകളും സൗജന്യമായി ലഭ്യമാക്കുകയും പഞ്ചായത്ത് തലത്തിൽ ന്യായവിലമരുന്ന് ഷാപ്പ് ആരംഭിക്കുകയും ചെയ്യണം.

18 വിജ്ഞാന വ്യാപന ക്ലാസ്സുകളും പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുക.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ എണ്ണം as on 93-94	കൃത്രിമ ബീജസങ്കലനം നടത്തിയവ on 95-96	ഗർഭധാരണത്തിന് 2 -ലധികംതവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	1040	340	15
കിടാരി	512	137	22
എരുമ	611	55	8

വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ വംശവർദ്ധനവ്	കാള നാടൻ മറ്റുള്ളവ	കാള സങ്കരം വംശവർദ്ധനവ്	കാള സങ്കരം മറ്റുള്ളവ	പശു നാടൻ കറവ ഉള്ളത്	പശു നാടൻ കറവ ഇല്ലാത്തവ	പശു സങ്കരം കറവ ഉള്ളത്	പശു സങ്കരം കറവ ഇല്ലാ:	എരുമ കറവ ഉള്ളത്	എരുമ കറവ ഇല്ലാ:	പോത്ത്
1	1	14	—	1	33	38	22	17	22	18	2
2	1	13	4	2	28	35	21	19	23	14	4
3	—	12	1	4	27	33	24	16	19	15	3
4	—	11	—	8	35	34	21	17	21	17	1
5	1	12	1	2	36	37	21	18	21	15	1
6	2	15	2	2	34	39	23	21	20	19	3
7	2	17	1	1	32	37	23	19	23	22	1
8	1	15	1	4	31	45	21	18	21	14	2
9	2	8	1	1	31	42	22	17	21	13	2
10	1	14	1	4	35	38	20	16	20	12	—
11	1	12	2	4	30	39	19	15	23	19	1
12	—	15	—	2	38	42	23	16	21	18	—
13	—	14	—	2	31	41	21	17	22	17	2
14	—	13	—	2	32	42	24	18	21	17	2

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി മുട്ട ഇട്ടുന്നത്	പിടക്കോഴി മുട്ട ഇടാത്തത്	താറാവ് ആൺ	താറാവ് പെൺ	മറ്റുള്ളവ
15 വാർഡിൽ	2250	15215	7118	280	640	880

അവലംബം: മൃഗാശുപത്രി

മത്സ്യബന്ധനം

വൻതോതിലുള്ള മത്സ്യബന്ധനത്തിനു കാളികാവ് പഞ്ചായത്തിൽ സാധ്യതയില്ല. വലിയജലാശയങ്ങളോ വൻതടാകങ്ങളോഇല്ല. ഉള്ളവതന്നെ വേനൽ കാലങ്ങളിൽ വറ്റുന്നവയാണ്. എങ്കിലും പുതിയ കുളങ്ങളും നിർമ്മിച്ചോ ഉള്ളവ ആഴംകൂട്ടിയോ ശുദ്ധജല മൽസ്യ കൃഷിക്ക് വേണ്ടി പരിഗണിക്കാവുന്നതാണ്. 1994ലും 1995ലും നാലാം വാർഡിൽ പാടത്തു നിർമ്മിച്ച ഒരു കുളത്തിൽ ചെമ്മീൻ കൃഷിനടത്തിനോക്കിയതാണ്. വെള്ളത്തിന്റെ കുറവു കാരണം അത് നല്ലരീതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ശുദ്ധജല സൗകര്യമുള്ള പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽ ശുദ്ധജല മൽസ്യ കൃഷി ചെയ്തുനോക്കാവുന്നതാണ്.

മത്സ്യം വില്പന നടത്തി ഉപജീവനം കഴിക്കുന്നവർ ഉണ്ടെങ്കിലും മൽസ്യം പിടിക്കുന്നത് പ്രധാന തൊഴിലാക്കിയിട്ടുള്ളവർ ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം.

ഉംനാടൻ മൽസ്യബന്ധനം എന്ന പേരിൽ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ ചൂണ്ടയിട്ട് ശുദ്ധജല മൽസ്യം പിടിക്കുന്നു ചിലരുണ്ട്. ശുദ്ധജലത്തിൽ നഞ്ച് കലക്കിയും തോട്ട പൊട്ടിച്ചും ചിലർ മൽസ്യം പിടിക്കുന്നുണ്ട്. ഇത്തുമൂലം ജലം മലിനമാകുന്നു എന്നു മാത്രമല്ല വളരെയധികം മൽസങ്ങളും നശിച്ചുപോവുകയും ചെയ്യുന്നു.ഈയിടെ മൽസ്യ രോഗങ്ങളും വർദ്ധിച്ചുവരുന്ന കാരണം ഒട്ടനവധിമൽസ്യങ്ങളും നശിക്കുന്നുണ്ട്. രാസവളങ്ങളുടെ അമിതപ്രയോഗം കാരണം ജലം മലിനമാവുകയും അതിലെ മൽസ്യം നശിക്കുകയും ചെയ്യുന്നുണ്ട്.

നിലവിലുള്ളസാഹചര്യത്തിൽ മൽസ്യ കൃഷി പരിപോഷിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ചർച്ചകളും ഉയർന്നുവരണം.

വ്യവസായം

വ്യവസായ മേഖലയിൽ കാളികാവ് പഞ്ചായത്തിന് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലക്ക് വലിയ മുൻതൂക്കമുള്ള ഈ പ്രദേശത്ത് കാർഷികോല്പന്നങ്ങൾക്ക് അനുബന്ധമായ വ്യവസായ സംരംഭങ്ങളിലാത്തത് പഞ്ചായത്തിന്റെ വ്യാവസായിക വളച്ചയെ മുന്നോട്ട് നയിക്കുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് പഞ്ചായത്തിന്റെ വ്യാവസായികചരിത്രം പള്ളിശ്ശേരിയിൽഇന്നും കാർണ്വന്മാർ പറഞ്ഞുകേൾക്കുന്ന ഇരുമ്പ സംസ്കരണവും അതിന്റെ വ്യാവസായികോല്പന്ന നിർമ്മാണവും ആയി ബന്ധപ്പെട്ടാണ് ആരംഭിക്കുന്നത്. ഇന്ന് പഞ്ചായത്തിനകത്ത് സാർവ്വത്രികമായ വ്യവസായിക സംരംഭങ്ങൾ തടികൊണ്ടുള്ള ഫർണ്ണിച്ചർ വ്യവസായവും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും, ബീഡി നിർമ്മാണവും ആണ്.

പുല്ലങ്കോട് റബർ ഫാക്ടറി

പഞ്ചായത്തിലെ വൻകിട ഫാക്ടറിയായിട്ട് പുല്ലങ്കോട് റബർ ഫാക്ടറി മാത്രമേയുള്ള. 2130.05 ഏക്കർ (862.02 ഹെക്ടർ) വിസ്തൃതമായ സഹകാര്യ മേഖലയിലെ ഈ സ്ഥാപനത്തിന്റെ ഉടമസ്ഥത തിരുവിതാംകൂർ രാജവംശത്തിനാണ്. 1640.62 ഏക്കറിൽ പെട്ടന്ന റബർ തോട്ടവും 459.43 റീപ്ലാന്റഡ് മേഖലയും ആണ്. ഇവിടെ റബർപാൽകൊണ്ട് സീനക്സ് ലാറക്സും ഒട്ടുപാലിൽനിന്ന് ക്രൂസ് ഷീറ്റും ഉൽപാദിപ്പിച്ച് ഡൽഹി, കൽക്കത്ത, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിലേക്ക് കയറ്റി അയക്കുന്നു. എസ്റ്റേറ്റിൽ ഒരാശുപത്രിയും, ലേബർ ക്ലബ്ബും, ലേബർ വെൽഫെയർ സെൻറിന്റെ നേഴ്സറി സ്കൂളും പ്രവത്തിക്കുന്നു.കൂടാതെ ഒരു സഹകരണ സ്റ്റോറുമുണ്ട്. മാനേജ്മെൻറ് വിദ്യാലയങ്ങൾക്കും ക്ലബ്ബുകൾക്കും സാമ്പത്തിക സഹായം നൽകാറുണ്ട്. എസ്റ്റേറ്റ് വില്പനയുമായി ബന്ധപ്പെട്ട ആശങ്കകൾ ഗ്രാമസഭായോഗത്തിൽ ഉയർന്നുവന്നിരുന്നു

ജല-വായു മലിനീകരണമാണ് ഫാക്ടറി സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നം. അനുബന്ധവ്യവസായ സംരംഭങ്ങളും റബർതടി സംസ്കരണ യൂണിറ്റും ഉണ്ടായിരുന്നെങ്കിൽ പഞ്ചായത്തിന് വൻകിട വ്യവസായ മേഖലയിൽ മുന്നേറാൻ സഹായകമായേനെ.

	പുരുഷൻ	സ്ത്രീ	ആകെ
തൊഴിലാളികൾ	423	128	551
സ്റ്റാഫ്	20	2	22
എക്സിക്യൂട്ടീവ്	5		5
സൂപ്പർവൈസർ	27	1	28

പ്രകൃതി അലൈഡ് ആൻറ് ഫൈബർ ഫാക്ടറി

ചകിരി സംസ്കരിച്ച് ഫൈബർ ഉല്പാദിപ്പിക്കുന്ന ഒരു സഹകാര്യ ഫാക്ടറി അടുത്തിടെ സ്ഥാപിക്കല്ലിൽ പ്രവത്തനമാരംഭിച്ചു. ഇവിടെ 13 പേർ ജോലിയെടുക്കുന്നതിൽ 10 പേർസ്ത്രീകളാണ്. ചവിട്ടി തുടങ്ങിയ കയറുല്പന്നങ്ങളും ഉണ്ടാക്കുന്ന സംവിധാനംകൂടി വന്നാൽ വ്യാവസായിക മേഖലക്കിതൊരു മുതൽക്കൂട്ടാവും.

പഞ്ചായത്തിലെ ഈർച്ച-ഫ്ളവർ-ഓയിൽ മില്ലുകളുടെ പട്ടിക താഴെകൊടുക്കുന്നു.

സ്ഥാപനം	എണ്ണം	തൊ:എണ്ണം	സ്ത്രീ	പു
ഈർച്ചമില്ല്	4	42	—	42
ഓയിൽമില്ല്	1	4	—	4

അവിൽ മില്ല്	1	4	2	4
ഫ്ളവർമില്ല്	12	18	—	18
Flower&Oil	10	24	—	24

ഒരു ഫ്ളവർ മില്ലിനോടനുബന്ധിച്ച് കറിപൗഡർ യൂണിറ്റുമുണ്ട്.

സോഡ, ഐസ് ഫാക്ടറികൾ

പഞ്ചായത്തിൽ 6 സോഡ ഫാക്ടറികളും ഒരു ഐസ് ഫാക്ടറിയും നിലവിലുണ്ട്.

റെഡിമെയ്ഡ് വസ്ത്രം

നമ്മുടെ പഞ്ചായത്തിൽ തുന്നൽജോലികളിലേർപ്പെട്ടകയും അഭ്യസിക്കുകയും ചെയ്യുന്നവരിലധികവും സ്ത്രീകളാണ്. ഏഴ് യൂണിറ്റുകളിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം നടക്കുന്നു. സ്വകാര്യ മേഖലകളിലെ ഈ ചെറുകിട യൂനിറ്റുകളെ സംഘടിപ്പിക്കുകയും, അസംസ്കൃത സാധനങ്ങളും എത്തിച്ചുകൊടുക്കുകയും, സംസ്കരിക്കപ്പെടുന്ന വസ്തുക്കളുടെ വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ ആ മേഖലയിൽ പുരോഗതിയുണ്ടാവും.

ആയുർവേദ മരുന്ന് നിർമ്മാണം

പഞ്ചായത്തിൽ 9 ആയുർവേദ മരുന്ന് ഷാപ്പുകളുണ്ട്. പലതരം ആയുർവേദ മരുന്നുല്പാദനം നടക്കുന്നു. ഇവ തൊഴിൽസാധ്യത പ്രദാനം ചെയ്യുന്നു. ഔഷധസസ്യച്ചെടികളും മരുന്നു നിർമ്മാണത്തിനുമാവശ്യമായ ആധുനിക സൗകര്യങ്ങളും, വിപണന സൗകര്യങ്ങളുമേർപ്പെടുത്തിയും ഈ മേഖലയിൽ പുരോഗതിപ്പിക്കേണ്ടതുണ്ട്.

പ്രിന്റിംഗ്

5 പ്രസ്സുകളും പഞ്ചായത്തിലുണ്ട്. 16 സ്ത്രീകളും 17 പുരുഷന്മാരുമായി 33 പേർ ഇതിൽ ജോലി ചെയ്യുന്നു. വൈദ്യുതി ഇടക്കിടെ മുടങ്ങുന്നതും വോൾട്ടേജ് ക്ഷാമവും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

എഞ്ചിനീയറിംഗ്

പഞ്ചായത്തിനകത്ത് സ്റ്റൈപ്പ് അപ്പ്, ഡിഷ് ആന്റിന, ഗേറ്റ് & ഗ്രിൽതുടങ്ങിയവ നിർമ്മിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

ഇനം തിരിച്ച പട്ടിക

	എണ്ണം	തൊ: എ:
ഗേറ്റ് ആൻഡ് ഗ്രിൽ	4	16
ഡിഷ് ആന്റിന	3	11
സ്റ്റൈപ്പ് അപ്പ്	1	4
ടയർ റിട്രൈഡിങ്ങ്	—	
ട്യൂബ് വാൽക്കനൈസിങ്ങ്	2	7

കൂടാതെ വർക്ക്ഷോപ്പുകളിലും മറ്റുമായി സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ നിരവധി ആളുകളും ITI, പോളിടെക്നിക്ക്, JIC തുടങ്ങിയവയിൽനിന്ന് സാങ്കേതികവിദ്യഭ്യാസം നേടിയവരുമീ പഞ്ചായത്തിലുണ്ട് ഇവയെല്ലാം ഉപയോഗപ്പെടുത്തുവാൻ കഴിയാത്തത് വ്യാവസായിക വികസനത്തിന് വളരെ പ്രതികൂലമായി നിൽക്കുന്ന കാര്യമാണ്.

സ്റ്റുഡിയോ

നമ്മുടെ പഞ്ചായത്തിൽ അഞ്ച് സ്റ്റുഡിയോകളും പ്രവർത്തിക്കുന്നുണ്ട്. മൂന്നിടത്ത് വീഡിയോറിക്കാർഡിംഗ് സൗകര്യവുമുണ്ട്. രണ്ട് ഫോട്ടോ ഫ്രെയിം യൂനിറ്റുകളും പ്രവർത്തിക്കുന്നു.

ഇഷ്ടികനിർമ്മാണം

അഞ്ച് സിമന്റ് ഇഷ്ടിക നിർമ്മാണയൂനിറ്റുകളും ഒരു ഇഷ്ടിക നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നു. സിമന്റ് കൊണ്ടുള്ള ഇഷ്ടിക നിർമ്മാണം നമ്മുടെ പഞ്ചായ

ത്തിൽ വിജയ സാദ്ധ്യതയുള്ള ഒരു മേഖലയാണ്. ഇപ്പോഴും തന്നെ ഏതാണ്ട് അമ്പതോളം ആളുകളും ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്.

ചൂരൽകൊട്ട നെയ്ത്ത് കേന്ദ്രം.

40സെൻറിൽ ചൂരൽ ഉപയോഗിച്ചുള്ള കൊട്ട, കസേരകളും തുടങ്ങിയ ഉല്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റുമുണ്ട്.

ഈറ

കാളികാവ് തിയ്യേറ്റർ പടിയിലുള്ള ബാംബുകോർപ്പറേഷൻ ഡിപ്പോ മുഖാന്തിരം ഗുണമേന്മയുള്ള സാധനങ്ങളും ലഭ്യമാക്കാനുള്ള സൗകര്യമുണ്ടാക്കിയാൽ ഈറകൊണ്ടുള്ള കുട്ട, വട്ടി നിർമ്മാണം പരിപോഷിപ്പിക്കാൻ സാധിക്കും. അസംസ്കൃത സാധനങ്ങളും ലഭിക്കുന്നതിനുള്ള പ്രയാസം കൂടിൽ വ്യവസായമായി നല്ലനിലയിൽ നടന്നിരുന്ന ഈ മേഖലയെ തളർത്തിയിരിക്കുകയാണ്.

കോറികൾ

മൂന്ന് കരിങ്കല്ല് കോറികളും, രണ്ട് വെട്ടുകല്ല് കോറികളും ഒരു കരിങ്കല്ല് ചില്ലികേന്ദ്രവും പഞ്ചായത്തിലുണ്ട്. പൂങ്ങോട് ഭാഗത്ത് മെഷീൻ ഉപയോഗിച്ച് വെട്ടുകല്ല് വെട്ടുന്നുണ്ട്.

കരിപൗഡർ യൂണിറ്റ്

DWCRA സഹായത്തോടെ സ്ത്രീകളുടെ തനിമ കരിപൗഡർ യൂണിറ്റും മരുതംകാട്ടുള്ള ഒരു കരിപൗഡർ നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നു. പ്രാദേശികമായ ഈ ഉൽപ്പന്നങ്ങളും വാങ്ങി ഉപയോഗിക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുത്തും ആധുനിക വൽക്കരണം നടത്തിയും ഇത്തരം സംരംഭങ്ങളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

കൂടിൽ വ്യവസായമായി അച്ചാർ നിർമ്മാണവും നടക്കുന്നു.

ബീഡി

നിരവധി സ്ത്രീകളും ബീഡിതെറുപ്പുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മേഖലയാണ് കാളികാവ് പഞ്ചായത്ത്. രണ്ട് ബീഡി കമ്പനികളാണുള്ളത്. വീട്ടുകളിലിരുന്ന് ബീഡിതെറുത്ത് കമ്പനികൾക്ക് എത്തിച്ചുകൊടുക്കുകയാണ് പ്രധാനമായും ചെയ്യുന്നത്. ഈ രംഗത്ത് അസംസ്കൃത സാധനങ്ങളും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് വലിയ പ്രശ്നമാണ്. ഇരുനൂറോളം സ്ത്രീകളും ജോലിചെയ്യുന്ന മേഖലയിൽ കൂലികാര്യത്തിൽ വലിയ ചൂഷണം നടക്കുന്നു. 1000 ബീഡി തെറുത്താൽ 80 രൂപയോളം സംഘടിത മേഖലയിൽ തൊഴിലാളികൾക്ക് ലഭിക്കുമ്പോൾ ഇവിടെ 40 രൂപയാണ് കിട്ടുന്നത്. അസംസ്കൃത സാധനങ്ങളും എത്തിച്ചുകൊടുക്കുന്നതിനും ബീഡിയുടെ വിപണനം നല്ലനിലയിൽ നടത്തുന്നതിനും സൗകര്യമുണ്ടാക്കി ഈ മേഖലയെ സംരക്ഷിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

കൊപ്ര ആട്ടി വെളിച്ചെണ്ണ ഉല്പാദിപ്പിച്ച് വിൽക്കുന്ന രണ്ട് യൂണിറ്റുകളുണ്ട്. കൂടിൽ വ്യവസായമായി പപ്പട നിർമ്മാണം വിപുലമായി നടക്കുന്നു. പപ്പടനിർമ്മാണരംഗത്തും ആധുനിക വൽക്കരണവും അസംസ്കൃത സാധനങ്ങളും ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി വിപുലീകരിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിനകത്ത് പ്രധാനമായും വളർന്നുവന്നിട്ടുള്ള വ്യവസായിക സംരംഭങ്ങളുടെ വൈവിധ്യമാർന്ന വശങ്ങളാണ് ഇതുവരെ പ്രതിപാദിച്ചത്. ഇനി പ്രധാനമായും നമ്മുടെ പതിനഞ്ച് ഗ്രാമസഭായോഗങ്ങളിലും ഉയർന്നുവന്നിട്ടുള്ള വ്യവസായരംഗത്തിന്റെ പ്രധാനപ്രശ്നങ്ങളും അതിന്റെ പരിഹാരമെന്ന നിലക്ക് നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളുമാണ് പ്രതിപാദിക്കുന്നത്.

പ്രധാനപ്രശ്നങ്ങൾ

1 സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്

2 ബാങ്ക് ലോൺ ലഭിക്കുന്നതിനുള്ള പ്രയാസം.

3 വൈദ്യുതി ക്ഷാമം.

4 പഞ്ചായത്തിൽ ധാരാളമായി ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളായ റബ്ബർ, അടക്ക, നാളികേരം, കപ്പ തുടങ്ങിയവ സംഭരിക്കാനും സംസ്കരിച്ച് മറ്റുല്പന്നങ്ങളാക്കുന്നതിനും ഉള്ള സൗകര്യമില്ലാത്തത്.

5 സ്ഥലസൗകര്യ മില്ലാത്തത്.

6 ബീഡിതെറുപ്പിനുള്ള അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ.

പ്രധാന നിർദ്ദേശങ്ങൾ

1 റബ്ബർതടി സംസ്കരണ യൂണിറ്റ്

2 റബ്ബർ പാൽ, ഒട്ടുപാൽ സംസ്കരണശാല.

3 റബ്ബർ സ്റ്റാൻറ്, ബലൂൺ, കൈയ്യുറ തുടങ്ങിയവ നിർമ്മിക്കുന്ന വലിയ സാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

4 കൊപ്ര സംസ്കരണ യൂണിറ്റുകൾ.

5 നേന്ത്രക്കായയും, കപ്പയും, ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണ യൂണിറ്റ്.

6 അടക്ക സംസ്കരണശാലയും അനുബന്ധ വ്യവസായ ശാലയും.

7 ചിരട്ടകൊണ്ട് ബട്ടൺ, മോതിരം, കയ്യിലുകൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്.

9 റെഡിമെയ്ഡ് നിർമ്മാണത്തിനും വിപണനത്തിനും കേന്ദ്രീകൃത യൂണിറ്റ്

10 അസംസ്കൃത സാധനങ്ങൾ ഉത്പാദിക്കുന്നതിനും വിപണനത്തിനും ഉള്ള ബീഡി തെറുപ്പ് യൂണിറ്റ്.

11 അച്ചാർ, കറിപൗഡർ, പലഹാരനിർമ്മാണയൂണിറ്റുകൾ.

12 കുറുമുല്ല കൃഷിയും വിപണന കേന്ദ്രവും.

13 സോപ്പ്, മെഴുകുതിരി നിർമ്മാണ യൂണിറ്റുകളുടെ നിർദ്ദേശങ്ങൾ.

14 പഴം സംസ്കരണ ശാല.

15 നോട്ട്ബുക്ക്, പ്ലാസ്റ്റിക് വർക്സ് നിർമ്മാണ കേന്ദ്രം.

16 കോക്കനട്ട് ഫ്രൂട്ടി നിർമ്മാണ യൂണിറ്റ്.

17 ഇഷ്ടിക നിർമ്മാണ യൂണിറ്റ്.

18 കശുമാങ്ങ, മാങ്ങ തുടങ്ങിയവ കൊണ്ട് ജാം, സ്ക്വാഷ് തുടങ്ങിയവയുടെ നിർമ്മാണം.

19 പാലുകൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ.

20 പേപ്പർ ക്രാഫ്റ്റ് യൂണിറ്റ്

21 യന്ത്രവൽകൃത അലക്ക് യൂണിറ്റ്

22 പുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്തിന്റെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

23 വീട് നിർമ്മാണത്തിനാവശ്യമായ ജനൽ, കട്ടിള, സിമൻറ്കട്ട, ഹോളോ ബ്രിക്സ് തുടങ്ങിയവ നിർമ്മിക്കുന്ന ഒരു യൂണിറ്റ്.

വിദ്യാഭ്യാസം

പഴയ മലബാറിന്റെ ഭാഗമായിരുന്ന കിഴക്കൻ ഏറനാട്ടിലെ ഒരു പ്രധാന കേന്ദ്രമായ നിലമ്പൂരിൽനിന്ന് 25 കിലോമീറ്റർ അകലെയായി തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്ന കാളികാവ് പഞ്ചായത്ത് കോഴിക്കോട് സർവ്വകലാശാലയിൽനിന്ന് ഏകദേശം 80 കിലോമീറ്റർ അകലെയാണ്.

ചരിത്രാന്വേഷണത്തിന്റെ ഭാഗമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ചെറിയ തോതിൽ വിദ്യാഭ്യാസ സംരംഭങ്ങൾ ഈ പ്രദേശത്ത് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

കാളികാവിൽ ഇന്ന് നിലവിലുള്ള മുജാഹിദ് പള്ളിക്ക് സമീപമുള്ള ഒരു വീട്ടിലായിരുന്നുവെത്രെ ആദ്യത്തെസ്കൂൾ, ശ്രീ. മുഹമ്മദ്കുട്ടിമാസ്റ്റർ എന്ന കുനൻ മാസ്റ്റർ ആയിരുന്നു ആദ്യ അദ്ധ്യാപകൻ

1918-ൽ വെള്ളയൂരിൽ ശ്രീ. കുഞ്ഞുണ്ണി എഴുത്തച്ഛൻ എന്നയാളുടെ നേതൃത്വത്തിൽ ഒരു വിദ്യാലയം തുടങ്ങിയതായും വെള്ളയൂർ സ്കൂൾ രേഖയിലുണ്ട് 1927-ൽ ആമപ്പൊയിലിൽ ശ്രീ. സീമാമുണ്ണി മുസ്ല്യാരുടെ നേതൃത്വത്തിൽ മറ്റൊരു സ്കൂൾ സ്ഥാപിച്ചിരുന്നു. ഇതിനുശേഷം മമ്പാട്ടുമൂല, സാമ്പിക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ സ്കൂളുകൾ ആരംഭിച്ചു 1970കൾക്ക്ശേഷം കാളികാവിന്റെ നിരവധി പ്രദേശങ്ങളിൽ സ്കൂളുകൾ ഉയർന്നുവന്നു. ഇതിനിടയിൽ 1930 കാലഘട്ടത്തിൽ ഒരു "പെണ്ണുസ്കൂൾ" പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉയർത്തുന്നതിനുവേണ്ടി സ്ഥാപിച്ചതായി അറിയുന്നു.

പഴയ കാല അദ്ധ്യാപകരിൽ പ്രമുഖനായിരുന്നു സ്വാതന്ത്ര്യസമര പോരാളിയായിരുന്ന ശ്രീ. നാരായണൻമാസ്റ്റർ- ഇന്ന് ജീവിച്ചിരിക്കുന്നവരിൽ പ്രമുഖനായ പഴയ കാല അദ്ധ്യാപകനാണ് അടക്കാകുണ്ടിലെ ശ്രീ. മുഹമ്മദ്മാസ്റ്റർ. ആദ്യത്തെ നമ്മുടെ പഞ്ചായത്തിലെ ഹൈസ്കൂൾ ആരംഭിച്ചത് 1964 കാലത്താണ്. 1960ൽ തന്നെ വായനശാലാ പ്രവർത്തനവുമായി ബന്ധപ്പെട്ട് സാക്ഷരതാ പ്രവർത്തനം നടത്തിയതായി അറിയുന്നു.

ഗവർമെൻറ് സ്കൂളുകളും മാനേജ്മെൻറ് സ്കൂളുകളുമായി ഇപ്പോൾ 21 സ്കൂളുകൾ നിലവിലുണ്ട്. സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ചെറിയ ഒരു വിഭാഗം വിദ്യാർത്ഥികൾ ഇടക്ക്വെച്ച് പഠനം നിർത്തി കൊഴിഞ്ഞുപോകുന്നുണ്ട്. സമീപത്ത് സ്കൂൾ ഇല്ലാത്തതും രക്ഷിതാക്കളിലുള്ള ബോധവൽക്കരണത്തിന്റെ കുറവും ഇതിന് കാരണമായതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഈ പഞ്ചായത്തിൽ അടുത്ത കാലത്തായി ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലേക്ക് ദൂരങ്ങളിൽ പോയി പഠിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. ഇടത്തരക്കാരിലും ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസത്തിന്റെ സ്വാധീനം ഉണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ കാളികാവിലില്ല. ഉപരി പഠനത്തിന്ന് വിദൂര പ്രദേശത്തുള്ള മമ്പാട്, ചുങ്കത്തറ, മഞ്ചേരി, പെരിന്തൽമണ്ണ, മലപ്പുറം കോളേജുകളേയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

പഠനം നിർത്തിയവരുടെ കണക്ക്

പട്ടികജാതി/പട്ടികവർഗ്ഗം.			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
56	49	105	185	159	344

അവലംബം: സെക്കൻറി ഡാറ്റ

അടിസ്ഥാന സൗകര്യങ്ങളും പോലുമില്ലാത്ത വിദ്യാലയങ്ങളിൽ പഠിക്കാൻ നിർബന്ധിതരാകുന്ന വിദ്യാർഥിതികളും പിന്തള്ളപ്പെടുക സ്വാഭാവികമാണ്. അധ്യാപകനും രക്ഷിതാവും മാനേജരും ബഹുജനങ്ങളും അടങ്ങിയ കൂട്ടായ്മ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും പരിഹരിക്കാൻ ആവശ്യമാണ്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകേണ്ടതുണ്ട്. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽനിന്ന് S. S. L. C ക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതി സമ്മാനം നൽകിവരുന്നുണ്ട്.

പഞ്ചായത്തിലെ 15 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജ്ജീവചർച്ചക്ക് വിധേയമായി. അക്കാഡമിക് നിലവാരത്തകർച്ച, പാഠപുസ്തകങ്ങൾ ലഭിക്കാനുള്ള കാലതാമസം, അദ്ധ്യാപകവിദ്യാർത്ഥിഅനുപാതം, അക്കാഡമിക്, ഭൗതികസാഹചര്യങ്ങൾ, അദ്ധ്യാപകരക്ഷകർതൃസമിതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, സ്കൂളുകളുടെ അപ്ഗ്രഡേഷൻ, മറ്റു സാമൂഹികസാമ്പത്തിക പ്രശ്നങ്ങൾ എന്നിവയെല്ലാം ചർച്ചചെയ്യപ്പെട്ടതായി ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്ന് മനസിലാക്കാം. വിദ്യാർത്ഥി സമരങ്ങൾ കാരണം ഇവിടത്തെ സ്കൂളുകളിൽഅധ്യായനദിവസങ്ങൾ നഷ്ടപ്പെട്ടിട്ടില്ല.

അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം താഴ്ന്നതാകാൻ പ്രധാന കാരണമാണ്. കുട്ടികളിൽ നല്ലരീതിയിലുള്ള വായനാശീലം വളർത്തിയെടുക്കാൻ ലൈബ്രറികൾ സജ്ജീവമാക്കിയാൽ സാധിക്കും പക്ഷേ ലൈബ്രറികൾ ഇല്ലാത്തതും നല്ല രീതിയിൽ പ്രവർത്തിക്കാത്തതുമായ സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട് (ചാർട്ട് No 5) ലാബർട്ടറികളുടെ പ്രവർത്തനവും ഏതാണ്ട് ഇതുപോലെ തന്നെയാണ്. പഠനം വിദ്യാർത്ഥികൾക്ക് സുഗമമാക്കാൻ പറ്റിയ പഠനോപകരണങ്ങൾ ഇല്ലാത്ത പത്തോളം സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട് റേഡിയോ, ടേപ്പ്റിക്കോഡർ എന്നിവ ഒൻപതുസ്കൂളുകളിലില്ല. നമ്മുടെ പഞ്ചായത്തിൽ സിനിമ പ്രൊജക്ടറുള്ള ഏകവിദ്യാലയം പുല്ലംകോട് ഗവർമെൻറു ഹൈസ്കൂളാണ്. മുപ്പതിൽ അതികം ബ്ലാക്ക്ബോർഡുകൾ ഇനിയും അത്യാവശ്യമാണ് എന്ന കണക്ക് ഗ്രാമസഭാറിപ്പോർട്ടിൽ കാണുന്നു. കംപ്യൂട്ടറും ടെലിവിഷനും ഉള്ള ഒറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിലില്ല.

ഈ അടുത്ത കാലത്ത് മാതൃസംഘങ്ങൾ കുറേ സ്കൂളുകളിലെങ്കിലും സജ്ജീവമായത് പ്രൈമറിവിദ്യാഭ്യാസം മെച്ചപ്പെടാൻ സഹായിച്ചിട്ടുണ്ട്. P T A മുമ്പത്തെക്കാളേറെ കാര്യക്ഷമമാണ്. എങ്കിലും എട്ടോളം സ്കൂളുകളിൽ ഇപ്പോഴും മാതൃസംഘങ്ങളും P.T.Aയും വേണ്ടത്ര കാര്യക്ഷമമല്ല. ഇവ സജ്ജീവമാക്കുന്നത് സ്കൂൾനിലവാരം മെച്ചപ്പെടാൻ സഹായിക്കും

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത.

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണം	റേഡിയോ	ടേപ്പ്റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	കംപ്യൂട്ടർ	ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജ്ജീവം	P.T.A പ്രവർത്തിക്കുന്നവ
ഉള്ളത്	16	2	14	3	10	13	13	—	1	2	—	35	15	16
ഇല്ലാത്തത്	3	—	4		11	8	8	21	20	19	21		6	5

—ചാർട്ട് No. 5—

ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലെയും വിജയശതമാനവും താരതമ്യേന കുറവാണ്. വിജയിച്ചവരിൽതന്നെ വളരെ ചെറിയൊരു വിഭാഗം മാത്രമേ അഫിലിയേറഡ് കോളേജുകളിൽ പ്രവേശനം നേടുന്നുള്ളൂ. വലിയൊരു ശതമാനം വരുന്ന കുട്ടികളും വണ്ടൂർ, നിലമ്പൂർ, കരുവാരകുണ്ട് എന്നീ പ്രദേശങ്ങളിലേയും ഈ പഞ്ചായത്തിലെയും പാരലൽകോളേജുകളെ ആശ്രയിക്കുന്നു. സ്കൂൾവിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന മൂന്ന് സ്ഥാപനങ്ങൾപഞ്ചായത്തിലുണ്ട് ഇവയിൽ നാമമാത്രമായി പ്രീഡിഗ്രി ക്ലാസുകൾ നടത്തുന്നു. ഡിഗ്രി, പീജി കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ ഇല്ല. തോറവരിൽ ഭൂരിഭാഗവും പഠനം നിർത്തുന്നു.

രണ്ട് ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഷോർട്ട് ഹാൻഡ് പരിശീലനം കൂടുതൽ കുട്ടികൾ നടത്തുന്നില്ല. കംപ്യൂട്ടർ ട്രയിനിംഗിന് ഇവിടുത്തുകാർ അടുത്ത പട്ടണങ്ങളിലുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

അഞ്ചുനഴ്സറി സ്കൂളുകളും 38 അംഗനവാടികളും അടക്കാക്കുണ്ട് പ്രദേശത്ത് ഒരു ഡെകെയർ സെൻററും പ്രവർത്തിക്കുന്നു. വളരെ വിസ്തൃതമായ ഈ പഞ്ചായത്തിൽ കുട്ടികൾ എത്തിപ്പെടാൻ കഴിയുന്ന അകലത്തിൽ ഇത്തരം സ്ഥാപനങ്ങൾ വേണ്ടത്രയില്ല. ചെറിയൊരു ശതമാനം ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളെ ആശ്രയിക്കുന്നു.

മദ്രസ വിദ്യാഭ്യാസം വ്യാപകമായിട്ടുണ്ട്. രാവിലെയും രാത്രിയിലും മദ്രസകളിൽ ക്ലാസുകൾ നടക്കുന്നു. ഇത് കുറച്ച് വിദ്യാർത്ഥികൾക്കെങ്കിലും പഠനഭാരം വർദ്ധിപ്പിക്കുന്നതായി അഭിപ്രായമുണ്ട്. നിരക്ഷരത ഇപ്പോളും പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. സാക്ഷരതാപരിപാടിയിലൂടെ അക്ഷരാഭ്യാസം നേടിയവർ തുടർ വിദ്യാഭ്യാസം ഫലപ്രദമാകാതിരുന്നതിനാൽ ക്രമേണ നിരക്ഷരരായി മാറി. (ഗ്രാമസഭാ റിപ്പോർട്ട് അവലംബം). നിരക്ഷരരിൽ കൂടുതൽ പട്ടികജാതി / വർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണ്.

L. P, U. P, H. S. എന്നീ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

	L. P			U. P			H. S		
ആകെ വിദ്യാർത്ഥികൾ	ആണ്	പെൺ	%	ആണ്	പെൺ	%	ആണ്	പെൺ	%
12, 500	1961	1941	15.5	2224	2080	16 6	2156	2138	18

—ചാർട്ട് No. 3—

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L. P			U. P			H. S		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
3395	407	11	3855	379	9.5	4294	280	6.5

—ചാർട്ട് No. 4—

അടിസ്ഥാന സൗകര്യങ്ങളും പോലുമില്ലാത്ത വിദ്യാലയങ്ങളിൽ പഠിക്കാൻ നിർബന്ധിതരാകുന്ന വിദ്യാർത്ഥികളും പിന്തള്ളപ്പെടുക സ്വാഭാവികമാണ്. അധ്യാപകനും രക്ഷിതാവും മാനേജരും ബഹുജനങ്ങളും അടങ്ങിയ കൂട്ടായ്മ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും പരിഹരിക്കാൻ ആവശ്യമാണ്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകേണ്ടതുണ്ട്. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽനിന്ന് S. S. L. C ക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി സമ്മാനം നൽകിവരുന്നുണ്ട്.

പഞ്ചായത്തിലെ 15 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവചർച്ചക്ക് വിധേയമായി. അക്കാഡമിക് നിലവാരത്തകർച്ച, പാഠപുസ്തകങ്ങൾ ലഭിക്കാനുള്ള കാലതാമസം, അദ്ധ്യാപകവിദ്യാർത്ഥിഅനുപാതം, അക്കാഡമിക്, ഭൗതികസാഹചര്യങ്ങൾ, അദ്ധ്യാപകരക്ഷകർതൃസമിതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, സ്കൂളുകളുടെ അപ്ഗ്രഡേഷൻ, മറ്റു സാമൂഹികസാമ്പത്തിക പ്രശ്നങ്ങൾ എന്നിവയെല്ലാം ചർച്ചചെയ്യപ്പെട്ടതായി ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്ന് മനസിലാക്കാം. വിദ്യാർത്ഥിസമരങ്ങൾ കാരണം ഇവിടത്തെ സ്കൂളുകളിൽഅധ്യായനദിവസങ്ങൾ നഷ്ടപ്പെട്ടിട്ടില്ല.

അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം താഴ്ന്നതാകാൻ പ്രധാനകാരണമാണ്. കുട്ടികളിൽ നല്ലരീതിയിലുള്ള വായനാശീലം വളർത്തിയെടുക്കാൻ ലൈബ്രറികൾ സജീവമാക്കിയാൽ സാധിക്കും പക്ഷേ ലൈബ്രറികൾ ഇല്ലാത്തതും നല്ല രീതിയിൽ പ്രവർത്തിക്കാത്തതുമായ സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട് (ചാർട്ട് No 5) ലാബർട്ടറികളുടെ പ്രവർത്തനവും ഏതാണ്ട് ഇതുപോലെ തന്നെയാണ്. പഠനം വിദ്യാർത്ഥികൾക്ക് രസാവഹമാക്കാൻ പററി പഠനോപകരണങ്ങൾ ഇല്ലാത്ത പത്തോളം സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട് റേഡിയോ, ടേപ്പ്റിക്കോഡർ എന്നിവ ഒൻപതുസ്കൂളുകളിലില്ല. നമ്മുടെ പഞ്ചായത്തിൽ സിനിമ പ്രൊജക്ടറുള്ള ഏകവിദ്യാലയം പുല്ലംങ്കോട് ഗവർമെൻറു ഹൈസ്കൂളാണ്. മുപ്പതിൽ അതികം ബ്ലാക്ക്ബോർഡുകൾ ഇനിയും അത്യാവശ്യമാണ് എന്ന കണക്ക് ഗ്രാമസഭാറിപ്പോർട്ടിൽ കാണുന്നു. കംപ്യൂട്ടറും ടെലിവിഷനും ഉള്ള ഒററ വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിലില്ല.

ഈ അടുത്ത കാലത്ത് മാതൃസംഘങ്ങൾ കുറേ സ്കൂളുകളിലെങ്കിലും സജീവമായത് പ്രൈമറിവിദ്യാഭ്യാസം മെച്ചപ്പെടാൻ സഹായിച്ചിട്ടുണ്ട്. P T A മുമ്പത്തെക്കാളേറെ കാര്യക്ഷമമാണ്. എങ്കിലും എട്ടോളം സ്കൂളുകളിൽ ഇപ്പോഴും മാതൃസംഘങ്ങളും P.T.Aയും വേണ്ടത്ര കാര്യക്ഷമമല്ല. ഇവ സജീവമാക്കുന്നത് സ്കൂൾനിലവാരം മെച്ചപ്പെടാൻ സഹായിക്കും

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത.

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണം	റേഡിയോ	ടേപ്പ്റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	കംപ്യൂട്ടർ	ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	P.T.A പ്രവർത്തിക്കുന്നവ
ഉള്ളത്	16	2	14	3	10	13	13	—	1	2	—	35	15	16
ഇല്ലാത്തത്	3	—	4		11	8	8	21	20	19	21		6	5

—ചാർട്ട് No. 5—

ഭൗതിക സാഹചര്യങ്ങളും വേണ്ടത്ര ഇല്ല എന്നതും സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളും അകന്നുനിൽക്കുന്നതിന് കാരണമാകുന്നു. കുടിവെള്ളപ്രശ്നവും, മൂത്രപ്പുര കക്കൂസ് എന്നിവയുടെ അഭാവവും പ്രധാനപ്രശ്നങ്ങളാണ്. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമല്ലാത്തത് പ്രൈമറിവിദ്യാലയങ്ങളിൽനിന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികളെ അകറ്റി നിർത്തുന്നതിന് കാരണമാകുന്നു. സാമ്പത്തികപ്രശ്നവും വിദ്യാഭ്യാസത്തെ ബാധിക്കുന്നതായി ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാകുന്നു. കെട്ടിടങ്ങളുടെയും ക്ലാസ്മുറികളുടെയും കുറവ് ഒരു പ്രധാന പ്രശ്നമാണ്. പഞ്ചായത്തിലെ ഏക ഗവർമെൻറ് ഹൈസ്കൂളായ പുല്ലങ്കോട് ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ അപകടകരമായ സ്ഥിതിയിലാണ്. ഓലമേഞ്ഞ ക്ലാസ്മുറികളും ഉപയോഗിക്കുന്നു. പൂങ്ങോട് പ്രദേശത്തുള്ള ഏക L.P. സ്കൂൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് പകുതിയിലധികം സ്കൂളുകളിൽ ആവശ്യമായ ക്ലാസ്റൂമുകളും ഇല്ല.

വിദ്യാഭ്യാസ നിലവാരം താഴ്ന്നതാവാനുള്ള മറ്റൊരു കാരണം ദൃശ്യമാധ്യമങ്ങളുടെ വ്യാപനവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരവുമാണ്. സ്കൂളും ലൈബ്രറികളും കാര്യക്ഷമമാക്കേണ്ടതിന്റെ പ്രാധാന്യം ഇവിടെയാണ്. മുൻകാലങ്ങളിലേറെ ഇന്ന് വിദ്യാർത്ഥികളും ഗൈഡുകളെയും ട്യൂഷൻ ക്ലാസുകളെയും ആശ്രയിക്കുന്നു.

അക്കാദമിക് നിലവാരം താഴ്ന്നതാണ് എന്ന് ഈ വർഷത്തെ കാൽപ്പാദപരീക്ഷാഫലത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ചാർട്ട്–7–പരിശോധിച്ചാൽ മനസിലാക്കാം. പുല്ലങ്കോട് ഗവർമെൻറ് ഹൈസ്കൂളിലെ വിജയശതമാനം 1992-93 അദ്ധ്യയനവർഷത്തിൽ17%ഉം തുടർന്നുള്ള വർഷങ്ങളിൽ 14%, 16%, 17%, എന്നിങ്ങനെയാണ്

ഭൗതിക സാഹചര്യങ്ങൾ

	സ്കൂൾ	ആകെവിദ്യാർത്ഥികൾ	ആകെഅധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം കിണർ/പൈപ്പ്	വൈദ്യുതി
1	AUP S പാറൽ,മമ്പാട്ടുമൂല	694	22	1	1	കിണർ	ഇല്ല
2	G M L P S , മമ്പാട്ടുമൂല	413	9	ഇല്ല	ഇല്ല	കിണർ–വേനലിൽ വെള്ളമില്ല	ഇല്ല
3	ക്രസൻറ് H S അടക്കാക്കുണ്ട്	2216	56	2	2	കിണർ, പൈപ്പ്	ഉണ്ട്
4	G M U P S ചോക്കാട്	840	19	ഉപയോഗപ്രദമല്ല	1	കിണർ	ഇല്ല
5	G L P S ചോക്കാട് ഗിരിജൻ കോളനി	35	4	1	ഇല്ല	ഇല്ല	ഇല്ല
6	ഗവ: L P സ്കൂൾ പെടയന്താൾ	138	6	1	1	കിണർ	ഉണ്ട്
7	ഗവ: L P S കല്ലാമൂല	271	9	1	1	കിണർ–വേനലിൽവെള്ളമില്ല	ഭാഗികം

8	ഗവ: H.S. പുല്ലങ്കോട്	2078	52	1	1	ഇല്ല	ഭാഗികം
9	G M L P S പുല്ലങ്കോട്	307	10	1	1	ഇല്ല	ഇല്ല
10	G U P S കാളികാവ് ബസാർ	880	30	1 കേട് വന്നത്	1	ഉണ്ട്	ഭാഗികം
11	M A L P S ചാഴിയോട്	285	10	1	1	കിണർ	ഉണ്ട്
12	A.L.P.S അമ്പലക്കടവ്	374	13	1	1	കിണർ	ഇല്ല
13	G.L.P.S പള്ളിശ്ശേരി	203	6	നിർമ്മാണത്തിൽ	നിർമ്മാണത്തിൽ	കിണർ	ഇല്ല
14	G.L.P.S പൂങ്ങോട്	282	9	1	1	കിണർ	ഇല്ല
15	A.U.P.S വെള്ളയൂർ	820	27	2	1	കിണർ	ഇല്ല
16	G.L.P.S ആമപ്പൊയിൽ	319	8	2	ഇല്ല	കിണർ	ഇല്ല
17	G.U.P.S മാളിയേക്കൽ	621	10	1	1	കിണർ	ഇല്ല
18	G.L.P.S കൂരിപ്പൊയിൽ	268	7	1	1	കിണർ	ഇല്ല
19	G.L.P.S അടക്കാക്കുണ്ട്	297	11	1	1	കിണർ	ഉണ്ട്
20	G.L.P സ്കൂൾ ഉദിരംപൊയിൽ	203	8	2	1	കിണർ	ഉണ്ട്
21	G.U.P.S അഞ്ചച്ചവിടി	956	20	ഇല്ല	ഇല്ല	ഇല്ല	ഇല്ല

—ചാർട്ട് No. 6—

അക്കാദമിക് നിലവാരം -1995-96 ലെ കാൽപാദപരിക്ഷ

ആകെ വിദ്യാർത്ഥികളുടെ	ക്ലാസ്സ്	30% താഴെമാർക്ക് ലഭിച്ചവർ	30%നും 40%നും ഇടയിൽമാർക്ക് ലഭിച്ചവർ	40%നും 50%നും ഇടയിൽമാർക്ക് ലഭിച്ചവർ	50%നും 60%നും ഇടയിൽമാർക്ക് ലഭിച്ചവർ	60%മുകളിൽമാർക്ക് നേടിയവർ
1290	III	216	264	253	192	365
2117	IV	262	233	237	217	347
1360	V	557	363	191	143	106
1375	VI	651	292	184	141	107
1290	VII	558	259	214	151	108
1095	VIII	717	213	93	52	20
988	IX	611	195	111	48	23
709	X	445	124	73	37	30

—ചാർട്ട് No. 7—

നിർധന കുടുംബങ്ങളിലെ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസകാര്യത്തിൽ ഉള്ള അജ്ഞതയും സാമ്പത്തിക പ്രശ്നത്തോടൊപ്പം തന്നെ ഉയർന്നുനിൽക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥയും പ്രൈമറി വിദ്യാഭ്യാസ നിലവാരം താഴ്ന്നതാവാൻ കാരണമാവുന്നുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. അക്കാദമിക്ക്, ഭൗതിക സൗകര്യങ്ങളുടെ അഭാവം.
2. പ്രൈമറി സ്കൂളുകളും വേണ്ടത്രയില്ലാത്തതുകൊണ്ട് വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.
3. സാങ്കേതിക ഉന്നത വിദ്യാലയങ്ങളുടെ അഭാവം.
4. സ്കൂളുകളും അപ്ഗ്രേഡ് ചെയ്യേണ്ട പ്രശ്നം.
5 അംഗനവാടികളും വേണ്ടത്രയില്ലാത്തത്, ഉള്ളവയുടെ ശോചനീയാവസ്ഥ.
6. വയോജന സാക്ഷരത ക്ലാസുകളുടെ അഭാവം.
7. കളിസ്ഥലത്തിന്റെ ആവശ്യം.
8. അദ്ധ്യാപകർ വിദ്യാഭ്യാസ വർഷാരംഭത്തിൽ വേണ്ടത്രയില്ലായ്മ, പാഠപുസ്തകങ്ങളും കൃത്യമായി ലഭിക്കുന്നതിലുള്ള പോരായ്മകളും.
9. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സ്കൂളിലെത്തിക്കാൻ വേണ്ട ജനപങ്കാളിത്തത്തിന്റെ അഭാവം.
10. സ്കൂളുകളുടെ സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികളും.
11. പ്രീ-പ്രൈമറി സ്കൂളുകളും, നഴ്സറി സ്കൂളുകളും എന്നിവയുടെ അഭാവം.
12. സ്ത്രീകളുടെ നിരക്ഷരത, വായനാശീലമില്ലായ്മ.
13. പാഠ്യപദ്ധതിയുടെ ബുദ്ധിമുട്ട്.
14. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ കാണപ്പെടുന്ന നിരക്ഷരത.
15. വായനശാലകളുടെ അഭാവം, വേണ്ടത്ര പുസ്തകമില്ലാത്ത പ്രശ്നം, കെട്ടിട സൗകര്യങ്ങളില്ലാത്ത പ്രശ്നം എന്നിവ
16. നവ സാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം.
17. രക്ഷിതാക്കളുടെ സാമ്പത്തിക പ്രശ്നങ്ങളും വിദ്യാഭ്യാസത്തെ പ്പറ്റിയുള്ള ബോധമില്ലായ്മയും.
18. മാതൃസംഘത്തിന്റെയും P. T. A. യുടെയും കാര്യക്ഷമതയില്ലായ്മ.
19. തൊഴിലധിഷ്ഠിത കോഴ്സുകളുടെ അഭാവം.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്നഅഞ്ചു കൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. മാടമ്പം തട്ടാൻകുന്ന്, വള്ളിപ്പുള, 1-ാം വാർഡ്, തണ്ടുകോട്, മഞ്ഞപ്പെട്ടി, എന്നിവിടങ്ങളിൽ എൽ. പി. സ്കൂളുകളും ആരംഭിക്കുക.
2. മമ്പാട്ടുമൂല, പൂങ്ങോട്, ആമപൊയിൽ, പള്ളിശ്ശേരി, ചാഴിയോട്, പാറശ്ശേരി, ഉദിരംപൊയിൽ, കല്ലാമൂല എന്നിവിടങ്ങളിലെ L. P, സ്കൂളുകളും U. P. ആക്കി ഉയർത്തുക.
3. വെള്ളയൂർ, അഞ്ചച്ചവിടി, കാളികാവ് ബസാർ, മാളിയേക്കൽ, ചോക്കാട്, എന്നിവിടങ്ങളിലെ U. P. സ്കൂളുകളും ഹൈസ്ക്കൂളാക്കി ഉയർത്തുക.
4. മമ്പാട്ടുമൂല L. P. സ്കൂളും സ്ഥിതി ചെയ്യുന്നസ്ഥലം സർക്കാർ ഏറെറടുക്കുക.
5. അംഗൻവാടികൾക്ക് കെട്ടിടവും കളിപ്പാട്ടങ്ങളും ലഭ്യമാക്കുക.
പുതിയവ ആരംഭിക്കുക.
6. കൂരിപ്പൊയിൽ L. P. സ്കൂൾ, പൂങ്ങോട് L. P. S. ആമപൊയിൽ, പള്ളിശ്ശേരി ഗവർമെൻറ് L. P.കൾ പുല്ലങ്കോട് G. H. S, എന്നീ സ്കൂളുകൾക്ക് കെട്ടിടംനിർമ്മിക്കുക, ഫർണിച്ചർ ലഭ്യമാക്കുക.

7. കൂരിയോട്, തണ്ടുകോട്, അഞ്ചച്ചവിടി, അമ്പലക്കടവ്, എന്നിവിടങ്ങളിൽ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

8. കണാരംപടി – പാറശ്ശേരി റോഡ് ഗതാഗത യോഗ്യമാക്കി വിദ്യാർത്ഥികൾക്ക് എത്തിച്ചേരാനുള്ള സൗകര്യം വർദ്ധിപ്പിച്ച് പാറശ്ശേരി G. L. P. സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയുന്നത് തടയുക.

9. സ്കൂൾ വർഷാരംഭത്തിൽതന്നെ വേണ്ടത്ര അദ്ധ്യാപകരെയും പുസ്തകങ്ങളും ലഭ്യമാക്കുക.

10. പൂങ്ങോട്, മാളിയേക്കൽ, പുല്ലങ്കോട് ഹൈസ്കൂൾ, കൂരിപ്പൊയിൽ L. P പുല്ലങ്കോട് L. P. എന്നീ സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. ആവശ്യത്തിന് ഫർണിച്ചർ ലഭ്യമാക്കുക.

11. കുടിവെള്ളം വേണ്ടത്ര ലഭ്യമല്ലാത്ത സ്കൂളുകളിൽ അത് പരിഹരിക്കുക.
(ചാർട്ട് – 6)

12. വൈദ്യുതീകരണം പൂർണ്ണമല്ലാത്ത സ്കൂളുകൾ വൈദ്യുതീകരിക്കുക.

13. ടൈലറിംഗ്, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക.

14. പാഠോപകരണങ്ങൾ യഥാസമയത്ത് ലഭ്യമാക്കുന്നതിന് അവയുടെ വിതരണം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുക.

15. ഹൈസ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുക.

17. ഉന്നത, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ അനുവദിക്കുക.

18. S. S. L. C വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തുക.

19. P. T. A. കളും മാതൃസംഘങ്ങളും കാര്യക്ഷമമാക്കാൻ വേണ്ട ബോധവൽക്കരണം നടത്തുക.

20. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

21. സാക്ഷരതാ തുടർവിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം എന്നിവ ആരംഭിക്കുക. അതാതു പ്രദേശത്തുള്ള വിദ്യാസമ്പന്നരായ യുവതീ യുവാക്കൾ വഴി കോച്ചിംഗ് നൽകാനുള്ള നടപടി സ്വീകരിക്കുക. അക്ഷരജ്ഞാനവും അക്കങ്ങളെ സംബന്ധിച്ച് അറിവും ശരിക്കില്ലാത്ത വിദ്യാർത്ഥികൾക്കും ഈ രീതി പ്രയോജനപ്പെടുന്നതാണ്. ഇങ്ങനെ കോച്ചിംഗ് നൽകുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് സഹായധനം നൽകുക. ഇതിനായി സ്കൂളുകൾ വൈദ്യുതീകരിക്കുക.

22. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.

23. റിക്കാഡിൽ ചോക്കാട് U. P. സ്കൂളിനുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കുക.

24. മോറൽ സയൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

25. പാഠ്യപദ്ധതി ലഘൂകരിക്കണം.

26. സ്കൂളുകളിലൂടെ പച്ചക്കറി വിത്തു വിതരണം നടത്തി പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കുട്ടികളെ കൃഷിയുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

27. സഹകരണ കോളേജ് സ്ഥാപിക്കുക.

28. ഗിരിവർഗ്ഗക്കാരുടെ കുട്ടികളെ പൂർണമായും സ്കൂളുകളിലെത്തിക്കുക. സ്കൂളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

29. അദ്ധ്യാപകരുടെ ദൗർലഭ്യം ഒഴിവാക്കാൻ യോഗ്യതയുള്ളവരെ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ഗ്രാമ

തലത്തിൽ നിയമിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുക.

30. കാളികാവ് പഞ്ചായത്തിൽ ഒരു കോളേജ് അനുവദിക്കുക.

31. പുല്ലംങ്കോട് ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുക, അപ്രോച്ച് റോഡ് ടാർ ചെയ്യുക.

32. ആൾ പ്രമോഷൻ നിർത്തലാക്കുകയാണ് വേണ്ടത്.

33. പാറശ്ശേരിയിൽ ഒരു അംഗൻവാടി അനുവദിക്കുക. സ്ഥലവും കെട്ടിടവും പ്രണവം ആർട്സ് & സ്പോർട്സ് ക്ലബ്ബ് നൽകുന്നതാണ്.

34. പാറശ്ശേരി G. L P. സ്കൂൾ U. P. ആക്കുക. സ്ഥലവും കെട്ടിടങ്ങളും ഫർണിച്ചറും നാട്ടുകാർ നൽകുന്നതാണ്.

35. പള്ളിശ്ശേരിയിൽ റവന്യൂ വകുപ്പ് നീക്കിവെച്ച മിച്ചഭൂമി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് കെട്ടിടവും കളിസ്ഥലവും നിർമ്മിക്കുക.

36. സ്ത്രീകൾക്ക് സഞ്ചരിക്കുന്ന ഗ്രന്ഥശാല പ്രവർത്തിപ്പിക്കുക.

37. ചോക്കാട് സ്കൂൾ പടിക്കൽ ബസ്-വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക. പോലീസ് ഔട്ട്പോസ്റ്റ് സ്കൂളിനടുത്തായി സ്ഥാപിക്കുക.

38. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

39. നാലാം ക്ലാസ് കഴിയുമ്പോഴേക്കും ലിപി-സംഖ്യാബോധം ഉറപ്പിക്കുവാൻ വേണ്ട പരിപാടികൾ പാഠ്യപദ്ധതിക്കുപുറമെ ആവിഷ്ക്കരിക്കുക.

40. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറക്കുക.

വിദ്യാഭ്യാസ രംഗത്ത് എല്ലാ വാർഡുകളിലും പൊതുവായ പ്രശ്നങ്ങളാണ് കൂടുതലായുമുള്ളത് പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ കർമ്മോൽസുകതയെ ഉയർത്തേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ഉയർന്ന മാർക്കു നേടുന്ന വിദ്യാർത്ഥികൾ ദിവസവും രാത്രിയിൽ 7 മണിക്കൂറോളം പുസ്തകങ്ങൾ വായിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ സാധാരണ വിദ്യാർത്ഥികൾ അരമണിക്കൂർപോലും വായനക്കുവേണ്ടി നീക്കിവെക്കാൻ തയ്യാറാവുന്നില്ല. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഇതിന് ഒരുകാരണമാകുന്നുണ്ട്, ഇക്കാര്യത്തിൽ മാതൃസംഘങ്ങളും ക്ലാസ് P. T. A. കളും രക്ഷിതാക്കളും ശ്രദ്ധിച്ചാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. മാസാന്ത്യ പരീക്ഷകൾ കൃത്യമായി നടത്തണം. മാതൃസംഘങ്ങൾ, ക്ലാസ് P. T. A കൾ എന്നിവ കാര്യക്ഷമമാക്കിയാൽ നമ്മുടെ പഞ്ചായത്തിലെവിദ്യാഭ്യാസ പ്രശ്നങ്ങൾ ജനപങ്കാളിത്തത്തോടെ പരിഹരിച്ച് അക്കാഡമിക് നിലവാരം ഉയർത്താൻ കഴിയുന്നതാണ്.



പൊതുജനാരോഗ്യവും കുടിവെള്ളവും

IX

നമ്മുടെ പഞ്ചായത്തിലെ മൊത്തം ആരോഗ്യ നിരക്ക് പരിശോധിക്കുമ്പോഴും മലപ്പുറംജില്ലയുടെ ആരോഗ്യ നിരക്കിൽ നിന്നും വ്യത്യസ്തമല്ല. എങ്കിലുംകേരളത്തിന്റെ മൊത്തം ആരോഗ്യനിരക്ക് പരിശോധിക്കുമ്പോഴും കുറച്ചുകൂടി നമ്മൾ മുന്നോട്ട് പോകേണ്ടതുണ്ട്. ജനന നിരക്ക് നമ്മുടെ പഞ്ചായത്തിൽ 20 ഉം മരണനിരക്ക് 3 ഉം ആണ്. കേരളത്തിന്റേത് യഥാക്രമം 14ഉം മരണനിരക്ക് 6,9ഉം ആണ്. മാതൃമരണനിരക്കും ശിശുമരണനിരക്കും പരിശോധിക്കുമ്പോഴും നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലല്ല. ജനങ്ങളുടെ മൊത്തം ആയുർദൈർഘ്യവും കൂടുതലാണ് ഈ നേട്ടങ്ങൾ കൈവരിച്ചത് നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പൂർണ്ണമായ സഹകരണത്തോടെയാണ്.

നമ്മുടെ പ്രദേശത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനം കാളികാവ് പ്രൈമറി ഹെൽത്ത് സെന്ററാണ്. 1921-ൽ ആശുപത്രിക്ക് കെട്ടിടം പണിതെങ്കിലും കലാപം കാരണം 1922-ൽ ആണ് ഉൽഘാടനം നടത്താൻ സാധിച്ചത്. L M B ബിരുദധാരിയായ Dr. M. കേളു ആയിരുന്നു. ആദ്യത്തെ ഡോക്ടർ.

പാരമ്പര്യ ചികിൽസാ രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പ്രശസ്തമാണ്. ശ്രീമാൻ വാഴക്കിളി അപ്പുക്കുട്ടൻ വൈദ്യർ പഞ്ചായത്തിനകത്തും പുറത്തും അറിയപ്പെടുന്ന ആളാണ്.

നമ്മുടെ പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം പട്ടികയിൽ കാണിച്ചിരിക്കുന്നു.

—ചാർട്ട് No. —1

പൊതു ആരോഗ്യസ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	സ്ഥാപിച്ച വർഷം	വാർഡ്	ജീവനക്കാരുടെ എണ്ണം
1	P.H.C കാളികാവ്	1921-ൽ	6	25
2	P.H.C ചോക്കാട്	1979	2	15
3	ഗവ: ഹോമിയോ ഡിസ്പെൻസറി	1981	13	4

കാളികാവ് P.H.C ക്ക് കീഴിലുള്ള സബ്സെൻററുകളുടെ വിവരം

1	സബ്സെൻറർ, പാറശ്ശേരി	—	7	
2	,, ചാഴിയോട്	—	8	
3	,, ആമപ്പൊയിൽ	—	10	
4	,, അഞ്ചച്ചവിടി	—	11	
5	,, വെള്ളയൂർ	—	13	

ചോക്കാട് P.H.C ക്ക് കീഴിലുള്ള സബ്സെൻററുകൾ

1	സബ്സെൻറർ, കോട്ടപ്പുഴ	—	1	
2	,, കല്ലാമൂല	—	3	
3	,, മാളിയേക്കൽ	—	14	
4	,, മഞ്ഞപ്പെട്ടി	—	14	

കാളികാവ് P. H. C പഞ്ചായത്തിൻെറ മർമ്മസ്ഥാനത്ത് സ്ഥിതിചെയ്യുന്നു. ഈ സ്ഥാപനത്തിന് ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച 2 കെട്ടിടങ്ങളും പിന്നീട് നിർമ്മിച്ച രണ്ട് കെട്ടിടങ്ങളുമാണുള്ളത്, കഴിഞ്ഞ വർഷം ഔട്ട് പേഷ്യൻറായി 11812 പേരെയും 1145 പേരെഇൻപേഷ്യൻറായുംചികിത്സിച്ചിട്ടുണ്ട്.

ചാർട്ട് No. 2

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	തക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1995-96	1145	11812	149	318	4054	—	8436	12957

ഈ രോഗികൾക്ക് കുറച്ചു മരുന്നുകൾ മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളൂ ഈ സ്ഥാപനത്തിന് ഏകദേശം അര ഏക്കർ സ്ഥലവും ജലസേചന സൗകര്യവും വൈദ്യുതിയും ഉണ്ട്. 1 ഡോക്ടർക്കും ഒരുസ്റ്റാഫ് നഴ്സിനും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനും കോർട്ടേഴ്സുണ്ട്. സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം ചാർട്ടിൽ കാണിച്ചിരിക്കുന്നു.

ചാർട്ട് No. 3

ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	തസ്തിക	ഇപ്പോഴത്തെ ഉള്ളത്	ഒഴിവ്	പുതുതായി അനുവദിക്കേണ്ടത്
1	മെഡിക്കൽ ഓഫീസർ	2	—	—
2	സ്റ്റാഫ് നഴ്സ്	3	1	3
3	ഫാർമസിസ്റ്റ്	1	—	1
4	നഴ്സിങ്ങ് അസിസ്റ്റന്റ്	1	—	1
5	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് I	—	—	1
6	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II	2	—	1
7	ലാബ് ടെക്നീഷ്യൻ	1	—	1
8	ക്ലാർക്ക്	1	1	1
9	പ്യൂൺ	1	—	1
10	വാച്ച്മാൻ	—	—	1
11	കുക്ക്	—	—	2
12	ഡ്രൈവർ	1	—	1
13	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1	—	1
14	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	6	—	1
15	ഹെൽത്ത് ഇൻസ്പെക്ടർ	3	—	3
16	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	—	—
17	പാർട്ട്ടൈം സ്വീപ്പർ	1	—	—
	ആകെ	25	2	19

ആശുപത്രിക്ക് സ്ഥലം ഉണ്ടായിട്ടും കെട്ടിട സൗകര്യം വേണ്ടത്ര ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. നിലവിലുള്ള കെട്ടിടങ്ങളിൽ ഒന്ന് മെറ്റേർണിറ്റി വാർഡും ഒരു വനിതാ വാർഡുമാണ് കുറച്ചെങ്കിലും സൗകര്യമുള്ളത്. ജനറൽ വാർഡ് തീരെ സൗകര്യപ്രദമല്ല. കൂടാതെ രോഗികൾക്ക് വേണ്ടത്ര മരുന്നുകൾ നൽകാൻ സാധിക്കുന്നില്ല.

ഈ സ്ഥാപനത്തിൽ ജീവനക്കാരുടെ അപര്യാപ്തതയും അനുഭവപ്പെടുന്നുണ്ട്. അയ്യായിരം ജനസംഖ്യക്ക് ആറ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ആവശ്യമുള്ളിടത്ത് 3 പേർ മാത്രമാണുള്ളത്.

അതുപോലെ സ്റ്റാഫ് നഴ്സ്, പ്യൂൺ വാച്ച്മാൻ, ക്ലർക്ക് മുതലായവരുടെ അഭാവം ഈ സ്ഥാപനത്തിലുണ്ട്.

ഈ സ്ഥാപനത്തെ ജനോപകാര പ്രദമായി ഉയർത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ

1. കെട്ടിട സൗകര്യം ഉണ്ടാക്കുക—

   a ഔട്ട് പേഷ്യൻറിനെ പരിശോധിക്കുന്നതിനായി പ്രത്യേക കെട്ടിടം നിർമ്മിക്കണം.

   b ജനറൽ വാർഡ് പുതുതായി നിർമ്മിക്കണം.

   c ഡോക്ടർക്കും രണ്ട് സ്റ്റാഫ് നഴ്സിനും ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം.

2. ആവശ്യത്തിന് ഉപകരണങ്ങൾ അനുവദിക്കുക—
   സക്കിംഗ്, അപ്പാരറ്റസ്, ഓക്സിജൻ സിലീണ്ടർ എന്നിവ.

3. വൈദ്യുതി ലഭ്യമല്ലാത്തപ്പോൾ ഉപയോഗിക്കുന്നതിന് ഒരു ജനറേറ്റർ.

4. ആംബുലൻസ്, ഫോൺ എന്നിവ വാങ്ങുക.

5. മരുന്നിൻറെ ക്വാട്ട വർദ്ധിപ്പിക്കുക. ഫാർമസി സിസ്റ്റം കാര്യക്ഷമമാക്കുക.

6. പഞ്ചായത്തിലെ ICDS ൻറെയും ഹെൽത്ത് സർവ്വീസിൻറെയും പ്രവർത്തനങ്ങളും കോ–ഓപ്പറേഷനും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇവ രണ്ടും ഒരു ബ്ലോക്കിൻറെ കീഴിൽ കൊണ്ടുവരിക.

7 പൂങ്ങോടു കേന്ദ്രമാക്കി ഒരു ഹെൽത്ത് സെൻറർ കൂടി സ്ഥാപിക്കുക.

1979–ൽ ചോക്കാട് ഗിരിജൻ കോളനിയിൽ സ്ഥാപിതമായ PHC യാണ് പഞ്ചായത്തിൽ രണ്ടാമത്തെ സ്ഥാപനം. ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിനിർമ്മിച്ച വീടുകളിലൊന്നിലാണ്ഇന്നും സ്ഥാപനം പ്രവർത്തിക്കുന്നത്. ചോക്കാട് അങ്ങാടിയിൽനിന്നും 5 കി. മീ. അകലത്തിൽ മലയടിവാരത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് മുഴുവൻ ജനങ്ങൾക്കും ഇതിൻറെ സേവനം ലഭിക്കുന്നില്ല.

ഈ സ്ഥാപനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 3262 രോഗികളാണ് ചികിത്സക്കെത്തിയത്. ഇത്രയും രോഗികൾക്ക് തന്നെ വേണ്ടത്ര മരുന്ന് ലഭ്യമല്ല.

ചാർട്ട് No. 4

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1995–96	—	3262	165	140	326	—	2631	3262

ചാർട്ട് No. 5

ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	തസ്തിക	ഇപ്പോഴുള്ളത്	ഒഴിവ്	പുതുതായി അനുവദിക്കേണ്ടത്
1	മെഡിക്കൽ ഓഫീസർ	1	—	—
2	സ്റ്റാഫ് നഴ്സ്	—	—	1
3	ഫാർമസിസ്റ്റ്	1	—	—
4	നഴ്സിംഗ് അസിസ്റ്റന്റ്	1	—	—
5	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II	1	—	—
6	ലാബ് ടെക്നീഷൻ	—	—	1
7	ക്ലാർക്ക്	1	—	—
8	പ്യൂൺ	1	—	—
9	പാർട്ട്ടൈം സ്വീപ്പർ	1	1	—
10	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	5	—	—
11	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	3	1	2
12	ഹെൽത്ത് ഇൻസ്പെക്ടർ	—	—	1
13	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	—	—	1
	ആകെ	15	2	6

ഈ ജീവനക്കാർക്കുവേണ്ടി നിർമ്മിക്കപ്പെട്ട ക്വാർട്ടേഴ്സ് വാസയോഗ്യമല്ല. ജനസംഖ്യാനുപാതികമായി അഞ്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ വേണ്ടിടത്ത് 3 പേരാണുള്ളത്. ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് നഴ്സിന്റെ തസ്തിക ഈ സ്ഥാപനത്തിൽ ഇല്ല. സൂപ്പർവൈസറി തസ്തികയായിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെയും ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെയും തസ്തികകളും ഇവിടെ ഇല്ല ഈ സ്ഥാപനത്തിലേക്കുള്ളറോഡ് ഗതാഗതയോഗ്യമല്ല. മാത്രമല്ല ആവശ്യത്തിന് വാഹന സൗകര്യവുമില്ല. ഇവിടേക്കുള്ള ബസ് സർവ്വീസുകളും ഇപ്പോഴില്ല അതുകൊണ്ട് ഇവിടെ കൃത്യമായി ജീവനക്കാരുടെ സേവനം ലഭിക്കുന്നില്ല എന്ന പരാതിയും നിലനിൽക്കുന്നു.

1 "നാൽപത് സെൻറിൽ" പണികഴിപ്പിച്ച നാൽപതു ബഡ്ഡുകളുള്ള പുതിയ ആശുപത്രികെട്ടിടം പ്രവർത്തനം ആരംഭിക്കുക.

2 പുതിയ കെട്ടിടത്തിലേക്ക് വൈദ്യുതി, ഉപകരണങ്ങൾ, ഫർണ്ണിച്ചർ ; എന്നിവ ലഭ്യമാക്കുക.

3 ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക.

4 റോഡ് ഗതാഗതയോഗ്യമാക്കുക.

5 ഇവിടേക്കുണ്ടായിരുന്ന ബസ് റൂട്ടുകൾ പുനഃസ്ഥാപിക്കുക, നിലനിർത്തുക.

6 ജീവനക്കാർക്ക് താമസിക്കുവാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക

7 മരുന്നുകളുടെ കോട്ട വർദ്ധിപ്പിക്കുക.

കാളികാവ് പഞ്ചായത്തിൻെറ മറെറാരു പ്രദേശമായ വെള്ളയൂരിൽ 1981-ൽ സ്ഥാപിതമായ ഗവർമെൻറ് ഹോമിയോ ഡിസ്പൻസറിയാണ് പഞ്ചായത്തിലെ ഈ രംഗത്തുള്ള മൂന്നാമത്തെ സ്ഥാപനം 1993-ൽ ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമുണ്ടായി. ഇവിടെ ആകെ 4 ജീവനക്കാരാണുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം 16961 രോഗികളെയാണ് ചികിത്സിച്ചത്.

ഈ ഹോമിയോ ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഉള്ളവർ മാത്രമാണ് ഈ സ്ഥാപനത്തിൽ എത്തുന്നത്. പഞ്ചായത്തിലെ മററു ഭാഗങ്ങളിലുള്ളവർക്ക് ഈ സ്ഥാപനത്തെകുറിച്ച് അറിയില്ല. ഇവിടെ എത്തുന്ന രോഗികൾക്കുതന്നെ ആവശ്യമായത്ര മരുന്ന് ലഭ്യമല്ല. വൈദ്യുതി കുടിവെള്ളം എന്നിവയുമില്ല. ഇവിടേക്ക് മററ് പ്രദേശത്തുകാർക്ക് എത്തിച്ചേരാനുള്ള വാഹന സൗകര്യവും ഇല്ല.

ഹോമിയോ ഡിസ്പെൻസറിയുടെ വിവരം

	ജീവനക്കാർ	എണ്ണം
1	മെഡിക്കൽ ആഫീസർ	1
2	ഫാർമസിസ്ററ്	1
3	പ്യൂൺ	1
4	പാർട്ട്ടൈം സ്വീപ്പർ	1
	ആകെ	4

രോഗവിവരം

വർഷം—1995-96 ജലജന്യം —1866
വായുജന്യം – 2797 തൊക്ക് രോഗം – 8531
വാതരോഗം – 3767 ആകെ – 16961

ഈ സ്ഥാപനത്തിൻെറ സേവനം മെച്ചപ്പെടുത്തുന്നതിന്

1. ഇരുപത്തഞ്ച് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.
2. കുടിവെള്ളം, വൈദ്യുതി, ചുററുമതിൽ എന്നിവ ലഭ്യമാക്കുക.
3. മരുന്നുകളുടെ കോട്ട വർദ്ധിപ്പിക്കുക.
4. ഇവിടേക്കുള്ള യാത്രാക്ലേശം പരിഹരിക്കുക,
5. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് ഹോമിയോ ചികിത്സയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

പൊതുജനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ 9 സബ് സെൻറുകൾ പ്രവർത്തിക്കുന്നു.

പതിനൊന്ന് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും 6 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും ലെപ്രസി ഹെൽത്ത് വിസിറററുടെയും തസ്തിക നിലവിലുണ്ട്.

ദേശീയ പരിപാടികളായിട്ടുള്ള മലമ്പനി നിർമ്മാർജനം, ക്ഷയരോഗ നിയന്ത്രണം, കുഷ്ടരോഗ നിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, എന്നിവയും കുടുംബക്ഷേമ പ്രവർത്തനങ്ങളും, മാതൃശിശു സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ഇവരിലൂടെ നടപ്പിലാക്കി വരുന്നു.

മലമ്പനി നിർമ്മാർജ്ജന രംഗത്ത് കേരളം വിജയിച്ചിട്ടുണ്ട്. എങ്കിലും മററു സംസ്ഥാനങ്ങളിൽ നിന്ന് ഈ രോഗം നിർമ്മാർജ്ജനം ചെയ്തിട്ടില്ലാത്തതിനാൽ ഇവിടെ ഇടക്ക് ഇത്തരം കേസുകൾ കണ്ടുവരുന്നുണ്ട്. ഇത് മററ് സംസ്ഥാനങ്ങളിൽ പോയി വരുന്നവർക്ക് മാത്രമാണ് കണ്ടുവരുന്നത്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ ഒരു വർഷം ഈ രോഗം ബാധിച്ചവരെ കണ്ടിട്ടില്ല.

'Revised National Tuberculossis Centre (RNTC) പദ്ധതി മുഖേന 6 മാസംമുതൽ 8 മാസംവരെ നീണ്ടുനിൽക്കുന്ന Short course chemeo therapy എന്ന ചികിത്സാരീതിയിലൂടെ ക്ഷയരോഗ നിയന്ത്രണം സാധ്യമാണ്. വളരെ കുറച്ചുപേർക്കുമാത്രമേ ഈ രോഗം ഇപ്പോഴും കാണുന്നുള്ളു.

പോളിയോ തെറാപ്പി മുഖേന കുഷ്ഠരോഗ നിയന്ത്രണം സാദ്ധ്യമായിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നിശ്ചിത ദിവസം മരുന്നുവിതരണം നടത്തുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പഞ്ചായത്തിൽ ഇപ്പോഴും ചിലർക്ക് ഈ രോഗം കണ്ടുവരുന്നുണ്ട്.

വയറിളക്കം, ചുട്ടി, അതിസാരം, മഞ്ഞപിത്തം, ടൈഫോയ്ഡ് എന്നീ രോഗങ്ങളും നിയന്ത്രണ വിധേയമാണ്. ബോധവല്ക്കരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തിലൂടെയാണ് ഇത് സാദ്ധ്യമായത്.

ഗർഭിണികൾക്കും, കുട്ടികൾക്കും നല്കുന്ന രോഗപ്രതിരോധ കുത്തിവെയ്പിലൂടെ ആറ് മാരക രോഗങ്ങളെ ചെറുക്കാൻ സാധിച്ചിട്ടുണ്ട് എങ്കിലും ഒരു പാറം ആളുകൾ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാൻ വിമുഖത കാണിക്കുന്നതുകൊണ്ട് പൂർണ്ണമായി ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ആരോഗ്യ പ്രവർത്തനം

സെൻറുകൾ ഇവിടെ പ്രവർത്തിക്കുന്ന 3വയസ്സിനു താഴെയുള്ള കുട്ടികൾക്ക് നല്കിയ പോളിയോ മരുന്ന് വിതരണ പരിപാടി വിജയമായിരുന്നു. മാതൃശിശുസംരക്ഷണപരിപാടി വിജയിച്ചതിലൂടെ മാതൃ മരണനിരക്കും ശിശു മരണനിരക്കും കുറവാണ്. സ്പെഷ്യൽ സ്കൂൾ ഹെൽത്ത് പരിപാടി വേണ്ടരീതി വിജയിച്ചില്ല.

ആരോഗ്യ പ്രവർത്തനങ്ങൾ മൊത്തത്തിൽ തൃപ്തികരമല്ല. ജനപങ്കാളിത്തത്തിൻറെകുറവ് കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ എന്നിവയാണ്. പ്രധാനകാരണങ്ങൾ കുടിവെള്ളം. വൈദ്യുതി എന്നിവ മിക്കസെൻറുകളിലും ഇല്ല.

നിർദ്ദേശങ്ങൾ

1 നാട്ടിൻപുറത്തെ ജനങ്ങളുടെ അടിയന്തിരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നവിധത്തിൽ സബ്സെൻറുകൾ ഉയർത്തികൊണ്ടുവരണം. പ്രാഥമിക ചികിൽസകൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക, ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2 ഓരോ സബ്സെൻറുകൾക്കും വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുക.

3 സബ്സെൻറുകളുടെ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തിൻറെ നിരീക്ഷണവും, സഹകരണവും ഉറപ്പുവരുത്തുക.

4 ബോധവൽക്കരണ ക്ലാസ്സുകൾ ലക്ഷ്യപ്രാപ്തിയോടെ നടത്തുക.

സർക്കാർ ആരോഗ്യസ്ഥാപനങ്ങൾക്കു പുറമെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളും ക്ലീനിക്കുകളും പഞ്ചായത്തിൽ ഉണ്ട്. അലോപ്പതി മേഖലയിൽ 3 ആശുപത്രികളും 3 (മൂന്ന്) ക്ലീനിക്കുകളും, 4 ആയുർവ്വേദ ക്ലിനിക്കുകളും, പാരമ്പര്യ വൈദ്യശാലയും ഉണ്ട്. ഇവയ്ക്കുപുറമെ നിശ്ചിത യോഗ്യതയില്ലാത്തവർ നടത്തുന്ന സ്ഥാപനങ്ങളും ഉണ്ട്. ഇവിടെ അഞ്ച് ഇംഗ്ലീഷ് മരുന്ന് ഷാപ്പുകൾഉണ്ട്.

സ്വകാര്യ മേഖലയുടെ ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ.

1 സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾക്ക് മേൽ പഞ്ചായത്തിൻറെ നിയന്ത്രണംഉണ്ടാകണം.

2 സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിയമവും ചട്ടവും ഉണ്ടാകണം.

3 നിശ്ചിത യോഗ്യതയില്ലാത്തവർ ആരോഗ്യ സ്ഥാപനങ്ങളും നടത്തുന്നത് തടയണം.

4 അംഗീകൃത മരുന്ന് ഷാപ്പുകളിലൂടെയല്ലാതെ മരുന്നുകൾ വിൽക്കാൻ അനുവദിക്കരുത്.

5 അന്ധവിശ്വാസത്തെ അടിസ്ഥാനമാക്കിയ ചികിത്സ നിരോധിക്കണം.

6 പാരമ്പര്യ ചികിൽസാ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കുക,

7 പ്രകൃതി ചികിത്സാ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കുക.

8 ആയുർവേദ ഡിസ്പെൻസറിസ്ഥാപിക്കുക.

9 കുട്ടികളുടെ ചികിത്സക്ക് പ്രത്യേകസെൽ രൂപീകരിക്കുക.

10 പാലിയേറ്റീവ് ക്ലിനിക്ക് സംവിധാനമുണ്ടാക്കുക.

നിലവിലുള്ള നമ്മുടെ കാഴ്ചപ്പാട് ആരോഗ്യം = ആശുപത്രി + ഡോക്ടർ + മരുന്ന് എന്നതാണ് ഇത്. ആരോഗ്യം = പരിസര ശുചിത്വം + ശുദ്ധജലം + നല്ലഭക്ഷണം എന്നതാണ്. രോഗങ്ങളും ഉണ്ടാകുന്നത് വൃത്തിഹീനമായ ചുറ്റുപാടിലും ദാരിദ്ര്യത്തിലുമാണ്. അതിനാൽ ഈ സ്ഥിതി മാറ്റിയെടുത്ത് സമ്പൂർണ്ണ ആരോഗ്യം യാഥാർത്ഥ്യമാക്കുക.

പൊതുനിരത്തുകൾക്ക് ഓടകളില്ലാത്തത്, ചപ്പുചവറുകൾ നിക്ഷേപിക്കാനും സംസ്കരിക്കാനും സംവിധാനമില്ലാത്തത്, മൽസ്യ മാംസക്കച്ചവടം, പൊതു സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം, റബ്ബർ വാട്ടുകൾ പാൽശേഖരിക്കുന്ന ചിരട്ടകൾ എന്നിവയെല്ലാം പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്.

വൈറലിമുറുക്ക് പൊതുസ്ഥലങ്ങളിലെ പുകവലി പ്രത്യേകിച്ച് തിയേറ്റർ, ബസ്, ബസ് സ്റ്റാൻറ്, ഓഫീസുകൾ തുടങ്ങിയടങ്ങളിൽ ഭീഷണിയാണ്. പാസീവ് സ്മോക്കിംഗ് മൂലം പുകവലി ശീലമില്ലാത്തവർക്കും ഭീഷണി നേരിടുകയാണ്. മദ്യം, മയക്കുമരുന്ന് എന്നിവ സാമൂഹ്യവിപത്താണ്. ഇവക്കെല്ലാം ശാശ്വതപരിഹാരമുണ്ടാകുമ്പോഴേ മാത്രമാണ് ആരോഗ്യരംഗം സംരക്ഷിക്കാനാവുന്നത്.

പരിസരം വൃത്തിയായിരിക്കുവാൻ ചെയ്യേണ്ടകാര്യങ്ങൾ

1 പൊതുനിരത്തുകൾക്ക് ഓടകൾ നിർമ്മിക്കുക, നിലവിലുള്ളവ ഉപയോഗപ്രദമാക്കുക.

2 ചപ്പുചവറുകൾ നിക്ഷേപിക്കാനും അവ നീക്കം ചെയ്യാനും സൗകര്യമുണ്ടാക്കുക.

3 പൊതുസ്ഥലങ്ങളിലെ കശാപ്പ്, മത്സ്യ മാംസ കച്ചവടം എന്നിവ തടഞ്ഞ് ഇവയ്ക്കായി പൊതുമാർക്കറ്റുകൾ സ്ഥാപിക്കുക.

4 അറവുശാലകളെ മെഡിക്കൽ ഓഫീസർ, വെറ്റിനറി ഡോക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ കർശന നിയന്ത്രണത്തിലാക്കുക.

5 എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് നിർബ്ബന്ധമാക്കുക. നടത്തിപ്പ് പരിശോധിക്കാൻ ആരോഗ്യവകുപ്പ്, നീതിന്യായവകുപ്പ്, വ്യാപാരി വ്യവസായി പ്രധിനിധി, സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങിയ പ്രത്യേക സെൽ രൂപീകരിക്കുക.

6 പൊതുസ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം ജനപങ്കാളിത്തത്തോടെ തടയുക. എല്ലാവർക്കും കക്കൂസ് ലഭ്യമാക്കുക.

7 പൊതുസ്ഥലങ്ങളിലെ പുകവലി കർശനമായിനിരോധിക്കുക. പുകവലിക്കെതിരെ കർശന നടപടിയെടുക്കുക. പുകവലിക്കെതിരെ കാസയിൻ പ്രവർത്തനങ്ങൾ

8 മദ്യം, മയക്കുമരുന്ന് എന്നിവ വിൽക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുക. വാർഡ് തലത്തിൽ വിജിൻസ് കമ്മറ്റി

രൂപീകരിച്ച് മദ്യവർജ്ജന പ്രവർത്തനം ത്വരിതപ്പെടുത്തുക.

9 സമയബന്ധിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
ക്ലീൻ സിറ്റി ഗ്രീൻസിറ്റി പദ്ധതി നടപ്പാക്കുക.

10 റബർ കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള മലിനീകരണം തടയുന്നതിന് റാട്ടകളിൽ നിന്നുംവരുന്നവെള്ളത്തിന് സോക്കേജ് പിറ്റ് '' രൂപപ്പുള്ള ടാങ്കോ നിർമ്മിക്കുക. ചിരട്ടയിലെ വെള്ളം ഒഴിവാക്കാനും ശ്രദ്ധിക്കുക. പുല്ലങ്കോട് എസ്റ്റേറ്റിലെ പരിസര മലിനീകരണം ഒഴിവാക്കാൻ വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.

11 പൊതുശ്മശാനങ്ങൾ ഉപയോഗ പ്രദമാക്കുക. ചുറ്റുമതിൽ കെട്ടിയും ബോധവല്ക്കരണത്തിലൂടെയും പൊതുശ്മശാനം സംരക്ഷിക്കുക. പൊതുശ്മശാനം ഇല്ലാത്തിടത്ത് പുതുതായി ശ്മശാനങ്ങൾ നിർമ്മിക്കുക. അതോടൊപ്പം കുടിവെള്ള സ്രോതസ്സും ശ്മശാനത്തിന്റെയും അകലം ക്രമീകരിക്കുക.

12 കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുക. മായംചേർക്കൽ നിരോധനനിയമം (P.F.A. Act)

13 ഹെൽത്ത് കാർഡ് പദ്ധതിനടപ്പാക്കുക.

14 പേവിഷ ബാധക്കെതിരെയുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

കുടിവെള്ളം

മലപ്പുറം ജില്ലയിലെ ചിറാപുഞ്ചിയാണ് കാളികാവ്. ഏറ്റവുമധികം വനപ്രദേശമുള്ളതും പുഴകളും, തോടുകളും ധാരാളമുള്ളതുമായ ഭൂപ്രകൃതിയാണ് നമ്മുടേത്. പ്രകൃതിദത്തമായ നീരുറവകളാൽ ധന്യമാണ് എങ്കിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ പകർച്ചവ്യാധികളും പടർന്നുപിടിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലുള്ള 87%ത്തിലേറെ ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. മരുതംങ്കാട്, പെരിങ്ങപ്പാറ, ചെലമ്പ്, അടക്കാകുണ്ട് തുടങ്ങിയപ്രദേശങ്ങളിൽ ചോലകളിൽ ടാങ്ക് കെട്ടി ഓസുപയോഗിച്ചും കുടിവെള്ളം ലഭ്യമാക്കുന്നു. ഇതിൽ മരുതംങ്കാട് ഒഴികെയുള്ള പ്രദേശങ്ങളിൽ പൂർണ്ണമായും ജനപങ്കാളിത്തത്തോടെ മാത്രമുള്ള പദ്ധതികളാണ്. മരുതംങ്കാട് പഞ്ചായത്ത് ആഭിമുഖ്യത്തിലാണ് ഈപദ്ധതി നടപാക്കിയത്. സ്രാമ്പിക്കല്ലിലുള്ള കുഴൽകിണറും പമ്പ് ഹൗസും ഉപയോഗിച്ച് ചുരുങ്ങിയ ആളുകൾക്ക് കുടിവെള്ള സൗകര്യം ലഭിക്കുന്നു. ഇപ്പോൾ ഇത് പ്രവർത്തനരഹിതമായിക്കൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു നടപ്പിലാക്കേണ്ടതും ആസൂത്രണം ചെയ്യേണ്ടതുമായ കാര്യങ്ങൾ.

1 പെയ്യിറങ്ങുന്ന മഴവെള്ളം തടഞ്ഞുനിർത്താനും, ശേഖരിക്കാനുമുള്ള കുളങ്ങളും പാടങ്ങളും അനിയന്ത്രിതമായി നികത്തുന്നത് തടയുക. അശാസ്ത്രീയമായ കെട്ടിടനിർമ്മാണം, റോഡുനിർമ്മാണം എന്നിവ അവസാനിപ്പിക്കുക.

2 പുഴകളിലെ അനിയന്ത്രിതമായ മണൽവാരാൻ പംമ്പിംഗ് എന്നിവയും ഓലചീയിക്കൽ, വാഹനം കഴുകൽ, കന്നുകാലികളെ കഴുകൽ, മലമൂത്രവിസർജ്ജനം, നഞ്ചുകലക്കൽ. തോട്ടപൊട്ടിക്കൽ തുടങ്ങിയവയും തടയുക.

3 പുഴകളിൽ ചെക്ക് ഡാം നിർമ്മിച്ച് സമീപപ്രദേശങ്ങളിലെ ജലസ്രോതസ്സുകളിലെ ജല ലഭ്യത വർദ്ധിപ്പിക്കുക.

4 പ്രകൃതിദത്തമായ നീരുറവകളും ഉപയോഗിച്ചു ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

5 നിലവിലുള്ള പൊതുടാപ്പുകളിലെ ദുരുപയോഗം തടയുക.

6 അഞ്ചച്ചവടിയിലെ 5 കോടി രൂപ ചെല വുപ്രതീക്ഷിക്കുന്ന കുടിവെള്ള വിതരണ പദ്ധതി ഉടൻ പൂർത്തിയാക്കുക.

7 പുഴകളിലും തോട്ടുകളിലും വാഹനങ്ങളം ക ഴുകുന്നത് തടയുക.

കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ - നിർദ്ദേശിച്ചപരിഹാര മാർഗ്ഗങ്ങൾ.

വർഡ് **1** ആനകല്ല്കുന്ന്, ചോക്കാട്കുന്ന്, ലക്ഷംവീട് കോളനി, നെല്ലിയാംപാടം ഗിരിജൻ കോളനി, കണിയാറപൊയിൽ ഗിരിജൻ കോളനി, ഒറോമുണ്ടകുന്ന് ട്ര ആനക്കല്ലിൽ യഥേഷ്ടം വെള്ളമുള്ള പാറക്കോറിയിലെ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുക.

വാർഡ് **2** പെടയന്താം 40സെൻറ്, കാഞ്ഞിരംപാടം താഴ്ക്കണ്ടി 4 സെൻറ് ട്ര TK കോളനി ചോലയിൽനിന്ന് ഓസ് ഉപയോഗിച്ച് ജലവിതരണം ചെയ്യുക.

വാർഡ് **3** മരുതംകാട്, വേപ്പിൻകുന്ന്, വള്ളിപ്പുള, ചീനിപ്പൊട്ടി, ചേനപ്പാടി ട്ര സ്വാഭാവിക ഉറവയിൽ നിന്നുള്ള മരുതങ്കാട് ജലവിതരണ പദ്ധതി വിപുലീകരിക്കുക. ചേനപ്പാടിയിൽ പൊതുകിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക.

വാർഡ് **4** ചളിവാരി, ചക്കിക്കുഴി, പെരിങ്ങപ്പാറ, കോഴിക്കോടൻമുണ്ട, ഹൈസ്കൂൾ കുന്ന് ട്ര സ്വാഭാവിക ഉറവ ഉപയോഗപ്പെടുത്തണം. കിണറുകളിലേക്ക് വ്യാപിക്കുന്ന എസ്റ്റേറ്റ് മലിനജലം ഒഴുകുന്നത് തടയണം.

വാർഡ് **5** ഉദിരംപൊയിൽ, ഉലക്കോംകുന്ന്, ഉലുംമട, പാറമ്മൽ ട്ര വെള്ളപൊയിൽ കുഴൽകിണറിൽ നിന്ന് പമ്പ് വെച്ച് പൈപ്പ് ലൈൻ നിർമ്മിച്ച് വിതരണം നടത്തുക. ചോദിയത്ത് ഒരു പൊതുകിണർ കുഴിക്കണം. നാണ്യർകാവിൽ പൊതുകിണർ വേണം.

വാർഡ് **6** അടക്കാകുണ്ട്, മേലേകാളികാവ് അമ്പലക്കുന്ന്, അടക്കാകുണ്ട് HS ട്ര സ്വഭാവിക ഉറവയിൽ നിന്നുള്ള ജലവിതരണ പദ്ധതി വിപുലീകരിക്കുക.

വാർഡ് **7** നടുക്കുന്ന്, കണാരംപടി, ചെങ്കണക്കുന്ന്, മൈലാടി ട്ര പൊതുകിണർ കുഴിക്കുക.

വാർഡ് **8** കല്ലംകുന്ന്, പള്ളിക്കുന്ന്, പുറംകുന്ന്, ചാഴിയോട് ട്ര കാളികാവ് പുഴ ഉപയോഗിച്ച് ജലവിതരണ പദ്ധതിവേണം.

വാർഡ് **9** ചെതംപള്ളിക്കുന്ന്, പെവുന്തറ കോളനി അമ്പലക്കടവിൻെറ പടിഞ്ഞാറുഭാഗം ട്ര കുഴൽ കിണർ നിർമ്മിണം.

വാർഡ് **10** ആമപ്പൊയിൽ, കൂനിയാറ കോളനി, പുറമണ്ണ, കക്കമ്പള്ളിക്കുന്ന്, വാഴക്കുന്ന്, പള്ളിശ്ശേരി ട്ര കുഴൽകിണർ

വാർഡ് **11** പാലാളംകുന്ന്, തേക്കിൻകുന്ന്, കളപ്പാട്ടമുണ്ട, തട്ടാൻകുന്ന്, തച്ചങ്ങോട് ട്ര പരിയങ്ങാട് പുഴയിൽനിന്ന് ബണ്ട് നിർമ്മിച്ച മധുമല എസ്റ്റേറ്റിൽ ടാങ്ക്കെട്ടി ജലം ശേഖരിച്ച് വിതരണം ചെയ്യുന്ന നിർദ്ദിഷ്ട പദ്ധതി ഉടനെ നടപ്പിലാക്കുക.

വാർഡ് **12** പൂങ്ങോട്, വള്ളിക്കെട്ട് കോളനി, ചേരങ്ങോട്, കോളനി കളക്കുന്ന് കോളനി ട്ര പൂങ്ങോട്ടെ കുഴൽകിണർ ഉപയോഗയോഗ്യമാക്കുക. തുടിവള്ളിയൻ പാറക്കിണർ ഉപയോഗയോഗ്യമാക്കുക.

വാർഡ് **13** മണ്ണത്തപറമ്പ്, ചെറുത്ത് വലിയകുന്ന്, ക്ലൂരിയോട് ട്ര പൊതുകിണർ സ്ഥാപിക്കുക

വാർഡ് **14** ചെല്ലക്കൊടി, മഞ്ഞപ്പെട്ടി, മാളിയേക്കൽകുന്ന്, തട്ടാംപടി ട്ര പൊട്ടിക്കുഴ ചോലഉപയോഗിച്ച് ജലവിതരണ പദ്ധതി സ്ഥാപിക്കണം.

വാർഡ് **15** ചൂണ്ടക്കുന്ന്, മാടമ്പം, പാറൽ മമ്പാട്ടുമൂല ട്ര പൊതുകിണർ സ്ഥാപിക്കുക.

എന്റെ ജീവിതമാണ്

എന്റെ സന്ദേശം

— മഹാത്മാഗാന്ധി

(X) ഗതാഗതം

മലയോര കാർഷികമേഖലയായ കാളികാവിൽ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതു് വികസനത്തിന്നു് അത്യാന്താപേക്ഷിതമാണു്. മൂന്നു് വില്ലേജുകളും 1 ലക്ഷത്തിലധികം ജനങ്ങളുമുള്ള ഈ വലിയ പഞ്ചായത്തിന്റെ വിശാലമായ പ്രദേശങ്ങളിൽ ഇന്നുള്ള ഗതാഗതസൗകര്യങ്ങൾ റോഡുകളെ മാത്രം ആശ്രയിച്ചാണു് നിൽക്കുന്നതു്.

പഞ്ചായത്തിന്റെ അതിർത്തിയായ കാവുങ്ങൽ പ്രദേശത്തിനടുത്തു് തൊടികപുലം എന്ന സ്ഥലത്തു് തുവ്വൂർ പഞ്ചായത്തിലൂടെ നിലമ്പൂർ, ഷൊർണ്ണൂർ റയിൽപ്പാത കടന്നുപോകുന്നുണ്ടു്. നമ്മുടെ പ്രദേശത്തെ ആളുകൾ, വാണിയമ്പലം നിലമ്പൂർ, തൊടികപ്പുലം എന്നീ റയിൽവേസ്റ്റേഷനുകൾ വഴി റയിൽവേസൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ടു്. ജല ഗതാഗതസൗകര്യങ്ങൾ ഭൗതീകമായ സാഹചര്യങ്ങളും സൗകര്യപ്പെടുത്താൻ കഴിയുന്ന പശ്ചാതലവും കുറവായതിനാൽ അതിനെ സംബന്ധിച്ചു് പരാമർശിക്കാൻ കഴിയില്ല.

പടിഞ്ഞാറെ കോവിലകത്തിലെ ജന്മിമാരുടെ പാട്ടകുടിയാൻമാരായിരുന്ന ഈ പ്രദേശത്തെ കൃഷികാർക്കു് കാർഷികോൽപ്പന്നങ്ങളും മറ്റും നിലമ്പൂരിൽ എത്തിക്കുന്നതിനു് കാളികാവു് നിലമ്പൂർറോഡും, മഞ്ചേരിചന്തയിൽ പോകുന്നതിനു് കാളികാവു് മഞ്ചേരിറോഡും പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നു. പണ്ടുകാലത്തു് നമ്മുടെ കാരണവൻമാർ ചന്തആവശ്യത്തിനും കോടതിആവശ്യത്തിനും സർക്കാർ ആഫീസുകളിൽനിന്നും കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി മഞ്ചേരിപ്രദേശത്തേക്കു് പോയിരുന്നതു് കാൽനടയായിട്ടായിരുന്നുവത്രേ. യാത്രക്കാർക്കു് അവരുടെ സാധനസാമഗ്രികൾ ഇറക്കിവെച്ചു് വിശ്രമിക്കുന്നതിനായി ഉള്ള സ്ഥലങ്ങളിൽ അത്താണികൾ ഉണ്ടായിരുന്നു. അംപ്പംകൂടി പുരോഗമിച്ചപ്പോൾ കുറച്ചൊക്കെ ശേഷിയുള്ളവർ കാളവണ്ടികളെയും മറ്റും ഉപയോഗപ്പെടുത്തിയതായി പറയുന്നു കാളികാവു് പഞ്ചായത്തിലെ പണ്ടുകാലത്തെ പ്രധാന ചന്തയായിരുന്നു കാളികാവു് അങ്ങാടിക്കു് സമീപം ഉണ്ടായിരുന്നതു്. ഈ ചന്തയിലേക്കു് സാധനങ്ങൾ കാളവണ്ടിമുഖാന്തരം മഞ്ചേരിയിൽ നിന്നു് കൊണ്ടുവരികയായിരുന്നു പതിവു്.

1906–ൽ Pullangode Estate സ്ഥാപിക്കാൻ തുടങ്ങിയ കാലഘട്ടത്തിലാണു് എസ്റ്റേറ്റുമായി ബന്ധപ്പെട്ടു് റോഡുസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഇടവന്നതു്. കാളികാവിൽനിന്നു് അടക്കാക്കുണ്ടു് വഴി ഊട്ടിയിലേക്കു് ഏകദേശം 35 km ൽ അധികം ദൂരത്തിൽ നടക്കാൻസൗകര്യമുള്ള റോഡുണ്ടായിരുന്നതായി പഴയകാല രേഖകളിൽ കാണുന്നു. ഇന്നതു് തീരെ ഗതാഗതയോഗ്യമല്ലാതായിതീർന്നിട്ടുണ്ടു്. പണ്ടുകാലത്തു് വെള്ളക്കാരും ഈ അടുത്തക്കാലത്തായി നമ്മുടെ നാട്ടിലെ നായാട്ടുക്കാരും വേട്ടക്കുവേണ്ടിപോകുമ്പോഴും ആ വഴി ഉപയോഗിച്ചിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്.

ഇന്നു് നമ്മുടെ പഞ്ചായത്തിൽ നിരവധി റോഡുകൾ ഉണ്ടു്. ഇവയുടെ നിലവിലുള്ള അവസ്ഥയും മറ്റു വിശദാംശങ്ങളും ഇതോടൊപ്പംചേർത്തിട്ടുണ്ടു് നിലവിലുള്ളസൗകര്യം ഉപയോഗപ്പെടുത്തികൊണ്ടാണു് കാളികാവു് പഞ്ചായത്തിലെ ജനങ്ങൾ അവരുടെ നിത്യാവശ്യങ്ങൾ നിറവേറ്റിയിരുന്നതു്. ഇവയിൽ പഴയ പ്രധാനറോഡുകൾക്കു പുറമേ പുതുതായി P W D ഏറ്റെടുത്ത റോഡുകളാണു് ഉദിരംപൊയിൽ–പനംപൊയിൽ, പുറമണ്ണ–ഐലാശ്ശേരി, കല്ലാമൂല–മമ്പാട്ടുമൂല–മഞ്ഞപ്പെട്ടി എന്നിവ. ഇവയിലൂടെ പുതുതായി ബസ്സുറൂട്ടുകൾ നിലവിൽവന്നിട്ടുണ്ടു്. അതുപോലെ പഞ്ചായത്തു് അധീനതയിലുള്ള ബസ്സുറൂട്ടുകൾ നിലവിലുള്ള റോഡുകളുംഉണ്ടു്. ചോക്കാടു് – ഗിരിജൻകോളനി, (ഇപ്പോൾ ബസ്സോടുന്നില്ല) കല്ലാമൂല—മരുതങ്കാടു് റോഡു്, കാളികാവു്—അടക്കാക്കുണ്ടു് റോഡു്, കർത്തേനി, പൂങ്ങോടു്, കാവുങ്ങൽ വഴി ഐലാശ്ശേരിറോഡു്. ബസ്സ്റൂട്ടു് അനിവാര്യമായും ആവശ്യമുള്ള റോഡുസൗകര്യമുള്ള പ്രദേശങ്ങൾ വേറേയുംഉണ്ടു്. അതിൽ

പ്രധാനമാണ് കാളികാവ്–മേലെകാളികാവ് റോഡ്, അടക്കാക്കുണ്ട്—പാറശ്ശേരി, അടക്കാക്കുണ്ട്, ജോമൗണ്ടു്—കാളികാവ് –അമ്പലക്കടവ്. കാളികാവ്—നിലാംങ്കോരി. മറ്റു പ്രധാനപ്പെട്ട റോഡുകളുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്ന മുറക്ക് കൂടുതൽ ബസ്സ്റൂട്ടുകളും അനുവദിക്കാൻ കഴിയും.

പാലങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പാലങ്ങളിൽ നിലവിലുള്ളത് പലതും ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചവയാണ്. ഈ പഞ്ചായത്തിന്റെവടക്കെഅതിർത്തിയിലേക്കും തെക്കെ അതിർത്തിയിലേക്കും പ്രവേശിക്കുന്നത് പ്രധാനപ്പെട്ട രണ്ടുപാലങ്ങളംവഴിയാണ്. കോട്ടപ്പുഴപാലവും, അരിമണൽപാലവും ചെങ്കോടുപാലം, കാളികാവ് പുഴയുടെ പാലവും കല്ലാമൂലപ്പുഴയുടെ പാലം തുടങ്ങിയവ കാലപ്പഴക്കമുള്ളവയാണ്. ഈ പാലങ്ങളം വാഹനസൗകര്യം വർദ്ധിച്ച ഈ കാലത്ത് വീതിയില്ലാത്തത്കൊണ്ട് ഒരുപാട് ഗതാഗത പ്രശ്നങ്ങളം സൃഷ്ടിക്കാറുണ്ട്. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവ പുതുക്കിപ്പണിയുകയോ, വീതി കൂട്ടുന്നതിനാവശ്യമായ മറ്റു സംവിധാനം ഉണ്ടാക്കുകയോ വേണ്ടിവരും.

ആവശ്യമായ പാലങ്ങൾ

1. 40 സെന്റ് അണക്കെട്ട് റോഡിൽ കോട്ടപ്പുഴക്ക് പാലം പണിയുക. (വാർഡ് 1)
2. ടി. ബി. പുഴ കാളികാവ് അങ്ങാടിറൂട്ടിൽ ബൈപാസ് നിർമ്മിക്കുകയും പുഴക്ക് പാലം പണിയുകയും ചെയ്യുക. (വാർഡ് 6)
3. ചോദ്യത്ത്—അമ്പലക്കടവ് പുഴക്ക് പാലം പണിയുക. (വാർഡ് 5)
4. വെട്ടിപ്പറമ്പ്–മണ്ണാട്ടുപാറ മാളിയേക്കൽ കുന്ന്റോഡിൽ മണ്ണാട്ടുപാറ പാലം പണിയുക. (വാർഡ് 11, 14)
5. ഉദിരംപൊയിൽ വേഴുന്തറ റോഡിൽ കൊട്ടുങ്ങലിൽ പാലം പണിയുക. (വാർഡ് 5)
6. അമ്പലക്കടവ് ഉദിരംപൊയിൽ റൂട്ടിൽ നിലവിലുള്ള നടപ്പാലം വീതികൂട്ടി ഗതാഗതയോഗ്യമാക്കുക. (വാർഡ് 9)
7. ചാഴിയോട്—പെങ്കോടുമായി ബന്ധിപ്പിക്കുന്ന നടപ്പാലം വീതികൂട്ടി ഗതാഗതയോഗ്യമാക്കുക. (വാർഡ് 8,6)
8. പന്നിക്കോട്ടുമുണ്ട–മമ്പാട്ടുമൂല പുഴക്ക് പാലംപണിയുക. (വാർഡ്, 15)
9. മൂച്ചിക്കൽ ചുണ്ടക്കുന്ന്റോഡിൽ മൂച്ചിക്കൽ കടവ്പാലം.

ഓവർ ബ്രീഡ്ജ്

തൊടികപുറം റെയിൽവേ സ്റ്റേഷനു സമീപം (റെയിൽവേ ഡിപ്പാർട്ട്മെൻറിനോടൊപ്പം കാളികാവ്, പാണ്ടിക്കാട്, തുവ്വൂർ, പോരൂർ പഞ്ചായത്തുകളുടെ സഹകരണത്തോടെ ഓവർബ്രിഡ്ജ് പണിയുക.

നടപ്പാലങ്ങൾ

1 40 സെൻറിൽ അണക്കെട്ട് റോഡിൽ കോട്ടപ്പുഴക്ക് നടപ്പാലംകെട്ടുക. (വാർഡ്. 1)

2 പെടയന്തോം–പൊട്ടിറോഡിൽ പൊട്ടിക്കല്ലുമായി ബന്ധിപ്പിക്കുന്ന നടപ്പാലം. (വാർഡ്. 2)

3 ചോക്കാട് പുഴക്ക് സീഡ്ഫാമിനടുത്തായി പുഴക്ക് നടപ്പാലം.

4 കാഞ്ഞിരംമ്പാടം—ചീനിപ്പൊട്ടിറോഡിൽ ചോക്കാട്പുഴക്ക് നടപ്പാലം. (വാർഡ്. 3)

5 പടവുമാട്റോഡിൽ, ചോക്കാട് പുഴക്ക് നടപ്പാലം.

6 പന്നിക്കോട്പുഴക്ക് നടപ്പാലം ഉണ്ടാക്കുക.

7 വാളക്കുളം കടവിൽ നടപ്പാലം അനുദിക്കുക. (വാർഡ്)

8 നടുക്കുന്ന് ചെങ്കോട്റോഡിനു നടപ്പാലം ഉണ്ടാക്കുക. (വാർഡ് 6.)

കാളികാവ് പഞ്ചായത്തിൽ ടാറിട്ട റോഡുകൾ 47½ കി. മീററും ടാറിടാത്ത റോഡുകൾ 176¾ കി. മീററും പി. ഡബ്ല്യു. ഡി.

ഏറെറടുത്ത റോഡുകൾ 32¼ കിലോമീററ റുമാണ്. ജനസംഖ്യാടിസ്ഥാനത്തിൽ റോഡുകളുടെ ഉപയോഗം വർദ്ധിക്കുകയും റോഡിന്റെ സ്ഥിതി ശോച്യാവസ്ഥയിലുമാണ്. ഉൾനാടൻ പ്രദേശത്തെ ജനങ്ങൾക്ക് പ്രധാന റോഡുമായി ബന്ധപ്പെടാൻ കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

ഓരോവാർഡിലും നിലവിലുള്ള താറിട്ടറോഡുകൾ

1 PWD റോഡ്, മെയിൻ റോഡ് 1½km
2 ചോക്കാട് ഗിരിജൻകോളനി PWD ഏറെറടുത്തിട്ടില്ല
3 PWD റോഡ് മെയിൻറോഡ് 2 km
4 ,, ,, 1 1/2 km
5 ,, ,, 2 1/2 km
6 ,, ,, 1 1/2 km
7 ,, ,, 5 km
8 ,, ,, 1 km
9 ,, ,, 2 km
PWD ഇല്ല
10 ,, ,, 4 km
11 ,, ,, 4 1/2 km
12 ,, ,, 3 km
13 ,, ,, 2 km
14 ,, ,, 3 km
15 P.W.D. S. H. ,, 4 km

അടിയന്തരമായി അനിവാര്യമായ റോഡുകൾ

1 a ചോക്കാട് അങ്ങാടിയിൽ നിന്നും പൊയന്താം റോഡിലേള്ളക്കുള്ള ബൈപാസ് റോഡ്.
b ഇറച്ചിനുറുക്കൽ കുന്ന്—പെടയന്താം
c ചോക്കാട്—കുണ്ടൻപൊട്ടി റോഡ്
d പടയന്താം വെള്ളലക്കാട് റോഡ്
2 a ഒറവംകുന്ന് മില്ലുംപടി മുതൽ സീഡ് ഫാം.
b ചോക്കാട് സ്കൂൾ മുതൽ പെടയന്താം വരെ.
c ഒറവംകുന്ന് താംക്കണ്ടി പെരുഔപാറ.
d പെടയന്താം പൊട്ടിറോഡ് കനാൽ വഴി
e നാൽപതുസെൻറ് അണക്കെട്ടുറോഡ്.
f പെടയന്താം മരുതംകാട് റോഡ്.
g പടമവ്മാട് – വെണ്ണൂറാംപൊയിൽ വഴി മമ്പാട്ടുമൂല.
h പെടയന്താം–എരങ്കോൽക്കുന്ന് റോഡ്.
i 40 കക്കുംവള്ളി – വെണ്ണൂറാംപൊയിൽ.
3 a ചേനപ്പാടി – വേപ്പിൻകുന്ന്.
b ചേനപ്പാടി – കേളുപ്പടി റോഡ്
4 a ചളിവാരി – ചക്കിക്കുഴി കുളംവരെ.
b ചക്കിക്കുഴി – പെരിങ്ങപാറ,
c പുല്ലങ്കോട് - ചടച്ചിക്കല്ല്
5 a ഉദിരംപൊയിൽ – നാണിയർകാവ്.
b വെടിവെച്ചപാറ - ചിലമ്പിൽ.
c ഉദിരംപൊയിൽ ഗ്രൗണ്ട് റോഡ് പൊടിയാട്ടുകുണ്ടിൽപടി—
നാണിയർകാവ്
e ചോദ്യത്ത് മാളിയേക്കൽ
f ഉദിരംപൊയിൽ കൊട്ടുങ്ങൽ
g കെട്ടുങ്ങൽ,നാണിയർകാവ് ഉരലുംമട
h ഉദിരംപൊയിൽ കരമ്പത്തോട്റോഡ്
i വെള്ളപൊയിൽ മുണ്ടയിൽകുന്ന്
j പാറമ്മൽ രാമച്ചൻകണ്ടി
k പണ്ടാരപ്പെട്ടിപടി നാണിയർകാവ്
l പാലാളൻകുന്ന് അമ്പലക്കടവ്
m ബാലവാടിപ്പടി കരമ്പ
n കപ്പോടത്ത്പടി കുതിരച്ചാട്
o ചടച്ചിക്കല്ല് താംക്കണ്ടി
6 a ചെങ്കോട് ചാഴിയോട്പുഴറോഡ്
b v–നമ്പർ മെയിൻറോഡ്, വടക്കേകുന്ന് ആമക്കാടൻ റോഡ്
c HS പടി–നടുക്കുന്ന്റോഡ്,
d HS പടി–ഹരിജൻകോളനി റോഡ്,
7 a പുള്ളിമാൻതരിശ് – താണിപ്പാടംകുന്ന്
b അരിമണൽ – കുറുക്കനെങ്ങാടി –പാറശ്ശേരി
c കണാരൻപടി – L.P സ്കൂൾറോഡ്
d ഈനാദി – നടുക്കുന്ന്
8 a ചാഴിയോട് – ചെങ്കോട്
b ചാഴിയോട് – കപ്പിക്കുന്ന്
c കല്ലൻകുന്ന് – ഒറവുവമുണ്ട.
d തിരുത്തുമ്മൽ – കൂരിയോട്റോഡ്
e മെയിൻറോഡ് - കാട്ടികുണ്ട്റോഡ് (പള്ളിക്കുന്ന്)
f ചാഴിയോട് – ഒറവമുണ്ടറോഡ് കല്ലംകുന്ന്റോഡിലേക്ക് ബന്ധിക്കുക.

9 a പള്ളിശേ്ശരി പട്ടിക്കാടൻവളവ്
—പാലംവഴി അയക്കൻകുന്ന്
b പട്ടിക്കാടൻവളവ്. താളിക്കുഴി ഹരിജൻ
കോളനി — പേവുംതറ
c ചോതിയത്തു — താളിക്കുഴികോളനി.
d നായിക്കാൻപടി — പള്ളിപ്പടിറോഡ്
10 a പട്ടിക്കാടൻവളവ്– പള്ളിശേ്ശരിപാലം
b തണ്ടുതോട് — ആമപ്പൊയിൽ – വാരി
ക്കൽകോളനി.
c വാരിക്കൽ — പള്ളിശേ്ശരി.
d ശ്മശാനം — കാളികാവ്
e പള്ളിശേ്ശരി — ശ്മശാനം
f കൂട്ടകുന്ന് കോളനിറോഡ്
11 a വെട്ടിപ്പറമ്പ്–തട്ടാൻകുന്ന്–കീഴപ്പടവ്
b കരുതലമുണ്ട — മൂച്ചിക്കൽ
c വൈക്കോലങ്ങാടി — തച്ചൻങ്ങോട്
12 a പുള്ളിപ്പാടം — കോട്ടക്കുന്ന്–അഴി
b മിച്ചഭൂമി — മൊടപ്പിലാശേ്ശരി
c ഏത്തക്കര — മിച്ചഭൂമിറോഡ്
d ഏത്തക്കര — വെട്ടിപ്പറമ്പ്
e പള്ളിക്കുന്ന്–ചെറൂത്ത്–ചുണ്ടൻപൊട്ടി
f വായനശാല – കിഴക്കേപ്പുറം
13 a വലിയകുന്ന് – ചെറൂത്ത്റോഡ്
b വലിയകുന്ന് — പള്ളിറോഡിൽ
c നിതാനക്കോട് — ആക്കുംപാറൽ
d എള്ളൂത്തംപാറ — കൂരിയോട്
e കുറുക്കൻകുന്ന് - കാരക്കുന്ന്റോഡ്
f കാരക്കുന്ന് – മണ്ണത്തപ്പറമ്പ്
g നാഴിക്കൽ – മലരണിനിലം
14 a മാളിയേക്കൽകുന്ന് - ഹരിജൻകോളനി
റോഡ്
p മോരംപാടം പുഴക്കടവ് - മണ്ണാട്ടുപാറ
റോഡ്
c മാളിയേക്കൽകുന്ന് - തൂവപ്പാറ
15 a ചെല്ലക്കൊടി - പൂക്കോടമുണ്ട-വാ
ളക്കുളം
b മുണ്ടക്കുന്ന് - നാടിപാറ.
c മുണ്ടക്കുന്ന് - കിഴക്കേപ്പുറം - കാഞ്ഞി
രപൊയിൽ
d ചീരക്കുഴി – പണിക്കോട്ടുമുണ്ടകടവ്.
e മാടമ്പം കോളനി - ചുണ്ടക്കുന്ന്.
f മണിയാണി കോട്ടപ്പടി.
g മഞ്ഞപ്പെട്ടി – കുട്ടിക്കുന്ന്.
h അത്താനിക്കൽ - മുതേരി.

അറകുറപണി ആവശ്യമായ റോഡുകൾ

1 a പരുത്തിപ്പാററോഡ് – കണിയപറമ്പിൽ
b ചോക്കാട് ഹരിജൻ കോളനി
c വാളക്കുളം ലക്ഷംവീട്
d കോട്ടപുഴപാലം — നെല്ലിയാംപാടം
കോളനി.
e പരുത്തിപ്പാറ പാസിരിയംപൊയിൽ.
f പരുത്തിപ്പാറ ഒറവൻമുണ്ടകുന്ന്.
2 a ചോക്കാട് ഗിരിജൻ കോളനിറോഡ്.
3 a കല്ലാമൂല — മരുതംകാട്
ആശാരിക്കൈ — വേപ്പിൻകുന്ന്
ചേനപ്പാടി
4 a പെരിങ്ങപ്പാറ
b സ്രാമ്പിക്കൽ – കോഴിക്കോടംമുണ്ട
c വെടിവെച്ചപാറ – താൽക്കണ്ടി
d അണക്കെട്ട് — ഓവുങ്ങലോടി
5 ഉദിരംപൊയിൽ - മാളിയേക്കൽ
6 മേലേകാളികാവ് റോഡ്
അഞ്ചല റോഡ്
7 അരിമണൽ – പാറശ്ശേരി (കുറുക്ക
നങ്ങാടി) കണാരൻപടി — L P സ്കൂൾ
8 ആനവാരിക്കൽ — നീലാഞ്ചേരി,
ആനവാരി — എലിക്കോട്
പോലീസ്സ്റ്റേഷൻ - ആനവാരിക്കൽ,
പള്ളികുന്ന് റോഡ്
കാളികാവ് - ചാഴിയോട്
പുറുംകുന്ന് - കാളികാവ്
9 ചോദിയത്ത് ചതുരപ്പള്ളി റോഡ്
പുറമണ്ണ-അമ്പലക്കടവ്-പള്ളിശ്ശേരി
നായിക്കൻകുന്ന് റോഡ് - പേവുന്തറ
പേവുംന്തറ - പള്ളിശ്ശേരി പാലം
10 a പള്ളിശ്ശേരി - തണ്ടുകോട്
b പുറമണ്ണ-ഐലാശ്ശേരി-തുവ്വൂർ
c തണ്ടുകോട് - വാരിക്കൽ റോഡ്
d പ്ലാത്തോട്ടം - തണ്ടുകോട്
e തണ്ടുകോട് ആമപ്പൊയിൽ
f പിലാത്തോട്ടം തണ്ടുകോട്
g പള്ളിശ്ശേരി ആർപൊയിൽ
വാഴക്കുന്ന്
h പട്ടിക്കാടൻ വളവ് തണ്ടുകോട്
i പുറമണ്ണ കക്കുംവള്ളിറോഡ്
11 a അഞ്ചച്ചവടി പരിയങ്ങാട്
b കുന്നുമ്മൽ തൂവപ്പാറ
c വെന്തോടൻപടി മുത്തംതണ്ട്

d കാർത്തേനി കീഴ്പ്പട
e കാർത്തേനി മുല്ലശ്ശേരി
f മൂച്ചിക്കൽ കളക്കുന്ന്
g അഞ്ചച്ചവടി മധുമല
h മൂച്ചിക്കൽ കൂടത്തിങ്ങൽപടി
i തൂവപ്പറ മണ്ണാട്ടുപാറ
12 a പുള്ളിപ്പാടം കോളനി
b വേങ്ങാപ്പറ മൈലാടി
c ചെറുത്ത് പൂങ്ങോട്
d പൂച്ചപ്പൊയിൽ വേങ്ങാപ്പറ
13 a ചിറയിൽ ഐലാശ്ശേരി
b പുറമണ്ണ ഐലാശ്ശേരി
14 a വലിയപറമ്പ് ഹരിജൻകോളനി
b തട്ടാരമുണ്ട പൊട്ടിക്കുളം
c താണിക്കുന്ന് പുള്ളിറോഡ്
d താണിക്കുന്ന് ഹരിജൻ കോളനി
e മുത്തംതണ്ട്കടവ് ഉരലുമട
f മളിയേക്കൽ മഞ്ഞപ്പെട്ടിറോഡ്
g മാളിയേക്കൽ തുവപ്പറ
h മാളിയേക്കൽകുന്ന് മണ്ണാട്ടുപാറം
15 a മമ്പാട്ടുമൂല - മാടമ്പം - ചെല്ലക്കൊടി
b കല്ലാമൂല-തച്ചങ്കോട്
c ചള്ളിപാറൽ റോഡ്
d മൂച്ചിക്കൽ - ചെല്ലക്കൊടി
e ചെല്ലക്കൊടി- കോട്ടപ്പടി
മഞ്ഞപ്പെട്ടിറോഡ്
f കാഞ്ഞിരപ്പൊയിൽ - വാളക്കുളം

9-ാം വാർഡിൽ

അമ്പലക്കടവ് — പെരുന്നാത്തിപാറ റോഡ് പോവുന്നറ അറബികോളേജ് വഴി കെട്ടുങ്ങൽറോഡ്

ഊർജ്ജം

പ്രധാനമായും പഞ്ചായത്തുനിവാസികം ഊർജ്ജമായി ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. ഗാർഹീകാവശ്യത്തിന് ഉപയോഗിക്കുന്ന ഇന്ധനം വിറകും, മണ്ണെണ്ണയും ആണ്. കാർഷീകാവശ്യത്തിനായി മണ്ണെണ്ണ വൈദുതി, പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിക്കുന്നത്. കൽക്കരിഉപയോഗം ഇവിടെയില്ല ഗ്യാസ്ഉപയോഗം ഗ്രാമവാസികംക്കിടയിൽപോലും വർദ്ധിച്ചുവരുന്നുണ്ട്, വിറകിൽ പ്രധാനം റബ്ബർ, പടുമരങ്ങൾ, ചപ്പുചവറുകൾ, ഈർപ്പൊടി, ചകിരി, ഓല മടൽ തുടങ്ങിയവയാണ്.

കാററിൽനിന്നോ, സൗരോർജ്ജത്തിൽ നിന്നോ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് കൂടുതൽ പ്രചാരത്തിലില്ല. ഗോബർ ഗ്യാസിന്റെ ഉപയോഗം ഗ്രാമവാസികംക്കിടയിൽ വേണ്ടത്രയില്ല.

1961-ൽ **Pullangode** ഭാഗത്താണ് ആദ്യമായി വൈദ്യുതിഊർജ്ജം എത്തിയത്. ഇപ്പോൾ പഞ്ചായത്തിലെ 11587 വീടുകളിൽ 50% വീടുകൾ മാത്രമാണ് വൈദ്യുതികരിച്ചിട്ടുള്ളത്. പ്രധാനമായും നിലമ്പൂരിലുള്ള 66 **K. V** സബ്സ്റ്റേഷനിൽ നിന്നുമാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി എത്തുന്നത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 95% ട്രാൻസ്ഫോർമുകളും അധികഭാരം വലിക്കുന്നവയാണ്. അതുകൊണ്ടുതന്നെ വോൾട്ടേജ് ക്ഷാമം പഞ്ചായത്തിലുടനീളം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പഞ്ചായത്തിലെ 15 വർഡുകളിലും വൈദ്യുതി സൗകര്യം എത്തിയിട്ടുണ്ടെങ്കിലും പല വാർഡുകളിലും വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളാണ് കൂടുതലും. വൈദ്യുതികണക്ഷൻ ലഭിക്കുന്നതിലുള്ള ചിലവ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കാരണം ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതി കണക്ഷൽ ലഭിക്കാൻ വളരെയധികം ബുദ്ധിമുട്ടുന്നു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെകാര്യക്ഷമതയില്ലായ്മയും കാരണം ചില പ്രദേശങ്ങളിലെ നിസ്സഹകരണവും വൈദ്യുതി വിതരണരംഗത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇതുവഴി വൈദ്യുതി വിതരണത്തിൽ അനാവശ്യമായ കാലതാമസങ്ങൾ ഉണ്ടാകനിടവന്നതായി വിവിധ ഗ്രാമസഭകളിൽനിന്നും വമർശനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. മിനിമം ഗ്യാരണ്ടി പാസായിട്ടും കണക്ഷൻ കിട്ടാത്തതും പോസ്റ്റ് ഇല്ലാത്തതിന്റെ പ്രശ്നങ്ങളും ഗ്രാമസഭായോഗത്തിൽ ആക്ഷേപമായിവന്നു.

കറൻറ്കട്ടും വോൾട്ടേജ്ക്ഷാമവും സ്ഥിരം പ്രശ്നങ്ങളായി നിലനിൽക്കുന്നതു

കൊണ്ട് കുറെകച്ചവടസ്ഥാപനങ്ങളും ജനറേറ്ററുകളും ഉപയോഗിക്കുന്നു.

പഞ്ചായത്ത് നിവാസികളും പണ്ട്മുതലേ പ്രധാനമായും ഉപയോഗിച്ചുവന്നിരുന്നത് വിറകാണ്. ബയോഗ്യാസിന്റെ ഉപയോഗം വേണ്ടവിധത്തിൽ ഗ്രാമവാസികൾക്കിടയിൽ പ്രചാരത്തിലില്ല. L P ഗ്യാസ് ഉപയോഗിക്കുന്നവരുടെ എണ്ണം ഈ അടുത്ത കാലത്തായി കൂടിവരുന്നു. ആവശ്യാനുസൃതമായി വിറക് ലഭിക്കാത്തത്കൊണ്ട് ഗാർഹിക ആവശ്യത്തിനായി മണ്ണെണ്ണ, ഗ്യാസ്, ഈർച്ചപ്പൊടി തുടങ്ങിയവ ഉപയോഗിക്കുന്നു. 3 ഗ്യാസ് ഏജൻസികളും സഹകാര്യമേഖലയിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മണ്ണെണ്ണക്ക് റേഷൻഷാപ്പുകളെയാണ് പ്രധാനമായും ജനങ്ങൾ ആശ്രയിക്കുന്നത്.

ഏകദേശം 500 ലധികം സ്ട്രീറ്റ് ലൈറ്റുകളെങ്കിലും ആവശ്യമുള്ള നമ്മുടെ പഞ്ചായത്തിൽ 144 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 4 വാർഡുകളിൽ ഒരു സ്ട്രീറ്റ്ലൈറ്റുപോലും ഇല്ല. 5 വാർഡുകളിൽ 3 എണ്ണത്തിനുതാഴെ മാത്രമേയുള്ളൂ. ചുരുക്കത്തിൽ നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും അത്യാവശ്യത്തിനുപോലും സ്ട്രീറ്റ്ലൈറ്റ് ഇല്ലാത്ത അവസ്ഥയാണ്. ഈ വകയിൽ KSEBക്ക് 5705 രൂപ പ്രതിമാസം പഞ്ചായത്ത് അടക്കുന്നുണ്ട്.

മുഴുവൻ വാർഡുകളിലും അത്യാവശ്യം വേണ്ട സ്ട്രീറ്റ്ലൈറ്റുകളും സ്ഥാപിക്കാൻ സംവിധാനം ഉണ്ടാക്കണം. അതുപോലെതന്നെ താഴെ പറയുന്ന സ്ഥങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിയണം.

വാർഡ് 1. ലക്ഷംവീടുകോളനി, വാളക്കളം, പരുത്തിപ്പാറ, കണിയാപ്പൻപൊയിൽ, ആനക്കല്ല്, ചോക്കാട്, ഒറോംകുന്ന്, അണിക്കുന്ന്.

വാർഡ് 2. താഴെക്കണ്ടി, വീട്ടിപ്പാക്കൽ, നാലുസെൻറ്, നാപ്പതുസെൻറ്, ആനക്കല്ല് പൊട്ടിയിൽ, കണിയാംപൊട്ടി, പടവുമാട്, കരുവൻചോല.

വാർഡ് 3. ആശാരിക്കൈ, ചേനപ്പാടി. ചിങ്കക്കല്ല്.

വാർഡ് 4. പെരിങ്ങപ്പാറ, ചളിവാരിക്കുന്ന്

വാർഡ് 5. നാനിയാർകാവ്, വെള്ളപൊയിൽ

വാർഡ് 6. അമ്പലക്കുന്ന് ഗ്രൗണ്ട് പള്ളിപള്ളിപ്പടി.

വാർഡ് 8. വാരിക്കൽ പള്ളിപ്പടി, പുറംകുന്ന്, കല്ലംകുന്ന്

വാർഡ് 9. കൂളിക്കുന്ന്, താളിക്കുഴി, ചതുരപ്പള്ളി, നായക്കൻകുന്ന്, പെരുന്നാത്തിപ്പാറ.

വാർഡ് 10. തണ്ടുകോട്, വാരിക്കൽകോളനി, കൂട്ടക്കുന്ന്കോളനി, ആർപൊയിൽ

വാർഡ് 11. കീഴ്പട, തട്ടാൻകുന്ന്, മുത്തൻതണ്ട്, തുവ്വപ്പാറ, ഓണപ്പട, പയറ്റ്കുഴി, പൂവ്വപ്പൊയിൽ.

വാർഡ് 12. കിഴക്കുംപാടം. പുള്ളിപ്പാടംകോളനി, തോണ്ടക്കുണ്ട്, മൈലാടി, പുളിയൻകല്ല്, കണക്കംകുന്ന്, ആലിങ്ങൽകുന്ന്, പൂളക്കത്തോട് പള്ളിക്കുന്ന്, അഴിത്തോട്, പാറക്കുന്ന്.

വാർഡ് 13. ചെറൂത്ത്, വെള്ളംചാട്ടുകൽ, ആമപ്പൊയിൽ, അസൈനാർപടി, മണ്ണത്തെപ്പറമ്പ്, വലികുന്ന്കോളനി, പാലക്കുന്ന്, തൊടികപ്പുലം, തണ്ടുകോട്

വാർഡ് 14. ചെല്ലക്കൊടി, തട്ടാരുമുണ്ട, മോരംപാടം, കൂരിപ്പൊയിൽ. കൊറ്റംകോട്

വാർഡ് 15. മാടമ്പം, മണിയാണി, പൊട്ടിക്കുന്ന്, കോട്ടപ്പടി, കുട്ടിക്കുന്ന്, കിളിമുണ്ട, തണ്ണീരി

പ്രധാന പ്രശ്നങ്ങൾ

1) നമ്മുടെ പഞ്ചായത്തിലെ 50 % വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2) പഞ്ചായത്തിലെ മുഴുവൻ ഹരിജൻകോളനികളിലും വൈദുതി എത്തിയിട്ടില്ല.

3) ജനത്തളുടെ സാമ്പത്തീക പിന്നോക്കാവ സ്ഥ വൈദ്യുതിസൌകര്യം ലഭിക്കുന്ന തിന് തടസമാവുന്നു.

4) ഔദ്യോഗിക രംഗത്തളിൽ നിലവിലുള്ള കാര്യക്ഷമതക്കുറവ്

5) സ്ട്രീറ്റ്ലൈറ്റുകളുടെ കുറവ്.

6) വോൾട്ടേജ് ക്ഷാമം

7) വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസാ

8) വൈദ്യുതി ഉപയോഗത്തിൽ, മറ്റു നിലവിലുള്ള മാർഗങ്ങളെകുറിച്ചുള്ള പരിജ്ഞാനക്കുറവ്.

നിർദ്ദേശങ്ങൾ

(1) പാരമ്പര്യേതര ഊർജ്ജമുള്ളതും, വളരെ സുലഭമായി ലഭിക്കുന്നതുമായ സൌരോർജ്ജം ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ വെളിച്ചം എത്തിക്കാവുന്നതാണ്. പഞ്ചായത്തിലെ ചില വീടുകളിൽ വർഷങ്ങളായ സൌരോർജ്ജ വിളക്കുകൾ ഉപയോഗിച്ചുവരുന്നു. അരീക്കോടുള്ള അനർട്ടുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിലെ എല്ലാ കോളനികളിലും സൌരോർജ്ജ വിളക്കുതൂം സ്ഥാപിക്കുക. കൂടാതെ മറ്റു വീടുകൾക്ക് സബ്സിഡി നിരക്കിൽ ലഭിക്കുന്ന സൌരോർജ്ജ വിളക്കുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

സൌരോർജ്ജം ഉപയോഗിച്ച്, വെളിച്ചം മാത്രമല്ല ലഭ്യമാകുത്തത്. എല്ലാവിധ ഗൃഹോപകരണങ്ങളും സൌരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

ശക്തികൂടിയ സൌരോർജ്ജസെല്ലുകൾ ഉപയോഗിച്ച് ഇത്തരം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിനുവേണ്ട പ്രചരണങ്ങൾ നടത്തുക.

(2) ഭക്ഷണം പാകം ചെയ്യാൻ നമ്മൾ ഉപയോഗിക്കുന്ന വിറകിന്റെ ലഭ്യത കുറഞ്ഞുവരികയാണ്. ഇതിനു പരിഹാരമായി പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.

പുകയില്ലാത്ത അടുപ്പുകൾ ഇന്ധനലാഭത്തോടൊപ്പം സാമ്പത്തികലാഭവും നേടിയെടുക്കാം.

നമ്മുടെ വീടുകളിലെ സ്ത്രീകളുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നത് സാധ്യമാണ്. അതിനാൽ പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചരണം നൽകുക.

അരീക്കോടുള്ള അനർട്ടുമായും, ശാസ്ത്ര സാഹിത്യ പരിഷത്തുമായി ബന്ധപ്പെട്ടാൽ പുകയില്ലാത്ത അടുപ്പുകൾ ലഭ്യമാണ്.

(3) നമ്മുടെ പഞ്ചായത്തിൽ കാലിവളർത്തൽ ധാരാളം ഉണ്ടെങ്കിലും അവയുടെ ചാണകം ഗോബർ ഗ്യാസും പ്ലാന്റിലൂടെ ഇന്ധനമായി ഉപയോഗിക്കാമെന്ന വസ്തുത ബോധ്യപ്പെടുത്തുക. സർക്കാർതലത്തിൽ നൽകിവരുന്ന ധനസഹായം ഇതിനാക്കം കൂട്ടുന്നതാണെങ്കിലും ബോധവൽക്കരണത്തിലൂടെ മാത്രമെ ഇത് സാധ്യമാകൂ.

4 കാറിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കാവുന്ന ചെറിയപദ്ധതിയും പഞ്ചായത്തിൽ നടപ്പിലാക്കുക. നമ്മുടെ പഞ്ചായത്തിൽ കാറ്റ് ധാരാളം കിട്ടുന്ന സ്ഥലങ്ങളിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് ഒരു പരിധിവരെയൂള്ള വൈദ്യുതിക്ഷാമം നടപ്പിലാക്കുക.

മാർക്കറ്റ്

ആദ്യകാലത്ത് ആളുകൾ തലച്ചുമടായാണ് പച്ചക്കറികളും, പലവ്യജ്ഞനങ്ങളും വീടുകൾതോറും നടന്ന് വിറ്റഴിച്ചിരുന്നത്. വളരെമുമ്പുതന്നെ കാളികാവ് അങ്ങാടിയിൽ പൊതുമാർക്കറ്റ് ഉണ്ടായിരുന്നു. ബുധനാഴ്ച ദിവസം ആഴ്ചചന്തകളിലൂടെ ഇവിടെ സാധനങ്ങളുടെ വിൽപ്പന നടത്താവരുന്നു. പുല്ലങ്കോട്, ചോക്കാട് എന്നീപ്രദേശങ്ങളിലും ആഴ്ചച്ചന്തകൾ ഉണ്ടാകാറുണ്ട്.

പൊതുവിതരണ കേന്ദ്രങ്ങളും അവയുടെ വിവരങ്ങളും

പഞ്ചായത്തിലാകെ പതിനേഴ്(17) പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്, റേഷൽകട

എന്ന പേരും സംവിധാനവും മാറി പൊതു വിതരണ കേന്ദ്രം എന്നാക്കിയതോടെ പഴയ സ്റ്റോക്കുള്ള റേഷൻ വിതരണത്തിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു എന്ന് ഗ്രാമസഭായോഗങ്ങളിൽ ആക്ഷേപം ഉയർന്നു വരികയുണ്ടായി. നമ്മുടെ പഞ്ചായത്തിൽ പതിനേഴു പൊതുവിതരണകേന്ദ്രങ്ങളിലായി 8329 (എണ്ണായിരത്തിമുന്നൂറിരുപത്തിഒമ്പത്) കാർഡുകളും 221 മഞ്ഞെണ്ണ പെർമിറുകളും ആറ് എസ്റാബ്ലിഷ്മെൻറ് കാർഡുകളു ഉണ്ട്.

മാവേലിസ്റ്റോർ

കാളികാവ് അങ്ങാടിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നു. പ്രതിവർഷം ഇവിടെ ആറുലക്ഷം 6.00000/– രൂപയുടെ വിറ്റുവരവുണ്ട്. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ ഈ സ്ഥാപനം നല്ലപങ്കു വഹിക്കും.

പുല്ലങ്കോട് കോ-ഓപ്പറേറ്റീവ് സ്റ്റോർ

പലചരക്ക്, തുണി, സ്റ്റേഷനറി തുടങ്ങിയ സാധനങ്ങൾ ന്യായമായ വിലക്ക് വിൽക്കുന്ന പുല്ലംങ്കോട് കോ – ഓപ്പറേറ്റീവ് സ്റ്റോർ കാളികാവ് ബ്രാഞ്ചിലടക്കം പ്രതിവർഷം 520000/– (അൻപത്തിരണ്ട്) രൂപയുടെ വിറ്റുവരവ് ഉണ്ട്. തുണിത്തരങ്ങൾ കുറഞ്ഞവിലക്ക് വിൽക്കുന്നു.

കാളികാവ് എംപ്ലോയീസ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ

കാളികാവ് അങ്ങാടിയിൽ പ്രവർത്തിക്കുന്ന പലചരക്ക്, സ്റ്റേഷനറി സാധനങ്ങൾ വിൽപ്പനനടത്തുന്നു. പ്രതിവർഷം 10,0000/–(പത്തുലക്ഷം) രൂപയുടെ വിപ്പന നടത്തുന്നു.

കാളികാവ് സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്, പുല്ലങ്കോട് കോ–ഓപ്പറേറ്റീവ് സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഓണചന്തകളും മറ്റുവിശേഷാവസരങ്ങളിൽ മാർക്കറ്റിലുള്ള ഇടപെടലും മാർക്കറ്റിംഗിനെ സ്വാധീനിക്കുന്നു.


പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. നാളികേരം, റബ്ബർ, അടക്ക, കപ്പ, വാഴക്കുല തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ സംഭരിച്ചു വിൽക്കുന നടത്തുന്നതിന് പൊതുമാർക്കറ്റ് വേണം.

2. മൂന്ന് വില്ലേജ് ആ സ്ഥാനത്ത് പൊതുമാർക്കറ്റ് ഏർപ്പെടുത്തണം.

3. അഞ്ചച്ചവിടി, പൂങ്ങോട്, ഉദിരം പൊയിൽ എന്ന പ്രദേശങ്ങളിൽ ആഴ്ച ചന്തകൾവേണം.

4. പൊതുമാർക്കറ്റു, അങ്ങാടികളും ശുചിയായി സൂക്ഷിക്കണം.



XI ഭവന നിർമ്മാണം

കാളികാവ് പഞ്ചായത്തിൽ 3 റവന്യൂ വില്ലേജുകളിലായി 15 വാർഡുകളും സ്ഥിതിചെയ്യുന്നു. വിപുലമായ ഈ മേഖലയിൽ 9998 വീടുകളാണുള്ളത്. ഇതിൽ 7000ാളം വീടുകളും ഓടിട്ടതും 1200–ാളം കെട്ടിടങ്ങളും ടെറസ്സും വീടുകളാണ്. 827–ാളം കുടിലുകളുമുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം വർദ്ധിച്ചുവരുന്ന ഈ മേഖലയിൽ ഒട്ടനവധി കോൺക്രീറ്റ് കെട്ടിടങ്ങളും ഇപ്പോഴും ഉയർന്ന് വരുന്നുണ്ട്. ഇടത്തരക്കാരും കൂലിവേലക്കാരും ആണ് അധികം പേരും. PWD റോഡിന്റെയും പ്രധാന പഞ്ചായത്ത് നിരത്തിന്റെയും സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതലായി വരുന്നു.

നമ്മുടെ പഞ്ചായത്തിൽ വയലുകളും നികത്തി കെട്ടിടനിർമ്മാണ പ്രവർത്തി ചെയ്യുവരുന്നുണ്ട്. മലയോരങ്ങളിൽ കുടിയേറി പാർത്തവർ ആ പ്രദേശങ്ങളിൽ സ്ഥിരമായി താമസിക്കാനുള്ള നല്ല കെട്ടിടങ്ങളും പണിതുവരുന്നു. സമൂഹത്തിലെ ഒരു വിഭാഗത്തിന്റെയെങ്കിലും ജീവിത നിലവാരത്തിൽ വന്ന മാറ്റങ്ങളുടെ പ്രത്യേകതകളും കെട്ടിട നിർമ്മാണരംഗത്തും കണ്ടുവരുന്നു. ജീവിത സൗകര്യങ്ങളും വർദ്ധിച്ച വിഭാഗങ്ങളും ആധുനിക സൗകര്യങ്ങളോട് കൂടിയ വീടുകളും ഈ പ്രദേശത്ത് സ്ഥാപിച്ചുവരുന്നു.

കെട്ടിട നിർമ്മാണ രംഗത്തെ ചിലവുകളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഭവന നിർമ്മാണ രംഗം സങ്കീർണ്ണങ്ങളായ ഒട്ടനവധി പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു. സാധാരണക്കാർക്ക് കെട്ടിട നിർമ്മാണ പ്രവർത്തിക്കായി വിദഗ്ധതൊഴിലാളികളെ കിട്ടാൻതന്നെ ഒരുപാട് പ്രയാസങ്ങളുണ്ട്.

ദുർബല ജനവിഭാഗങ്ങൾക്ക് വീടുവെക്കാനും സർക്കാറിന്റേയോ, ഭവനനിർമ്മാണ ബോഡിന്റേയോ, മറ്റു സന്നദ്ധ സംഘടനകളുടെയോ സഹായം കൊണ്ടല്ലാതെ കഴിയില്ല എന്ന അവസ്ഥവന്നിരിക്കയാണ്.

വീടുനിർമ്മാണത്തിനാവശ്യമായ സാമഗ്രികളും മരം, സിമൻറ്, കല്ല്, മണൽ മറ്റു സാധന സാമഗ്രികളും എന്നിവക്ക് തീ പിടിച്ച വിലയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാനാവാതെ വാടകവീടുകളെ ആശ്രയം പ്രാപിക്കാൻ ഒരു കൂട്ടം ജനങ്ങളും നിർബന്ധിതരാകുന്നു. കിടന്നുറങ്ങാൻ കിടപ്പാടമില്ലാത്ത ആളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ദുർബല ജനവിഭാഗങ്ങളും, പിന്നോക്ക ജന വിഭാഗ

ങ്ങൾക്കും ഭവന നിർമ്മാണ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ സർക്കാർതലത്തിൽതന്നെ പല സംവിധാനങ്ങളുമുണ്ട്. എന്നാൽ ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് സഹായങ്ങളോ സൗകര്യങ്ങളോ ഇന്നും ലഭിക്കുന്നില്ല. പഞ്ചായത്ത് മുഖേനയും ബ്ലോക്ക് മുഖേനയും JRY, IAY, രാജീവ് ഗാന്ധി ലക്ഷം പാർപ്പിട പദ്ധതി തുടങ്ങിയ ഒട്ടനവധി പദ്ധതികളിലൂടെ ഹരിജനങ്ങൾക്കും പിന്നോക്കക്കാർക്കും വീടുകൾ വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിലെ വീടില്ലാത്തവരുടെ പട്ടികയുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് വളരെ കുറഞ്ഞ സൗകര്യം മാത്രമാണ്.

ഇത്തരം ഒരു ചുറ്റുപാടിൽ മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ കാളികാവ് പഞ്ചായത്തിനെ ഭവനനിർമ്മാണരംഗത്ത് പ്രത്യേകമായിപരിഗണിക്കപ്പെടേണ്ടതുണ്ട്.

സർക്കാർ ഭവന നിർമ്മാണത്തിനായി വിതരണം ചെയ്യുന്ന തുക വളരെ കുറഞ്ഞതാണ്. നമ്മുടെ മേഖലയിൽ നിർമ്മാണ ചെലവ് വളരെ കൂടുതലുള്ള ഒരു പ്രദേശമാണ്. തുച്ഛമായ ഈ തുകകൊണ്ട് പലപ്പോഴും വീടു നിർമ്മാണം പൂർത്തിയാക്കാനാവാതെ ഇടക്കുവെച്ച് മുടങ്ങി പോകുന്നു. സഹായ ധനംകൊണ്ട് വീടു പണി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടും ദരിദ്ര ജനവിഭാഗങ്ങളും ഹരിജനങ്ങളുമടക്കം ഭാരിച്ച കടബാധ്യതയിൽ അകപ്പെടുന്നു.

ഗുണഭോക്താക്കളുടെ ആധിക്യം കാരണം സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീടുനിർമ്മാണത്തിനാവശ്യമായ സഹായധനം ലഭിക്കാൻ വളരെകാലം കാത്തിരിക്കേണ്ടിവരുന്നു. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതു നീതി പൂർവ്വമാക്കാൻ ഇനിയും ശ്രമം നടത്തേണ്ടതുണ്ട്. ഭവനനിർമ്മാണ വായ്പകൾ ലഭിക്കാൻ വളരെ പ്രയാസങ്ങളുണ്ട്. അതു കൊണ്ടു തന്നെ കാലതാമസം നേരിടുന്നു. മൊത്തം അപേക്ഷകരിൽ വളരെകുറച്ച് ആളുകൾക്കുമാത്രമേ ലോൺസൗകര്യം ലഭിക്കുന്നുള്ളൂ. ജീവിതപ്രയാസംകാരണം ജനങ്ങളുടെ തിരിച്ചടക്കൽ ശേഷി ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്, അതു വഴി ഹൗസിംഗ് ബോർഡിനും മറ്റു ധനസഹായങ്ങളും നൽകുന്ന സ്ഥാപനങ്ങൾക്കും പ്രയാസങ്ങളുണ്ടാകുന്നു എന്ന് മാത്രമല്ല ലോൺ വാങ്ങിയ ആളുകൾക്ക് തന്നെ കടഭാരം വർദ്ധിക്കുന്നു. ഇതു വഴി നാട്ടിലുണ്ടാകുന്ന സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങളും ചില്ലറയല്ല.

ഇതിനിടയിൽ കാലാകാലങ്ങളിലായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭം മൂലം നിരവധി വീടുകളും തകർച്ചയുടെ ഭീഷണിയെ നേരിടുന്നു. ഉരുൾപൊട്ടൽ, കാറ്റ്, പേമാരി എന്നിവ മൂലം ഈ പഞ്ചായത്തിൽ നിരവധി വീടുകൾ തകർന്നിട്ടുണ്ട്. പഞ്ചായത്തിന് പരിമിതമായരീതിയിൽ മാത്രമേ അവരെ സഹായിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

പഞ്ചായത്തിലെ വളക്കുളം, ലക്ഷം വീട് കോളനി, ചെല്ലക്കൊടി ലക്ഷം വീട് കോളനി എന്നിവയിൽ 68 കുടുംബങ്ങൾ താമസിക്കുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ അടിത്തറയും മേൽക്കൂരയും ഒരുപോലെ ദുർബലമാകുന്നു. പല വീടുകളും തീരെ താമസയോഗ്യമല്ല. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത കോളനി നിവാസികൾ പ്രയാസങ്ങൾ അനുഭവിക്കുന്നു. അംഗീകരിച്ചതും അല്ലാത്തതുമായ 41 ഹരിജൻ കോളനികളിലായി 1200-ലധികം കുടുംബങ്ങൾ താമസിക്കുന്നു. ഇവിടങ്ങളിൽ നിരവധി ആനുകൂല്യങ്ങൾ ലഭിച്ചതിന്റെ ഫലമായി കൂച്ചുവിലകം വീടുകൾ മെച്ചപ്പെട്ട നിലയിലാണ്. അവശേഷിച്ച വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതുണ്ട്. പത്തോളം വരുന്ന ഗിരിജൻ കോളനികളിലെ വീടുകളുടെ അവസ്ഥയും വളരെ മോശമാണ്.

മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ ഗിരിജൻ കോളനിയായ ചോക്കാട് ഗിരിജൻ കോളനിയിലെ മഹാഭൂരിപക്ഷം വീടുകളും വളരെ പഴകി ചെന്നതാണ്. പ്രാഥമിക സൗകര്യങ്ങൾ വളരെ കുറവാണ്. കോളനി നിവാസികളുടെ ഉന്നമനത്തിനായി ഒട്ടനവധി ക്ഷേമപദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണം വേണ്ടത്ര ആ മേഖലയിൽ നടപ്പാകുന്നില്ല.

അടിയന്തിരമായി ലക്ഷംവീട് കോളനികളിലെ വീടുകളും ഹരിജൻ കോളനികളിലെ ദുർബലമായ വീടുകളും ചോക്കാട് ഗിരിജൻ കോളനിയടക്കമുള്ള മറ്റു കോളനികളുടെയും വാസയോഗ്യമല്ലാത്ത വീടുകളും റിപ്പയർ ചെയ്ത് സംരക്ഷിക്കുകയും പുതുതായി രൂപപ്പെട്ട കുടുംബങ്ങൾക്ക് വീടനുവദിക്കുകയും ചെയ്യേണ്ടതാണ്.

ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പ്രത്യേകം പരിഗണന അർഹിക്കുന്നുണ്ട്.

ഭവന നിർമ്മാണരംഗത്തെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടാവുന്നതാണ്.

1 പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സംഘങ്ങൾ രൂപീകരിക്കുക. സാധനസാമഗ്രികളും എഞ്ചിനീയർമാർ മുതൽ വിവിധ ഇനം തൊഴിലാളികളെയുംവരെ സപ്ലൈ ചെയ്യാൻ കഴിയണം.

2 പഞ്ചായത്തിലെ ഭവന രഹിതരായ ആളുകളെ സംബന്ധിച്ചും അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ചും സർവ്വെ നടത്തുക.

3 ദുർബല വിഭാഗങ്ങൾക്ക് നൽകി വരുന്ന സഹായധനത്തുക വർദ്ധിപ്പിക്കുക. കൂടുതൽ പേർക്ക് സഹായധനം അനുവദിക്കാൻ സൗകര്യമുണ്ടാക്കുക.

4 ബാങ്ക് വായ്പകൾക്ക് കാലതാമസം ഒഴിവാക്കുക. വായ്പാതുകകൾ വർദ്ധിപ്പിക്കുക.

5 വായ്പയുടെ സബ്സിഡി വർദ്ധിപ്പിക്കുകയും പലിശനിരക്ക് കുറക്കുകയും ചെയ്യുക.

6 വായ്പക്ക് ഈടായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടും സ്ഥലവും പരിഗണിക്കുക.

7 സ്ഥലവും, വീടും നിർമ്മിച്ച കൊടുത്ത് അതിന്റെ തുക തവണകളായി തിരിച്ചടക്കാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുക.

8 ദുർബല വിഭാഗങ്ങളുടെയും ഹരിജന ഗിരിജനങ്ങളുടെയും നിലവിലുള്ള വീടുകളും അറ്റകുറ്റപ്പണികളും ചെയ്തു കൊടുക്കുക.

9 ശുദ്ധജലം, കക്കൂസ് സൗകര്യം, വൈദ്യുതി സൗകര്യം എന്നിവ മുൻഗണനാടിസ്ഥാനത്തിൽ അനുവദിക്കുക,

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് സമൂഹത്തിലെ ദുർബല ജന വിഭാഗങ്ങളെ സമുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകേണ്ടത്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൈപിടിച്ചുയർത്തുന്നതിനുവേണ്ടിയുള്ള പരിപാടികൾക്ക് ബോധപൂർവ്വം നേതൃത്വം നല്കേണ്ടതുണ്ട്. ഇന്ന് നമ്മുടെ സമൂഹത്തിൽ കുറേയേറെ ക്ഷേമപദ്ധതികൾ നിലവിലുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും പ്രാദേശിക ഭരണ സമിതികളുടെയും സാമൂഹ്യ സന്നദ്ധ സംഘടനകളുടേയും ക്ഷേമപദ്ധതികൾ ഇന്ന് നാട്ടിലുണ്ട്. എന്നാൽ അവയുടെ ഗുണങ്ങളും സൗകര്യങ്ങളും വേണ്ടത്ര അനുഭവിക്കാൻ ജനങ്ങൾക്കാവുന്നില്ല. നാട്ടിൽ നടപ്പുള്ള ക്ഷേമപദ്ധതികളെ കുറിച്ചുള്ള അജ്ഞതയും ആവശ്യങ്ങളും, അവകാശങ്ങളും ഉന്നയിക്കാനുള്ള ആത്മധൈര്യത്തിന്റെ കുറവും ഇതിനുകാരണമാണ്. ഈ രംഗത്ത് സാമൂഹ്യ രാഷ്ട്രീയ രംഗത്തെ പൊതുപ്രവർത്തകൻമാരുടെ ആത്മാർത്ഥവും, സജീവവുമായ ഇടപെടലിലൂടെ മാത്രമേ ക്ഷേമാശൈര്യ പ്രവർത്തനങ്ങൾ നാട്ടിന്റെ നാനാഭാഗത്തും എത്തിക്കാൻ കഴിയൂ.

അന്ധവിശ്വാസവും അനാചാരവും മറ്റു മാമൂൽ ചിന്തകളും ഒരു വിഭാഗം ജനങ്ങൾക്കിടയിൽനിന്ന് ഇനിയും മാഞ്ഞു പോയിട്ടില്ല. അവകാശബോധവും ചൂഷണബോധവും ഒരുപോലെ വളർത്തിയെടുക്കാനുള്ള തീവ്രമായ ശ്രമങ്ങളിലൂടെ മാത്രമേ സാമൂഹ്യക്ഷേമ രംഗത്തെ നാനാവിധ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയൂ.

ഈ രംഗത്ത് സുപ്രധാനമായ വനിതാ വികസന കോർപ്പറേഷൻ, പട്ടിക ജാതി വികസന കോർപ്പറേഷൻ എന്നിവ സാമൂഹ്യമായ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വനിതകളേയും, പട്ടികജാതി പട്ടിക വർഗ്ഗ ജനവിഭാഗങ്ങളേയും സമുദ്ധരിക്കാനുള്ളസേവനപ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനങ്ങൾനേതൃത്വം നൽകുന്നു. നമ്മുടെ സമൂഹത്തിലെ ഓരോ ജനവിഭാഗങ്ങൾക്കും അവരവർക്കുതേതായ ക്ഷേമ പദ്ധതികളും നിലവിലുണ്ട്. ആ ക്ഷേമ പദ്ധതികളുടെ പരിധികളിൽ വരേണ്ടവരും,അവയിൽ അംഗങ്ങളായിചേരേണ്ടവരും ആയ ആളുകൾക്ക് പൂർണ്ണമായും അർത്ഥമായി സഹകരിക്കാൻ കഴിഞ്ഞിട്ടില്ല.

കർഷകത്തൊഴിലാളി ക്ഷേമപദ്ധതി, നിർമ്മാണ തൊഴിലാളി ക്ഷേമപദ്ധതി, മദ്യ വ്യവസായരംഗത്തെ ക്ഷേമപദ്ധതി, വ്യാപാര വ്യവസായ രംഗത്തെ ക്ഷേമപദ്ധതി, എന്നിങ്ങനെ പലക്ഷേമപദ്ധതികളും നാട്ടിലുണ്ട്. എന്നാൽ അവയിൽ നിന്നൊക്കെ ന്യായമായ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. സാമൂഹ്യ ക്ഷേമ രംഗത്തേക്ക് ജനങ്ങളെ ആകർഷിപ്പിക്കാൻ ആശവ്യമായ മുൻകരുതലുകൾ വേണം.

ക്ഷേമപദ്ധതികളിൽ സ്വയംതൊഴിൽ കണ്ടെത്തുന്ന കൽപണിക്കാർ, ആശാരിപ്പണിക്കാർ, കൊല്ലപ്പണിക്കാർ തുടങ്ങിയവർക്ക് TOOL KIT നൽകി പ്രോത്സാഹിപ്പിക്കുന്ന നടപടിയുണ്ട്. കുറച്ചുപേർക്ക് മാത്രമേ അതിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. ട്രൈസം പദ്ധതിവഴി 18 വയസ്സിനു മുകളിലുള്ള വിവിധ രംഗങ്ങളിൽ തൊഴിലെടുക്കാൻ സന്നദ്ധതയുള്ളവരെ പരിശീലിപ്പിക്കുന്ന പരിപാടി നിലവിലുള്ളതിനേക്കാൾ കൂടുതൽ വ്യാപകമാക്കണം. പുണ്ടൂരിലെ സുബ്ബറാവുഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ മാളിയേക്കൽ പ്രദേശത്ത് 25 ലധികം കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. 30 കുട്ടികളെ തുന്നൽ പരിശീലനത്തിനായി കാളികാവ് പഞ്ചായത്തിൽ നിന്ന് മാത്രമായി തെരഞ്ഞെടുത്തു.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മാണത്തിനും, ശുദ്ധജല ലഭ്യതക്കും ആവശ്യമായ സൗകര്യങ്ങൾ ലഭിക്കേണ്ടതുണ്ട്. നെതർലാൻഡ് അസിസ്റ്റൻറ് പദ്ധതിപ്രകാരം സാനിറേഷൻ—കുടിവെള്ളപ്രശ്നം പരിഹരിക്കാനുള്ള പദ്ധതിയുടെ സർവ്വേപൂർത്തീകരിച്ച് റിപ്പോർട്ട് അയച്ചുകഴിഞ്ഞു.

മൂന്നു വില്ലേജുകൾ വഴി നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിരുന്നു. അർഹതപ്പെട്ടവർക്ക് പലർക്കും ആനുകൂല്യം ലഭിക്കുന്നില്ല എന്നപരാതി നിലവിലുണ്ട്. വിധവകളുടെ കുട്ടികൾക്ക് കല്ല്യാണത്തിന് ലഭിക്കുന്ന സഹായധനം ലഭിക്കാൻ വളരെ കൂടുതൽ സമയമെടുക്കുന്നു. മിശ്രവിവാഹ ദമ്പതികൾക്ക് സഹായം ലഭിക്കുന്ന പദ്ധതി വേണ്ടത്രനമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

വികലാംഗപെൻഷൻ

പഞ്ചായത്ത് മേഖലയിൽ വിതരണം നടത്തുന്നുണ്ട്. കൃത്യമായ കണക്ക് ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും ലഭിച്ചിട്ടില്ല. വികലാംഗ സർട്ടിഫിക്കറ് ലഭിക്കാനുള്ള കാലതാമസം വളരെയധികംഉണ്ട്. ഉടനടി സർട്ടിഫിക്കറ് നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. സർട്ടിഫിക്കറ് തൊട്ടടുത്ത താലൂക്കാശുപത്രി കേന്ദ്രങ്ങളിൽനിന്ന് ലഭിക്കാൻ സൗകര്യമുണ്ടാക്കണം.

കർഷകതൊഴിലാളി പെൻഷൻ:-

കാളികാവ് പഞ്ചായത്തിൽ കുറേപേർക്ക് ലഭിക്കുന്നുണ്ട്. പത്തിലധികം മാസത്തെ കുടിശ്ശിക പെൻഷൻ കിട്ടാനുണ്ട്. ഒരിതമനുഭവിക്കുന്ന ഈ വിഭാഗത്തിന് മാസംതോറും അതുവിതരണം ചെയ്യാൻ ശ്രമിക്കണം. നിലവിലുള്ള കുടിശ്ശിക ഉടനെ തീർത്തുകൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം പെൻഷന് അപേക്ഷ കൊടുക്കുന്നവരെ അന്യായമായിഅനർഹരെന്ന് പ്രഖ്യാപിക്കുന്ന പ്രവണതയുള്ളരായി പലകേന്ദ്രങ്ങളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്നുവരുന്നു. തൊഴിലില്ലായ്മാവേതനം പറ

ന്ന നിരവധി ചെറുപ്പക്കാരും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരികളും ഉണ്ട്. ഇവരിൽ കുറേ പേർ സ്വയം തൊഴിൽ സംരംഭവുമായി മുന്നോട്ട് പോകുന്നു.

റജിസ്ട്രേഷൻ ശരിയാംവണ്ണം പുതുക്കാത്തതിന്റെ ഫലമായി പലർക്കും സീനിയോട്ടി നഷ്ടമായിവന്നു. എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽനിന്ന് താല്ക്കാലികമായിജോലി ലഭിച്ച ആളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

വാർദ്ധക്യകാല പെൻഷൻ

ഈ അടുത്ത കാലത്തായി 150ൽപരം ആളുകൾക്ക് പെൻഷൻ(വാർദ്ധക്യ)പാസാക്കി വിതരണം തുടരുന്നു. 50 പേരുടെ പ്രസവകാല ആനുകൂല്യങ്ങളും പരിഗണിച്ചിട്ടുണ്ട്. ആകെ 250-ൽ അധികം പ്രായമായ ആളുകൾക്കും, 135-ാളം വനിതകൾക്കും മേൽ പറഞ്ഞ ആനുകൂല്യം ലഭിക്കും.

ഇതിനെല്ലാം പുറമെ ഒട്ടനവധി ചെറിയതോതിലുള്ളക്ഷേമപ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകിയിട്ടുണ്ട്. ഈ രംഗത്ത് ഒട്ടനവധി പോരായ്മകൾ നിലവിലുള്ള ഒരു പഞ്ചായത്താണ് ഇത്. നമ്മുടെ സാധ്യതകളും വിഭവ പരിമിതികളും ഉള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നിർവ്വഹിക്കാൻ കഴിയുന്ന ക്ഷേമാശ്വൈര്യ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കി ആവശ്യമായ കാര്യങ്ങൾ നിവ്വഹിക്കാം. ഇതര മേഖലകളിൽ നിന്നും ആവശ്യമായ സൗകര്യവും സഹായവും ലഭിക്കേണ്ടതുണ്ട്.

IRDP വഴി ജനങ്ങൾക്ക് (ദുർബല വിഭാഗങ്ങൾ) ലഭിക്കേണ്ട നാനാവിധമായ സഹായങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. IRDP സർവ്വെയും, ഗുണഭോക്താക്കളെതെരഞ്ഞെടുക്കുന്ന രീതിയെ സംബന്ധിച്ചും, അർഹരായവർക്ക് ആനുകൂല്യം നിഷേധിക്കുന്നതിനെ കുറിച്ചും ആക്ഷേപങ്ങളുണ്ട്. ഈ രംഗം പരമാവധി കുറ്റമറ്റതാക്കിയാലേ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കൂ. ഓരോ വർഷവും പരിഗണിക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകണം.

അംഗൻവാടികളുടെ പ്രവർത്തനം സംബന്ധിച്ച വിവരം.

കാളികാവ് പഞ്ചായത്തിൽ ആകെ അനുവദിച്ച അംഗൻവാടികളുടെ എണ്ണം — 38
പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് — 38
സ്വന്തമായി കെട്ടിടമുള്ളത് — 7
കെട്ടിടമില്ലാത്തത് — 31
സ്ഥലം കിട്ടിയ അംഗൻവാടികൾ — 6

ഇവയിൽ മഞ്ഞപ്പെട്ടി, തണ്ടുകോട് എന്നീ അംഗൻവാടികളുടെ കെട്ടിടംപണി നടന്നുകൊണ്ടിരിക്കുന്നു. വെള്ളയൂർ, പേവുന്തറ എന്നീ അംഗൻവാടികൾക്ക് ഫണ്ട് പാസ്സായിട്ടുണ്ടെങ്കിലും പണി തുടങ്ങിയിട്ടില്ല. വേപ്പിൻകുന്ന് അംഗൻവാടിക്ക് പഞ്ചായത്ത് വക ഫണ്ട് പാസ്സായിട്ടുണ്ട്. ചേനപ്പാടി, ആക്കുംപാറിൽ എന്നീ അംഗൻവാടികൾക്ക് സ്ഥലം കിട്ടിയിട്ടുണ്ടെങ്കിലും ഫണ്ട് കിട്ടിയിട്ടില്ല.

ആകെ അനുവദിച്ച 38 അംഗൻവാടികളിൽ 25 എണ്ണത്തിനു് സ്വന്തമായി സ്ഥലം കിട്ടിയിട്ടില്ല. പണി തുടങ്ങിയ അംഗൻവാടികൾ ഫണ്ടില്ലാതെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കാതെ കിടക്കുന്നു. കെട്ടിടംപണി പൂർത്തിയാക്കാനാവശ്യമായ ഫണ്ട് അനുവദിക്കണം. സ്ഥലം കിട്ടാത്ത അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തണം. അംഗൻവാടികൾക്കാവശ്യമായ ഫർണ്ണിച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവ ലഭ്യമാക്കണം. പുതിയ അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുവാനും പഴയവയുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുകയും, എല്ലാ അംഗൻവാടികളിലും ശുദ്ധജല സൗകര്യം ഉണ്ടാക്കുവാനും, കക്കൂസ് നിർമ്മിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

അവലംബം: ICDS സൂപ്പർവൈസർമാരുടെ റിപ്പോർട്ട്.

നിർദ്ദേശങ്ങൾ

1 വനിതാ ക്ഷേമ പദ്ധതി, പട്ടികജാതി ക്ഷേമപദ്ധതി എന്നിവയിൽനിന്നുള്ള ആനുകൂല്യം അതാത് ജനവിഭാഗങ്ങൾക്ക് നേരിട്ട് ലഭിക്കാനുള്ള സൗകര്യമുണ്ടാക്കുക

2 വിവിധയിനം ക്ഷേമപദ്ധതികളുടെ പ്രചരണവും പ്രായോഗിക പ്രവർത്തനവും കാര്യക്ഷമമായി നടപ്പാക്കുക. വിവിധയിനം ക്ഷേമനിധികളുടെ ആനുകൂല്യത്തിനർഹതയുള്ള ജനവിഭാഗത്തെ കണ്ടെത്താനുള്ള സർവ്വെ പ്രവർത്തനം നടത്തുക.

3 സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക. വനിതകൾക്കും പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്കും സ്വയംതൊഴിൽ സംവിധാനം നടപ്പാക്കുക

4 അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും ചൂഷണത്തിനുമെതിരെയുള്ള ചെറുത്തുനിൽപ് ശക്തമാക്കുക.

5 വിവിധയിനം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കേണ്ട ജനവിഭാഗങ്ങളിൽ കൂടുതൽ പേരെ ആനുകൂല്യത്തിനുവേണ്ടി തെരെഞ്ഞെടുക്കുക

6 അംഗൻവാടികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക

7 പുതിയ അംഗനവാടികൾ സ്ഥാപിക്കുക

8 അംഗനവാടി ജീവനക്കാരെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക

9 CBNP യുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും, വ്യാപിപ്പിക്കുകയും ചെയ്യുക (പരിശീലനവും ബോധവൽക്കരണവും)

10 കുട്ടികളുടെയും അമ്മമാരുടെയും ഗർഭിണികളുടെയും ആരോഗ്യ പരിരക്ഷക്ക് ആവശ്യമായ സംവിധാനം ഒരുക്കുക

11 പഞ്ചായത്തിലെ ക്ലേശകുടുംബങ്ങളെ പ്രത്യേക പരിഗണനക്ക് വിധേയമാക്കി സഹായിക്കുക

12 IRDP ഗുണഭോക്താക്കളിൽ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണത്തിൽ ഓരോ വർഷത്തിലും ഗണ്യമായ വർദ്ധനവുണ്ടാകുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് നീതിപൂർവ്വമാണെന്നു് ഉറപ്പുവരുത്തണം

13 വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുകയും, മഹിളാ സമാജങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക.

സാമൂഹ്യക്ഷേമ രംഗത്തെ പ്രവർത്തനങ്ങളിൽ ചിലതിന്റെ കണക്കുകൾ ഇതിനു താഴെ കൊടുക്കുന്നു.

1 ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

2 ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരം

3 ഗ്രാമീണ തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

4 CBNP സർവ്വെ റിപ്പോർട്ട് 1994

5 കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പുകൾ.

വിവിധ ഏജൻസികളിൽനിന്ന് ലഭിച്ച വിവരങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

	1992—93	1993—94	1994—95	1995—96
ആകെ കെട്ടിടങ്ങൾ (വീടുകൾ, കടകൾ, പള്ളികൾ, അമ്പലം)	11704	11875	12084	12376

11.2 ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം-വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	....	—	—	—	—
2	പ്രിൻറിംഗ്	1	1	0	—
3	....	—	—	—	—
4	ഇലക്ട്രോണിക്സ്	1	1	0	—
5	....	—	—	—	—
6	റേഡിയോ ടി. വി. റിപ്പയർ	2	1	1	—
7	ഇലക്ട്രോണിക്സ്	1	1	—	—
8	പ്രിൻറിംഗ്	1	—	1	—
	ഇലക്ട്രോണിക്സ്	1	1	—	—
9	പ്രിൻറിംഗ്	1	—	1	—
10	ഇലക്ട്രോണിക്സ്	1	1	—	—
11	പ്രിൻറിംഗ്	1	—	1	—
	ടി വി മെക്കാനിക്സ്	1	1	—	—
12	ഇലക്ട്രോണിക്സ്	2	2	—	—
	പ്രിൻറിംഗ്	1	1	—	—
13	....	—	—	—	—
14	....	—	—	—	—
15	വയറിംഗ്, ഹോം അപ്ലയൻസ്	2	2	—	—

അവലംബം: ഗ്രാമസേവികമാരുടെ റിപ്പോർട്ട്

11. 1 IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങളുടെ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ	ഇതിൽ SC/ST
1	396	17	35	14
2	352	68	39	22
3	313	45	44	27
4	156	21	42	16
5	242	11	30	10
6	223	45	41	18
7	305	30	40	17
8	395	44	69	26
9	438	37	53	18
10	399	40	76	31
11	449	91	101	38
12	356	38	54	19
13	606	59	88	27
14	368	46	51	20
15	354	60	41	21

അവലംബം; ഗ്രാമസേവികമാരുടെ റിപ്പോർട്ട്

11. 9. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

വാർഡ് നമ്പർ	IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെഎണ്ണം	സഹായംലഭിച്ചവരുടെ എണ്ണം	ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	7	5	2
2	13	9	4
3	13	6	7
4	12	3	9
5	13	4	9
6	7	5	2
7	4	4	—
8	7	—	7
9	17	9	8
10	14	3	11
11	15	6	9
12	9	4	5
13	5	3	2
14	15	8	7
15	14	7	7

ഗ്രാമസേവികമാരുടെ റിപ്പോർട്ട്

8. 2 കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		1–ാം ഗ്രേഡ്		2–ാം ഗ്രേഡ്		3–ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിന് താഴെ	137	140	51	54	6	11	—	—
1 — 3 വയസ്സ്	235	255	105	116	28	30	—	—
3 — 6 വയസ്സ്	474	482	350	109	46	59	3	—

1–ാം ഗ്രേഡ് ലഘുവായ പോഷണക്കുറവുള്ളവർ

2–ാം ഗ്രേഡ് മിതമായ പോഷണക്കുറവുള്ളവർ

3–ാം ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളവർ.

8. 3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്

കുട്ടികൾ	ബി.സി.ജി.	ഡി.പി.റ്റി.				പോളിയോ				ഡി.റ്റി.			മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസിൽ താഴെ	804	718	642	563		718	642	563						391
1—3 വയസ്		94	59	40	645	94	59	40	645					57
3—6 വയസ്													486	

ടെറനസ് ടോക്സോയിസ് (TT)

ഗർഭിണികൾ	1D	2D	BD
	321	277	

- ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം — 357
- ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം — 1442
- വിറ്റാമിൻ എ ലായനി നൽകിയ കുട്ടികളുടെ എണ്ണം — 1265

Integrated community based nutrition programme aud poverty alleviation project, Malappuram

PROGRESS REPORT AS ON 1–11–1994

Name of Panchayath: Kalikavu

Ward	Total No of families	No of Risk families	No. of NHG to be formed	No of NHGS formed	No. of ADS formed	No. of families in the risk families								
						Latrine	Literacy	Drinking Water	Shelter	Food	Employment	Members	SC/ST parter	Other factoss
1	650	150		8	1	235	141	130	73	14	290	212	42	112
2	550	206	2	5	1	284	169	118	189	66	270	138	115	99
3	560	259		8	1	296	162	185	200	12	315	257	51	102
4	670	189		9	1	209	92	216	194	18	316	153	55	127
5	600	202		10	1	267	153	193	146	59	466	332	77	139
6	520	178		7	1	183	147	161	155	32	252	253	49	120
7	540	142		5	1	128	98	128	64	38	196	160	84	136
8	580	231		9	1	242	121	187	196	13	306	299	22	140
9	420	147		7	1	160	94	128	24	0	251	226	36	125
10	510	240		7	1	212	103	130	141	54	218	236	44	139
11	540	138		8	1	205	107	96	109	4	292	260	34	122
12	630	295	1	6	1	402	160	200	191	100	393	329	115	163
13	520	168		8	1	274	196	161	96	56	297	226	44	122
14	560	230		6	1	206	188	104	184	12	232	216	45	81
15	620	213		8	1	344	129	199	146	32	293	336	53	132
	8370	2988		113	15	3649	2206	2536	2108	580	4330	5073	846	1853

ഗ്രാമത്തിന്റെ തുടിപ്പുകളെല്ലാം
നാമറിയുന്നൊരുനേരം
നമ്മുടെ കാര്യം നമ്മുടെ കയ്യിൽ
സുഭദ്രമാകുംകാലം.

XII

പടിഞ്ഞാറെ കോവിലകത്തിന്റെ പാട്ടകുടിയാന്മാരായിരുന്ന നമ്മുടെ പൂർവ്വീകന്മാർ അവരുടെ അത്യദ്ധ്വാനഫലങ്ങളായ വിളവുകളും നിലമ്പൂർ കോവിലകത്തെ തമ്പുരാക്കന്മാർക്ക് കാഴ്ചവെക്കുന്നതുമായി ബന്ധപ്പെട്ട നിലമ്പൂർ പാട്ടുത്സവം ഈ നാട്ടിലെ സാംസ്കാരികാന്തരീക്ഷത്തിലെ ജന്മിവർഗ്ഗത്തിന്റെ അധീശത്വത്തിന്റെ വിളംബരമായിരുന്നു. പടിഞ്ഞാറെ കോവിലകക്കാരുടെ കൈവശത്തുനിന്നും ക്ലിക്കിൽ തറവാട്ടുകാർക്കും കാർഷിക കലാപങ്ങളുടെ സമ്മർദ്ദംമൂലം പിന്നീട് നിരവധി ജന്മിമാരിലേക്കും ഭൂമി കൈമാറ്റം ചെയ്യപ്പെട്ടു. വെള്ളയൂർ ദേവസ്വത്തിന്റെയും മരനാട്ടമനയുടെയും (മരാട്ടമന) കൈവശം വലിയ ഭൂമിമേഖലയുണ്ടായിരുന്നു. ഭൂമിയുടെ ഈ കൈമാറ്റവും അസ്വസ്ഥപൂർണ്ണമായ ജന്മി – കുടിയാൻ ബന്ധങ്ങളും നമ്മുടെ സാമൂഹിക സാംസ്കാരിക ജീവിതാവസ്ഥകളെ സ്വാധീനിച്ചു.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട വളരെ പ്രസിദ്ധി നേടിയിരുന്ന കാളപൂട്ടുമത്സരങ്ങളും, കൃഷീവല സമൂഹത്തിന്റെ മുഖ്യജനകീയോത്സവങ്ങളായിരുന്ന, ക്ലൂരാട്, പൂച്ചപ്പൊയിൽ, പേവുംന്തറ, അമ്പലക്കടവ് എന്നീ പ്രദേശങ്ങളിലെ കന്നുപൂട്ടുമത്സരങ്ങളിൽ ഇന്നും നമ്മുടെ പഞ്ചായത്തിൽ തുടരുന്ന പൂട്ടുമത്സരം അമ്പലക്കടവിലേതാണ്. ഞാറ് നടീൽ വേളകളിലും, കൊയ്ത്തവസരങ്ങളിലും വയലേലകളിൽ തുടിയുയർന്ന കൊയ്ത്തുപാട്ടുകളിലും മറ്റും കർഷക ജീവിതത്തിന്റെ താളക്രമങ്ങളും നിറഞ്ഞു നിന്നു.

വെള്ളയൂരിലെ പുലത്ത് മൂസ്സമൊല്ല, കാളികാവിലെ പാറയ്ക്കൽ വാപ്പുകാക്ക, തുടങ്ങിയ വളരെ പ്രസിദ്ധരായിരുന്നവരുടെ നേതൃത്വത്തിലുണ്ടായിരുന്ന '' കോൽക്കളി '' ഈ പ്രദേശത്തിലെ ജനകീയകലയുടെ ഒന്നാന്തരം ദൃഷ്ടാന്തമായിരുന്നു. തലപ്പന്തും, പടകളിയും പ്രധാനകായിക വിനോദങ്ങളായിരുന്നു.

അജ്ഞതയിലും അന്ധവിശ്വാസത്തിലും അനാചാരങ്ങളിലും ആണ്ടു കിടന്ന ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചത് കാളികാവിലാണ്. കാളികാവ് പോലീസ് സ്റ്റേഷനു സമീപമുള്ള മുജാഹിദ് പള്ളിയുടെ മുൻവശത്തായിട്ടാണ് മുഹമ്മദ് കുട്ടി മാസ്റ്റർ എന്ന അദ്ധ്യാപകന്റെ നേതൃത്വത്തിലാരംഭിച്ച പ്രഥമവിദ്യാലയം പ്രവർത്തിച്ചിരുന്നത്, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ ഈ വിദ്യാലയം ആരംഭിച്ചിരുന്നു. വെള്ളയൂർ സ്കൂളിന്റെ രേഖകളനുസരിച്ച് 1918ൽ കുഞ്ഞുണ്ണിഎഴുത്തച്ഛൻ എന്ന അദ്ധ്യാപകന്റെ നേതൃത്വത്തിൽ ഒരു വിദ്യാലയം അവിടെ പ്രവർത്തനം ആരംഭിച്ചു. ആമപ്പൊയിൽ നാരായണൻ മാഷ് (Late) അടക്കാകുണ്ടിലെ മുഹമ്മദ് മാസ്റ്റർ തുടങ്ങിയ ആദ്യകാല അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളും സജീവമായി. 1930 കളിൽ കാളികാവ് പോലീസ് സ്റ്റേഷൻ പരിസരത്ത് പെൺകുട്ടികൾക്ക് വേണ്ടി വിദ്യാലയം പ്രവർത്തിച്ചിരുന്നു.

1961–ൽ സ്രാമ്പിക്കല്ലിൽ ആരംഭിച്ച 'ടാഗോർ സ്മാരക വായനശാല' ഇവിടത്തെ ആദ്യത്തെ ഗ്രന്ഥാലയമാണ്. അതിന്റെ ആഭിമുഖ്യത്തിൽ സാക്ഷരതാപ്രവർത്തനങ്ങളും 60–കളിൽ തന്നെ സംഘടിക്കപ്പെട്ടിരുന്നു. പുല്ലങ്കോടും എസ്റ്റേറ്റിലെ തൊഴിലാളികളുടെ ലേബർ

ക്ലബ്ബ് വളരെ മുമ്പ് തന്നെ സാംസ്കാരിക മേഖലകളിൽ ഇടപെട്ടിരുന്ന സ്ഥാപനമാണ്. പുല്ലങ്കോട് കലാസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന കലാപ്രകടനങ്ങളും പ്രത്യേകം സ്മരണീയമാണ്. നമ്മുടെ പഞ്ചായത്തിലെ മുതിർന്ന രാഷ്ട്രീയ പ്രവർത്തകനും ബ്ലോക്ക് പഞ്ചായത്ത് മെമ്പറുമായ ചൂരപ്പിലാൻ മമ്മദ് മേസ്ത്രി അറിയപ്പെടുന്ന ഒരു നാടകകൃത്താണ്. അദ്ദേഹത്തിന്റെയും E. K. അയമുണ്ണി, N. ചന്ദ്രശേഖരൻ മാസ്റ്ററുടെയും നേതൃത്വത്തിൽ ഉണ്ടായിട്ടുള്ള നാടക സംരംഭങ്ങളും ശ്രദ്ധേയങ്ങളായിരുന്നു.

ഒസ്സാൻ മുഹമ്മദ്, ഇപ്പുത്തങ്ങളം, K. T. ഗോവിന്ദൻ നായർ, മുഹമ്മദ് മാസ്റ്റർ, കുന്നത്ത് ആലി മുസ്ലിയാർ തുടങ്ങിയവരായിരുന്നു കാളികാവിലെ ആദ്യകാല സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ.

ജന്മിത്വം അവസാനിക്കുന്നതുവരെയും ഇവിടത്തെ അത്യദ്ധ്വാനികളായിരുന്ന കർഷകരുടെ ജീവിതം പാട്ടവും, ജന്മിയുടേയും കങ്കാണിമാരുടെയും മറ്റ് അന്യായ പിരിവുകളുടെയും ഫലമായി ദുരിതപൂർണ്ണമായിരുന്നു. ഒറ്റപ്പെട്ട ചോദ്യം ചെയ്യലുകളുടെയും ചെറുത്തുനിൽപ്പിന്റെയും പ്രതിരോധസമരങ്ങളും നമ്മുടെ സാമൂഹിക പശ്ചാത്തലത്തെ സജീവമാക്കിത്തീർത്തു. കാളികാവ് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റും നിലമ്പൂർ മണ്ഡലത്തിന്റെ M. L. A. ആയിരിക്കെ ചുള്ളിയോട്വെച്ച് വെടിയേറ്റുമരിച്ച ശ്രീ. K. കുഞ്ഞാലി കുടിയൊഴിപ്പിക്കപ്പെടുന്ന കൃഷിക്കാരുടെയും നരകയാതന അനുഭവിച്ചിരുന്ന തോട്ടം തൊഴിലാളികളുടെയും മറ്റ് അവശ വിഭാഗങ്ങളുടെയും രക്ഷകനുമായിരുന്നു. കുഞ്ഞാലിയുടെ സാന്നിദ്ധ്യവും, പ്രവർത്തനവും, സംഭാവനകളും നമ്മുടെ സാമൂഹിക വളർച്ചയെ പ്രോജ്ജ്വലിപ്പിച്ച വീരചരിതങ്ങളാണ്.

സാമ്രാജിത്വ വിരുദ്ധ ജന്മിത്തവിരുദ്ധ പോരാട്ടങ്ങളിലെ തീനാളമായി മാറിയ 1921 ലെ കാർഷിക കലാപത്തിന്റെ രംഗഭൂമികളായിരുന്നു. ഇവിടത്തെ മിക്കപ്രദേശങ്ങളും. വെള്ളയൂർ, മഞ്ഞപ്പെട്ടി, കല്ലാമൂല, പുല്ലങ്കോട്, ചോക്കാട്, കാളികാവ് തുടങ്ങിയ പ്രദേശങ്ങളും കലാപത്തിന്റെ നിരവധി കഥ പറയുന്ന മേഖലകളാണ്. വാരിയംകുന്നത്ത് കുഞ്ഞഹമ്മദാജിയുടെ മഞ്ഞപ്പെട്ടിയിലും മറ്റുമുള്ള സന്ദർശനം കലാപകാരികളെ ആവേശപരിതരാക്കി സമുദായികസംഘർഷം വർദ്ധിപ്പിക്കുന്നതിനും, മതപരിവർത്തനത്തിനും ചിലയിടങ്ങളിൽ കലാപമിടയാക്കി. സാമുദായികമായ സങ്കുചിത ചിന്താഗതികളും സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും മറ്റു സാമൂഹിക പ്രവർത്തനങ്ങളിലും പ്രതിലോമകമായി ഇടപെട്ട ഇത് നമ്മുടെ സാമൂഹിക സാംസ്കാരിക വളർച്ചക്ക് പ്രതിബന്ധങ്ങളും സൃഷ്ടിച്ചു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഇടക്കാലത്ത് സജീവമായിരുന്ന ക്ലബ്ബുകളിൽ ഭൂരിപക്ഷവും നിർജ്ജീവമായിത്തീരുകയോ, നാമമാത്ര പ്രവർത്തനങ്ങളും മാത്രം നടത്തുകയോ ചെയ്തതിനാലും വായനശാലകളും സജീവമല്ലാത്തതിനാലും നമ്മുടെ സാംസ്കാരിക മേഖല പ്രതിസന്ധിയിലാണ്. ഈ സാംസ്കാരിക പ്രതിസന്ധിയെ മറികടക്കാൻ വേണ്ടി ഗ്രന്ഥശാലകളെ പുനരുജ്ജീവിപ്പിക്കുകയും സാഹിത്യ–സാംസ്കാരിക പ്രവർത്തനങ്ങളുടെ സംഘാടന സമിതികളായി അവയെ മാറ്റിത്തീർക്കുകയും വേണം. നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെയും കലാസമിതികളുടെയും പട്ടിക താഴെ കൊടുക്കുന്നു.

ക്ലബ്ബുകളുടെ വിവരം

Sl. No.	പേര്	വാർഡ്	
1	ശ്രേയസ്, പത്തിപ്പാറ	1	
2	ഐശ്വര്യ ആർട്സ് & സ്പോർട്സ് ക്ലബ്, ചോക്കാട്	1	
3	മഹീന, ചോക്കാട്	1	സജീവമല്ല

Sl. No.	പേരു്	വാർഡു്	
4	ഉദയ ആർട്സു് & സ്പോർട്സു് ക്ലബു്, പെടയന്താം	2	സജീവമല്ല
5	യംങ്ങു് ഇന്ത്യ ആർട്സു് & സ്പോർട്സു് ക്ലബു്, പുല്ലങ്കോടു്	4	
6	സാനേറാസു് ആർട്സു് & സ്പോർട്സു് ക്ലബു്, സ്രാമ്പിക്കൽ	4	
7	പുല്ലങ്കോടു് എസ്റ്റേററു് ലേബർ ക്ലബു്	4	
8	നാഷണൽ ക്ലബു്, പുല്ലങ്കോടു്	4	സജീവമല്ല
9	ടാഗോർ ആർട്സു് & സ്പോർട്സു് ക്ലബു്, സ്രാമ്പിക്കൽ	4	ക്രിക്കററിൽ സജീവം
10	പുല്ലങ്കോടു് എസ്റ്റേററു് ക്രിക്കററു് ക്ലബു്	4	സജീവമല്ല
11	മോണിംഗ്സ്റ്റാർ ആർട്സു് & സ്പോർട്സു് ക്ലബു്, ഉദിരംപൊയിൽ	5	
12	തരംഗം ആർട്സു് & സ്പോർട്സു് ക്ളബു്, ഉദിരംപൊയിൽ	5	സജീവമല്ല
13	അക്ഷര ആർട്സു് & സ്പോർട്സു് ക്ളബു്, ഈനാദി	7	
14	പ്രണവം ആർട്സു് & സ്പോർട്സു് ക്ളബു്, പാറശ്ശേരി	7	സ്വന്തമായ ഒരു കെട്ടിടവും സ്ഥലവും ഉണ്ടു്
15	ഫ്രണ്ട്സു് ആർട്സു് & സ്പോർട്സു് ക്ളബു്, കാളികാവു്	8	
16	K F C കാളികാവു്	8	
17	ചേതന ആർട്സു് & സ്പോർട്സു് ക്ളബു്, കാളികാവു്	8	സജീവമല്ല
18	സീക്കോ, ചാഴിയോടു്	8	,,
19	ലോട്ടസ് ആർട്സു് & സ്പോർട്സു് ക്ളബു്, പള്ളിശ്ശേരി	10	,,
20	നാഷണൽ ആർട്സു് & സ്പോർട്സു് ക്ളബു്, അഞ്ചച്ചവിടി	11	
21	അംബേദ്കർ ആർട്സു് & സ്പോർട്സു് ക്ളബു്, പൂങ്ങോടു്	12	
22	നേതാജി ആർട്സു് & സ്പോർട്സു് ക്ളബു്, പൂങ്ങോടു്	12	
23	യുവജന ആർട്സു് & സ്പോർട്സു് ക്ലബു്, പുളിയക്കല്ലു് പൂങ്ങോടു് പി.ഒ.	12	സജീവമല്ല
24	എമറാൾഡു് ആർട്സു് & സ്പോർട്സു് ക്ളബു്, വെള്ളയൂർ	13	
25	M F A ആർട്സു് & സ്പോർസു് ക്ളബു്. മണിയാണി	15	
26	മാസു് ക്ളബു്, മമ്പാട്ടുമൂല	15	സജീവമല്ല
27	ചാലഞ്ചേഴ്സു്, പാറശ്ശേരി	7	നിർജ്ജീവം
28	അഭയ സവ്വീസു് സൊസൈററി. കാളികാവു്	8	,,
29	ക്രസൻറു് സ്പോർട്സു് ക്ലബു്. അമ്പലക്കടവു്	9	,,
30	കമാൻഡൊ ആർട്സു് & സ്പോർട്സു് ക്ലബു്, അടക്കാകുണ്ടു്	6	സജീവം
31	നടന കലാവേദി, കാളികാവു് ജംങ്ഷൻ	6	,,

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്, പഞ്ചായത്തു് രജിസ്റ്റർ.

ഇവിടെ സൂചിപ്പിച്ച ക്ലബ്ബുകളിൽ പലതും സജീവമായി പ്രവർത്തിക്കുന്നില്ല എന്നു് പട്ടികയിൽ നിന്നും മനസ്സിലാക്കാം. പ്രവർത്തിക്കുന്ന ക്ലബ്ബുകളും തന്നെ മിക്കവയും ഫുട്ബോളിൽമാത്രം കേന്ദ്രീകരിച്ചിരിക്കുന്നവയാണു്. അപൂർവ്വം ചിലതു് ക്രിക്കറ്റിലും കേന്ദ്രീകരിച്ചിരിക്കുന്നു. പല ക്ലബുകളും സൗജന്യ രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും, വൈദ്യ പരിശോധനാ ക്യാമ്പുകളും എന്നിവ സംഘടിപ്പിക്കാറുണ്ടു്. കാളികാവിലെ ഫ്രണ്ട്സ് ക്ലബ്, നെഹ്റു യുവകേന്ദ്ര, നാഗാർജ്ജുന വൈദ്യശാല എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു ആയുർവ്വേദ ചികിത്സാ ക്യാമ്പും നടത്തിയിട്ടുണ്ടു്. കാളികാവിൽ അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റും മമ്പാട്ടുമൂല, പുല്ലങ്കോടു്, അഞ്ചച്ചവിടി, പൂങ്ങോടു് എന്നിവിടങ്ങളിൽ ജില്ലയിലെ പ്രമുഖ ടീമുകളും പങ്കെടുക്കുന്ന സെവൻസ് ടൂർണ്ണമെന്റുകളും സംഘടിപ്പിക്കാറുണ്ടു്. ഈ മത്സരങ്ങളിലെല്ലാം ആവേശഭരിതരായ വൻ ജനാവലി ആസ്വദിക്കാനെത്താറുണ്ടു്. കാളികാവിലെ ഫുട്ബോൾ ടീം സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും നടക്കുന്ന പല പ്രമുഖ ടൂർണ്ണമെന്റുകളിലും വിജയം നേടിയ പ്രശസ്തമായ ടീമാണു്. വളരെ പ്രഗൽഭരും പ്രശസ്തരുമായ കളിക്കാരുടെ നിരതന്നെ കാളികാവിലുണ്ടു്.

ക്ലബ്ബുകളുടെ വാർഷികാഘോഷങ്ങളോടനുബന്ധിച്ചു് ചെറിയതോതിൽ കായിക മത്സരങ്ങളും വലിയ ജന പങ്കാളിത്തത്തോടെ കലാപരിപാടികളും ഉണ്ടാകാറുണ്ടു്. സാഹിത്യമത്സരങ്ങളും വളരെ ചുരുങ്ങിയ തോതിലേ സംഘടിപ്പിക്കപ്പെടാറുള്ളു. അപൂർവ്വമായി ഷട്ടിൽ ടൂർണ്ണമെന്റുകളും ചെസ്സു് ടൂർണ്ണമെന്റുകളും സംഘടിപ്പിക്കപ്പെടാറുണ്ടു്.

പ്രശ്നങ്ങൾ

1 കെട്ടിട സൗകര്യം – സ്ഥലസൗകര്യം ഇല്ലാത്തതു്.

2 സാമ്പത്തിക പരാധീനത.

3 സേവന സന്നദ്ധത ഇല്ലായ്മ.

നിർദ്ദേശങ്ങൾ

1 മൂന്നുമാസത്തിലൊരിക്കൽ ക്ലബ്ബുകളുടെ പ്രധാന ഭാരവാഹികളുടെ യോഗം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചേർന്നു് പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും പരിപാടികളാവിഷ്കരിക്കുകയും ചെയ്യുക.

2 വികസന പ്രവർത്തനങ്ങളും സാക്ഷരതാ തുടർ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

3 കെട്ടിടവും ഉപകരണങ്ങളും ജനസഹകരണത്തോടെ സംഘടിപ്പിക്കുക.

വായനശാലകളുടെയും കലാ സമിതികളുടെയും പേരു് വിവരങ്ങളും

1 പഞ്ചായത്തു് ലൈബ്രറി
കാളികാവു് പഞ്ചായത്താഫീസിനോടനുബന്ധിച്ചാണു് പഞ്ചായത്തു് ലൈബ്രറി പ്രവർത്തിക്കുന്നതു്. അവധി ദിവസങ്ങളൊഴികെയുള്ള ദിവസങ്ങളിൽ ഉച്ചതിരിഞ്ഞു് 2 മണിമുതൽ 5 മണിവരെയാണു് പ്രവർത്തനസമയം.

വിവിധവിഷയങ്ങളിലായി ആയിരത്തോളം പുസ്തകങ്ങളാണു് ഇവിടെയുള്ളതു്.

നിർദ്ദേശങ്ങൾ

1 പുസ്തക ശേഖരം വിപുലപ്പെടുത്തണം.

2 കാലയിൽ സംഘടിപ്പിച്ചു് അംഗങ്ങളെ ചേർക്കുക.

3 പഞ്ചായത്തു് സാംസ്കാരിക നിലയത്തിന്റെ കോൺഫറൻസ് ഹാളും ഉപയോഗപ്പെടുത്തി വായനക്കാരുടെ സാഹിത്യ ചർച്ചകളും, സംവാദങ്ങളും സംഘടിപ്പിക്കണം.

4 പീരിയോഡിക്കൽസ് വരുത്തണം.

2 ടാഗോർ സ്മാരക വായനശാല.

1961–ൽ ആരംഭിച്ച സ്രാമ്പിക്കല്ലിലെ ടാഗോർ സ്മാരക വായനശാലക്കു് സ്വന്തമായി കെട്ടിടവും 3 സെൻറ് സ്ഥലവും ഉണ്ടു്. പഞ്ചായത്തിൽ നിന്നും അനുവദിച്ച പൊതു റേഡിയോയും ഉണ്ടു്. 1700–ഓളം പുസ്തകങ്ങളും ഈ വായനശാലയിലുണ്ടു്. എന്നാൽ

ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ല. നൂറു കണക്കിനു അംഗങ്ങളും ഉണ്ടെങ്കിലും വരി സംഖ്യ കൃത്യമായി പിരിക്കാനും എന്നും തുറന്നു പ്രവർത്തിപ്പിക്കാനും കഴിയാത്തതും ജനങ്ങളും സന്നദ്ധത കാണിക്കാത്തതും അതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. പുസ്തകങ്ങളും തന്നെ ചിലവ നശിച്ചിട്ടുണ്ട്. ഗ്രാന്റ് ഇപ്പോളും ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1 മുടങ്ങിയ ഗ്രാന്റ് പുനസ്ഥാപിക്കണം.

2 ആനുകാലിക പ്രസിദ്ധീകരണങ്ങളും വരുത്തുന്നതിന് സംവിധാനമുണ്ടാക്കണം.

3 പൊതു ടി. വി. അനുവദിക്കണം.

4 ജനപങ്കാളിത്തത്തോടെ കൂടുതൽ പുസ്തകങ്ങളും സൗകര്യങ്ങളും ഉണ്ടാക്കുക.

5 പുല്ലങ്കോട് ബ്ലോക്ക് ഡിവിഷനെ കേന്ദ്രീകരിച്ചുള്ള സാംസ്കാരിക നിലയമാക്കി ഉയർത്തുക. (ടാഗോർ വായനശാല)

6 വായനക്കാരുടെ സാഹിത്യ ചർച്ചകളും, കൈയെഴുത്തുമാസികകളും ഉണ്ടാകണം.

3 ചൈതന്യ വായനശാല, അഞ്ചച്ചവിടി.

പുതിയതായി പ്രവർത്തനമാരംഭിച്ച വായനശാലയാണിത്. സ്വന്തംകെട്ടിടമില്ല.

4 പ്രണവം വായനശാല പാറശ്ശേരിയിലെ പ്രണവം ആർട്സ് & സ്പോർട്സ് ക്ലബിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു വേണ്ടത്ര സജീവമല്ല

5 കൂടാതെ മാളിയേക്കലിൽ വാടകക്കെട്ടിടത്തിൽ ഒരുവായനശാല പ്രവർത്തിക്കുന്നുണ്ട്.

6 പൂങ്ങോട് വായനശാല പ്രവർത്തനരഹിതമാണ്. വായനശാലക്കുവേണ്ടി150സെന്റ് സ്ഥലവും കെട്ടിടവും 1961-ൽ ഉണ്ടാക്കിയതാണ്. ഇത് ചില സ്വകാര്യവ്യക്തികളും കയ്യേറിയിരിക്കുകയാണ്. ഇതിനെതിരെ പ്രതികരിച്ച വ്യക്തികൾക്കെതിരെ ഒരു സ്വകാര്യകേസ് നിലവിലുണ്ട്.

നിർദ്ദേശങ്ങൾ

1 കേസ് അവസാനിപ്പിക്കാനുള്ള നടപടി എടുക്കണം.

2 നിലവിലുള്ള സ്ഥലവും കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്ത് പ്രവർത്തനയോഗ്യമാക്കണം.

പ്രധാന നിർദ്ദേശങ്ങൾ

1 ഒരു വാർഡിൽ ഒരു വായനശാല സ്ഥാപിക്കുക.

2 വായനശാലകളെ വാർഡിലെ സാംസ്കാരിക–കലാ–സാഹിത്യ കേന്ദ്രങ്ങളാക്കുക.

സ്കൂൾ ലൈബ്രറികൾ

നമ്പർ	സ്കൂൾ	റിമാർക്സ്
1	GHS പുല്ലങ്കോട്	വിപുലമായ പുസ്തക ശേഖരം
2	AUPS പാറൽ, മമ്പാട്ടുമൂല	
3	CHS അടക്കാക്കുണ്ട്	
4	GMLPS മമ്പാട്ടുമൂല	വളരെ കുറച്ച് പുസ്തകങ്ങളെയുള്ളു. സൂക്ഷിക്കാൻ സ്ഥലമില്ല

നമ്പർ.	സ്കൂൾ	റിമാർക്സ്
5	GLPS ചോക്കാട് ഗിരിജൻകോളനി	
6	GMUPS ചോക്കാട്	പ്രവർത്തനസജ്ജമല്ല
7	GLPS പെടയന്താം	
8	GMLPS കല്ലാമൂല	
9	GMLPS പുല്ലങ്കോട്	
10	GUPS കാളികാവ് ബസാർ	
11	GLPS കൂരിപ്പൊയിൽ	
12	GUPS മാളിയേക്കൽ	
13	GLPS അടക്കാകുണ്ട്	ഭാഗികമായി പ്രവർത്തിക്കുന്നു
14	GLPS ആമപൊയിൽ	
15	GLPS പള്ളിശ്ശേരി	ചെറിയ ലൈബ്രറി
16	GLPS പൂങ്ങോട്	നാമമാത്രം
17	AUPS വെള്ളയൂർ	
18	GUPS ഉദിരംപൊയിൽ	
19	GUPS അഞ്ചച്ചവിടി	

ചാഴിയോട് LP സ്കൂൾ, അമ്പലക്കടവ് ALP സ്കൂൾ എന്നിവിടങ്ങളിൽ ലൈബ്രറികളും ഇല്ല. വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിനും സാഹിത്യാഭിരുചി പോഷിപ്പിക്കുന്നതിനും സാംസ്കാരിക ധാരയിലേക്ക് അവരെ നയിക്കുന്നതിനും സ്കൂൾ ലൈബ്രറികളും ഉപയോഗപ്പെടണം, സ്കൂൾ ലൈബ്രറികളുടെ സ്ഥിതി പട്ടികയിൽനിന്നും വ്യക്തമാണ്.

കലാസമിതികളുടെ പ്രവർത്തനം

നമ്മുടെ നാട്ടിൽ വളരെ ശ്രദ്ധേയമായ സംഭാവനകളർപ്പിച്ച് കലാസമിതികളുടെ പ്രവർത്തനം നടന്നിരുന്നു. നാടകരംഗത്ത് വലിയ സംഭാവനകളർപ്പിച്ചിരുന്ന കലാസമിതികളൊന്നും ഇന്ന് സജീവമല്ല. ഇപ്പോഴും വളരെ സജീവമായി പ്രവർത്തിക്കുന്ന കലാസമിതി കാളികാവ് ജംഗ്ഷനിലെ 'നടന കലാവേദിയാണ്'. ഇവർ കലാ പ്രവർത്തനങ്ങളിൽ മാത്രമല്ല, സാമൂഹ്യ സേവനരംഗത്തും വിദ്യാഭ്യാസ പ്രവർത്തനരംഗത്തും സജീവമായി നിൽക്കുന്നു. ചോക്കാട്, പുല്ലങ്കോട്, അഞ്ചച്ചവിടി എന്നീ പ്രദേശങ്ങളിൽ ചെറിയ തോതിലുള്ള പ്രവർത്തനങ്ങളും നടക്കാറുണ്ട്.

നിർദ്ദേശങ്ങൾ

1 കലാസമിതികൾക്ക് കെട്ടിട സൗകര്യങ്ങളും, ഉപകരണ സൗകര്യങ്ങളും സംഘടിപ്പിക്കുക

2 ഇടക്കിടെ സ്ലിപ്പർ രചനാ ക്ലാസ്സുകളും സംഘടിപ്പിക്കുക

3 നാടകോത്സവം സംഘടിപ്പിക്കുക.

സ്കൂൾ യുവജനോൽസവങ്ങൾ

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലും നടത്തപ്പെടുന്ന യുവജനോത്സവങ്ങളും ജനകീയോത്സവങ്ങളായി മാറാറുണ്ട്. മേലേതലങ്ങളിൽ മത്സരിച്ച് വിജയിക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതും, നിലവാരം കുറഞ്ഞുവരുന്നതുമാണ് ഈ രംഗത്തെ പ്രശ്നങ്ങളും. മെച്ചപ്പെട്ട നിലവാരത്തിനുവേണ്ടി കൂട്ടായ പരിശ്രമങ്ങളും ആവശ്യമാണ്.

കായിക രംഗം

അന്തരിച്ച പൂന്താനത്ത് മുഹമ്മദാലി, പാറക്കൽ നാണി എന്നീ പ്രശസ്തരായ ഫുട്ബാൾ താരങ്ങളുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന പ്രഗൽഭരായ പുതിയ താരങ്ങളുടെ ഒരു നിരതന്നെ കാളികാവിലുണ്ട്. ഫുട്ബാളാണ് നമ്മുടെ പ്രധാനപ്പെട്ട കായിക പ്രവർത്തന രംഗം. കാളികാവിലെ ഫുട്ബോൾ ടീം സംസ്ഥാനത്തിന്റെ പലഭാഗത്തും സംഘടിപ്പിക്കപ്പെടുന്ന പ്രമുഖ ഫുട്ബോൾ ടൂർണ്ണമെന്റുകളിൽ വിജയം നേടിയിട്ടുണ്ട്. കാളികാവിൽ ഒരു അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റും, മമ്പാട്ടുമൂല, പുല്ലങ്കോട്, അഞ്ചച്ചവടി, പൂങ്ങോട് എന്നീ പ്രദേശങ്ങളിൽ ജില്ലയിലെ പ്രമുഖ ടീമുകൾ പങ്കെടുക്കുന്ന ടൂർണ്ണമെന്റുകളും സംഘടിപ്പിക്കാറുണ്ട്. ട്രാക്ക് & ഫീൽഡ് ഇനങ്ങളിൽ മത്സരങ്ങൾ നടക്കുന്നത് കേരളോത്സവവും, സ്കൂൾ സ്പോർട്സ് മത്സരങ്ങളും സംഘടിപ്പിക്കുന്ന അവസരങ്ങളിലാണ്. ക്ലബ്ബുകളുടെ വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കുന്ന അവസരത്തിലും മൽസരങ്ങൾ സംഘടിപ്പിക്കാറുണ്ട്. അപൂവ്വമായി ചെസ് ടൂർണ്ണമെന്റുകളും, ഷട്ടിൽ ടൂർണ്ണമെന്റുകളും സംഘടിപ്പിക്കാറുണ്ട്. ക്രിക്കറ്റ്, വോളിബാൾ തുടങ്ങിയ കളികളിലും ആളുകൾ പങ്കെടുക്കാറുണ്ട്. പൊതുവെ ഫുട്ബോളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതുമാറ്റി ഇതര കായിക മേഘലകളിലും ശ്രദ്ധ പതിപ്പിക്കാൻ നമുക്ക് കഴിയണം.

നിർദ്ദേശങ്ങൾ

1 ഗ്രൗണ്ട് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

2 വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കുമായി വിപുലമായ കായിക മൽസരങ്ങൾ സംഘടിപ്പിക്കുകയും, തെരഞ്ഞെടുക്കപ്പെടുന്ന പ്രതിഭകൾക്കായി പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

3 വനിതകൾക്ക് പ്രത്യേകമായുള്ള കായിക മൽസരങ്ങളും വൈറൻസ് മീറ്റുകളും സംഘടിപ്പിക്കുക.

4 കായിക സംഘടനകൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങളും ഉപകരണങ്ങളും നൽകുക.

വനിത

ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള വനിതകളെ കലാ–സാഹിത്യ–സാംസ്കാരിക പ്രവർത്തനരംഗത്ത് പങ്കെടുപ്പിക്കേണ്ടത് നമ്മുടെ സാംസ്കാരിക മേഖലയുടെ വളർച്ചക്ക് ആവശ്യമാണ്

നിർദ്ദേശങ്ങൾ

1 വാർഡുകളിൽ ഒരു മഹിളാസമാജം സജീവമാക്കി അവയെ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളുടെ സംഘാടക കേന്ദ്രമാക്കി ഉയർത്തണം.

2 അംഗൻവാടികളും, മഹിളാ സമാജങ്ങളും സാക്ഷരതാ പ്രവർത്തനത്തിന്റെയും, സാമൂഹ്യസേവന പ്രവർത്തനത്തിന്റെയും കേന്ദ്രമാക്കി മാറ്റുക.

പൊതു നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് ആസ്ഥാനത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.

2 സാക്ഷരതാ പ്രവർത്തനങ്ങൾ പുനഃരുജ്ജീവിപ്പിക്കുകയും, ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

3 ഫിലിം സൊസൈറ്റി സംഘടിപ്പിച്ച് നല്ല സിനിമാ പ്രദർശനങ്ങൾ നടത്തുക.


4 ഇവിടത്തെ സാഹിത്യകാരന്മാരുടെ സാഹിത്യ സൃഷ്ടികളും പ്രസിദ്ധീകരിക്കാനുള്ള സൗകര്യങ്ങളും ഉണ്ടാക്കണം.

5 കോൽക്കളി, ചെറുമക്കളി, മലമുത്തൻമാരുടെ മൊട്ടൻകളി, ദഫ്മുട്ട്, ഞാറുപാട്ട് ആദിവാസി നൃത്തം, ഒപ്പന തുടങ്ങിയ നാടൻകലകളുടെ പഞ്ചായത്ത്തല മത്സരങ്ങളും സംഘടിപ്പിക്കുക.

6 വായനശാലകൾക്ക് കെട്ടിടം ഉണ്ടാക്കാനുള്ള ധനസഹായം നൽകുക.

ഇലക്ട്രോണിക് വിപ്ലവത്തിന്റെ ഭാഗമായി ലോകമാകെ ഇന്നൊരു ഗ്രാമമായി മാറിയിരിക്കുകയാണ്. നമ്മുടെ ഇലക്ട്രോണിക് മാധ്യമങ്ങളിൽ സാമ്രാജ്യത്വ ചൂഷണത്തിന്റെ സാംസ്കാരികാധിനിവേശ കേളികൊട്ടാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. മാധ്യമരംഗത്തിന്റെ ഇത്തരത്തിലുള്ള വെല്ലുവിളികളും തിരിച്ചറിഞ്ഞുകൊണ്ട്, അതിജീവിച്ചുകൊണ്ടല്ലാതെ നമ്മുടെ സമൂഹത്തിനു മുന്നോട്ട് പോകാൻ കഴിയില്ല.

ജനകീയ കൂട്ടായ്മയുടെ പുതിയ പരിശ്രമങ്ങളും നമ്മുടെ സാംസ്കാരിക മേഖലക്ക് പുതിയ ദിശാബോധം പകരുമെന്നും, സാമൂഹ്യ വളർച്ചയുടെ ചവിട്ടുപടികളാവുമെന്നും നാം പ്രത്യാശിക്കുക.



XIII
ടൂറിസം

ടൂറിസം വികസനത്തിന് മോശമല്ലാത്ത സാദ്ധ്യതകളുള്ള ഒരു ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. പ്രകൃതി മനോഹാരിതയും അദൃശ്യ സൗന്ദര്യവും നിറഞ്ഞൊഴുകുന്ന നമ്മുടെ കിഴക്കൻ മലവാരങ്ങളും വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ് ഇടതൂർന്നുകിടക്കുന്ന പച്ചിലക്കാടുകളും നിബിഡ വനങ്ങളും കാട്ടരുവികളും പാറക്കൂട്ടങ്ങളും വെള്ളച്ചാട്ടങ്ങളും ചക്രവാളങ്ങളെ തൊട്ടുരുമ്മിനിൽക്കുന്ന ഹരിതവനങ്ങളും മലമടക്കുകളും നമ്മുടെ പഞ്ചായത്തിന്റെ സവിശേഷ ദൃശ്യങ്ങളാണ്. കേരളത്തിലെ ടൂറിസം മേഖല കണ്ണുതുറക്കുകയാണെങ്കിൽ ചുരുങ്ങിയ ചെലവിൽ ഒട്ടേറെ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയുന്ന ഒരു മേഖലയാണിത്.

തമിഴ്നാട്ടിന്റെ തൊട്ടടുത്ത് കിടക്കുന്ന ഈ പ്രദേശത്തുനിന്ന് ഊട്ടിയിലേക്കും ഒരു നടപ്പാതയുള്ളതായി കാളികാവ് പഞ്ചായത്തിന്റെ രേഖയിൽ കാണുന്നു. അടക്കാകുണ്ട് ആർത്തല വഴി ഈ നടപ്പാതയിലൂടെ സഞ്ചരിച്ചാൽ തമിഴ് നാട്ടിന്റെ അതിർത്തി കടന്നു പോകാൻ കഴിയും. തൊട്ടപ്പുറത്തുള്ള ഇന്ത്യയിലെ ഏറ്റവും നല്ല വിനോദകേന്ദ്രങ്ങളിലൊന്നായ ഊട്ടിയിലേക്കുള്ള ഏറ്റവും കുറഞ്ഞ ദൂരമുള്ള വഴിയാണിതെന്ന് പറയപ്പെടുന്നു. നമ്മുടെ പൂർവ്വീകന്മാരായ കാരണവന്മാർ നായാട്ടിനായി ഇതു വഴിസഞ്ചരിച്ചിട്ടുണ്ട്. പണ്ടുകാലത്ത് ബ്രിട്ടീഷുകാർ സഞ്ചരിച്ചിരുന്ന വഴിയായിരുന്നുവത്രേ ഇത്. വഴിമദ്ധ്യേവനാന്തരത്തിൽപണ്ടുകാലത്ത് സായിപ്പന്മാർ സ്ഥാപിച്ച കുതിരപ്പന്തിയുടെ അവശിഷ്ടങ്ങളും ഉള്ളതായി പറയപ്പെടുന്നു ഈ വഴി വികസിപ്പിച്ചെടുക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും കേന്ദ്രസംസ്ഥാന ഗവൺമെന്റുകളും സാങ്കേതിക തടസ്സങ്ങളും നീക്കം ചെയ്തു കൊണ്ട് ഗതാഗത സൗകര്യമുണ്ടാക്കണം. അതുവഴി കേരളത്തിലെ വിനോദസഞ്ചാര ഭൂപടത്തിൽ കാളികാവിന് നിസ്തുലമായ ഒരുസ്ഥാനം ലഭിക്കും.

നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന കേന്ദ്രമാണ് ചോക്കാട് ഗിരിജൻ കോളനി. പ്രകൃതി രമണീയമായ ഒരു പ്രദേശത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ഇവിടത്തെ 60ഓളം കുടുംബങ്ങൾ ഒരു കാലത്ത് വനാന്തരങ്ങളിൽ കഴിഞ്ഞുകൂടിയ ആദിവാസികളുടെ പിൻമുറക്കാരാണ്. പഴയ ആചാരമര്യാദകളും ഒന്നും കൃത്യമായി അവർ പാലിക്കപ്പെടുന്നില്ല. പുറം ലോകവുമായി ദൈനംദിനബന്ധം ആരംഭിച്ചതോടെ അവരുടെ ജീവിതത്തിൽ വന്നമാറ്റം നമുക്ക് നേരിട്ടുകാണാം. 1976 കാലഘട്ടത്തിൽ ആരംഭിച്ച ഈ കോളനിയിൽ കോളനി നിവാസികളായ ആദിവാസികളും കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കിയ റബ്ബർ, തെങ്ങ്, മംബറി എന്നീ കൃഷികളും വലിയ വരുമാനമാർഗ്ഗമാണ്. പൊതുവെ മനോഹരമായ ഈ പ്രദേശം വിനോദസഞ്ചാരികളെ ആകർഷിക്കും. അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കുറെയൊക്കെ ഒരുക്കികൊടുക്കാൻ കഴിഞ്ഞാൽ ടൂറിസ്റ്റുകളെയും പഠനസംഘങ്ങളെയും ആകർഷിക്കുവാൻ കഴിയും. ഫലഭൂയിഷ്ടമായമണ്ണും നിബിഡമായ സക്കാർവനവും ഉയർന്നുനിൽക്കുന്ന കുന്നുകളും താഴ്വരകളും ഇവിടെ ധാരാളമായുണ്ട്.

നമ്മുടെ പഞ്ചായത്തിലെ കല്ലാമൂലക്കടുത്തവള്ളിപ്പുല—ചിങ്കക്കൽപ്രദേശം ഇതു പോലെ ആകർഷകമാണ്. കടുത്ത വേനലിൽ പോലും

വറാത്ത നീരുറവകളും ഉയർന്ന കുന്നിൻചരിവുകളും ഇവിടെ ധാരാളമുണ്ട്. കേരളത്തിന്റെ ഇതരമേഖലകളിൽ കാണാത്തമനോഹരദൃശ്യങ്ങളാണ് നമ്മുടെ പഞ്ചായത്തിന്റെ കിഴക്കുഭാഗം

അതു പോലെതന്നെ അടക്കാകുണ്ട് ചെങ്കോട് പ്രദേശം ജോമൗണ്ട് പോത്തൻകാട് പ്രദേശം 1000 ഏക്ര മലവാരം എന്നിവിടങ്ങളിൽ നിന്ന് കാണാൻ കഴിയുന്ന മനോഹരദൃശ്യങ്ങളും മറ്റുള്ള മേഖലയിലെ സന്ദർശകരെ കാണിക്കാൻ കഴിഞ്ഞാൽ വലിയ കാര്യമായിരുന്നു. അവിടങ്ങളിലെ മലമുകളിൽ നിന്നു നോക്കിയാൽ കാളികാവ് പഞ്ചായത്ത് മാത്രമല്ല വണ്ടൂർ കരുവാരകുണ്ട് അമരംമ്പലം പുന്നപ്പാ പഞ്ചായത്തുകളും കാണാൻ കഴിയും.

പുല്ലങ്കോട് എസ്റ്റേറ്റ് പണ്ട് മുതലേ ചെറിയതോതിൽ സന്ദർശകരുടെ ഒരു കേന്ദ്രമാണ്. സായിപ്പിന്റെ കുലത്തുണ്ടാക്കിയ എസ്റ്റേറ്റും ഫാക്ടറികളും പഴയബംഗ്ലാവുകളും പഴമയുടെ പ്രതാപത്തെ വിളിച്ചറിയിക്കുന്നതാണ്. 1000 കണക്കിന് ഏക്രയുള്ള പുല്ലങ്കോട് എസ്റ്റേറ്റ് പ്രദേശത്തെ പരമാവധി കാണാൻ സൗകര്യം കിട്ടുന്ന തരത്തിലാണ് എസ്റ്റേറ്റിലെ പ്രധാന ബംഗ്ലാവ് സ്ഥിതിചെയ്യുന്നത്. നയനമനോഹരമായ കാഴ്ചയാണ് ഇവിടെ നിന്ന് നോക്കിയാൽ കാണുക. അതുകൊണ്ടു തന്നെ നിരവധി സിനിമകളുടെ ഔട്ട് ഡോർ ഷൂട്ടിങ്ങ് ഇവിടെ നിന്ന് നടത്തീട്ടുണ്ട്. എസ്റ്റേറ്റ് ബംഗ്ലാവിന്റെ തൊട്ടടുത്തായി കളിമുറ്റം എന്ന ഒരു സ്ഥലമുണ്ട്. കുന്നിൻമുകളിലെ ആ നിരന്ന പ്രദേശത്ത് ഇപ്പോഴും ഹെലികോപ്റ്റർ ഇറങ്ങാൻ സൗകര്യമുണ്ട് അവിടെ നല്ല ശുദ്ധജലം എല്ലായിപ്പോഴും ലഭിക്കുന്നു എന്ന ഒരു പ്രത്യേകതയുണ്ട്.

ചുരുക്കിപറഞ്ഞാൽ വിനോദസഞ്ചാരികൾക്ക് കൗതുകം പകരുന്ന മനോഹര ദൃശ്യങ്ങളും കാണാൻ കഴിയുന്ന ഈപ്രദേശത്തേക്ക് സന്ദർശകരെ സ്വാഗതംചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. മുകളിൽപറഞ്ഞ സൗകര്യങ്ങളെശാസ്ത്രീയമായ രീതിയിൽ ഉപയോഗപ്പെടുത്തണം. അതിനായുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാൻ ഗൗരവമായ ചർച്ചകളും കൂട്ടായ തീരുമാനങ്ങളും ഉയർന്നുവരേണ്ടതാണ്.

പ്രശ്നങ്ങൾ

1. ഈ മേഖലയെ ഗൗരവമായി പരിഗണിക്കാത്തത്
2. ടൂറിസത്തെകുറിച്ച് ബോധവല്ക്കരണത്തിന്റെ അഭാവം
3. ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളെ അവഗണിക്കുന്നതുകൊണ്ട്

നിർദ്ദേശങ്ങൾ

1. കാളികാവ് ഗ്രാമപഞ്ചായത്തിന്റെ മലയോരപ്രദേശങ്ങളും ചോക്കാട് മലവാരം, വള്ളിപ്പുള മലവാരം, പുല്ലങ്കോട് എസ്റ്റേറ്റ് അടക്കാക്കുണ്ട് പ്രദേശം, ജോമൗണ്ട് പോത്തൻകാട് എന്നീ കേന്ദ്രങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളായി പരിഗണിക്കുക.
2. ഊട്ടി റോഡിന്റെ നിലവിലുള്ള പ്രൊപ്പോസൽ അംഗീകരിച്ച് പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കുക
3. ടൂറിസത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക.
4. ഈ മേഖലയെ സംബന്ധിച്ച് പഠനംനടത്താനായി പഠനസംഘങ്ങളെ നിയോഗിക്കുക
5. കാളികാവ് പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് മാപ് ശ്രൃഷ്ടിക്കുക.
6. ഈമേഖലകളിലുള്ള അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
7. ടൂറിസ്റ്റുകളെ ആകർഷിക്കാനാവശ്യമായ പ്രചരണം നടത്തുക.

സഹകരണ രംഗം

ലോകത്തിലെ ഏറ്റവും വലുതും കാര്യശേഷി ഉള്ളതുമായ സഹകരണ മേഖല യാണ് ഇന്ത്യയുടേത്. എന്നാൽ നമ്മുടെ പ ഞ്ചായത്തിൽ സഹകരണ മേഖലയുടെ വിപുല മായ സാധ്യതകളും വേണ്ടത്ര പ്രയോജനപ്പെട്ട ത്താൻ സാധിച്ചിട്ടില്ല. അരലക്ഷത്തിലധി കം ജനങ്ങളും മൂന്ന് വില്ലേജുകളും ഉള്ള ഈ പഞ്ചായത്തിൽ സഹകരണ മേഖലയുടെ വ്യാ പനത്തിലൂടെയും കാര്യശേഷി വർദ്ധിപ്പിക്കു ന്നതിലൂടെയും വലിയവളർച്ച കൈവരിക്കാൻ സാധിക്കും. കാളികാവിലെ സർവ്വീസ് സഹ കരണ ബാങ്ക്, കോ-ഓപ്പറേറ്റീവ് നിലമ്പൂർ അർബ്ബൻ ബാങ്കിന്റെ കാളികാവ് ശാഖ എ ന്നിവ ബാങ്കിംഗ് മേഖലയിലുള്ള രണ്ട് സ്ഥാ പനങ്ങളാണ്. മൂന്ന് ക്ഷീരോൽപ്പാദക സഹ കരണ സംഘങ്ങളും രണ്ട് റബ്ബർപാൽ സംഭര ണ സഹകരണ സംഘങ്ങളും പഞ്ചായത്തിലു ണ്ട്. രണ്ട് കോ-ഓപ്പറേറ്റീവ് സ്റ്റോറുകളും ഉണ്ട്. ഇപ്പോഴും പ്രവർത്തനം നിലച്ച തേനീ ച്ച കൃഷിക്കാരുടെ ഒരു സഹകരണ സംഘം ക്ഷയിച്ച് പോയ സംഘമാണ്.

കാളികാവ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

26-8-1975ന് റജിസ്റ്റർ ചെയ്ത് 25-9-1975ന് പ്രവർത്തനം ആരംഭിച്ച കാളികാ വ്സർവ്വീസ് സഹകരണ ബാങ്കാണ് കാളികാ വിലെ ആദ്യത്തേതും പ്രബലവുമായ സഹകര ണ സ്ഥാപനം. A. C. മോഹൻരാജ പ്രസി ഡൻറും, E. P. നാണിഹാജി, A. P. ബാപ്പു ഹാജി, K. T. അലവിക്കുട്ടി ഹാജി, (Late) K. S. A. മുത്തുകോയതങ്ങൾ എന്നിവർ ഡയറ ക്ടർമാരുമായി 5000 രൂപയുടെ ഷെയർ കാപ്പി റലുമായി പ്രവർത്തനം ആരംഭിച്ചു. ബാങ്ക് ഇ ന്ന് വലിയ വളർച്ച നേടിയിട്ടുണ്ട്. ഇന്ന് 5674 അംഗങ്ങൾ ഉണ്ട്. A. P. ബാപ്പുഹാജി പ്രസിഡണ്ടായ ഭരണസമിതിയാണ് ഇപ്പോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. ഒരു ഓഹരിക്ക് 10 രൂപ വിലയായ ബാങ്കിന് 11,10,00 രൂപയുടെ അംഗീകൃത മൂലധനവും 690236 രൂപയുടെ പിരിഞ്ഞു കിട്ടിയ മൂലധ നവും ഉണ്ട്. ബാങ്കിന്റെ സാമ്പത്തിക പ്രവർത്ത നങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. ബാങ്കി ലെ രേഖകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പട്ടിക.

പട്ടിക I

	പരമാവധി കടം എടുക്കാവുന്ന തുക	
സർക്കാർ ഓഹരി	ഹ്രസ്വകാലം	മദ്ധ്യകാലം
23990	25000	50000

പട്ടിക II

പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ	
സ്ഥിരം	ഹ്രസ്വം
5560455	6400414

IV വായ്പകളും സംബന്ധിച്ച വിവരങ്ങളും

കാർഷിക വായ്പകളും		കാർഷികേതരം	വിദ്യാഭ്യാസ ലോൺ	പണ്ടംപണയം
ഹ്രസ്വകാലം	ദീർഘകാലം			
2685976	974424	4882673	6980	821158

V കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ള വായ്പ

കാർഷികം	കാർഷികേതരം
1430223	434139

ജില്ലാ സഹകരണ ബാങ്കിൽ നിന്ന് ലഭിച്ച വായ്പ 793359

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ഇന്നത്തെ സ്ഥിതിയും സാധ്യതകളും പരിശോധിക്കുന്നതിനായാണ് ഇത്രയും വിശദമായി ഇത് പ്രതിപാദിച്ചത്.

1995ഏപ്രിൽ മുതൽ 1996 മാർച്ച് വരെ നൽകിയിട്ടുള്ള കാർഷികേതര ലോണുകളും 307. 65 ലക്ഷം രൂപയാണ്.

നിലമ്പൂർ കോ—ഓപ്പറേറ്റീവ് അർബൻ ബാങ്ക്

ഗവൺമെന്റിന്റെ ഗ്രാമവികസന പദ്ധതിയുടെ ഭാഗമായി ആണ് കോ ഓപ്പറേറ്റീവ് അർബ്ബൻ ബാങ്കുകളും രൂപീകൃതമായത്. നമ്മുടെ പഞ്ചായത്തിൽ നിലമ്പൂർ ആസ്ഥാനമായി നിലമ്പൂർ, വണ്ടൂർ ബ്ലോക്കുകളും പ്രവർത്തന പരിധിയായുള്ള നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ കാളികാവ് ശാഖയാണ് പ്രവർത്തിക്കുന്നത്. 1977 ലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ഓഹരിവില 25 രൂപയുള്ള ഈ ബാങ്കിൽ മെമ്പർമാർക്ക് മാത്രമാണ് ലോണുകളും ഉള്ളത്. കാർഷികേതര ലോണുകളാണ് കൊടുക്കുന്നത്.

ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ:-

മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് ക്ഷീര വികസന രംഗത്ത് നമ്മുടെ പഞ്ചായത്തിന് അതിവിപുലമായ സാധ്യതകളുണ്ട് എന്ന് മനസ്സിലാക്കുമ്പോഴാണ് ഇന്ന് ആ രംഗത്തുള്ള ദൗർബല്യങ്ങളും വ്യക്തമാകുക. തുടർന്നുള്ള നമ്മുടെ വികസന പ്രവർത്തനങ്ങളിൽ സത്വരമായ ശ്രദ്ധ ഈമേഖലയിൽ പതിയണം. മൂന്ന് ക്ഷീര സഹകരണ സംഘങ്ങളുടെയും പ്രവർത്തനത്തിന്റെ ഭാഗമായി സംഭരിക്കപ്പെടുന്ന പാലിന്റെ കണക്ക് താഴെ കൊടുക്കുന്നു.

13. 4 ക്ഷീരസഹകരണ സംഘം ആപ്കോസ് ഉൾപ്പെടെ അടക്കാക്കുണ്ട് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽതന്നെ വിൽക്കുന്നത്	പുറത്തേക്ക് അയക്കുന്നത്
120 ലിറ്റർ	35 ലിറ്റർ	85 ലിറ്റർ

ചോക്കാട് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽതന്നെ വിൽക്കുന്നത്	പുറത്തേക്ക് അയക്കുന്നത്
340 ലിറ്റർ [Per day]	215 ലിറ്റർ	125 ലിറ്റർ

അഞ്ചച്ചവടി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം

Year of Month		മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽതന്നെ വിൽക്കുന്നത്	പുറത്തേക്ക് അയക്കുന്നത്
95	ഒക്ടോബർ	6656.2	279.8	6376.4
	നവംബർ	7509.3	370.3	7139.0
	ഡിസംബർ	8035.1	581.4	7453.7
96	ജനുവരി	7481.2	700.9	6780.3
	ഫെബ്രുവരി	7133.2	776.7	6356.5
	മാർച്ച്	7036.0	1155.8	5880.2
	ഏപ്രിൽ	6216.7	1355.2	4861.5
	മെയ്	7089.3	868.8	6220.5
	ജൂൺ	7063.6	1115.8	5947.8
	ജൂലൈ	7410.0	1392.6	6017.4
	ഓഗസ്റ്റ്	7805.0	1534.0	6271.0
	സെപ്റ്റംബർ	8415.9	1302.6	7113.3
	ആകെ	87851.5	11433.9	76417.6

കോഓപ്പറേറീവ് സ്റ്റോറുകൾ

രണ്ട് കോഓപ്പറേറീവ് സ്റ്റോറുകളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പുല്ലങ്കോട് ആസ്ഥാനവും കാളികാവിൽ ബ്രാഞ്ചുമുള്ള ദി പുല്ലങ്കോട് കോഓപ്പറേറീവ് സ്റ്റോഴ്സ്, കാളികാവ് അങ്ങാടിയിലെ എംപ്ലോയീസ് കൺസ്യൂമർ കോഓപ്പറേറീവ് സ്റ്റോർ എന്നിവയാണത്.

ദി പുല്ലങ്കോട് കോഓപ്പറേറീവ് സ്റ്റോഴ്സ്:-

1951 സ്ഥാപിതമായ ഈ സ്ഥാപനത്തിന്റെ ഉദ്ദേശം നല്ലയിനം നിത്യോപയോഗസാധനങ്ങളും ന്യായമായ വിലയ്ക്ക് അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും നല്കുകയാണ്.

വില്പന നടത്തുന്ന സാധനങ്ങൾ :
ചലചരക്ക്, തുണി, പാദരക്ഷകൾ, സ്റ്റേഷനറി സാധനങ്ങൾ.

പ്രവർത്തന മേഖല :
2ഉം 1ഉം വാർഡുകളും ഒഴികെയുള്ള പ്രദേശം.

ബ്രാഞ്ച് : കാളികാവ്
തുണിമാത്രം വില്പനനടത്തുന്നു.

മെമ്പർമാർ :

1000 $\frac{3}{4}$ പുല്ലങ്കോട് എസ്റ്റേറ്റിലെ തൊഴിലാളികളാണ്.

ഭരണം :

അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രധിനിധികളും എസ്റ്റേറ്റ് പ്രധിനിധിയും അടങ്ങുന്ന ഭരണ സമിതി എസ്റ്റേറ്റ് പ്രധിനിധിയായ മാനേജരാണ് പ്രസിഡൻറ്.

ക്രെഡിറ്റ് സൗകര്യം :

എസ്റ്റേറ്റ് തൊഴിലാളികളും സർക്കാർ ജീവനക്കാരും ആയ മെമ്പർമാക്ക് ശമ്പള വിതരണ അതോറിറ്റിയുടെ ഉറപ്പിന്മേൽ ക്രെഡിറ്റ് സൗകര്യം നൽകി വരുന്നു.

മൂലധനം :

പുല്ലങ്കോട് എസ്റ്റേറ്റ് നല്കുന്ന പലിശ രഹിത സാമ്പത്തിക സഹായവും, തൊഴിലാളികളായ മെമ്പർമാരുടെ ശമ്പളത്തിൽ നിന്ന് പിരിച്ചെടുത്ത നൽകുന്ന സഹായം.

മറ്റുവിധത്തിലുള്ള പ്രവർത്തനങ്ങൾ	:	ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകൾ സംഘടിപ്പിക്കാറുണ്ട്,
ജീവനക്കാർ	:	7
വിറ്റുവരവ്	:	കഴിഞ്ഞരണ്ട് വർഷങ്ങളിൽ യഥാക്രമം 48ഉം 51ഉം ലക്ഷം രൂപ,

കാളികാവ് എംപ്ലോയീസ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ

1994ൽ ആരംഭിച്ച 132 അംഗങ്ങളുടെ സ്റ്റോർ പലചരക്ക്, സ്റ്റേഷനറി സാധനം വില്പന നടത്തുന്നു, പ്രതിവർഷ വിറ്റു വരവ് പത്ത്ലക്ഷം രൂപയാണ്.

K. V. കൃഷ്ണൻകുട്ടി പ്രസിഡണ്ട്, P.M. ജയദേവൻ സെക്രട്ടറി. ചന്തകുന്നിലെ ഹൗസിംഗ് സഹകരണ സംഘം ഈ പ്രദേശത്ത് 6,38000 രൂപയുടെ വായ്പ നല്കിയിട്ടുണ്ട്.

ഉദിരംപൊയിൽ റെഡിമെയ്ഡ് തുണിത്തരങ്ങൾ നിർമ്മിച്ചു വില്പന നടത്തുന്ന വനിതകളുടെ മാത്രമായ 'വുമൺസ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി' എന്ന സഹകരണ സ്ഥാപനം എടുത്തു പറയേണ്ട ഒന്നാണ്.

കൽക്കളം ഗിരിജൻ സൊസൈറ്റിയുടെ കീഴിൽപ്പെടുന്ന ചോക്കാട് ഗിരിജൻ കോളനി ഭാഗത്ത് ആ സംഘത്തിൻറെ നിരവധി ആനുകൂല്യങ്ങൾ ഗിരിജന കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ട്.

സഹകരണ ബാങ്കിൻറെ ആഭിമുഖ്യത്തിൽ ഓണച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ സംഘടിപ്പിച്ച് പഞ്ചായത്ത് മേഖലയിലെ കശുവണ്ടി സംഭരിക്കുന്നതിനുള്ള സഹകര്യങ്ങൾ ബാങ്ക് ഏർപ്പെടുത്തുന്നു.

സഹകരണ മേഖലയെ ശക്തിപ്പെടുത്തുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും വൈവിധ്യവൽക്കരിക്കയും ചെയ്യേണ്ടത് നമ്മുടെ നാടിൻറെ വികസനത്തിൻറെ പ്രധാന പടിയാണ്. ആ രീതിയിൽ സഹകരണ മേഖലയിൽ ഇടപെട്ടാൻ നമ്മുടെജനങ്ങൾക്ക് സാധിക്കണം.

പ്രധാന പ്രശ്നങ്ങൾ

1 കാളികാവ് സർവ്വീസ് സഹകരണ ബാങ്കിൻറെ പ്രവർത്തനം വിപുലീകരിക്കാത്തത്.

2 സഹകരണ മേഖലയുടെ പ്രസക്തിയും സാദ്ധ്യതയും ജനങ്ങൾക്ക് വേണ്ടത്ര മനസ്സിലാക്കാത്തതിൻറെ പ്രശ്നങ്ങൾ.

3 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ട്

4 സേവനരംഗത്തേക്കും, ചെറുകിട വ്യവസായരംഗത്തെക്കും സഹകരണ മേഖലയുടെ പ്രവർത്തനം വ്യാപിക്കാൻ കഴിയാത്തത്.

പ്രധാനനിർദ്ദേശങ്ങൾ

1 കാളികാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകളും ചോക്കാട്, പൂങ്ങോട് എന്നിവിടങ്ങളിൽ ആരംഭിക്കേണം.

2 കാളികാവിൽ സഹകരണ മെഡിക്കൽ സ്റ്റോർ ആരംഭിക്കണം.

3 ചോക്കാട്, കാളികാവ് ജംഗ്ഷൻ, അഞ്ചച്ചവിടി, അടക്കാകുണ്ട്, പൂങ്ങോട് എന്നിവിടങ്ങളിൽ സഹകരണ സ്റ്റോർ ആരംഭിക്കണം.

4 കടിൽ വ്യവസായം യൂണിറ്റുകൾക്ക് അസംസ്കൃത സാധനങ്ങളും എത്തിച്ചുകൊടുക്കുന്നതിനും ഉൽപന്നങ്ങളും വിപണനം നടത്തുന്നത് ഏറ്റെടുക്കുന്നതിനും സഹകരണ സംഘം ആരംഭിക്കുക.

5 ഇഷ്ടികനിർമ്മാണ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കുക.

6 റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളും എത്തിച്ചുകൊടുക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണ സംഘം രൂപീകരിക്കുക.

7 വിവിധ പ്രദേശങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിക്കുക.

8 വനിതാസഹകരണബാങ്ക് ആരംഭിക്കണം

9 റബർ പാൽ സംഭരിക്കുന്നതിനും ഗ്രേഡ് 1 ഷീറ്റ് നിർമ്മാണം നടത്തുന്നതിനും കഴിയുന്ന തരത്തിൽ റബർ പാൽ സംഭരണസഹകരണ സംഘങ്ങൾ വേണം.

10 പച്ചക്കറി സംഭരണ സഹകരണ സംഘം ആരംഭിക്കണം.

11 കുറഞ്ഞമുതൽമുടക്കുള്ള കൃഷി, ഔഷധസസ്യകൃഷി എന്നിവക്ക് ചെടിതൈകളും എത്തിച്ചു കൊടുക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണസംഘം ആരംഭിക്കണം.

12 വീട് നിർമ്മാണ രംഗത്ത് പ്രവർത്തിക്കാൻ കഴിയുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുക, വീട് നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുക-അതുപയോഗിച്ച് വീട് നിർമ്മിക്കുന്നതിനാവശ്യമായ സഹായം ചെയ്യാൻ ശ്രമിക്കുക.

പ്രകൃതി നിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞത
കൊണ്ടോ ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്

ഗാന്ധിജി



XV

കാളികാവ് ഗ്രാമ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം.

വികസന റിപ്പോർട്ട്

(വാർഡ് 1 മുതൽ 15 വരെ)

കേരളത്തിലെ പിന്നോക്ക ജില്ലയായ മലപ്പുറത്ത് ഏറെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കാളികാവ്. ഈ ഗ്രാമ പഞ്ചായത്തിലെ ഹരിജന ഗിരിജന വിഭാഗങ്ങൾ ആരുടേയും അനുകമ്പ പിടിച്ചുപറ്റുന്ന ഒരു ജനവിഭാഗമാണ്. മൂന്നു വില്ലേജുകളിലുൾപ്പെട്ട ഈ പഞ്ചായത്തിൽ ഏകദേശം 41 ഹരിജൻ കോളനികളും 7 ഗിരിജൻ കോളനികളും ഉണ്ട്. 1140 ഹരിജൻ കുടുംബങ്ങളിലായി 6590 പേരും 104 ഗിരിജൻ കുടുംബങ്ങളിലായി 548 പേരും ഈ പഞ്ചായത്തിൽ ഉണ്ട്. അജ്ഞതയും അന്ധവിശ്വാസവുമാണ് ഇന്നും ഈ '' പയ്ക്കളിൽ പാവങ്ങളെ '' നയിക്കുന്നതെന്നത് പരിഷ്കൃത ജനതയ്ക്കാകെ ലജ്ജാകരമാണ്. കായികാദ്ധ്വാനം മാത്രം കൈമുതലായുള്ള ഇവർ തട്ടിലും മുട്ടിലും മുന്നിലും ഊട്ടിലും പാട്ടിലും പിന്നിലുമാണ്.

വൃത്തിവെടിപ്പില്ലാത്തവർ ബുദ്ധിസാമർത്ഥ്യങ്ങളില്ലാത്തവർ എന്നെല്ലാം മറ്റുള്ളവരാൽ വിധിക്കപ്പെട്ട ഈ അധസ്ഥിതർ തമ്മിൽ തമ്മിൽപോലും അകലം പാലിക്കുന്ന ആചാരാനുഷ്ഠാനങ്ങൾക്കുടമകളാണ്. അന്യരുടെ അധീനതയിലല്ലാതെ ജീവിക്കാൻ കഴിയാത്ത ഇവർ സമൂഹത്തിന്റെ താഴ്ന്നതലത്തിൽതന്നെയിന്നും കഴിഞ്ഞുകൂടുന്നു. എല്ലാസംചരടും മന്ത്രവും മദ്യവും ഒന്നുചേർന്നു മരവിപ്പിച്ച മനസ്സുള്ള ഇവരിൽ ബഹുഭ്രൂരിപക്ഷവും കൂലിയടിമകളാണ്. ബഹുഭ്രൂരിപക്ഷവും നിരക്ഷരരാണ്. പുരുഷൻമ്മാർ കുടുംബസംരക്ഷണത്തിൽ വിമുഖരാണ്. അവർക്ക് കിട്ടുന്ന കൂലിയിൽ 90% മദ്യത്തിനും മയക്കുമരുന്നിനും ചെലവഴിക്കുന്നു. പാവം സ്ത്രീകളിലാണ് കുടുംബഭാരം. സാമൂഹ്യ ചലനങ്ങളിൽനിന്നെല്ലാംഇക്കൂട്ടർ നിർമ്മലരായി വിട്ടുനിൽക്കുന്നു അജ്ഞതകൊണ്ട് സർക്കാർമേഖലയിൽ നിന്നും ലഭിക്കേണ്ട അർഹമായ ആനുകൂല്യങ്ങൾപോലും നേടിയെടുക്കാൻ ഇവർക്കു കഴിയാതെ പോകുന്നു.

ആരോഗ്യം:-

ഹരിജൻ ഗിരിജൻ വിഭാഗങ്ങളുടെ ജനസംഖ്യ വളരെവേഗം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇവരുടെ ജീവിത സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. താരതമ്യേന ആരോഗ്യഹീനരാണ്. ആയുർദൈർഘ്യം വളരെ കുറവാണ്. പ്രത്യേകിച്ചും പുരുഷന്മാർക്ക്. പോഷകാഹാരക്കുറവ് ലഹരിപദാർത്ഥങ്ങളുടെ അമിത ഉപയോഗം വാസയോഗ്യമല്ലാത്ത വീടുകൾ, ശുദ്ധജല ദൗർലഭ്യം, കക്കൂസ് ഇല്ലായ്മ, വൃത്തിഹീനമായ ചുറ്റുപാട് ഇതെല്ലാം ഇവരെ ആരോഗ്യഹീനരാക്കുന്നു.

തൊഴിൽ:-

ബഹുഭൂരിപക്ഷവും കർഷകത്തൊഴിലാളികളാണ്. വേതനം വളരെക്കുറവാണ്. പഞ്ചായത്തിൽ മൊത്തം ഏകീകൃത കൂലിനിരക്കില്ല. ഇക്കൂട്ടർക്ക് സ്ഥിരമായി ജോലിക്ക് സാദ്ധ്യതകുറവാണ്. പാടങ്ങളും പറമ്പുകളും തോട്ടമായി മാറുന്നതിനാൽ തൊഴിലില്ലായ്മ വർദ്ധിക്കുന്നു. കെട്ടിടനിർമ്മാണ മേഖലയിൽ ഏതാണും പേർ പണിയെടുക്കുന്നു. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പറയർ വിഭാഗത്തിനു കുട്ട, മുറം പനമ്പ് നിർമ്മാണത്തിനാവശ്യമായ മുള, ഈറ ലഭിക്കാൻ വൈഷമ്യം നേരിടുന്നു. അപൂർവ്വമായി ടാപ്പിങ്ങ് ജോലിയിലേർപ്പെട്ടിരിക്കുന്ന വർക്കും സ്ഥിരം ജോലിയില്ല. ഏതാണും ചിലർ നാടൻ ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്കും വരുമാനം കുറവാണ്. സ്വന്തമായി കൃഷി ചെയ്യുന്നവരോ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരോ വിരളമാണ്. ചുരുക്കത്തിൽ സാമ്പത്തികാടിത്തറയില്ലാത്തവരാണ് ഈ പഞ്ചായത്തിലെ മുഴുവൻ ഹരിജന ഗിരിജന വിഭാഗങ്ങളും.

വിദ്യാഭ്യാസം:-

വിദ്യാഭ്യാസ രംഗത്ത് വളരെപിന്നിലാണ് ഗിരിജനങ്ങളിൽ രണ്ടു പേർ മാത്രമേ S S L C പാസ്സായിട്ടുള്ളു. ഹരിജനങ്ങളിൽ ഏതാണും പേർ S S L C പാസ്സായിട്ടുണ്ട്. സ്കൂളിൽ ചേരുന്നവരിൽ 90% പേരും ഹൈസ്കൂളിൽ പ്രവേശിക്കാതെ പ്രൈമറി തലത്തിൽ തന്നെ കൊഴിഞ്ഞു പോകുന്നു. തൊഴിൽപരമായ പരിശീലനം നേടിയവരും ഇല്ല. രക്ഷിതാക്കളുടെ അജ്ഞതയാണ് ഇതിനു കാരണമെങ്കിലും പൊതുപരിതസ്ഥിതി പ്രേരകമായിട്ടുണ്ട്. ഈ മേഖലയിൽ ബാലവാടികളും ഇല്ല. 2 ഡോക്ടർമാരുണ്ട്. 1. ശ്രീരാമൻ ഡോക്ടർ 2. ഡോ വാസു. പോലീസ് സേനയിലും 4 പേർ ഉണ്ട്.

സാംസ്കാരികം:-

ഈ മേഖലയിൽ വായന ശാലകളോ കലാകായിക ക്ലബ്ബുകളോ പ്രവർത്തിക്കുന്നില്ല. ചോക്കാട് ഗിരിജൻകോളനിയിൽ ഒരു അംഗീകൃത ക്ലബ്ബുണ്ടായിരുന്നു. അതിന്റെ പ്രവർത്തനം നിലച്ചുപോട്ടാണ്. അതുപോലെ ഉണ്ടായിരുന്ന വായനശാല മറ്റെവിടെയോ പുതിയ വായനശാല തുറക്കുന്നതിലേക്ക് ടൈബൽ ഡിപ്പാർട്ടുമെൻറ് ഒഴിച്ചുകൊണ്ടുപോയി. സാക്ഷരതാ പ്രവർത്തനവും ഇപ്പോഴും നടക്കുന്നില്ല.

ഗതാഗതം:—

ഹരിജൻ ഗിരിജൻ കോളനികളും ഉൾപ്രദേശങ്ങളിലാണ് അധികം സ്ഥിതിചെയ്യുന്നത്. അവിടേക്ക് റോഡുകളും മറ്റു സൗകര്യങ്ങളും പരിമിതമാണ്. ചില സ്ഥലങ്ങളിൽ ഉള്ള സൗകര്യം വിപുലീകരിക്കുന്നതിനാവശ്യമായ നടപടികളും സാങ്കേതികകാരണം പറഞ്ഞു തടഞ്ഞുവെയ്ക്കുന്ന സ്ഥിതി വിശേഷവുമുണ്ട്. റോഡ് സൗകര്യം ഇല്ലാത്ത കോളനികളും ഉണ്ട്. മിക്ക വാർഡിലും ഉള്ള റോഡുകളും ഗതാഗതയോഗ്യമല്ല. റോഡില്ലാത്ത മേഖലയിൽ പുതിയ റോഡുകൾനിർമ്മിക്കേണ്ടിയിരിക്കുന്നു. കൂടാതെ ആവശ്യമായ വാഹന സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തിരമായി വേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1 ജനങ്ങളെ ബോധവൽക്കരിക്കുക.

a) അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ

b) മദ്യത്തിനും ലഹരിപദാർഥങ്ങൾക്കും എതിരെ

c) സാക്ഷരരാകുന്നതിനും കുട്ടികളെ സ്കൂളിൽ അയക്കുന്നതിനും

d) ബാല്യകാല വിവാഹത്തിനെതിരെ

e) തൊഴിൽ പരിശീലനം (കൃഷി, കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, കുടിൽവ്യവസായം....)

f) ആരോഗ്യ പരിപാലനം (വ്യക്തിശുചിത്വം, പരിസര ശുചീകരണം, പോഷകാഹാരം....)

2 മാടമ്പം (വാർഡ്14) പരുത്തിപ്പാറ (വാർഡ്1) എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ തുറക്കുക.

3 ബാലവാടികൾ ഇല്ലാത്ത മേഖലകളിൽ പുതിയവ തുറക്കുക.

4 കോളനികൾ കേന്ദ്രീകരിച്ച് വായന ശാലകളും കലാകായിക ക്ലബുകളും സ്ഥാപിക്കുക.

5 എല്ലാ കോളനികളിലും കുടിവെള്ളം എത്തിക്കുക.

6 വീടില്ലാത്തവർക്ക് വീടുനിർമ്മിക്കുന്നതിനാവശ്യമായ നടപടിസ്വീകരിക്കുക. വാസയോഗ്യമല്ലാത്തവ പുതുക്കിപ്പണിയുക.

7 കക്കൂസുകൾ എല്ലാ വീടിനും നിർമ്മിച്ചു നൽകുക.

8 വൈദ്യുതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുകയും കോളനികളിൽവൈദ്യുതി എത്തിക്കുകയും ചെയ്യുക.

9 ഗതാഗത സൗകര്യംലഭ്യമാക്കുക

10 റേഷൻ കാർഡ് ഇല്ലാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുക.

11 വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, അഗതികൾക്കുള്ള പെൻഷൻ, വികലാംഗപെൻഷൻ എന്നിവ അർഹരായവർക്ക് അനുവദിക്കുക

12 അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ വിത്തും വളവും വിദഗ്ദ്ധോപദേശവും ലഭ്യമാക്കുക.

13 ചോക്കാട് ഗിരിജൻ കോളനി ആശ്രുപത്രി കെട്ടിടം ഉടൻ തുറന്നു പ്രവർത്തനം ആരംഭിക്കുക.

14 തൊഴിൽ പരിശീലനം യുവതീയുവാക്കൾക്ക് നൽകുക.

15 2–ാം വാർഡിലെ 45 ഏക്കറിനുമുകളിൽ കോട്ടപ്പുഴയിൽ ചെക്ക് ഡാം നിർമ്മിച്ച് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കി ഒപടയന്താൾ, ചോക്കാട്, മരുതംകാട്, കല്ലാമൂല, പുല്ലങ്കോട്, മമ്പാട്ടുമൂല എന്നിവിടങ്ങളിലേക്ക് എത്തിച്ചുകൊടുക്കുക.

16 ഹരിജൻ കോ–ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുക

17 അർഹരായവർക്ക് മിച്ചഭൂമി ലഭ്യമാക്കുക

18 മരുതംകാട്ടുള്ള റീ സർവ്വേ തടസ്സം നീക്കുക.

19 ചോക്കാട് ഗിരിജൻ കോളനി നിവാസികൾക്ക് അവരുടെ പേരിലുള്ള ഭൂമി ലഭ്യമാക്കുക.

20 ചോക്കാട് ഗിരിജൻ കോളനിയിലേക്ക് യാത്രാ സൗകര്യം ലഭ്യമാക്കുക.

21 കന്നുകാലി വളർത്തൽ, കോഴി വളർത്തൽ എന്നിവക്ക് ലോണുകൾ അനുവദിക്കുക.

XVI

വിഭവ സമാഹരണം

വിശാലമായ കാളികാവ് ഗ്രാമപഞ്ചായത്തിൽ വികസനമേഖലകളിൽ ഒട്ടനവധി പ്രശ്നങ്ങളും നിലവിലുണ്ട്. നാനാവിധങ്ങളായ അത്തരത്തിലുള്ള പ്രതിസന്ധികളും മറികടന്ന്, മുന്നോട്ടുപോകാൻ വിഭവസമാഹരണ രംഗത്ത് ബോധപൂർവ്വമായ ഒരു കാഴ്ചപ്പാട് അനിവാര്യമാണ്.

പ്രധാനമായും നമ്മുടെ ഗ്രാമ പഞ്ചായത്തിൽ കേരളത്തിന്റെ ഇതരമേഖലയിലെന്ന പോലെ കാർഷിക മേഖലയിലെ മുരടിപ്പും വ്യവസായിക മേഖലയിലെ നിശ്ചലാവസ്ഥയുമാണ് പ്രധാന പ്രശ്നം. വൻകിട വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും നാമമാത്രമായി മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ. വിശാലമായിരുന്ന കാർഷിക മേഖല ചുരുങ്ങിക്കൊണ്ടിരിക്കുന്നു. വിഭവസമാഹരണത്തിനുള്ള പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറന്നു കൊണ്ടല്ലാതെ നിലവിലുള്ള പ്രതിസന്ധികളിൽ നിന്ന് കരകയറാനാവില്ല.

മേൽപറഞ്ഞ രംഗത്തേക്ക് പുതിയ ആളുകൾ കടന്നുവരാതിരിക്കാൻ ഒട്ടനവധി കാരണങ്ങളുണ്ട്. വൈദ്യുതി പ്രതിസന്ധി, നിയമാനുസൃതമായ ലൈസൻസ് ലഭിക്കാനുള്ള തടസ്സങ്ങൾ, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിന്റെ അഭാവം, വൈദഗ്ധ്യ കുറവ് പരിചയകുറവ് തുടങ്ങി നിരവധി പ്രശ്നങ്ങൾ വ്യാവസായിക മേഖല അനുഭവിക്കുമ്പോൾ, കാർഷികമേഖലകളിൽ നിലവിലുള്ള സമ്പ്രദായത്തിന്റെ വൈകല്യങ്ങൾ പ്രശ്നങ്ങളുണ്ടാക്കുന്നു. കൃഷിഇറക്കുന്നത് ആദായകരമല്ല. തൊഴിലാളികളെ സമയത്തിന് കിട്ടാനില്ല. വിത്ത്, വളം, കീടനാശിനി കാർഷികോപകരണങ്ങൾ, തുടങ്ങിയവയുടെ വിലവർദ്ധനവ്, ശാസ്ത്രീയമായ കൃഷിരീതികൾ തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ കാർഷിക മേഖലയിലെ മുരടിപ്പിന്ന് കാരണമാകുന്നു.

ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് കുറെയൊക്കെ പരിഹാരം കണ്ടുകൊണ്ടുമാത്രമേ വിഭവസമാഹരണ രംഗം സജീവമാക്കാനാവൂ. ഈ മേഖല വരും കാലത്ത് സജീവമായ പരിഗണനക്ക് വിധേയമാക്കണം. ലക്ഷ്യബോധത്തോടെയുള്ള ഒരു കാഴ്ചപ്പാട് നമുക്കുണ്ടാവേണ്ടതുണ്ട്. അധികാരം ജനങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുന്ന ഈപുതിയ സാഹചര്യത്തിൽ കാർഷിക വ്യാവസായിക മേഖലകളിൽ ആധികാരികമായ ഒരു മേൽനോട്ടാധികാരവും ഇടപെടലിനുള്ള സൗകര്യവും ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകണം.

ഇന്ന് നമ്മുടെ പഞ്ചായത്തിലെ പ്രധാനവിഭവങ്ങൾ, പഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ, സർക്കാർ ഗ്രാന്റ്, സ്റ്റാമ്പ് ഡ്യൂട്ടി, ഉപാധിരഹിത ഫണ്ട്, JRY Rent, UTC ഗ്രാന്റ്, VRM ഗ്രാന്റ് തുടങ്ങിയവയാണ്. ഇവ പലതും ലഭിക്കാൻ ഭരണപരവും രാഷ്ട്രീയവുമായ സ്വാധീനവും ഇടപെടലും പലപ്പോഴും വേണ്ടിവരുന്നു. തന്നെയുമല്ല UTC ഗ്രാന്റ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ലഭിക്കുന്നതു തന്നെ വർഷങ്ങൾ കഴിഞ്ഞാണ്. അതാത് കാലഘട്ടങ്ങളിൽ പഞ്ചായത്തുകളെ ഏല്പിക്കാതെ വരുന്നതുകൊണ്ട് കാല താമസത്തിന്റെ ഭാഗമായി മൂല്യ ചോർച്ച സംഭവിക്കുകയും ഉദ്ദേശിച്ചപോലെ വികസന പ്രവർത്തനത്തി

ന്ന് വിനിയോഗിക്കാൻ കഴിയാതെയും വരുന്നു. ഗ്രാൻറ്കളുടെ നീതിപൂർവ്വമായ വിതരണം വേണ്ടത്ര ലഭിക്കുന്നില്ല. ജനസംഖ്യ, ദുർബല വിഭാഗത്തിന്റെ എണ്ണം, പട്ടികജാതി, പട്ടിക വർഗ്ഗങ്ങളുടെ എണ്ണം, പിന്നോക്കാവസ്ഥ എന്നിവ കൂടി ഈ സമയത്ത് പരിഗണിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കാർഷികമേഖലയിൽ കൂലിപ്പണിയെടുത്തായിരുന്ന അധികം പേരും ജോലിചെയ്തു വന്നിരുന്നത്. എന്നാൽ ഈ അടുത്തകാലത്തായി കാർഷികേതര മേഖലകളിലേക്ക് തൊഴിലാളികളുടെ പ്രവാഹം തുടങ്ങിയിരിക്കുന്നു. കാർഷിക മേഖലയിൽ നിലനിൽക്കുന്ന കൂലിയേക്കാളും ഉയർന്ന സൗകര്യങ്ങളും വേതനവും ലഭിക്കുന്നു എന്നതാണ് പ്രധാന കാരണം. വലിയൊരുവിഭാഗം തൊഴിലാളികളും നിർമ്മാണരംഗത്തേക്ക് കടന്നു വന്നിരിക്കുന്നു. പ്രത്യേകിച്ച് കെട്ടിട നിർമ്മാണ രംഗത്തേക്ക്. പലരും ആ രംഗത്തെ വിദഗ്ധ തൊഴിലാളികളായി മാറിയിരിക്കുന്നു. അതുവഴി കാർഷികമേഖലയിൽ പണിയെടുത്തിരുന്ന കാലത്തെയപേക്ഷിച്ച് ജീവിത നിലവാരത്തിൽ മാറ്റം ഉണ്ടായിട്ടുണ്ട്.

തൊഴിലാളി കുടുംബങ്ങളിൽ നിന്നും, കർഷക കുടുംബങ്ങളിൽ നിന്നും, ഇടത്തരക്കാരിൽനിന്നും, മറ്റു ഉദ്യോഗസ്ഥ വിഭാഗങ്ങളിൽ നിന്നുമായി നിരവധിപേർ ഗൾഫ് മേഖലകളിലേക്ക് ജോലി ആവശ്യത്തിനായി പോയിട്ടുണ്ട്. ഗൾഫിലേക്ക് ജോലിക്കായിപോകുന്നവരുടെ തോത് മുൻകാലങ്ങളെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽ കൂടുതലായി വർദ്ധിക്കുന്നില്ല. തുടക്കത്തിലുള്ളതുപോലെ ഗൾഫ് മേഖലയിൽ നിന്നുള്ള പണം വരവ് ഇപ്പോൾ പ്രകടമാകുന്നില്ല. ആ മേഖലയിൽ വന്ന മാറ്റം നമ്മുടെ ധനാഗമനമാർഗ്ഗങ്ങളെ സാരമായി ബാധിക്കുന്നതാണ്.

ഗൾഫ് മേഖലയിലെ ജോലിക്കാരുടെ കണക്ക്

Ward:	1	2	3	4	5	6	7
Nos:	28	15	19	25	30	20	26

Ward:	8	9	10	11	12	13	14	15
Nos:	40	30	27	31	27	26	41	29

പുല്ലങ്കോട് റബ്ബർ എസ്റ്റേറ്റ് ഫാക്ടറി യെപോലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന നാനാവിധ നികുതികളുടക്കം തനത്വരുമാനങ്ങളും പല രംഗത്തുനിന്നും നമുക്ക്ലഭിക്കുന്നു. കെട്ടിടനികുതി, വിനോദ നികുതി, തൊഴിൽനികുതി എന്നിവയും ലൈസൻസ് ഫീസ്, ലാൻറ് സെസ്, ലീസ്, ചന്ത, ജനന/മരണ ഫീ എന്നിവയും ഉപാധി രഹിതഫണ്ട് (SCP, T S P, ജനറൽ) J R Y ഗ്രാൻറ്, സ്റ്റാമ്പ് ഡ്യൂട്ടി തുടങ്ങിയവയുമുണ്ട്.

കച്ചവട സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ്ഫീ ലഭിക്കുന്നുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ പഞ്ചായത്തിന് ആ രംഗത്തുനിന്ന് ലഭിക്കേണ്ട നികുതിയുടെ 50% മാത്രമാണിത്. കച്ചവടക്കാർ പഞ്ചായത്തിലേക്ക് നികുതികൊടുക്കേണ്ടവരാണ് എന്ന ബോധം വളർന്ന് വന്നിട്ടില്ല. ലോണ് എടുക്കുന്ന സമയത്തോ മറ്റോ അവർക്ക് ലൈസൻസ് വേണമെന്ന് തോന്നുമ്പോൾ മാത്രം കച്ചവട നികുതി അടക്കുന്നവരാണ് ഈ മേഖലയിലെ കുറേപ്പേർ. നമ്മുടെ വികസന പ്രവർത്തനത്തിൽ തങ്ങളുടെ പങ്കു നിർവ്വഹിക്കുന്നു എന്ന ബോധത്തോടെയല്ല നികുതി നൽകുന്നവരിലധികവും. പഞ്ചായത്ത് വികസന സമിതിക്കും, വാർഡ്തല വികസന സമിതികൾക്കും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കുറേയൊക്കെ സഹായിക്കാൻ കഴിയും. പഞ്ചായത്തിലെ ജനങ്ങളുടെ വികസന പ്രവർത്തനം നടത്തണം എന്ന പൊതുതാല്പര്യത്തെ മുൻനിർത്തി ബോധവൽക്കരണം ഈ രംഗത്തും നടത്തേണ്ടതുണ്ട്.

കെട്ടിട നികുതി

കെട്ടിട നികുതി ചുമത്തുന്നതിനെ കുറിച്ച് ഒട്ടനവധി തെറ്റായ ധാരണകളും നിലവിലുണ്ട്. തികച്ചും അശാസ്ത്രീയമായ ചില നടപടികളുടെ ഭാഗമായി ജനങ്ങൾക്കിടയിൽ വളർന്നു വരുന്ന ധാരണകളാണിത്. തറ വി

സ്ഥീർണ്ണം മാത്രം കണക്കിലെടുത്താൽ പോരാ. നിർമ്മാണ രംഗത്തെ ആഡംബരം, വിലക്കൂടുതലുള്ള വസ്തുക്കളുടെ ഉപയോഗം, മൊത്തം ഉപയോഗിച്ച തുക എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തണം. നികുതി നിശ്ചയിക്കുന്നതിനുപയോഗിക്കുന്ന മാനദണ്ഡം വ്യക്തമായി കെട്ടിട ഉടമയെ ബോധ്യപ്പെടുത്തണം. ഏകപക്ഷീയമായി ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ നികുതി തിട്ടപ്പെടുത്തുമ്പോൾ അപാകതകൾ സ്വാഭാവികമായി ഉണ്ടാകാനിടയുണ്ട്. അതിനൊരു പരിഹാരം കാണാൻ സ്റ്റാൻറിംഗ് കമ്മറിയോ അല്ലെങ്കിൽ ബോർഡ് നിശ്ചയിക്കുന്ന അസസ്മെൻറ് കമ്മറിയോ നികുതി നിശ്ചയിക്കുന്നത് ഉചിതമായിരിക്കും. അസസ്മെൻറിൽ വരാനിടയുള്ള പാകപ്പിഴകൾ സംബന്ധിച്ച് പരാതിനല്കാൻ കെട്ടിട ഉടമകൾക്ക് അവസരം വേണം. പരാതികൾ ലഭിക്കുന്ന മുറക്ക് അവ പരിശോധിക്കാനും അനിവാര്യമായ പരിഹാരമുണ്ടാക്കാനും കാലതാമസം ഉണ്ടായിക്കൂടാ.

നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസവും കർക്കശമായ നടപടികളുടെ അഭാവവും നികുതി കുടിശ്ശിക വരുത്താനിടയാക്കുന്നു. ഓരോ വാർഡിലും വാർഡ്തല വികസന സമിതികളുടെ സഹകരണത്തോടെ മുൻകൂട്ടി വിവരം കൊടുത്ത് നിശ്ചിത കേന്ദ്രത്തിൽ വെച്ച് നികുതി പിരിച്ചെടുക്കാൻ പരിപാടി സംഘടിപ്പിച്ചാൽ ഓരോ വാർഡിലും പ്രത്യേകം ശ്രദ്ധിക്കാൻ കഴിയും.

തൊഴിൽനികുതി

പഞ്ചായത്തിലെ തൊഴിലെടുക്കുകയും, വേതനം പറ്റുകയും ചെയ്യുന്ന മുഴുവൻതൊഴിലാളികളും തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ പ്രധാന വ്യവസായ കേന്ദ്രത്തിലേയും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയും എയ്ഡഡ് സ്കൂളുകളിലേയും ജീവനക്കാർ മാത്രമാണ് ഒരുവിധം കൃത്യമായി തൊഴിൽ നികുതി നൽകിവരുന്നത്. ഇതര മേഖലകളിൽ തൊഴിലെടുക്കുന്നവരുമാനമുള്ള നല്ല ഒരുവിഭാഗം ആളുകൾ തൊഴിൽ നികുതി കൊടുക്കാൻ സ്വമേധയാമുന്നോട്ടുവരുന്നില്ല. നിലവിലുള്ള പഞ്ചായത്തിൻെറ യാതൊരു രേഖയിലും അവർ തൊഴിലാളികൾ എന്ന നിലയിൽ റജിസ്റ്റർ ചെയ്തിട്ടില്ല. അത്തരത്തിൽ നിർമ്മാണരംഗത്തും, കച്ചവട മേഖലയിലും മറ്റുമേഖലകളിലുമുള്ള തൊഴിലാളികളെ പഞ്ചായത്തിൽ റജിസ്റ്റർചെയ്ത് ഗ്രൂപ്പ് ഇൻഷ്യൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അവരിൽ നിന്ന് തൊഴിൽ കരം പിരിക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയും. കാര്യക്ഷമവും സൂക്ഷ്മവുമായ ഒരു പരിശോധന ഈ മേഖലയിൽ നടത്താൻ കഴിഞ്ഞാൽ തൊഴിൽ നികുതിയിനത്തിൽ കൂടുതൽ വരുമാനം കണ്ടെത്താൻകഴിയും.

വിനോദ നികുതി

വിനോദ നികുതിയിനത്തിൽ കാളികാവ് പഞ്ചായത്തിലെ വരുമാനം പരിമിതമാണ്. ഒരു സിനിമാ ടാക്കീസിൽനിന്നുമാത്രമാണ് വിനോദ നികുതിയിനത്തിൽ വരവുള്ളത്. വിനോദ നികുതിപിരിവിൽ കുറച്ചുകൂടി കാര്യക്ഷമതകാണിച്ചാൽ നിലവിലുള്ള വരുമാനം വർദ്ധിപ്പിക്കാം.

വിനോദ നികുതി പിരിച്ചെടുക്കാൻ കഴിയാവുന്ന ഒട്ടനവധി സംരംഭങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പൊതുസ്ഥലങ്ങളെ ഉപയോഗപ്പെടുത്തി, വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന കലാപരിപാടികളിൽനിന്ന് നിയമാനുസൃതം പിരിച്ചെടുക്കാൻ കഴിയുന്ന വിനോദ നികുതി സമാഹരിക്കണം. പഞ്ചായത്തിൻെറ പൊതു കളിസ്ഥലങ്ങൾക്ക് വാടക നിശ്ചയിക്കാൻകഴിയും. ഇപ്രകാരം ശ്രദ്ധിച്ചാൽ വിനോദ നികുതിയിനത്തിൽ തന്നെ ഗണ്യമായ വർദ്ധനവുണ്ടാക്കാം.

ചന്തസ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം വളരെ തുച്ഛമാണ്. സാമാന്യം നല്ല നിലയിൽ സൗകര്യങ്ങൾ ഈ മേഖലയിൽ വർദ്ധിപ്പിച്ചാൽ കൂടുതൽ ന്യായമായ ഫീ

സ് ചുമത്തി വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. പഞ്ചായത്തിന്റെ പൊതു സ്ഥലങ്ങളും ഉപയോഗപ്പെടുത്തി കമ്മ്യൂണിറ്റി ഹാൾ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിച്ച് അതുവഴി വർഷം തോറും പുതിയ വരുമാന മാർഗ്ഗങ്ങളും കണ്ടെത്താൻ കഴിയും.

പഞ്ചായത്തിലെ പുറംപോക്ക് ഭൂമികളും ഒരു വരുമാനമാർഗ്ഗമാണ്. എന്നാൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള പുറംപോക്ക് ഭൂമിയിൽനിന്ന് മുഴുവനായും ലീസ് ലഭിക്കുന്നില്ല. സ്വാഭാവികമായി ഉരുത്തിരിഞ്ഞുവന്ന ഒരു വരുമാനമാർഗ്ഗത്തെ അവഗണിക്കാതിരുന്നാൽ വലിയ ഗുണം ലഭിക്കും.

ലീസിന് കൊടുക്കുന്ന സമ്പ്രദായത്തിലെ പാകപ്പിഴകളും പരിഹരിക്കണം. പുറംപോക്ക് ഭൂമിയുടെ കൃത്യമായ കണക്ക് രേഖപ്പെടുത്തുകയും അതു കൈവശം വെച്ചവരെ കണ്ടെത്തുകയും വേണം. ഓരോരുത്തരും കൈവശംവെച്ച ഭൂമിയുടെ അളവ് പരിശോധിച്ച് കാലാനുസൃതമായ രീതിയിൽ ലീസിൽ വർദ്ധനവുണ്ടാക്കി ചുമത്തണം. പഞ്ചായത്തിന്റെപൊതുസ്ഥലം സൗജന്യമായി സ്വകാര്യമായി ഉപയോഗിക്കുന്നത് തടയണം. പ്രധാന മേഖലയിലെ പുറംപോക്കുകളും ഭാവിയിലെ വികസന പ്രവർത്തനം ലാക്കാക്കി അതിനുവേണ്ടി ഉപയോഗിക്കാൻ പഞ്ചായത്ത് ഏറ്റെടുക്കണം. അത് വികസന പ്രവർത്തനങ്ങൾക്കും മറുവരുമാനമാർഗ്ഗങ്ങളും വർദ്ധിപ്പിക്കാനും. ഉള്ള സൗകര്യങ്ങളും ഒരുക്കാൻ ഉപയോഗപ്പെടുത്തണം.

പുറംപോക്ക് ഭൂമിക്ക് ലീസ് കൊടുക്കാതെ കൈവശം വെക്കുകയും, അത് വരുമാനം വർദ്ധിപ്പിക്കാനുള്ള ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താതെ അനാവശ്യമായി ഒഴിച്ചിടുകയും ചെയ്യുന്ന പ്രവണതയെ ചെറുക്കണം. അത്തരത്തിലുള്ള പുറംപോക്ക് ഭൂമി ആവശ്യക്കാർക്കായി വിതരണം നടത്താനുള്ള അടിയന്തിര സംവിധാനം ഉണ്ടാകണം.

പുഴയോരങ്ങളും കരിങ്കിലുള്ള ഭൂമിയിലേക്ക് മതിലുകളും ഇറക്കികെട്ടിയും, ചെടികളും വെച്ചുപിടിപ്പിച്ചും അതിക്രമിച്ചുകടക്കുന്ന പ്രവണത ചിലയിടങ്ങളിലുണ്ട്. അവ സംരക്ഷിക്കപ്പെടേണ്ടതാണ്. പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്ന മണൽ വാരൽ നിയന്ത്രിക്കണം. ഈ മേഖലയിൽനിന്ന് മറ്റു പഞ്ചായത്തുകളിൽ നല്ല വരുമാനം ലഭിക്കുമ്പോഴും കാളികാവ് പഞ്ചായത്തിലെ പുഴയോരങ്ങളിലെ മണൽസമ്പത്ത് അനിയന്ത്രിതമായി സ്വകാര്യ താല്പര്യക്കാർ ഉപയോഗിക്കുന്നു. വ്യവസ്ഥാപിതമായ ഒരു മാർഗ്ഗത്തിലൂടെ ഈ മേഖലയിൽനിന്ന് മോശമല്ലാത്ത വരുമാനം ഉണ്ടാക്കാൻ കഴിയും.

പരസ്യനികുതി

നമ്മുടെ സമൂഹത്തിൽ എന്തുകാര്യവും പ്രചരണത്തിന്ന് പ്രാധാന്യം നല്കിവരുന്നുണ്ട്. ഇന്ന് പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളിൽ വെക്കുന്ന പരസ്യപലകകളും വ്യാപകമായി വരുന്നു. അനിയന്ത്രിതമായി വളർന്നുവരുന്ന ഈ പ്രവണത പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. പരസ്യത്തിന് നികുതി ചുമത്തുകവഴി കഴിഞ്ഞ കാലത്തില്ലാത്ത ഒരു പുതിയ വരുമാനം നമുക്ക് ലഭിക്കും. തന്നെയുമല്ല, ശാസ്ത്രീയമായ ഒരു നിയന്ത്രണം വഴി അനാവശ്യ പരസ്യങ്ങളെ നിയന്ത്രിക്കാനും കഴിയും.

അറവുശാലകൾ

അനിയന്ത്രിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അറവുശാലകൾക്ക് നിയമാനുസൃതമായി പ്രവർത്തിക്കാൻ സൗകര്യം ചെയ്യുകയും ആവശ്യമായ നികുതി വസൂലാക്കുകയും വേണം.

മത്സ്യ മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് ന്യായമായ ഫീസ് ചുമത്താൻ കഴിയും. പ്രത്യേക സ്ഥലം നിശ്ചയിക്കണം.

ബസ് സ്റ്റാന്റ്

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ ഒരാവശ്യമാണ് ബസ്സ്റ്റാന്റ്. ഗതാഗത സൗകര്യം വർദ്ധിക്കും എന്നുമാത്രമല്ല, ബസ് സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും. ഉണ്ടാക്കുകവഴി ഒട്ടനവധി വരുമാനം നമുക്ക് ലഭിക്കും. ബാങ്കിംഗ് മേഖലയിൽ സ്വയം തൊഴിൽ രംഗത്തും, വാണിജ്യ വ്യാവസായിക സംരംഭങ്ങൾക്കും വായ്പ നൽകുന്ന പ്രവണതയെ കാര്യമായി പ്രോത്സാഹിപ്പിക്കണം. നിക്ഷേപത്തിന്റെ 80% എങ്കിലും ഈ മേഖലയിൽ ലോണ കൊടുക്കാൻ കഴിയണം.

ഗൾഫ് മലയാളികളിൽ നിന്ന് നിക്ഷേപങ്ങൾ സമാഹരിച്ച് പ്രത്യുല്പാദന മേഖലകളിൽ ചിലവഴിക്കുന്നതിനായുള്ള സംരംഭങ്ങൾ കണ്ടെത്തണം.

വിഭവസമാഹരണ രംഗത്ത് തികച്ചും ശാസ്ത്രീയമായ ഒരു സമീപനം കൈകൊള്ളാൻ ശ്രമിക്കണം. വിഭവസമാഹരണമില്ലാതെ വികസനപ്രവർത്തനങ്ങൾ പൂർണ്ണതയിലെത്തുകയില്ല. നമ്മുടെ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ കൂട്ടായ ശ്രമംനടത്തുന്നതോടൊപ്പം ആ രംഗത്ത് നമ്മുടെ ന്യായമായ പങ്ക് നൽകി എന്ന് ഉറപ്പുവരുത്താൻകഴിയണം.

നമ്മുടെ വരുമാനത്തിന്റെ ചെറിയ പങ്കെങ്കിലും നികുതിയായി കൊടുക്കണം. വരുമാനമുള്ളവരിൽനിന്ന് അത് വസൂലാക്കാൻ സംവിധാനവും വേണം. അതുവഴി വികസന പ്രവർത്തനത്തിലെ ജനകീയമായ പങ്കാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന ബോധം വളർത്തികൊണ്ടുവരണം.

മനുഷ്യാദ്ധ്വാനം

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ് മനുഷ്യാദ്ധ്വാനം. 59,000 ത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ 40% ജനങ്ങൾ 15നും 40നും ഇടയിൽ പ്രായമുള്ളവരാണ്. കായികമായ അദ്ധ്വാനം ചൊരിയാൻ കരുത്തും സന്നദ്ധതയുംഉള്ള ഈ വിഭാഗത്തിന് നൽകാൻകഴിയുന്ന സംഭാവന ചെറുതല്ല. മറ്റു സാങ്കേതിക പരിജ്ഞാനമുള്ളവരും വികസന പ്രശ്നങ്ങളെക്കുറിച്ച് ആധികാരിക ധാരണയുള്ളവരുമായ ഇതര ജനവിഭാഗങ്ങളുടെ അർപ്പണബോധം ഒരു മുതൽക്കൂട്ടാണ്. പുതിയ സംവിധാനത്തിൽ സ്വമേധയാ മനുഷ്യാദ്ധ്വാനം സംഭാവന നൽകാൻ എല്ലാ ഗ്രാമസഭകളിൽ നിന്നും ലഭിച്ച സഹകരണം എടുത്തു പറയേണ്ടതുണ്ട്.

കാര്യക്ഷമമായി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയും എന്ന് കഴിഞ്ഞകാല വികസന പ്രവർത്തനങ്ങളിലെ ചില സംഭവങ്ങൾ തെളിയിക്കുന്നു. പഞ്ചായത്തിന്റെ ചെറിയ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി വിവിധ മേഘലകളിൽ ജനപങ്കാളിത്തത്തോടെ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻകഴിയും. സാക്ഷരതാ പ്രവർത്തനം, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ, സന്നദ്ധപ്രവർത്തനം, നിർമ്മാണ പ്രവർത്തനം ശുചീകരണ പ്രവർത്തനം, ബോധവൽക്കരണം, സാമൂഹ്യ സേവനം തുടങ്ങിയ മേഖലകളിലെ ഒട്ടനവധി പ്രവർത്തന മാതൃകകളും നമ്മുടെ മുന്നിലുണ്ട്.

അനവധി ബഹുജന സന്നദ്ധ സംഘടനകൾക്ക് സ്വാധീനമുള്ള നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ കൂട്ടായി ഇടപെടുകയും നേതൃത്വം കൊടുക്കുകയും ചെയ്യുകവഴി വിഭവ സമാഹരണ രംഗത്ത് മാതൃക കാണിക്കാൻ കഴിയും.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1 കെട്ടിട നികുതി മിനിമം 6%ത്തിൽനിന്ന് 10% ആക്കി ഉയർത്തണം. വാർപ്പ് കെട്ടിടങ്ങൾക്ക് നിർമ്മാണ ചെലവ് പൂർണ്ണമായും നിശ്ചയിക്കണം.

2 തൊഴിൽ നികുതി [സർക്കാർ ഉദ്യോഗസ്ഥരുടെ ഒഴികെ] കൃത്യമായി വരുമാനം കാണിക്കാത്ത കച്ചവടക്കാർക്ക് ചുരുങ്ങിയത് 50 ക. യും അതിനു മുകളിൽ കച്ചവടത്തിനനുസരിച്ച് വിറ്റുവരവിന്റെ അടിസ്ഥാനത്തിലും നികുതി ചുമത്തുക.

3 ലൈസൻസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുക.

4 പുറമ്പോക്ക് ഭൂമി കൈവശമുള്ളവർ ധാരാളം ഉണ്ടെങ്കിലും ഏതാണ് പുറമ്പോക്ക് എന്ന് പഞ്ചായത്തിന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പുഴയോരങ്ങളിൽ ഭൂമിയുള്ളവരുടെ ഭൂമി സർവ്വെ ചെയ്ത് പുറമ്പോക്ക് ഭൂമി കണ്ടെത്തി ലീസ് ചുമത്തണം. നിലവിലുള്ള ലീസ് വർദ്ധിപ്പിക്കണം.

5 പഞ്ചായത്ത് ബസ്സ്റ്റാൻറ് നിർമ്മിക്കുക.

6 പുഴയോരങ്ങളിൽ നിന്നും മണൽ വാരുന്നതിന് ഫീസ് ഈടാക്കുക.

7 ബിൽഡിംഗ് റൂൾ നടപ്പിലാക്കുക.

8 വിനോദ നികുതി പിരിവ് സമ്പ്രദായം ശാസ്ത്രീയമായി പരിഷ്കരിക്കണം. (സീറിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ)

9 പഞ്ചായത്തിൽ ടാക്സി ഓടിക്കുന്ന വാഹനങ്ങൾക്ക് നികുതി ചുമത്തുക.

10 അമിതമായ ആഡംബര സൗകര്യങ്ങളും ഉള്ള വീടുകൾക്ക് നികുതി ഈടാക്കുക.

1. 22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

Ref. R

വാർഡ്	സ്ഥാപനങ്ങളുടെഎണ്ണം				
	വ്യവസായം/ വ്യാപാരം	ഹോട്ടല്കകം	സാധാരണ കടകകം	മറ്റുള്ളവ	ആകെ
I	23	3	2	5	33
II	15	1	1	4	21
III	14	1	2	3	20
IV	8	1	3	5	17
V	16	2	2	4	24
VI	32	5	3	5	45
VII	17	2	5	4	28
VIII	28	4	7	4	43
IX	24	—	6	5	35
X	28	5	5	5	40
XI	19	1	3	4	27
XII	16	—	4	4	24
XIII	17	—	2	4	23
XIV	19	—	8	3	30
XV	—	—	—	—	—
ആകെ	276	22	53	59	410

1. 25 പൊതു സാമ്പത്തിക നില

Ref. B

	പൊതു കണക്ക്	മൂലധന കണക്ക്	കടംസംബന്ധിച്ച കണക്ക്
വരവ്	16,92,281	3,76,900	46,964
ചെലവ്	6,19.166	10,06,320	1,09,426

1995–96 വരവ് സംബന്ധിച്ച വിവരങ്ങൾ

(അവലംബം: പഞ്ചായത്ത് രേഖ)

കെട്ടിട നികുതി		164367—20
തൊഴിൽ നികുതി		124515—00
സിനിമ ഷോടാക്സ്	2912—00	+SST 728
സ്റ്റാമ്പ് ഡ്യൂട്ടി		414008—00
ജനന മരണ വരവ്		266—00
വിനോദ നികുതി		47105—00
അധിക വിനോദ നികുതി		28213—57
പി. എഫ്. A/c		1462—00
മാർക്കറ്		7100—00
ലേലം		663—00
പരസ്യ ചാർജ്		4100—00
ഗ്രൗണ്ട് വാടക		5000—00
ലീസ് തുക		9328—50
ലൈസൻസ് ഫീസ്		8627—25
ബിലോറഡ് ഫീ		1808—25
ഇൻസ്റ്റലേഷൻ ഫീ		588—00
ഫൈൻ		126—00
25% സ്റ്റാമ്പ് ഡ്യൂട്ടി		50000—00
73% ഗ്രാൻറ്		349380—00
VIC		412642—00
Untide		376900—00
MI		3820—00
VRM		40297—00
മസ്ലിഷ് കുടുംബം ഗ്രാൻറ്		8000—00
പലിശ		2124—00
ലൈബ്രറി റസീപ്റ്		1518—50
ഓഡിറ് റിക്കവറി		70—00
ടെൻറർ ഫോം വില		240—00
ഡെപ്പോസിറ്		14703—00
	Grant Total	2080611—70

1995-96ലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ

(അവലംബം: പഞ്ചായത്ത് രേഖ)

1	അംഗങ്ങൾക്കും പ്രസിഡൻറിനും സിറ്റിംഗ്ഫീ	69834 _ 00
2	യാത്രപ്പടി	7933 __ 00
3	മറ്റു പ്രതിഫലങ്ങൾ	2578 __ 50
4	ശമ്പളം & സ്ഥിരംഅലവൻസുകൾ	65181 __ 00
5	പെൻഷൻ	3741 __ 00
6	യാത്രപ്പടി–സെക്രട്ടറി	3416 __ 00
7	ജനറൽ–എസ്റ്റാബ്ലിഷ്മെൻറ്	265027 __ 00
8	ജനറൽ–പെൻഷൻ	13933 __ 00
9	യാത്രപ്പടി__ജനറൽ	7836 __ 00
10	ബുക്ക് & ഫോംസ്	14877 __ 00
11	വിളക്ക് വെസ്റ്റ് (ഓഫീസ്)	1936 __ 00
12	ഓഫീസ് ഫർണിച്ചർ	4950 00
13	തപാൽ ചിലവും ഫോണും	8461 . 00
14	അച്ചടിയും ലേഖന സാമഗ്രികളും	8923 _ 00
15	തെരെഞ്ഞെടുപ്പ് ചിലവുകൾ	2771 __ 00
16	നിയമ സംബന്ധമായ ചിലവുകൾ	3800 __ 00
17	മറ്റു പലവക ചിലവുകൾ	4809 __ 80
18	സിനിമ ചെക്കിംഗ് അലവൻസ്	1567 .. 00
19	കളക്ഷൻ സ്റ്റാഫ്, ശമ്പളം അലവൻസ്	93631 __ 00
20	പെൻഷൻ	4944 __ 00
21	റോഡു സംരക്ഷണം	35995 __ 00
22	ചെറുകിട ജലസേചന പ്രവൃത്തിയും സംരക്ഷണവും	4522 __ 00
23	മോയിൻകുട്ടി ധൈര്യ സ്മാരകം സംഭാവന	20000 __ 00
24	S S L C ക്യാഷ് റിവാർഡ്	3000 __ 00
25	പാർട്ട് ടൈം ലൈബ്രേറിയൻ ശമ്പളം	4804 __ 00
26	പേപ്പർ വരിസംഖ്യ	5903 __ 00
27	സാക്ഷരത	1750 __ 00
28	K W A വാട്ടർചാർജ്ജ്	152297 __ 00
29	കിണർ റിപ്പയർ	2020 __ 00
30	കുടുംബാസൂത്രണം ധനസഹായം	2975 __ 00
31	സ്വീപ്പർമാരുടെ ശമ്പളം	49129 __ 00
32	പെൻഷൻ	1894 __ 00
33	പോളിയോ നിർമ്മാർജ്ജനം	1350 __ 00
34	നായകളെ നശിപ്പിക്കൽ	1010 __ 00
35	മസ്തിഷ്കജ്വരം	7505 __ 00
36	പഞ്ചായത്ത് ദിനാഘോഷം	4750 __ 00
37	കണ്ടിജൻസി ചിലവ്	350 __ 00
38	സ്പോർട്സ് ഗ്രാൻറ് ഇൻഫ്രയിഡ്	500 __ 00
39	കേരളോത്സവം	3945 __ 00
40	സ്ട്രീറ്റ് ലൈറ്റ് കറണ്ട് ചാർജ്ജ്	62949 __ 00
41	പുര കെട്ടിമേയൽ	5250 __ 00
42	അൺടൈഡ്	601303 __ 00
43	സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ	106936 __ 00
44	ഉപന്യാസമത്സരം	200 __ 00
45	പണം ഡിപ്പോസിറ്റ് തിരിച്ചുകൊടുത്തത്	58742 __ 30
46	ഇൻകം ടാക്സ് അടച്ചത്	724 __ 00
47	തൊഴിൽ ടാക്സ്, പ്രൊഫഷണൽ ടാക്സ്	3578 __ 00
48	സംഭാവന	211 __ 00
49	കേരള റൂറൽ എംപ്ലോയ്മെൻറ് സൊസൈറ്റി വരിസംഖ്യ	500 __ 00
50	നിർമ്മാണത്തൊഴിലാളി ക്ഷേമനിധി	671 __ 00
	Grand Total	1734912 __ 60



വനിത

XVII

കാളികാവ് പഞ്ചായത്തിലെ ആകെ ജനങ്ങളിൽ 59377 ജനങ്ങളിൽ 51 . 18 ശതമാനം സ്ത്രീകളാണ്. 30389 സ്ത്രീകളും 28988 പുരുഷന്മാരുമാണ്. പഞ്ചായത്തിന്റെ 15 വാർഡുകളിൽ അഞ്ചെണ്ണം വനിതാ സംവരണ വാർഡുകളാണ്. ഇതുപോലെത്തന്നെ പ്രസിഡൻറ് പദം വനിതാ സംവരണമാണ്. പഞ്ചായത്തിലെ എണ്ണായിരത്തിലധികം വരുന്ന കുടുംബങ്ങളിൽ ഗ്രാമസഭാ റിപ്പോർട്ടകം അനുസരിച്ച് ഏകദേശം എണ്ണൂറിൽ അധികം കുടുംബങ്ങളും സ്ത്രീകളും നിയന്ത്രിക്കുന്നവയാണ്.

സ്ത്രീകളുടെ തൊഴിൽ മേഖല പരിശോധിച്ചാൽ അധികം പേരും കർഷകതൊഴിലാളികളാണ്. ടൈലറിംഗ് എമ്പ്രോയ്ഡറി രംഗത്തും നിരവധി സ്ത്രീകളും ജോലിചെയ്യുന്നു. ബീഡിതെറുപ്പ് തൊഴിലാക്കിയ നിരവധി സ്ത്രീകളുണ്ട്. മിക്കവാറും L P സ്കൂളുകളിൽ അദ്ധ്യാപികമാരാണ് കൂടുതലുള്ളത്. പുല്ലങ്കോട് റബ്ബർ എസ്റ്റേറ്റിൽ 551 തൊഴിലാളികളിൽ 128 പേർ വനിതകളാണ്. ഒരു സൂപ്പർവൈസറും 2 സ്റ്റാഫംഗങ്ങളുമായി വനിതകളും പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ തൊഴിലാളികളുടെ സഹായികളായി ധാരാളം സ്ത്രീകളും പണിയെടുക്കുന്നു. പഞ്ചായത്തിലെ (38) മുപ്പത്തിഎട്ട് അംഗനവാടികളിലും ഒരു ഡെകെയർ സെൻറിലുമായി 78 സ്ത്രീകളും ടീച്ചർമാരും, ഹെൽപ്പർമാരുമായി ജോലിചെയ്യുന്നു.

വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങളും എന്ന നിലയിൽ എടുത്ത് പറയേണ്ടത് പള്ളിശ്ശേരിയിലെ D W C R A സഹായത്തോടെ പ്രവത്തിക്കുന്ന 'തനിമ' കറിപൗഡർ യൂണിറ്റും ഉദിരംപൊയിലിലെ വുമൺസ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി എന്ന റെഡിമെയ്ഡ് തുണിത്തരങ്ങളും നിർമ്മിച്ച് വിൽപന നടത്തുന്ന യൂണിറ്റാണ്. മിൽക്ക് സൊസൈറ്റികളുടെ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി ക്ഷീരോൽപാദന രംഗത്തും സ്ത്രീകൾ സജീവമാണ്.കർഷകരായ അപൂവ്വ സ്ത്രീകളുമുണ്ട്.

മുൻകാലത്ത് സ്ത്രീവിദ്യാഭ്യാസ രംഗത്ത് നമ്മുടെപ്രദേശം പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. 1930–തിനുശേഷം കാളികാവ് പോലീസ് സ്റ്റേഷൻ പരിസരത്ത് ഒരുവനിതാസ്കൂൾ ഉണ്ടായ രുന്നു. പെണ്ണ് സ്കൂൾ എന്നായിരുന്നു അന്ന് പറഞ്ഞിരുന്നത്.

പഞ്ചായത്ത് രജിസ്റ്റർ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്ന പത്തുമഹിളാസമാജങ്ങളിൽ രണ്ട മഹിളാ സമാജങ്ങളും മാത്രമാണ്. ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മറ്റുള്ളവയെല്ലാം നിർജീവമായിരിക്കുകയാണ്. മുൻകാലത്ത് കൃഷി ഭവനിൽ നിന്നും മറ്റുപല പദ്ധതികളും മഹിളാസമാജങ്ങളും മുഖാന്തിരം ജനങ്ങളിൽ എത്തിച്ചിരുന്നു. ഇന്ന് അത്തരം പരിപാടികളും ഇല്ലാത്തതിനാൽ സമാജങ്ങളുടെ അത്തരം പ്രവർത്തനങ്ങളും നില

ച്ചുപോയിരിക്കുയാണ്. നമ്മുടെ പഞ്ചായത്തിലാകെ 33 അംഗൻവാടികളും ഇപ്പോൾ പ്രവത്തിക്കുന്നുണ്ട്. ജന സംഖ്യാനുപാതികമായി 59-ഓളം അംഗനവാടികളും ആവശ്യമുണ്ട്. നിലവിലുള്ളവക്ക് തന്നെ വേണ്ടത്ര സൗകര്യങ്ങളും ഇല്ലാത്ത പ്രശ്നങ്ങളും ഉണ്ട്.

പ്രശ്നങ്ങൾ

1 സ്ത്രീതൊഴിലാളികൾക്ക് വിദ്യാഭ്യാസവും പരിശീലനവും ലഭിക്കാത്തത്.
2 വനിതാ ക്ഷേമ പദ്ധതികളുടെ കുറവ്.
3 ബീഡി തെറുപ്പ് തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, കൂലി കൊടുക്കുന്നതിലുള്ള ചൂഷണവും. ഉദാഹരണമായി 1000 ബീഡി തെറുത്താൽ 40-രൂപമാത്രമാണ് സ്ത്രീതൊഴിലാളികൾക്ക് ലഭിക്കുന്നത്. സംഘടിത മേഖലയിൽ 60 രൂപയാണ് ലഭിക്കുന്നത്.
4 പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തത്തിന്റെ കുറവ്.
5 വിവിധ തൊഴിൽ മേഘലകളിൽ കൂലി നിരക്കിലുള്ള വ്യത്യാസം.
6 സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
7 തൊഴിലിനുപോകുന്ന സ്ത്രീകളുടെ കുട്ടികളെ പരിപാലിക്കാൻ ക്രഷില്ലാത്തത്.
8 വ്യാജമദ്യ വിൽപ്പന ഉയത്തുന്ന പ്രശ്നങ്ങളും.
9 കാളികാവ് PHC യിൽ വനിതാഡോക്ടറില്ലാത്തത്.
10 പുല്ലങ്കോട് എസ്റ്റേറ്റിലെ മലിനജലം തോട്ടിൽ കലരുന്നത് മൂലം കുളിക്കുന്നതിനും, സമീപപ്രദേശത്തെ കിണറുകളെ ബാധിക്കുന്നതു മൂലം കുടിവെള്ളത്തിനുണ്ടാകുന്ന പ്രശ്നങ്ങളും
11 നിരവധി സ്ത്രീ തൊഴിലാളികളും ജോലി ചെയ്യുന്ന പുല്ലങ്കോട് എസ്റ്റേറ്റ് വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമസഭായോഗങ്ങളിൽ അടക്കം ഉയന്ന ആശങ്കകളും
12 സ്ത്രീധനം ഉയത്തുന്ന നിരവധി പ്രശ്നങ്ങളും
13 ശൈശവ വിവാഹം.
14 മഹിളാ സമാജങ്ങളില്ലാത്തത്.
15 വനിതകളുടെ കുളിക്കടവുകളും സംരക്ഷിക്കാത്തതിന്റെ പ്രശ്നങ്ങളും

പ്രധാന നിർദ്ദേശങ്ങൾ

1 ബീഡിതെറുപ്പ്, റെഡിമെയ്ഡ് നിർമ്മാണം, പപ്പട നിർമ്മാണം തുടങ്ങിയവയ്ക്ക് അസംസ്കൃതസാധനങ്ങളും എത്തിച്ചുകൊടുക്കാനും, വിപണന സൗകര്യം ഒരുക്കാനും വില്ലേജ് തലത്തിൽ സഹകരണ സംഘങ്ങളും ആരംഭിക്കണം.
2 കുറഞ്ഞമുതൽമുടക്കുള്ള കൃഷി, ഔഷധച്ചെടി കൃഷി, പച്ചക്കറി നിർമ്മാണം, അച്ചാർനിർമ്മാണം തുടങ്ങിയവയിൽ വനിതകൾക്ക് പരിശീലനവും മറ്റു സഹായങ്ങളും ലഭ്യമാക്കുക.
3 ശിശുപരിപാലനത്തിന് ക്രഷ് സൗകര്യങ്ങളും ഉണ്ടാക്കുക.
4 എല്ലാ വാർഡിലും ഓരോ മഹിളാ സമാജങ്ങളും ആരംഭിക്കുക
5 മഹിളാ സമാജങ്ങളേയും അംഗനവാടികളേയും വനിതാ ക്ഷേമപദ്ധതികളുടെ ബോധവൽക്കരണ വേദികളായും, സ്വയം തൊഴിൽ സംരംഭങ്ങളുടെ പരിശീലനക്കളരികളായും സ്ത്രീപക്ഷ പ്രശ്നങ്ങളിൽ ഇടപെടുന്ന സാമൂഹ്യ പരിഷ്കരണ വേദികളായും ഉയർത്തുക.
6 വനിതകൾക്കായി സാങ്കേതിക വിദ്യാലയങ്ങളും മറ്റു പഠനസൗകര്യങ്ങളും ഏർപ്പെടുത്തുക.
7 പഞ്ചായത്ത് തലത്തിൽ വനിതകളുടെ കലാ—കായിക —സാഹിത്യ മത്സരങ്ങളും സംഘടിപ്പിക്കുക.
8 അംഗനവാടികൾക്ക് കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുക.
9 ആരോഗ്യ—പോഷകാഹാര—ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കണം.
10 വനിതകളെ സംഘടിപ്പിച്ച് മഹിളാസമാജങ്ങളിലും അംഗനവാടികളിലും പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് (PRD) ഫീൽഡ് പബ്ലിസിറ്റി തുടങ്ങിയവയിൽനിന്ന് സിനിമ, സ്ലൈഡ് പ്രദർശനങ്ങളും ഒരുക്കുക.
11 സ്ത്രീപീഡനങ്ങളും തടയുന്നതിനായി ജനകീയ സമിതികളും രൂപീകരിക്കുക.
12 കാളികാവ് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസുകാരെ നിയമിക്കുക.
13 സ്ത്രീകളുടെ കുളിക്കടവിലേക്ക് പൊതുവഴിയും, മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക.

പ്രവർത്തനരേഖ

XVIII

പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ വന്ന ഭരണസമിതി കഴിഞ്ഞ ഒരു വർഷത്തിലധികം കാലമായി ഭരണകാര്യങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. 1995 ഒക്ടോബർ 2നു് പുതിയ സംവിധാനമനുസരിച്ച് ഔപചാരികമായി അധികാര കൈമാറ്റം നടന്നു. കഴിഞ്ഞ കാലയളവിൽ ജനപങ്കാളിത്തത്തോടെ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പരിശ്രമങ്ങൾക്ക് ഈ ബോർഡ് കൂട്ടായി നേതൃത്വം നൽകി. കക്ഷിരാഷ്ട്രീയത്തിനതീതമായ അഴിമതിരഹിതമായ ഒരു ഭരണം നടപ്പാക്കുക എന്നതായിരുന്നു ഞങ്ങളുടെ താല്പര്യം. പരമാവധി കാര്യക്ഷമവും നീതിപൂർവ്വവുമായ രീതിയിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അതാതു സമയങ്ങളിൽ സ്വാഭാവികമായും വന്നുപെടാറുള്ള പിശകുകളും പഞ്ചായത്തിന്റെ വിശാലമായ താല്പര്യം മുൻനിർത്തി ജനങ്ങളും ചൂണ്ടികാണിക്കുമ്പോൾ ഗൗരവമായി അങ്ങനെ കാര്യങ്ങളും പരിശോധിക്കുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന കാർഷിക വ്യാവസായിക മേഖലകളിലെ മുരടിപ്പ് അവസാനിപ്പിക്കണം. വികസന പ്രവർത്തനങ്ങളിൽ ഒരു മുന്നേറ്റം ഉണ്ടാക്കാൻ ബോധപൂർവ്വമായ പരിശ്രമം അനിവാര്യമാണ്. അതുവഴി നാനാമേഖലകളിലും നിലവിലുള്ള പ്രതിസന്ധികൾക്ക് ഒരു പരിഹാരം കാണാനാവും.

കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ വികസനം മുൻനിർത്തിയുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ നാം തുടങ്ങിക്കഴിഞ്ഞു. ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും ഇതിൽ പെടും. നിർമ്മാണ രംഗത്ത് 15 വാർഡുകളിലായി ഏകദേശം 36-ഓളം പ്രവർത്തികൾ, (പ്രധാനമായും റോഡുകളുടെ ചെറിയ റിപ്പേർ പ്രവർത്തികൾ) ഇതിനകം നടന്നുകഴിഞ്ഞു. വിവിധ സ്കീമുകളിലായി നേരിട്ട് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ വേറെയും ഉണ്ട്.

ഒന്നാം വാർഡിലെ കോട്ടപ്പുഴ-നെല്ലിയാംപാടം ഗിരിജൻകോളനിറോഡ് 89,000/- ക ചെലവഴിച്ച് ഗതാഗത യോഗ്യമാക്കി. മൂന്നാം വാർഡിലെ വള്ളിപ്പൂള - ചിങ്കക്കല്ല് റോഡ് 89,000/-ക യോളം ചിലവാക്കി സൈഡ് കെട്ടി സംരക്ഷിക്കാനാവശ്യമായ അടിയന്തിര പ്രവർത്തികൾ പൂർത്തിയാക്കി. കാളികാവ് മെയിൻ റോഡ് - പള്ളിക്കുന്ന് റോഡ് വീതികൂട്ടി കോൺക്രീറ്റ് ഇട്ട് ഗതാഗതയോഗ്യമാക്കി 1 ലക്ഷത്തോളം രൂപ അതിനു് വേണ്ടി ചിലവാക്കി. 1 ലക്ഷത്തിലധികം രൂപ ചിലവഴിച്ച് 14-ാം വാർഡിലെ മാളിയേക്കൽ ഒലക്കേംകുന്ന് റോഡ് സൈഡ് കെട്ടി സംരക്ഷിച്ച് ഗതാഗത യോഗ്യമാക്കി. നാലാം വാർഡിലെ പെരിങ്ങപ്പാറ നിവാസികളുടെ ചിരകാലാഭിലാഷമായിരുന്ന പെരിങ്ങപ്പാറ തേടിന്ന്

ഒരു പാലം പണിയുക എന്നത്. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങളും തട്ടിമാറി 3 ലക്ഷത്തി 50,000/ത്തോളം രൂപ ചിലവാക്കി വീതി കൂടിയ ഒരു പാലം പണിത് ഗതാഗത സൗകര്യം ഉണ്ടാക്കി. കാർത്യേനി-പൂശങ്കുണ്ട് റോഡിന്റെ അവശേഷിച്ച ഭാഗം ഏകദേശം 65,000/-ക ചെലവഴിച്ച് വീതികൂട്ടി ഗതാഗതയോഗ്യമാക്കി. ആറാം വാർഡിൽ മേലേകാളികാവിൽ മഴക്കാലത്ത് മഴവെള്ളം കുത്തിയൊലിച്ചുണ്ടാകുന്ന കുഴപ്പം കാരണം നടവഴിയും കെട്ടിടങ്ങളും നശിക്കാനിടയായ സാഹചര്യത്തിൽ അടിയന്തിര അറ്റകുറ്റപണികളും എടുത്ത് വഴിസഞ്ചാര യോഗ്യമാക്കി.

JRY സ്കീമിൽ തണ്ടുകോട് റോഡും EAS സ്കീമിൽ കുത്തേനി-പൂങ്ങോട്ടറോഡും ടാറിടുകയും ടാർ റിപ്പേയർ നടത്തുകയും ചെയ്തു. അടക്കാകുണ്ട് പുഴയുടെ പാലത്തിനടുത്ത് അവശേഷിച്ച പ്രവർത്തി ഈ കാലയളവിൽ പൂർത്തീകരിച്ചു. 17 ലക്ഷത്തിലധികം രൂപ 'ഫ്ളഡിൽ' അനുവദിച്ചതും ഉപയോഗിച്ച് 7-ാം വാർഡിൽ(അടക്കാകുണ്ട്) വിപുലമായ പ്രവർത്തികളും നടന്നുവരുന്നു. അടക്കാകുണ്ട് മുതൽ ജോമൗണ്ട്വരേയും, പോത്തൻകാട്, പാറശ്ശേരി, എന്നീ പ്രദേശങ്ങളിലും ഈ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിനടക്കും.

പഞ്ചായത്ത് നേരിട്ടതന്നെ നിർമ്മാണ പ്രവർത്തിയിനത്തിൽ ഏകദേശം 11 ലക്ഷത്തിലധികം രൂപ ചിലവഴിച്ചു. ക്ഷേമപ്രവർത്തന രംഗത്തും, സേവനരംഗത്തും ഒട്ടനവധി പ്രവർത്തികളും വേറെയും ഉണ്ട്.

കുടിവെള്ളം ലഭ്യമാക്കുന്നതിനായി 3-ാം വാർഡിൽ മരുതംകാട് പ്രദേശത്ത്പണി പൂർത്തിയാക്കിയ മരുതംകാട് വാട്ടർ സപ്ലൈ പദ്ധതി എടുത്തു പറയത്തക്കതാണ്... സ്വാഭാവിക ഉറവകളിൽ നിന്ന് ശുദ്ധജലം ശേഖരിച്ച് പൈപ്പ് വഴിമരുതംകാട്ടിലെമുമ്പ്കെട്ടിയുണ്ടാക്കിയ ടാങ്കിൽ എത്തിച്ച് അവിടെ നിന്നും ഹരിജൻ കോളനികളിലേക്ക് സപ്ലൈ ചെയ്യുന്ന പരിപാടിയാണിത്. ഏകദേശം 1 ലക്ഷത്തി 25, 000 ത്തോളം രൂപ ഇതിനായി ചിലവഴിച്ചു. ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന മൂന്ന് പ്രദേശത്തായി 15-ഓളം ടാപ്പുകളും പ്രവർത്തിക്കുന്നു. കുടിവെള്ളത്തിന്റെ സൗകര്യത്തിനായി വെള്ളയൂർ 4 സെന്റ് കോളനിയിൽ ഒരു കിണറും കുഴിച്ചു. 45. 000രൂപ ഇതിനായി ചിലവുവരും 3-ാം വാർഡിലും 14-ാം വാർഡിലും വേറെയും 2 കിണറുകളും നിലവിൽ വരും.

നമ്മുടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ജനങ്ങളും തമ്മിൽ തമ്മിലും പഞ്ചായത്തുമായും ബന്ധപ്പെട്ടുകിടന്നിരുന്ന 5 പ്രധാന തർക്കപ്രശ്നങ്ങളിൽ 3 എണ്ണം അനുരഞ്ജന ശ്രമത്തിലൂടെ നമുക്ക് പരിഹരിക്കാൻ കഴിഞ്ഞു.

ശുചീകരണ പ്രവർത്തന രംഗത്ത് മാതൃക കാണിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കാളികാവ് ജംഗ്ഷനും, അങ്ങാടിയും ചോക്കാട് അങ്ങാടിയും പൊതുജനങ്ങളുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനം നടത്തി വൃത്തിയാക്കി. അങ്ങാടികളിൽ വന്നുകൂടുന്ന ചപ്പുചവറുകളും നിക്ഷേപിക്കാൻ പ്രത്യേക റിംഗുകളും ഉണ്ടാക്കി. വിവിധ പ്രദേശങ്ങളിൽ അവ വെച്ചുവരുന്നു. 20 റിംഗുകളും വാങ്ങി.

200 ഓളം ഹരിജൻ വീടുകളും വൈദ്യുതീകരിക്കാൻ തീരുമാനിച്ചു. 65വീടുകളും പൂർത്തിയായി (വയറിംഗ്) 15 സോഡിയം ലാമ്പുകളും പുതുതായി സ്ഥാപിക്കാൻ തീരുമാനിച്ചു. 8 എണ്ണം മാത്രം സ്ഥാപിച്ചു കഴിഞ്ഞു. ദുർബല വിഭാഗങ്ങൾക്കുള്ള 100 വീടുകളും നമ്മുടെ പാസ്സാക്കി കഴിഞ്ഞു. 40വീടുകളുടെ പ്രവർത്തി പൂർത്തീകരിച്ചുവരുന്നു. ഇവയിൽ 40% വീടുകളും ഹരിജൻ വിഭാഗങ്ങൾക്കു വേണ്ടിയാണ്. 20,000/-ക വീടുകളും കെട്ടിമേയുന്നതിനായി ധനസഹായം നല്കി. പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ഏകദേശം 7000രൂപയിലധികം സഹായ ധനം നല്കി. 15 കക്കൂസുകളുടെ പണി പൂർത്തീകരിച്ചു. 35 ഓളം കക്കൂസുകളും പുതുതായി അനുവദിച്ചിട്ടുണ്ട് സ്കൂളിൽപഠിക്കുന്ന കൊച്ചു കുട്ടികൾക്ക് മഴക്കാലത്തു1,0000/

രൂപയുടെ കട സൗജന്യമായി വിതരണം നടത്തി.

വിദ്യാഭ്യാസരംഗത്ത് നിരവധി പ്രോത്സാഹനങ്ങളും നല്കിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് മേഖലയിലുള്ള 2 ഹൈസ്കൂളുകളിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ഒന്നും, രണ്ടും സ്ഥാനങ്ങളും നേടിയവർക്ക് 2 തവണകളിലായി ക്യാഷ് അവാർഡുകളും നല്കി. CBNP, സാക്ഷരതാപ്രവർത്തനം അംഗനവാടികളും എന്നിവക്ക്പ്രോത്സാഹന സമ്മാനങ്ങളും ചെറിയ ധനസഹായവും നല്കി. DPEP പദ്ധതി പ്രകാരം പഞ്ചായത്ത് മേഖലയിലെ വിവിധ സ്കൂളുകൾക്ക് കെട്ടിടം, ക്ലാസ്സുമുറി ഇട്ടിത്തി, കോമ്പൗണ്ട് ഹാൾ, മൂത്രപ്പുര, കുടിവെള്ള സൗകര്യം എന്നിവ ഉണ്ടാക്കികൊടുക്കുവാൻ നേതൃത്വം നല്കി കാളികാവ് ഗവൺമെൻറ് യു. പി. സ്കൂളിനനുവദിച്ച പുതിയ കെട്ടിടത്തിൻെറ നിർമ്മാണത്തിനാവശ്യമായ തുകയിലേക്ക് 90,000 ക. ഫുട്ബാൾ ടൂർണ്ണമെൻറ് നടത്തി കിട്ടിയ വരുമാനത്തിൽ നിന്ന് നേടിക്കൊടുക്കാൻ കഴിഞ്ഞു.

ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൻെറ ചെറിയ സഹായം ഉപയോഗപ്പെടുത്തി അഞ്ചാം വാർഡിലെ ചോദിയത്ത് തോടിന് ഒരു ഓവുപാലം നിർമ്മിച്ചു. പ്രദേശത്തെ ജനങ്ങളുടെ ചിരകാല അഭിലാഷമായിരുന്ന ഇത് ഏകദേശം 50,000ത്തിലധികം രൂപ ചിലവ് വരുന്ന പ്രവർത്തിയാണിത്. അതുപോലെതന്നെ നാലാം വാർഡിൽ ജനപങ്കാളിത്തത്തോടെ തോടിന് ഓവുപാലം ഉണ്ടാക്കി. ഇന്നത്തെ മതിപ്പ് ചിലവനുസരിച്ച് ഏകദേശം 60,000ത്തിലധികം ചിലവ് വരും. ചോക്കാട് പരുത്തിപ്പാററോഡിലും ഇതുപോലെ ജനപങ്കാളിത്തത്തോടെ ഒരുപ്രവർത്തി നടന്നു.കാളികാവ് 6ാംവാർഡിൽ ചെങ്കോട് പ്രദേശത്തുനിന്ന് ചായിയോട് പുഴയുടെഅരികിലുള്ള നടപ്പാലംവരെ പൂർണ്ണമായും ജനങ്ങളുടെ സഹകരണത്തോടെ മാത്രം ഒരു റോഡ് വെട്ടിയുണ്ടാക്കി ഇതുപോലെ പഞ്ചായത്തിൻെറ നിർദ്ദേശപ്രകാരവും മേൽ നോട്ടത്തിലും പൊതുജനതാൽപ്പര്യം മുൻനിർത്തിനിരവധി ജരങ്ങളുടെ സഹകരണത്തോടെപ്രവർത്തികളും ഇപ്പോഴും നടന്നുവരുന്നുണ്ട്.

പുനരർപ്പണദിനത്തിൽ നവംബർ 1ന് കേളനായർപ്പടി–ചേനപ്പാടി റോഡിൻെറ പ്രവർത്തി ജനപങ്കാളിത്തത്തോടെ തുടങ്ങിവെച്ചു. ഒന്നാം ദിവസം പൂർണ്ണമായും ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തി നടന്നത്. 77,000 ത്തോളം രൂപയുടെ പ്രവർത്തിയിൽ 25,000 രൂപയുടെ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കണം എന്നാണ് കരുതുന്നത്. ഇതുപോലെ ആമപ്പൊയിൽ–വെള്ള-ചാട്ടകൽ റോഡിൻെറ പ്രവർത്തിയും ജനപങ്കാളിത്തത്തോടെ നിർവ്വഹിച്ചുകഴിഞ്ഞു. 15,000 രൂപയുടെ പ്രവർത്തിയിൽ 5,000 രൂപയുടെ ജനപങ്കാളിത്തം ഉള്ളതായികണക്കാക്കാം.

കലാസാംസ്കാരിക രംഗത്ത്, കലാകാരന്മാരെയും കായികതാരങ്ങളെയും പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക വേദികളുണ്ടാക്കി. അവരെ ഉചിതമായ രീതിയിൽ അനുമോദിച്ചു. കാളികാവിലെ പ്രശസ്ത ഫുട്ബാൾ ടീമിൻെറ നേതൃത്വത്തിൽ നടക്കുന്ന കോച്ചിംഗ് ക്യാമ്പിന് ചെറിയതോതിൽ ധനസഹായംനൽകി.

കാളികാവ് പഞ്ചായത്തിലെ ചോക്കാട് PHC യാണ്. പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയിൽ മലപ്പുറം ജില്ലയിൽ ഒന്നാംസ്ഥാനത്ത് നില്ക്കുന്നത്. ഈ PHC യെ നല്ല രീതിയിൽ അനുമോദിക്കുകയും പ്രോത്സാഹനസമ്മാനം നല്കുകയും ചെയ്തു ഏറ്റവും കൂടുതൽ നവസാക്ഷരരെ പരീക്ഷക്കിരുത്തിയ മേലേകാളികാവിലെ സാക്ഷരതാ പ്രവർത്തകർക്ക് പ്രോത്സാഹന സമ്മാനം നൽകി. ഏറ്റവും നല്ല അംഗൻവാടികൾക്കും, അംഗൻവാടികളിലെ കലാപ്രതിഭകൾക്കും, കലാതിലകത്തിനും പ്രോൽസാഹന സമ്മാനം നല്കി.

16 പുതിയ കോളനികളെ അംഗീകാരത്തിനായി തെരെഞ്ഞെടുത്തു. 15 പുതിയ റോഡുകളും ഏറ്റെടുത്തു. നാല് സെൻറ് കോളനി നിവാസികൾക്ക് പട്ടയം ലഭിക്കാൻ സൗകര്യം ഉണ്ടാക്കിക്കൊടുത്തു. 70 കുടുംബങ്ങൾക്ക് 4 സെൻറ് ഭൂമി വിതരണം നടത്താൻ തീരുമാനിക്കുകയും ഗുണഭോക്തൃക്കളെ തെരഞ്ഞെ

ട്ടുകയും ചെയ്തു. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം പഞ്ചായത്തിനെ ഏല്പിച്ച 48 വീടുകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്താൻ തീരുമാനിച്ചു. അർഹരായ 30 പേരെ തെരഞ്ഞെടുത്തുകഴിഞ്ഞു. 170ഓളം പേർക്ക് വാർദ്ധക്യകാല പെൻഷനും 50ലധികം പേർക്ക് പ്രസവകാല ആനുകൂല്യവും വിതരണം നടത്താൻ കഴിയും.

ചിങ്ങം ഒന്നിന് കാളികാവ് പഞ്ചായത്തിലെ 5 കർഷകരെ ഏറ്റവും നല്ല കർഷകരായി തെരഞ്ഞെടുത്തു. അവരെ പ്രത്യേകം വിളിച്ചുവരുത്തി പൊന്നാടയണിയിച്ച് അനുമോദിച്ചു.

വിവിധയിനം കർഷകർക്ക് കാർഷിക സബ്സിഡി പഞ്ചായത്തു മുഖേന വിതരണം നടത്തി. അടക്കാകുണ്ട് ഹരിജൻ കോളനിയിൽ T V സ്ഥാപിക്കാൻ തീരുമാനിച്ചു. 6 ാം വാർഡിൽ പ്രവർത്തനം നിലച്ചുപോയ ഡെകെയർ സെൻററിന്റെ പ്രവർത്തനം പുനഃസ്ഥാപിച്ചു.

ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഒട്ടനവധി ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള തീവ്ര ശ്രമങ്ങൾ നടത്തീട്ടുണ്ട്. ജനങ്ങളുടെ മുഴുവൻ പ്രതീക്ഷക്കൊത്തു് ഉയർന്നപ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ നിലവിലുണ്ട്. സമീപഭാവിയിൽ കൂടുതൽ വിപുലമായ മേഖലകളിലേക്ക് നമ്മുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയും.

തൊടികപ്പുലം റെയിൽവേക്ക് ഓവർ ബ്രിഡ്ജ് ഉണ്ടാക്കാനായി മറ്റു പഞ്ചായത്തുകളോടൊപ്പം നമ്മുടെ പഞ്ചായത്തും ബന്ധപ്പെട്ടവർക്ക് നിവേദനം നൽകി. ആവശ്യമായ തുകയുടെ ഒരു വിഹിതം മറ്റു പഞ്ചായത്തുകളും നൽകുന്നതുപോലെ നമ്മളും കൊടുക്കുവാൻ തയ്യാറായിട്ടുണ്ട്.

അഞ്ചച്ചവടിയിലെ ശുദ്ധജല വിതരണപദ്ധതിക്ക് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. അത് ഉടനടി പരിഹരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. പരിഹാരം ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കാൻ വേണ്ട നടപടികളും എടുത്തുവരികയാണ്.

വരുംകാലയളവിൽ പഞ്ചായത്തു് വികസന പ്രവർത്തനങ്ങൾക്കായി നിരവധി തീരുമാനങ്ങളും എടുത്തിട്ടുണ്ട്. 12 ലധികം വരുന്ന പ്രധാന റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 ലക്ഷംരൂപയോളം വരുന്ന എസ്റ്റിമേറ്റ് വർക്കുകഴിഞ്ഞു. അടുത്തുതന്നെ അവയുടെ പ്രവർത്തനം ആരംഭിക്കും.

കുടിവെള്ള പ്രശ്നം പരിഹരിക്കാൻ മാതൃകാപരമായ രീതിയിൽ മുന്നാം വാർഡിൽ നടത്തിയ പ്രവർത്തനത്തിന്റെ മാതൃകയിൽ ഉയർന്ന മലനിരകളിൽ നിന്നു് ഒഴുകി വരുന്ന അരുവികളും തടഞ്ഞു നിർത്തി ജലം കുഴലുകളും വഴി നാട്ടിൻ പ്രദേശത്തു് എത്തിച്ചു് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. ഒന്നു്, രണ്ടു് മൂന്നു്, നാലു്, അഞ്ചു്, ആറു്, ഏഴു് വർഡുകളിൽ ഇത്തരത്തിൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാനുള്ള ശ്രമം നടത്തണം.

കാർഷികമേഖലയിലെ കൃഷി സംരംഭങ്ങൾക്കും, വ്യാവസായിക സംരംഭങ്ങൾക്കും ആവശ്യമായ പ്രോത്സാഹനവും സഹായവും എത്തിക്കാൻ പരമാവധി ശ്രമം നടത്തും.

സമഗ്രമായ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഈ സമയത്തു് ഇവിടെ അവതരിപ്പിക്കുന്ന വികസനരേഖ നിങ്ങളുടെ ഗൗരവമായ പരിശോധനക്കും ചർച്ചക്കും വിധേയമാക്കണമെന്നും വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായ സമീപനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീമതി. [illegible]

പ്രസിഡന്റ്

കാളികാവ് ഗ്രാമപഞ്ചായത്ത്

ഉപസംഹാരം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസന രേഖ സമ്പുഷ്ടമാക്കാൻ സർവ്വാത്മനാ സഹകരിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. നാട്ടിനും നാട്ടാർക്കും വേണ്ടി നാം ഒരുക്കുന്ന വിഭവങ്ങളും കാര്യക്ഷമതയോടെ വിനിയോഗിക്കുമെന്ന് ഉറപ്പാക്കാൻ നമുക്ക് കഴിയണം. പ്രകൃതി വിഭവങ്ങളും, ജനവിഭവങ്ങളും, നമ്മുടെ തനത് വരുമാനങ്ങളും എന്നിവ മുൻഗണനാ ക്രമത്തിൽ ജനപങ്കാളിത്തത്തോടെ വിനിയോഗിക്കുക വഴി ജനങ്ങളുടെ ഓരോ പ്രശ്നത്തിനും പരിഹാരം കാണാൻ കഴിയും. വൈവിദ്ധ്യങ്ങളായ വീക്ഷണങ്ങളും ഉള്ള വ്യക്തികളും സമൂഹവും എല്ലാം മറന്ന് പൊതുവികസന കാര്യത്തിൽ സഹകരിക്കാനുള്ള ഒരു സൻമനസ്സ് വളത്തിയെടുക്കാൻ കഴിയണം.

നമ്മുടെ ആവശ്യങ്ങളും നിരവധിയാണ്. അവ ഒന്നും വിട്ടുപോകാതെ നിരത്തിവെക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ പ്രശ്നങ്ങളും പുറത്തെടുത്ത് അവതരിപ്പിക്കുന്നതിലൂടെ മാത്രം അവക്ക് പരിഹാരമാവുന്നില്ല. പ്രശ്നപരിഹാരത്തിനുള്ള വിഭവസമാഹരണം മറ്റൊരു പ്രശ്നമാണ്. ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്നം പരിഹരിക്കാൻ ശ്രമം നടത്തുമ്പോഴാണ് ആസൂത്രണത്തിന്റെയും, മുൻഗണനയുടെയും, പ്രസക്തിയുണ്ടാകുന്നത്. നമ്മുടെ സകലമാ നപ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരം കാണാനാവില്ല എന്ന് എല്ലാവർക്കും അറിയാം. അവയിലെ ഏറ്റവും പ്രധാനപ്പെട്ടവ ഏതെന്ന് നമുക്ക് കണ്ടെത്താനാവും. ആ വക പ്രശ്നങ്ങൾക്ക് പരിഹാരം നമുക്കുതന്നെ നിർദ്ദേശിക്കാനാവും. പദ്ധതികളും തയ്യാറാക്കാനാവശ്യമായ വിദഗ്ധരെ നമ്മളും തന്നെ കണ്ടെത്തണം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയം നാനാമേഖലയിലുള്ള ജനങ്ങളുടെ കൂട്ടായ്മയാണ്.

അഴിമതിയും ധൂർത്തും ഇല്ലാതെ ജനങ്ങളുടെ നേതൃത്വത്തിൽ ഉണ്ടാക്കുന്ന പദ്ധതിയോട് ഒരു വൈകാരിക ബന്ധം നമുക്കുണ്ടാകുന്നു. നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന അധികാരങ്ങളും അക്ഷരാർത്ഥത്തിൽ ഉപയോഗിക്കാനാവശ്യമായ സാഹചര്യങ്ങളും ഒരുക്കുകയാണ് പ്രധാനം വളരെ ഭാരിച്ച ഒരു ഉത്തരവാദിത്വമാണ് നമുക്ക് ഏറ്റെടുക്കാനുള്ളത്. ഇവിടെ ചർച്ചചെയ്യപ്പെട്ടുന്ന വികസന രേഖ സമ്പുഷ്ടമാക്കുകയും വികസന നിർദ്ദേശങ്ങളെ സ്കീമുകളാക്കി മാറ്റുകയും ചെയ്യണം. ആ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ശക്തി നമ്മുടെ പഞ്ചായത്തിന് കൈവരിക്കാൻ കൂട്ടായി നമുക്ക് പരിശ്രമിക്കാം.



ഒരേ മനസ്സും ലക്ഷ്യവുമായ് നാം ഒന്നായ് നീങ്ങിടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു വഴി നാം തേടേണം
നൻമകൾ വിളയും നല്ലൊരു നാട് നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു നാടിനു നൽകേണം.

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

കാളികാവ് ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

INSTITUTE OF LOCAL ADMINISTRATION ★ KERALA ★ THRISSUR LIBRARY 680581
A300

1996 നവംബർ 24ന് ഞായറാഴ്ച

അടക്കാകുണ്ട് കമ്മ്യൂണിറ്റി ഹൈസ്കൂളിൽ

മുദ്രണം: വനിതാ പ്രസ്സ്, കാളികാവ്.